Q4
32F5

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

MUL
066792

**Madras University Library**

DOCTRINA VIM PROMOVET INSITAM

Call Number Q4. 32F5

Accession Number 66792

Available for loan from ——

This book should be returned on or before the date last marked below.

23 DEC.

-51

MURUGAN BINDING

9 MAR 1932

# ത്രി മ ണി.

(ശ്രീബുദ്ധചരിതവും, ബൌദ്ധധമ്മവും, ബൌദ്ധസംഘവും അടങ്ങിയതു്.)

---


ഗ്രന്ഥകത്താ,

വടയാററുകോട്ട, കെ. പരമേശ്വരൻപിള്ള.


---


പ്രകാശകന്മാർ

എസ്സ്. ററി. റെഡ്യാർ അൻഡ് സൺസ്

വി. വി. പ്രസ്സ്,—കൊല്ലം.

---

ഒന്നാംപതിപ്പു് കാപ്പി ൫൦൦.


---

കാപ്പിറൈററ് പ്രകാശകന്മാരിൽ.


V. V. Press, Quilon.

1100

66792
Q4
32 F5

# മുഖവുര.

ബുദ്ധമതത്തിൻെറ അവിർഭാവം നാല്പതു നൂററാണ്ടുകൾക്കു മുമ്പാണു്. ആൎയ്യാവൎത്തത്തിൽ അങ്കുരിച്ച ബൌദ്ധമതം കാലാന്തരത്തിൽ ലോകമൊട്ടുക്കു പ്രചരിച്ചു. ഇപ്പോൾ ബൎമ്മാ, സിലോൺ, ജപ്പാൻ, ചൈന മുതലായ ഭൂവിഭാഗങ്ങളിൽ സുപ്രശസ്തിയോടെ നിലനിന്നുപോരുന്നുമുണ്ടു്. ലോകത്തിലുള്ള മഹാമതങ്ങളിൽ ഉൽകൃഷ്ടമായ ഒരു സ്ഥാനം ബുദ്ധമതത്തിനുണ്ടു്. അതിൻെറ സൌവൎണ്ണകാലത്തിനുശേഷം പലേ തലമുറകൾ കഴിഞ്ഞിട്ടും ലോകത്തിലുള്ള ജനങ്ങളിൽ ഒരു ഭൂരിഭാഗം ബൌദ്ധമതത്തെ അവലംബിക്കുന്നുണ്ടെന്നുള്ളതുതന്നെ അതിൻെറ ഔൽകൃഷ്ട്യത്തിനു് അവിതൎക്കിതമായ തെളിവാണു്.

ബുദ്ധമതം സ്വയംഭൂവല്ല; ഹിന്ദുമതത്തിൻെറ ഒരു രൂപാന്തരമാകുന്നു. സനാതനമതത്തിൻെറ ശാശ്വതമുദ്രകളായ അഹിംസയും ഭൂതദയയുമത്രെ ബുദ്ധമതത്തിൻെറ അധിഷ്ഠാനസ്തംഭങ്ങൾ. ഏതന്മതസ്ഥാപകനായ ഗൌതമബുദ്ധൻ തന്നെ ഹൈന്ദവദേശമായ ഈ ഭാരതഖണ്ഡത്തിൽ ഒരു ഹിന്ദുവായി ജനിച്ചു ഹിന്ദുവായി ജീവിച്ചു ഹിന്ദുവായി മരിച്ച മഹാത്മാവാണു്. ഇതിൻെറ പരമാൎത്ഥമറിയാത്ത ചില സങ്കുചിതബുദ്ധികൾ, ബുദ്ധനെന്നും, ബുദ്ധമതമെന്നും കേൾക്കുമ്പോൾ നെററി ചുളിക്കുന്നതായി അനുഭവമുണ്ടു്. ഭാഗ്യവശാൽ ബുദ്ധമതത്തിൻെറ പേരിൽ പ്രതിനവവും തീവ്രവുമായ ഒരഭിനിവേശം ഈയിടെ മലയാളികളുടെ ഇടയിൽ അങ്കുരിച്ചുകാണുന്നു. വഴിതെററിയതോ അല്ലാത്തതോ ആയ ഈ അഭിനിവേശത്തെ സഹായിക്കാൻ തക്ക ബുദ്ധമതഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ തുലോം ദുർല്ലഭമാണു്. ബുദ്ധനെയും ബുദ്ധൻെറ ആദൎശങ്ങളെയും ബുദ്ധമതസിദ്ധാന്തങ്ങളെയും പററി സവിസ്തരം പ്രതിപാദിക്കുന്ന മലയാളഗ്രന്ഥങ്ങൾ ഇല്ലതന്നെ. ഒന്നോ രണ്ടോ മരുന്നിനുമാത്രം ഉണ്ടെന്നു സമ്മതിച്ചാൽതന്നെയും അവയ്ക്കു വേണ്ടുവോളം പ്രചാരം ലഭിച്ചിട്ടി

ല്ലെന്നു പറയേണ്ടിയിരിക്കുന്നു. അന്തരിച്ചുപോയ് മഹാകവി, കുമാരനാശാൻ അവർകളുടെ "ശ്രീബുദ്ധചരിത"ത്തെ ഇവിടെ വിസ്മരിച്ചിട്ടില്ല. ഒരു സുകുമാരഖണ്ഡകാവ്യത്തിനുള്ള പ്രചാരം ആ വിശിഷ്ടപദ്യകൃതിക്കു ധാരാളം സിദ്ധിച്ചിട്ടുണ്ടു്. അപൂർണ്ണതയാൽ ഉദ്ദിഷ്ടഫലത്തെ അതു ചെയ്യുന്നില്ലെന്നേയുള്ളു.

ഞാൻ ഈ പുസ്തകം കഴിഞ്ഞ ധനുമാസമാദ്യം പതിനൊന്നുദിവസംകൊണ്ടു് എഴുതിത്തീർത്തതാണു്. അതുനിമിത്തം എനിക്കു് ഇതിൽ ഉദ്ദേശ്യാനുസൃതമായ പരിഷ്കാരം വരുത്താൻ സാധിച്ചിട്ടില്ല. എങ്കിലും ബുദ്ധഭഗവാന്റെ ജീവചരിത്രത്തെയും തന്മതത്തെയുംപററി അവശ്യജ്ഞേയങ്ങളായ സംഗതികളെ അടക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. ശ്രീബുദ്ധചരിതം, ബൌദ്ധധർമ്മം, ബൌദ്ധസംഘം എന്നു മൂന്നു വിഭാഗങ്ങളായിട്ടാണു് ഈ ഗ്രന്ഥത്തിന്റെ സജ്ജീകരണം. അതിൽ ആദ്യത്തെ വിഭാഗം പലതിൽനിന്നും ക്രോഡീകരിച്ചതും രണ്ടാമത്തെയും ഒടുവിലത്തെയും വിഭാഗങ്ങൾ ഒരു ദ്രാവിഡകൃതിയിൽനിന്നും പരിവർത്തനം ചെയ്തതുമാകുന്നു. ഈ മൂന്നു വിഭാഗങ്ങൾക്കുംകൂടി പൊതുവെ ത്രിമണി എന്നു പറയപ്പെടുന്നു. ബൌദ്ധമതാഭിലാഷികളായ കേരളീയർക്കു് ഈ "ത്രിമണി" ഒട്ടെങ്കിലും പ്രയോജകീഭവിക്കാതിരിക്കയില്ലെന്നാണു ഗ്രന്ഥകാരന്റെ പ്രത്യാശ. ഈ പ്രത്യാശ, സ്ഥാനത്തെയോ അസ്ഥാനത്തെയോ അർഹിക്കുന്നതെന്നു്, നിർമ്മത്സരന്മാരായ മാന്യന്മാർ വിധിക്കട്ടെ!

അനുകൂലമായ വിധി സിദ്ധിക്കുമെങ്കിൽ, ബുദ്ധമതത്തെ പുരസ്കരിച്ചു് ഗ്രന്ഥകാരൻ പ്രസാധനം ചെയ്യണമെന്നു് ഉദ്ദേശിച്ചിട്ടുള്ള ഒരു വിസ്തൃതഗ്രന്ഥം വിളംബംവിനാ പ്രസിദ്ധീകരിക്കുന്നതാണെന്നുള്ള പ്രതിജ്ഞയോടെ ഈ ലഘുഗ്രന്ഥത്തെ സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

കൊല്ലം
1—12—1100.

സഹൃദയവിധേയനായ
ഗ്രന്ഥകർത്താ.

# ശ്രീബുദ്ധചരിതം.

UNIVERSITY LIBRARY
39
MAR. 1932
MADRAS

## ഒന്നാം അദ്ധ്യായം!

"ധർമ്മത്തിന്ന താഴ്ച്ചയും അധർമ്മത്തിന്ന വളർച്ചയും സംഭവിക്കുന്ന ഘട്ടങ്ങളിലെല്ലാം ഞാൻ എന്നേത്തന്നെ സൃഷ്ടിക്കുന്നു" എന്ന ഭഗവദ്വാക്യത്തിൽ വിശ്വാസമുള്ള ഹിന്തുക്കൾക്കു്, ഭഗവാൻ ബുദ്ധദേവൻ വിഷ്ണുവിന്റെ അവതാരമാണെന്നു സമ്മതിക്കാതിരിക്കാൻ സാധിക്കുന്നതല്ല. ദിവ്യപ്രഭാവനും ജീവന്മുക്തനുമായ ശ്രീജയദേവമഹാകവി,

"നിന്ദസിയജ്ഞവിധേരഹഹശ്രുതിജാതം
സദയഹൃദയ! ദർശിത പശുഘാതം
കേശവ! ധൃതബുദ്ധശരീര! ജയജഗദീശ! ഹരേ!"—എന്ന

ഗീതശകലത്താൽ, ഈ അഭിപ്രായത്തെ അനുകൂലിച്ചിട്ടുമുണ്ടു്.

പുരാണപ്രസിദ്ധന്മാരായ അവതാരപുരുഷന്മാരുടെ ദിവ്യചരിത്രങ്ങൾ, കവിധർമ്മമർമ്മജ്ഞതാജന്യമായ അതിശയോക്ത്യലങ്കാരങ്ങളാൽ മാററുകൂട്ടിയ പ്രമാണങ്ങളെക്കൊണ്ടു നാം വിശ്വസിച്ചുപോരുന്നു. പരമാർത്ഥമായ ചരിത്രങ്ങളെ വെളിപ്പെടുത്തുന്ന തെളിവുകൾ അജ്ഞാതങ്ങളാണു്. ബുദ്ധദേവന്റേതാകട്ടെ, അത്യന്തം ഹസ്താമലക സുലഭങ്ങളല്ലെങ്കിലും ഉള്ളതു വിശ്വസനീയങ്ങളാണെന്നു സമ്മതിക്കണം. പാശ്ചാത്യപണ്ഡിതന്മാർപോലും സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ചില സംഗതികളിൽ അല്പാല്പം വ്യത്യാസങ്ങളില്ലെന്നില്ല. അവ

ല്ലെന്നു പറയേണ്ടിയിരിക്കുന്നു. അന്തരിച്ചുപോയ മഹാകവി, കുമാരനാശാൻ അവർകളുടെ "ശ്രീബുദ്ധചരിത"ത്തെ ഇവിടെ വിസ്മരിച്ചിട്ടില്ല. ഒരു സുകുമാരഖണ്ഡകാവ്യത്തിനുള്ള പ്രചാരം ആ വിശിഷ്ടപദ്യകൃതിക്കു ധാരാളം സിദ്ധിച്ചിട്ടുണ്ടു്. അപൂർണ്ണതയാൽ ഉദ്ദിഷ്ടഫലത്തെ അതു ചെയ്യുന്നില്ലെന്നേയുള്ളു.

ഞാൻ ഈ പുസ്തകം കഴിഞ്ഞ ധനുമാസമാദ്യം പതിനൊന്നുദിവസംകൊണ്ടു് എഴുതിത്തീർത്തതാണു്. അതുനിമിത്തം എനിക്കു് ഇതിൽ ഉദ്ദേശ്യാനുസൃതമായ പരിഷ്കാരം വരുത്താൻ സാധിച്ചിട്ടില്ല. എങ്കിലും ബുദ്ധഭഗവാന്റെ ജീവചരിത്രത്തെയും തന്മതത്തെയുംപററി അവശ്യജ്ഞേയങ്ങളായ സംഗതികളെ അടക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. ശ്രീബുദ്ധചരിതം, ബൌദ്ധധർമ്മം, ബൌദ്ധസംഘം എന്നു മൂന്നു വിഭാഗങ്ങളായിട്ടാണു് ഈ ഗ്രന്ഥത്തിന്റെ സജ്ജീകരണം. അതിൽ ആദ്യത്തെ വിഭാഗം പലതിൽനിന്നും ക്രോഡീകരിച്ചതും രണ്ടാമത്തെയും ഒടുവിലത്തെയും വിഭാഗങ്ങൾ ഒരു ദ്രാവിഡകൃതിയിൽനിന്നും പരിവർത്തനം ചെയ്തതുമാകുന്നു. ഈ മൂന്നു വിഭാഗങ്ങൾക്കുംകൂടി പൊതുവെ ത്രിമണി എന്നു പറയപ്പെടുന്നു. ബൌദ്ധമതാഭിലാഷികളായ കേരളീയർക്കു് ഈ "ത്രിമണി" ഒട്ടെങ്കിലും പ്രയോജകീഭവിക്കാതിരിക്കയില്ലെന്നാണു ഗ്രന്ഥകാരന്റെ പ്രത്യാശ. ഈ പ്രത്യാശ, സ്ഥാനത്തെയോ അസ്ഥാനത്തെയോ അർഹിക്കുന്നതെന്നു്, നിർമ്മത്സരന്മാരായ മാന്യന്മാർ വിധിക്കട്ടെ!

അനുകൂലമായ വിധി സിദ്ധിക്കുമെങ്കിൽ, ബുദ്ധമതത്തെ പുരസ്കരിച്ചു് ഗ്രന്ഥകാരൻ പ്രസാധനം ചെയ്യണമെന്നു് ഉദ്ദേശിച്ചിട്ടുള്ള ഒരു വിസ്തൃതഗ്രന്ഥം വിളംബംവിനാ പ്രസിദ്ധീകരിക്കുന്നതാണെന്നുള്ള പ്രതിജ്ഞയോടെ ഈ ലഘുഗ്രന്ഥത്തെ സജ്ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

കൊല്ലം
1—12—1100.

സഹൃദയവിധേയനായ
ഗ്രന്ഥകർത്താ.

# ശ്രീബുദ്ധചരിതം.

UNIVERSITY LIBRARY 29 MAR. 1932 MADRAS

## ഒന്നാം അദ്ധ്യായം.

"ധർമ്മത്തിനു താഴ്ചയും അധർമ്മത്തിനു വളർച്ചയും സംഭവിക്കുന്ന ഘട്ടങ്ങളിലെല്ലാം ഞാൻ എന്നേത്തന്നെ സൃഷ്ടിക്കുന്നു" എന്ന ഭഗവദ്വാക്യത്തിൽ വിശ്വാസമുള്ള ഹിന്ദുക്കൾക്കു്, ഭഗവാൻ ബുദ്ധദേവൻ വിഷ്ണുവിന്റെ അവതാരമാണെന്നു സമ്മതിക്കാതിരിക്കാൻ സാധിക്കുന്നതല്ല. ദിവ്യപ്രഭാവനും ജീവന്മുക്തനുമായ ശ്രീജയദേവമഹാകവി,

"നിന്ദസിയജ്ഞവിധേരഹഹ ശ്രുതിജാതം
സദയഹൃദയ! ദർശിത പശുഘാതം
കേശവ! ധൃതബുദ്ധശരീര! ജയ ജഗദീശ! ഹരേ!"—എന്ന ഗീതശകലത്താൽ, ഈ അഭിപ്രായത്തെ അനുകൂലിച്ചിട്ടുമുണ്ടു്.

പുരാണപ്രസിദ്ധന്മാരായ അവതാരപുരുഷന്മാരുടെ ദിവ്യചരിത്രങ്ങൾ, കവിധർമ്മമർമ്മജ്ഞതാജന്യമായ അതിശയോക്ത്യലങ്കാരങ്ങളാൽ മാററുകൂട്ടിയ പ്രമാണങ്ങളെക്കൊണ്ടു നാം വിശ്വസിച്ചുപോരുന്നു. പരമാർത്ഥമായ ചരിത്രാംശങ്ങളെ വെളിപ്പെടുത്തുന്ന തെളിവുകൾ അജ്ഞാതങ്ങളാണു്. ബുദ്ധദേവന്റേതാകട്ടെ, അത്യന്തം ഹസ്താമലക സുലഭങ്ങളല്ലെങ്കിലും ഉള്ളതു വിശ്വസനീയങ്ങളാണെന്നു സമ്മതിക്കണം. പാശ്ചാത്യപണ്ഡിതന്മാർപോലും സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ചില സംഗതികളിൽ അല്ലാല്പം വ്യത്യാസങ്ങളില്ലെന്നില്ല. അവ

കാലപ്പഴക്കത്താൽ സംഭവിച്ചിട്ടുള്ളവയാണെന്നു സമാധാന പ്പെടാനേ മാൎഗ്ഗമുള്ളു. ബുദ്ധൻെറ ജനനകാലം പലേ പണ്ഡിതന്മാരും പലേപ്രകാരത്തിൽ നിൎണ്ണയിച്ചുകാണുന്നു. സിദ്ധാന്തദശയിൽ എത്തിയെന്നു സമ്മതിക്കാൻ പാടില്ലെങ്കിലും ഭൂരിപക്ഷത്തെ അദരിച്ചു വിശ്വസിച്ചുപോരുന്നതു് കലി, ൨൫൫൪-ാംവൎഷത്തിലാണെന്നുള്ള അഭിപ്രായത്തെയാണ്. അക്കാലത്തു് ഉത്തരകോസലത്തിൽ രോഹിണീനദിയുടെ തീരത്തായി കപിലവാസ്തു എന്നൊരു രാജ്യമുണ്ടായിരുന്നു. കപിലൻഎന്ന മഹൎഷി തപസ്സുചെയ്തിരുന്ന ആ ദേശത്തിന് കപിലവാസ്തു എന്നു പേർസിദ്ധിച്ചതാണ്. കാശിയിൽനിന്നും നൂറുമൈൽ വടക്കും ഹിമാലയത്തിൽനിന്നും നാല്പതുമൈൽ കിഴക്കും കപിലവാസ്തു സ്ഥിതിചെയ്തിരുന്നു. ശുദ്ധോദനൻ എന്നു സദ്വൃത്തനായ ഒരു രാജാവു് കപിലവാസ്തുവെ ഭരിച്ചു പോന്നു. ശുദ്ധോദനൻ ഇക്ഷ്വാകുകുലജാതനും ശാസ്ത്രജ്ഞനും പണ്ഡിതനുമായ ഒരു മഹാനായിരുന്നു. അദ്ദേഹത്തിൻെറ പൂൎവ്വന്മാർ ശാകവൃക്ഷം (തേക്കു്) നിറഞ്ഞിരുന്നുള്ള സ്ഥലത്തു വസിച്ചിരുന്നതിനാൽ ശാക്യന്മാർ എന്ന അപരാഭിധാനത്തെ വഹിച്ചുപോന്നു. ഗോതമൻഎന്ന മഹാൻെറ വംശത്തിൽ ജനിച്ചതുകൊണ്ടു്, ഗൌതമന്മാർ എന്നും പേരുണ്ടു്.

ശുദ്ധോദനനു് മായാദേവിയെന്നും ഗൌതമിയെന്നും രണ്ടുഭാൎയ്യമാരുണ്ടായിരുന്നു. മായാദേവിയും ഗൌതമിയും ഏകോദരസഹോദരങ്ങളായിരുന്നു. ജ്യേഷ്ഠസഹോദരി മായാദേവിയത്രേ. ഗൌതമിയാണെന്നും പക്ഷാന്തരമുണ്ടു്. ആ മതത്തിൻെറ അടിസ്ഥാനത്തിനു് ഉറപ്പില്ലെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഗൌതമിയെ പ്രജാവതിയെന്നും പ്രജാവതി ഗൌതമിയെന്നും മഹാപ്രജാവതി ഗൌതമിയെന്നുംകൂടി വിളിച്ചുവന്നു. ശുദ്ധോദനൻ ജ്യേഷ്ഠപത്നിയായ മായാദേവിയെ അധികം സ്നേഹിച്ചുപോന്നു. മായാദേവിയുടെ ഭൂതദയ, ഭൎത്തൃഭക്തി മുതലായ ശ്രേഷ്ഠഗുണങ്ങളാണ് രാജാവിനെ അവൾക്കു

വിധേയനാക്കിത്തീൎത്തു്. ഇളയവളായ ഗൌതമിയാകട്ടെ, ദുശ്ശീലയും ഐഹികസുഖങ്ങൾക്കുവേണ്ടിമാത്രം ഭൎത്താവിനെ സ്നേഹിക്കുന്നവളുമായിരുന്നു. തന്നിമിത്തം രാജാവു് അവളെ നിശ്ശേഷം വെറുത്തു. രാജാവിൻെറ ഈ മനഃസ്ഥിതി അവളുടെ ദുൎബ്ബുദ്ധിക്കു മാററുകൂട്ടുകയാണുണ്ടായതു്. സപത്നിയും സഹോദരിയുമായ മായാദേവിയിൽ അവൾക്കു വൈരം ജനിച്ചു; വൎദ്ധിച്ചു. അവൾ ജീവിച്ചിരിക്കുമ്പോൾ രാജാവിനെ മാനസാന്തരപ്പെടുത്തി സ്വാധീനമാക്കാൻ സാധിക്കയില്ലെന്നു നിശ്ചയിച്ചു. അവളെ ഏതെങ്കിലുംപ്രകാരത്തിൽ ഗൂഢമായി നിഗ്രഹിക്കണമെന്നുറച്ചു. മായാദേവി സുശീലയാണെന്നു മേൽ പ്രസ്താവിച്ചുവല്ലോ. ആ സാധ്വി തൻെറ സഹോദരിയിൽ അത്മാൎത്ഥമായ സ്നേഹമുള്ളവളായിരുന്നു. തന്നിമിത്തം, രാജാവു് അവളെ വെറുത്തതിൽ മായയ്ക്കു് അതിയായ കുണ്ഠിതമുണ്ടായി. രാജാവു് എത്രകണ്ടു ഗൌതമിയെ വെറുത്തുവോ അത്രകണ്ടു മായാദേവി അവളെ സ്നേഹിച്ചു. അവൾ രാജാവിൻെറ അപ്രീതിക്കു പാത്രമായതിനാൽ മായാദേവിക്കു സീമാതീതമായ അനുകമ്പ അവളിൽ ഉണ്ടായി.

മായാദേവിക്കു നാല്പത്തഞ്ചും ഗൌതമിക്കു മുപ്പത്താറും വയസ്സുവീതം പ്രായമാണു്. രണ്ടുപേൎക്കും സന്താനങ്ങൾ ഉണ്ടായിരുന്നില്ല. പ്രായാധിക്യത്താൽ തനിക്കിനി സന്താനഭാഗ്യമില്ലെന്നു വിശ്വസിച്ചുപോന്ന മായാദേവി തൻെറ സഹോദരിയിലെങ്കിലും ഒരു സന്താനമുണ്ടായി കാണണമെന്നു് അഭിലഷിച്ചിരുന്നു. അക്കാരണത്താലെങ്കിലും തന്നെപ്പോലെ ഗൌതമിയേയും സ്നേഹിക്കണമെന്നു് അവൾ അടിക്കടി രാജാവിനെ അലട്ടുന്നുണ്ടായിരുന്നു. രാജാവാകട്ടെ, ഗൌതമിയിൽ തനിക്കു പ്രത്യേകിച്ചു വിരോധമൊന്നുമില്ലെന്നും അവളുടെ ദുശ്ശീലത്താൽ തൻെറ ഹൃദയം അവളിൽ പ്രവൎത്തിക്കാത്തതാണെന്നും മായാദേവിയെ അറിയിച്ചുംവന്നു. തനിക്കുശേഷം കിരീടാവകാശിയായ പുത്രൻ ഇല്ലാത്തതിനാൽ ദുസ്സഹമായ അന്ത

സ്താപം രാജാവിനുണ്ടായിരുന്നുവെങ്കിലും, ഗൌതമിയിൽനിന്നും അതിനു നിവൃത്തിയുണ്ടാകണമെന്ന് ആശിക്കയോ പ്രതീക്ഷിക്കയോ ചെയ്തിരുന്നില്ല.

അങ്ങനെയിരിക്കെ, ഒരുദിവസം ശുദ്ധോദനനും മായാദേവിയും ഒരു സ്വപ്നംകണ്ടു. ഭഗവാൻ വിഷ്ണുതന്നെ തങ്ങൾക്കു പുത്രനായി ജനിക്കാൻപോകുന്നു എന്നായിരുന്നു സ്വപ്നത്തിന്റെ താല്പര്യം. സ്വപ്നാനന്തരം അവൎക്കുണ്ടായ സന്തോഷം സീമാതീതമാണെന്നു പറയേണ്ടതില്ലല്ലോ. അടുത്തയാമത്തിൽത്തന്നെ ഭഗവാൻ മായാദേവിയുടെ ഗൎഭത്തിൽ പ്രവേശിക്കുകയും ആ അനുഭവം അവൾക്കുണ്ടാകുകയുംചെയ്തു. ഒരു ഷൾകോണനക്ഷത്രം ഗൎഭത്തിൽ പ്രവേശിച്ച അനുഭവം ഉണ്ടായി എന്നാണു പറയപ്പെടുന്നത്. ഈശാനസംവത്സരം അറുപത്തെട്ടാംവൎഷത്തിൽ മായാദേവി ഗൎഭംധരിച്ചു എന്നു ബൎമ്മാദേശത്തെ ബൌദ്ധഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നു. ഗൎഭംധരിച്ചതു് ഉത്രട്ടാതിനക്ഷത്രത്തിൽ ആയിരുന്നു. മായാദേവിക്കു് അപ്പോൾ നാല്പത്തഞ്ചുവയസ്സു പ്രായമാണു്.

മായാദേവിയുടെ ഗൎഭധാരണസംഗതി ഗൌതമിക്കു് അറിവുകിട്ടിയമാത്രയിൽ അവളുടെ അസഹിഷ്ണുത മൂൎദ്ധന്യതയിൽ എത്തി. മായാദേവീനിഗ്രഹത്തിൽ ഇനി അമാന്തിച്ചുകൂടെന്നും അതിനുവേണ്ട ഏൎപ്പാടുകൾ ഉടനടി ചെയ്യണമെന്നും തീരുമാനിച്ചു. അപ്പോൾതന്നെ, മറെറാരു മന്ഥരയായ തന്റെ ഉററദാസിയുമായി ആലോചിച്ചു് വിഷംകൊടുത്തു കൊല്ലണമെന്നു തീൎച്ചപ്പെടുത്തി. ഈ ആലോചന ഒരിക്കലും പുറത്തുവരരുതെന്നും രഹസ്യമായും കാലവിളംബം കൂടാതെയും ഉദ്ദേശ്യനിവൃത്തി വരുത്തണമെന്നും ശട്ടംകെട്ടി ദാസിക്കുവേണ്ടതൽകാലസമ്മാനങ്ങളുംകൊടുത്തു പറഞ്ഞയച്ചു. എന്നാൽ അവരുടെ ഈ രഹസ്യാലോചന എങ്ങനെയോ പുറത്തുവരികയും രാജാവ് ദാസിയെ നാട്ടിനു പുറത്താക്കിയും ഗൌതമി

യെ തടവിൽപാർപ്പിച്ചും ശിക്ഷിക്കുകയുംചെയ്തു. അങ്ങനെയിരിക്കെ വീണ്ടും ഒരുദിവസം ഭഗവാൻ മായാദേവിയുടെ സ്വപ്നത്തിൽ പ്രത്യക്ഷമായി, അനന്തരകരണീയത്തെ ഉപദേശിച്ചുമറഞ്ഞു. ദേവിയും ഭഗവദുപദേശാനുസരണം പ്രവത്തിച്ചുംവന്നു. സാധാരണ ഗർഭിണികൾക്ക് അനുഭവപ്പെടാറുള്ള ദേഹാസ്വാസ്ഥ്യമൊന്നും തന്നെ മായയെ ബാധിക്കുകയുണ്ടായില്ല. എന്നാൽ ഗർഭകാലത്തിൽ സാധാരണ സ്ത്രീകൾക്കുണ്ടാകാറുള്ള നവനവങ്ങളായ അഭിലാഷങ്ങൾ ആ പുണ്യവതിയിലും അങ്കുരിച്ചു. ദോഹദം ഓരോരുത്തരിലും ഓരോപ്രകാരത്തിലാണു കണ്ടുവരാറ്. ചിലക്ക് സ്വാദിഷ്ടമായ ഭക്ഷ്യങ്ങളിലും മററുചിലക്ക് വസ്ത്രാഭരണാദികളിലും വേറേചിലക്ക് പുഷ്പങ്ങളിലും ഇനിച്ചിലക്ക് ദേവാലയങ്ങളെ സന്ദർശിക്കുന്നതിലും പിന്നെച്ചിലക്ക് പുസ്തകപാരായണത്തിലും ഒരുകൂട്ടക്ക് ഭഗവത്കഥാശ്രവണ പാരായണങ്ങളിലും മറെറാരുകൂട്ടക്ക് മനോഹരകാഴ്ചകളിലും സുഖസൗകര്യങ്ങളിലും ആയിരിക്കും ആഗ്രഹം ജനിക്കുന്നതു്. മായാദേവിയുടെ ആഗ്രഹം ഒടുവിൽ പറഞ്ഞമാതിരിയിലായിരുന്നു. പ്രകൃതിരാമണീയകങ്ങളെക്കണ്ടാനന്ദിക്കണമെന്നും മനഃകായങ്ങളെ സുഖിപ്പിക്കുന്ന ശുദ്ധവായുവേൽക്കണമെന്നും മായയ്ക്കു് ആഗ്രഹംജനിച്ചു; ലുംബിനിഎന്ന ഉദ്യാനത്തിലുള്ള കൊട്ടാരത്തിൽപോയി താമസിക്കണമെന്നാഗ്രഹിച്ചു. വിവരം രാജാവിനെ ധരിപ്പിച്ചു. അന്തഃപുരപരിജനങ്ങളോടും മററുപരിവാരങ്ങളോടുംകൂടി ശുദ്ധോദനൻ തൻെറ പ്രാണപ്രേയസിയെ ഉദ്യാനസൌധത്തിൽ കൂട്ടിക്കൊണ്ടുപോയി താമസിപ്പിച്ചു. ദേവി സുരഭിലമനോഹരങ്ങളായ പുഷ്പങ്ങളെ പരിജനങ്ങളെക്കൊണ്ടു കൊയ്യിച്ചു കൊണ്ടുവരുവിച്ച് ആനന്ദിച്ചും സുഖിച്ചും വന്നു. ഒരുദിവസം ഒരു അശോകമരത്തണലിൽ, മയൂരനൃത്തങ്ങളും കുയിലുകളുടെ ഗാനങ്ങളും കണ്ടുംകേട്ടും ആനന്ദിച്ചുകൊണ്ടിരിക്കുന്ന മായാദേവിയെനോക്കി, "ഭവതി ഈ അശോകപുഷ്പത്തെക്കാണുന്നുവോ?" എന്നു രാജാവുചോദിച്ചു. അതുകേട്ടു് ഭത്താവിൻെറ

ഇംഗിതത്തെ അറിഞ്ഞ ആ പതിവ്രതാശിരോമണി ആ പുഷ്പത്തെപ്പറിക്കുന്നതിനായി കൈയുയർത്തവെ, ഔർവൻ എന്ന മുനി തന്റെ മാതാവിന്റെ ഊരുവിൽനിന്നും, പൃഥുഎന്ന ചക്രവർത്തി വേനരാജാവിന്റെ കൈയിൽനിന്നും മാന്ധാതാ, യുവനാശ്വന്റെ നെററിയിൽനിന്നും, കക്ഷീവൃഎന്നമുനി സ്വദേഷ്ണയുടെ കക്ഷത്തിൽനിന്നും ആവിർഭവിച്ചതുപോലെ, മായാദേവിയുടെ വലതുഭാഗത്തെ ഭേദിച്ചു മാതാവിനെ യാതൊരു വേദനയും അനുഭവിപ്പിക്കാതെ വെളിയിൽവന്ന ബുദ്ധദേവൻ സമീപത്തിൽ വികസിച്ചുനിന്ന നീലത്താമരയിൽ ചെന്നിരുന്നു. ബുദ്ധദേവന്റെ അവതാരം, ഈശാനവർഷം അറുപത്തിഒൻപതാംകൊല്ലം വൈശാഖമാസത്തിലെ പൌർണ്ണമിദിവസം വെള്ളിയാഴ്ച വിശാഖനക്ഷത്രത്തിൽ ആണെന്നു ബൌദ്ധഗ്രന്ഥങ്ങളിൽ കാണുന്നു. ജനനസമയത്തിൽ ത്രിമൂർത്തികളും ദേവേന്ദ്രനും മനുഷ്യദൃഷ്ടിക്കു് അഗോചരമായവിധത്തിൽ അവിടെ ആവിർഭവിച്ചു് ദിവ്യനായ ശിശുവിനു് ഭാവിയിൽ നിർവഹിക്കേണ്ട അവതാരകാര്യങ്ങളെ ഉപദേശിച്ചു് അനുഗ്രഹിച്ചുമറഞ്ഞു. അനന്തരം ശിശു കമലാസനത്തിൽനിന്നും നിവർത്തിച്ചു് ഏഴടി മുമ്പോട്ടുവന്നു് തന്റെ അവതാരപരമാർത്ഥത്തെ അവിടെ കൂടിനിന്ന ജനങ്ങളെ ഉദ്ബോധിപ്പിച്ചു. അതേനിമിഷത്തിൽ, മായാദേവിയുടെ സമീപത്തിൽനിന്നും ഒരു ഊററു് ഉൽഭവിച്ചു പ്രവഹിച്ചു് ശിശുവിനെ സ്നാനം ചെയ്യിപ്പിച്ചു. ദേവന്മാർ ആകാശത്തിൽനിന്നും പുഷ്പവൃഷ്ടി ചെയ്തു. പരസ്പരവൈരികളായ പക്ഷിവൃന്ദങ്ങളും മൃഗവർഗ്ഗങ്ങളും പരസ്പരസ്നേഹത്തോടും ഐക്യത്തോടും പെരുമാറിത്തുടങ്ങി. വേറെയും സന്നിമിത്തങ്ങൾ പലതും സംഭവിച്ചു.

ഈ സുമുഹൂർത്തത്തിൽ സകല ജനങ്ങളും വിശേഷിച്ചു ശുദ്ധോദനൻ പരമാനന്ദസാഗരത്തിൽ നീന്തിക്കളിക്കുമ്പോൾ, മായാദേവിയുടെ മഞ്ജുളമനോഹരമായ മുഖം ദുഃഖാധിക്യത്താൽ ഈഷൻമ്ലാനമായി കാണപ്പെട്ടു. അതുകണ്ടു രാജാവു്

അന്തസ്താപത്തോടുകൂടി രാജ്ഞിയുടെ സമീപത്തിൽചെന്നു മനസ്താപകാരണത്തെ ചോദിച്ചു. "പുത്രലാഭത്താൽ, വിശേഷിച്ചും ദിവ്യനായ ശിശുവിനെ ലഭിക്കയാൽ, പരമാനന്ദ സൌധത്തിൻെറ പരമകോടിയിൽ വിഹരിക്കേണ്ട ഭവതിയുടെ ഹൃദയം സന്തപ്തമാകാനുണ്ടായ കാരണമെന്താണ്? എന്തൊരഭീഷ്ടമാണ് ഭവതിക്കു സാധിക്കേണ്ടതായിട്ടുള്ളതു്?" എന്നിങ്ങനെയുള്ള ശുദ്ധോദനൻെറ സ്നേഹസമ്പൂർണ്ണമായ വാക്കുകൾ കേട്ടു് മായാദേവി പറഞ്ഞതാവിതു്:—"പ്രാണേശ! അങ്ങയുടെ നിത്യസാന്നിദ്ധ്യസുഖത്തെ അവിഘ്നമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന എനിക്കു് വിശേഷിച്ചു് എന്തൊരഭീഷ്ടമാണ് സാധിക്കേണ്ടതായിട്ടുള്ളതു്! എൻെറ ഈ മഹാഭാഗ്യത്തിൽ എന്നോടൊപ്പം ആനന്ദം അനുഭവിക്കേണ്ട വളായ എൻെറ പ്രിയസഹോദരി എൻെറ സമീപത്തിലല്ലാത്തതുകൊണ്ടുള്ള മനസ്താപം ഒന്നുമാത്രമാണ് എന്നെ ബാധിച്ചിരിക്കുന്നതു്. ഒരമ്മയുടെ മുലപ്പാൽ കുടിച്ചും ഒരച്ഛൻെറ മടിയിൽ കളിച്ചും ഒരുമിച്ചുണ്ടും ഒന്നിച്ചുറങ്ങിയും ഒരു കൊട്ടാരത്തിൽ വളന്നു് ഒരുഭത്താവിൻെറ ഭാര്യാത്വത്തെ പ്രാപിച്ച എൻെറ സഹോദരി എൻെറ ഈ ഭാഗ്യോദയവേളയിൽ തടവിൽകിടന്നു ദുഃഖിക്കുമ്പോൾ, ജീവനാഥ! എനിക്കു് എന്തൊരാനന്ദമാണുള്ളതു്? വല്ലവരുടേയും ദുർബോധനയിൻപേരിൽ പകപബുദ്ധിയില്ലാത്ത ആ ചെറുപെണ്ണ് വല്ലതും എനിക്കു ദ്രോഹമായി പ്രവത്തിക്കാൻ ഒരുമ്പെട്ടു എന്നുവച്ചു് ആ അപരാധം ക്ഷന്തവ്യമല്ലെന്നുവരുന്നതാണോ? ഒരുപക്ഷേ, അവൾ എനിക്കു തരാൻ നിശ്ചയിച്ച ആ വിഷം ഭക്ഷിച്ചു മരിച്ചിരുന്നുവെങ്കിൽ, ആ അവസരത്തിൽ അവളുടെ അപകപബുദ്ധിയുടെ പരമാത്ഥസ്ഥിതി അവിടുത്തേക്കു അനായാസേന ബോധിക്കാൻ കഴിയുമായിരുന്നു; നിശ്ചയമായും ആ സന്ദർഭത്തിൽ സഹോദരീവിരഹദുഃഖത്താൽ അവൾ ജീവത്യാഗംചെയ്യുമായിരുന്നു. അവളുടെ തെററിനേപ്പററി അവൾ അപ്പോൾപശ്ചാത്തപിക്കുമായിരുന്നു. അല്ലെങ്കിൽ എന്തിനു് അവളെപ്പ

ഴിക്കുന്നു? തെററുചെയ്തവൾ ഞാനാണ്. നിർഭാഗ്യവതിയായ ഞാൻ നിർദ്ദയം അവളെ വഞ്ചിച്ചു. അതേ, അവൾക്കും എനിക്കും ഒരുപോലെ അവകാശപ്പെട്ടതായ ഭർത്തൃഹൃദയത്തിൽ അവളുടെ ഓഹരികൂടി നിർദ്ദയയായ ഞാൻ അപഹരിച്ചു. എൻെറ ആ വഞ്ചിച്ചതെററിനെ അവൾ സഹിക്കുന്നതാണോ? അവൾ അതിന് എന്നേ ശിക്ഷിക്കാൻ തീർച്ചയാക്കി. അപ്രകാരം അധർമ്മത്തിനു ശിക്ഷവിധിച്ചതു് അപരാധമായി കരുതാൻ പാടുണ്ടോ? കരുണാനിധേ! അല്ലയോ മഹാരാജാവേ! എൻെറ സഹോദരിയെ ബന്ധനത്തിൽനിന്നും മോചിപ്പിക്കാൻ തിരുവുള്ളമുണ്ടാകണേ!"

രാജാവു കുറേനേരത്തേക്കു യാതൊരു സമാധാനവും പറഞ്ഞില്ല. മായാദേവിയുടെ മഹാമനസ്കതയും സഹോദരസ്നേഹവും അദ്ദേഹത്തെ അത്ഭുതപരതന്ത്രനാക്കിച്ചെയ്തു. അദ്ദേഹം പറഞ്ഞു:—"ദേവീ! ഇരുപത്തേഴുകൊല്ലമായി ഭവതിയോടു് അടുത്തുപഴകിയിട്ടും ഭവതിയുടെ സീമാതീതമായ ഉൽകൃഷ്ടഗുണത്തെ ഉള്ളതുപോലെ അറിയാൻ കഴിഞ്ഞിട്ടില്ലാത്ത ഞാൻ എത്ര ഭാഗ്യഹീനനാണ്? എന്തൊരു മൂഢനാണ്? ഞാൻ അറിഞ്ഞിട്ടില്ലാത്ത പല തത്വങ്ങളും ഭവതിയുടെ വാക്കുകളിൽനിന്നും എനിക്ക് ഇപ്പോൾ ഗ്രഹിക്കാൻ കഴിഞ്ഞു. ഭവതി എൻെറ ഗുരുസ്ഥാനത്തെ അർഹിക്കുന്നു. ഭവതിയുടെ ഭൂതദയയും സഹോദരീസ്നേഹവും അന്യാദൃശങ്ങളാണെന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു. പരന്മാരുടെ തെററിനെ ക്ഷമിക്കാനുള്ള മനഃസ്ഥിതി എനിക്കില്ലാതെപോയതിൽ ഞാൻ ഇതാ പശ്ചാത്തപിക്കുന്നു. ഭവതിയുടെ ഭർത്തൃപദത്തെ പ്രാപിക്കാൻ ഭാഗ്യമുണ്ടായ എൻെറ ജന്മം നിശ്ചയമായും ഫലവത്തായി എന്നു ഞാൻ വിശ്വസിക്കുന്നു. ഞാനിതാ, ഭവതിയുടെ സഹോദരിയെ ബന്ധനത്തിൽനിന്നും മോചിപ്പിച്ചു. എൻെറ തെററിനു മാപ്പുചോദിക്കാൻ സന്നദ്ധനായിരിക്കുന്നു."

മായാദേവി—അല്ലയോ മഹാരാജാവേ! പ്രാണേശ! ഗൌതമിയോട്ട മാപ്പപേക്ഷിക്കേണ്ടവൾ ഞാനാണ്. അവളെ ദ്രോഹിച്ചവൾ ഞാനാണ്. അവിടുന്ന് അവളെ യാതൊരുപ്രകാരത്തിലും ദ്രോഹിച്ചിട്ടില്ല. കുററക്കാരെ ശിക്ഷിക്കേണ്ടതു് രാജാവിൻെറ കത്തവ്യമാണ്. അങ്ങ് ആ കത്തവ്യത്തെ നിറവേററുകമാത്രമേ ചെയ്തിട്ടുള്ളു. ധമ്മത്തെപ്പാലിക്കാനായി ഗർഭിണിയായ പട്ടമഹിഷിയെപ്പോലും വനകാട്ടിൽത്തള്ളിയ സ്വാമി രാമചന്ദ്രൻ അങ്ങയുടെ പൂവികനായിരിക്കെ, ഗൌതമിയെ തടവിൽ പാപ്പിച്ചതു പൂവികാദശത്തെപ്പാലിക്കുകമാത്രമേ ചെയ്തിട്ടുള്ളു എന്നു ധരിക്കേണ്ടതാണ്. ഗൌതമിയെ മോചിപ്പിക്കാൻ തിരുവുള്ളമുണ്ടെങ്കിൽ, ഞാൻതന്നെ അവളെ തടവിൽനിന്നുമിറക്കി എനിക്കുണ്ടായ അവളുടെ ശിശുവിനെ അവളുടെ കൈയിൽ സമപ്പിക്കാൻ കല്പനയുണ്ടാകണം. ഈ ശിശുവിനെ വളത്തേണ്ടവൾ അവളാണ്. അവൾക്ക് അതിൽ സന്തോഷവുമുണ്ടായിരിക്കും.

രാജാവു്—ഭവതിയുടെ മനോരഥത്തെ സാധിച്ചുകൊള്ളുക! ഇനി യാതൊന്നിനും എൻെറ സമ്മതത്തെ ഭവതി പ്രതീക്ഷിക്കേണ്ട അവശ്യമില്ല. ഭവതിയുടെ പ്രവൃത്തികൾ എൻെറ സമ്മതത്തെ അർഹിക്കുന്നവയായിരിക്കും.

മായാദേവി ചാരിതാർത്ഥ്യത്തോടുകൂടി ശിശുവിനെ എടുത്തുംകൊണ്ടു്, ഗൌതമിയെ തടവിൽ പാപ്പിച്ചിരുന്ന മുറിയിൽചെന്നു്, ശിശുവിനെ അവളുടെ കൈയിൽ സമപ്പിച്ചിട്ടു് സന്തോഷസന്താപങ്ങളോടുകൂടി അവളെ ഗാഢാലിംഗനംചെയ്തു തേങ്ങിത്തേങ്ങി കരഞ്ഞു. ആ രണ്ടു സഹോദരികളുടെയും അപ്പോഴത്തെ മനഃസ്ഥിതി ഊഹിച്ചറിയുകയല്ലാതെ പറഞ്ഞറിയിക്കാൻ പ്രയാസമത്രേ.

ഗൌതമി വളരെ നേരം യാതൊന്നും സംസാരിക്കാൻ ശക്തയല്ലാത്തവണ്ണം ശിശുവിൻെറ മുഖത്തുതന്നെ ദത്തദൃഷ്ടിയോടുകൂടി തറയ്ക്കപ്പെട്ടതുപോലെയിരുന്നു. അവളുടെ നയനങ്ങളിൽനിന്നും നിർഗ്ഗളിച്ച ചുടുനീർക്കണങ്ങളിൽ ഒന്നുരണ്ടു് ശിശുവിൻെറ മുഖത്തു പതിക്കയും ശിശു അവളുടെ മുഖത്തു നോക്കുകയും ചെയ്തപ്പോൾ അവളുടെ ഹൃദയം സന്താപാധിക്യത്താൽ പരിതപ്തമായി ഭവിച്ചു. ശിശുവിനെ മാറിൽചേർത്തണച്ചു് ആപാദമസ്തകംപേർത്തുംപേർത്തും ചുംബിച്ചു. അനന്തരം തൻെറ സർവ്വാപരാധങ്ങളേയും ക്ഷമിക്കണമെന്നുള്ള പ്രാർത്ഥനയോടെ സഹോദരീപാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു. മായാദേവിയാകട്ടേ, അവളെ പിടിച്ചെഴുന്നേല്പിച്ചു് നെറുകയിൽ ചുംബിച്ചുകൊണ്ടു് പ്രസംഗിച്ചതാവിതു്:—

"ഗൌതമീ! നീ യാതൊരു തെറ്റുംചെയ്തിട്ടില്ല. തെറ്റുചെയ്തെങ്കിലല്ലേ ക്ഷമായാചനം ചെയ്യേണ്ട ആവശ്യമുള്ളൂ? അറിഞ്ഞുംകൊണ്ടു നീ യാതൊരുതെറ്റും ചെയ്കയില്ലെന്നു് എനിക്കു പൂർണ്ണമായ വിശ്വാസമുണ്ടു്. പക്ഷബുദ്ധിയില്ലാത്ത നീ കഥയില്ലാതെ വല്ല നോരമ്പോക്കും കാട്ടാൻ ശ്രമിച്ചുവെങ്കിൽ അതിനെ അത്രവകയ്ക്കാനില്ല; ഞാൻ വകവച്ചിട്ടുമില്ല. നിനക്കു പക്ഷബുദ്ധിയുണ്ടായിരുന്നുവെങ്കിൽ നീ എന്നെ തെറ്റിദ്ധരിക്കയില്ലായിരുന്നു എന്നെനിക്കു വിശ്വാസമുണ്ടു്. നിൻെറ സുഖം എൻെറ സുഖവും നിൻെറ ദുഃഖം എൻെറ ദുഃഖവുമെന്നു കരുതിപ്പോരുന്ന ഞാൻ നിനക്കു് യാതൊരുതിന്മയും ചെയ്യുന്നവളല്ല നമ്മുടെ മാതാവു് നിൻെറ ശിശുപ്രായത്തിലേ മരിക്കുകയാൽ നീ എൻെറ മടിയിലിരുന്നു വളർന്നവളാണു്. ഈ ശിശുവും നീയും തമ്മിൽ എനിക്കു ഭേദമില്ല. ഞാൻ നിന്നേ ദ്രോഹിക്കുന്നതു് ഈ ശിശുവിനെ ദ്രോഹിക്കുതുപോലെയല്ലേ? നിൻെറ ചെറുബുദ്ധിയിൽ നിനക്കതു് ഊഹിക്കാൻ കഴിഞ്ഞില്ല, അത്രേയയുള്ളൂ. അതു് ഒരു കുറ്റമായി ഞാൻ കരുതുകയില്ല. ഗൌതമീ! കഴിഞ്ഞതു കഴിഞ്ഞു. ഇനി അതിനേപ്പറ്റിച്ചിന്തിക്കുകയേ വേണ്ടാ. നീ മഹാരാജ്ഞാ

വിൻെറ സ്നേഹത്തിന്നു പാത്രീഭവിക്കണം. സ്നേഹം നിർബന്ധത്താൽ ലഭിക്കപ്പെടുന്നതല്ല. മറെറാരാളിൻെറ ഉപദേശത്താൽ ഒരാൾ ഒരാളിനെ സ്നേഹിക്കുകയുമില്ല. അങ്ങനെ സംഭവിക്കുമായിരുന്നെങ്കിൽ, എത്രയോ മുമ്പുതന്നെ രാജാവു നിന്നെ സ്നേഹിക്കേണ്ടതാണു്; അത്രത്തോളം ഞാൻ അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. അദ്ദേഹം അതിന്നു വഴിപ്പെട്ടില്ല. എന്നുവച്ചു് അദ്ദേഹത്തെ അക്കാര്യത്തിൽ കുററപ്പെടുത്താവുന്നതല്ല. സ്നേഹത്തെ സ്നേഹത്താൽ സമ്പാദിക്കണം. നീ അങ്ങനെ ചെയ്തില്ല. ഭർത്താവിൽ ഭക്തിയും വിശ്വാസവും അനുസരണയും ഉണ്ടെങ്കിൽ ഏതൊരു ഭർത്താവും ആ ഭാര്യയെ, അവൾ എത്രവിരൂപയായിരുന്നാലും ഹൃദയപൂർവ്വം സ്നേഹിക്കാതിരിക്കയില്ല. എന്താണു ഭർത്തൃഭക്തി എന്നു നീ സംശയിക്കുന്നുണ്ടാവാം. ഭക്തി എന്നുവച്ചാൽ അനുസരണം എന്നേ അർത്ഥമാക്കേണ്ടതുള്ളു. ത്രിവിധകരണങ്ങളിലും, അതായത്തു് മനസ്സിലും വാക്കിലും പ്രവൃത്തിയിലും അനുസരണം ഉണ്ടായിരിക്കണം. ഏതൊരുവൾ അങ്ങനെ ചെയ്യുന്നുവോ, അവൾ ഭർത്തൃഭക്തിയുള്ളവളാണെന്നു വിശ്വസിക്കാം. ഈ നിയമം നമ്മെപ്പോലെ കൊട്ടാരത്തിൽ വസിക്കുന്നവർക്കു മാത്രമായിട്ടുള്ളതാണെന്നും നീ ധരിക്കരുതു്. കുടിലിൽ താമസിക്കുന്നവരെയും ഈ നിയമം ബാധിക്കുന്നതാണു്. ദാമ്പത്യജീവിതത്തിനു് കുടിലെന്നും കൊട്ടാരമെന്നുമുള്ള വ്യത്യാസമില്ല. ഭർത്താവിൽ അനുസരണമുള്ള ഒരു ഭാര്യയോടുകൂടി കുടിലിൽ വസിക്കുന്നവൻ, ദുശ്ശീലയായ പട്ടമഹിഷിയോടുകൂടി കൊട്ടാരത്തിൽവസിക്കുന്ന ചക്രവർത്തിയെക്കാൾ പരമഭാഗ്യവാനാണു്. അവൻ അനുഭവിക്കുന്ന ആനന്ദമത്രേ സ്വർഗ്ഗാനുഭൂതി. മറെറാരു സ്വർഗ്ഗവും അവന്നു സിദ്ധിക്കേണ്ടതായിട്ടില്ല. സ്വർഗ്ഗം ഒന്നു വേറെയുണ്ടെങ്കിൽ അവന്നു് അവിടെയും സ്ഥാനമുണ്ടായിരിക്കും. മേൽപറഞ്ഞ ചക്രവർത്തിയാകട്ടെ, ഈ ലോകത്തിൽ രൗരവനരകത്തെ അനുഭവിക്കുന്നതുകൂടാതെ അദ്ദേഹത്തിന്നു് ആ സ്വർഗ്ഗത്തിലും സ്ഥാനമുണ്ടായിരിക്കയില്ല.

ഗൌതമി! എന്റെ സഹോദരബുദ്ധിയോടുകൂടിയ ഈ ഉപദേശം എപ്പോഴും നിന്റെ ഓർമ്മയിലിരിക്കട്ടെ! നിശ്ചയമായും നമ്മുടെ ഭത്താവു നിനക്കു വിധേയനായിഭവിക്കും. അദ്ദേഹം നിന്നെ തടവിൽ പാൎപ്പിച്ചു എന്നുള്ള കുണ്ഠിതം നിനക്കുണ്ടാകണ്ട. നിന്റെ തെററിനു നൽകിയ ശിക്ഷയാണു്. തെററെന്താണു? അനുസരണയില്ലായ്മ. അതിനെ നീ സമ്പാദിക്കുക! അതുവഴി ഭർത്തൃസ്നേഹത്തിനു പാത്രീഭവിക്കുക! ഭത്താവു സ്നേഹിക്കാത്തവളെ ദൈവവും സ്നേഹിക്കയില്ലെന്നു വിശ്വസിക്കുക! ഈ ശിശു നിന്റേതാണു് എന്റേതല്ല. അവനെ നീ നിനക്കായിട്ടു വളത്തിക്കൊൾക! ദൈവം അനുഗ്രഹിക്കട്ടെ!."

# രണ്ടാം അദ്ധ്യായം.

ശിശു ഗൌതമിയുടെ പ്രത്യേകലാളനയിൽ ശുക്ലപക്ഷത്തിലെ ചന്ദ്രനെപ്പോലെ വളൎന്നുവന്നു. ഒരു ദിവസം വേദവേദാംഗപാരംഗതനും സാമുദ്രികശാസ്ത്രജ്ഞനും ജ്യോതിശ്ശാസ്ത്രവിചക്ഷണനുമായ ഒരു മഹാബ്രാഹ്മണൻ ശിശുവിനെക്കണ്ടു് അഹ്ലാദഭരിതനായി ആശിൎവ്വാദപൂൎവ്വം ഇപ്രകാരം അരുളിച്ചെയ്തു:—"ഈ ശിശുവിൽ ലോകാചാൎയ്യതാലക്ഷണങ്ങൾ സകലതും തെളിഞ്ഞിട്ടുണ്ടു്; ഭാവിയിൽ ഇവൻ സൎവ്വസംഗപരിത്യാഗിയായി ദേശാന്തരങ്ങളിൽ സഞ്ചരിച്ചു് ജ്ഞാനോപദേശത്താൽ കോടാനകോടി ശിഷ്യന്മാരെ സമ്പാദിച്ചു് അനശ്വരമായ കീൎത്തിപതാക നാട്ടുന്നതാണു്. ഇവനിൽനിന്നും ലോകത്തിനു വിലമതിക്കാൻ പാടില്ലാത്ത സഹായങ്ങൾ സിദ്ധിക്കുന്നതാണു്."

ശിശു ജനിച്ച ഏഴാംദിവസം മായാദേവി ഇഹലോകത്തെ വെടിഞ്ഞു് അനശ്വരമായ നിത്യാനന്ദപദത്തെ പ്രാപിച്ചു. ആ സാദ്ധ്വീമണിയുടെ ഭൌതികശരീരത്തെ യഥാവിധി ദഹിപ്പിച്ചു്, അസ്ഥിഭസ്മത്തെ പൊൽകുംഭത്തിലാക്കി, ആ വിശിഷ്ടമാതാവു വസിച്ചുവന്ന സൌധത്തെ അഴിച്ചു്, 'അസ്തമയഗിരി' എന്ന മലയിൽ പണികഴിപ്പിച്ച കെട്ടിടത്തിൽ സ്ഥാപിച്ചു. ആ ദിവ്യയുടെ സ്മാരകാർത്ഥം തത്സൌധത്തിൻെറ മുമ്പിൽ നൂററിഅറുപതടി ഉയരമുള്ള ഒരു വലിയ എടുപ്പു കെട്ടിപ്പടുത്തിട്ടുള്ളതിനും പുറമേ, മുൻചൊന്ന അശോകവൃക്ഷത്തെ ആ ഉദ്യാനത്തിൽനിന്നും പിഴുതെടുത്തു, അതിൻെറ സമീപത്തുതന്നെ നട്ടുപിടിപ്പിക്കുകയുംചെയ്തു.

ശിശു ഗൌതമിയുടെ ലാളനയിൽ വളൎന്നുവന്നു. ശിശുവിനു 'സിദ്ധാൎത്ഥൻ' എന്നു നാമകരണംചെയ്തു. എന്നാൽ സിദ്ധാൎത്ഥനെ ഗൌതമൻ എന്ന കുലനാമത്തിൽ വിളിച്ചുവന്നു. ഗൌതമനെ യഥാകാലം വിദ്യാരംഭം ചെയ്യിച്ചു. മിത്രൻ എന്ന ഒരു ബ്രാഹ്മണനായിരുന്നു ഗൌതമൻെറ ഗുരുനാഥൻ. വിശ്വാമിത്രനെന്നും ചില പുസ്തകങ്ങളിൽ കാണുന്നു. ആരെങ്കിലും ആയിക്കൊള്ളട്ടെ; ആ ഗുരുവിനു ശിഷ്യനെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ യാതൊരു ശ്രമവും നേരിട്ടിരുന്നില്ല. പഴയപാഠങ്ങളെ ഓൎമ്മിപ്പിക്കുന്നതിനു വേണ്ടിവരുന്ന ലഘുശ്രമമേ നേരിട്ടിരുന്നുള്ളു. ചുരുങ്ങിയകാലത്തിനിടയിൽ സകലകലകളിലും അദ്വിതീയമായ പാണ്ഡിത്യം അനായാസേന സമ്പാദിച്ചു. സാമുദ്രികശാസ്ത്രജ്ഞനായ ബ്രാഹ്മണൻെറ ദീൎഘദൎശനം അസ്ഥാനത്തിലാവുകയില്ലെന്നു ശുദ്ധോദനനു വിശ്വാസം ജനിച്ചതു് ഈ അവസരത്തിലാണു്.

ഇക്കാലത്തു് അസിതൻ എന്ന മുനി സിദ്ധാൎത്ഥനെ സന്ദൎശിക്കാനായി വരികയും, സഹസ്രാരപത്മം ആദിയായ സാമുദ്രികലക്ഷണങ്ങൾ ബാലനിൽക്കണ്ടു് അദ്ദേഹത്തിൻെറ

പരമാത്ഥത്തെ അറിഞ്ഞു സന്തോഷിച്ച്, ശുദ്ധോദനനെനോക്കി, “മനുഷ്യസമുദായവൃക്ഷത്തിൽ അനവധി നൂററാണ്ടുകൾക്കൊരിക്കൽ, ഇങ്ങനെയുള്ള ശിശുഫലങ്ങൾ കായ്ക്കാറുണ്ട്. രാജാവിൻെറ കുലത്തിൻെറ മഹാഭാഗ്യം അവണ്ണനീയമാണു്. ഈ ബാലൻ ഭാവിയിൽ സന്യസിച്ച് ലോകഗുരുവായി ഭവിക്കുന്നതാണു്” എന്നരുളിച്ചെയ്കയുംചെയ്തു. രാജാവു ചോദിച്ചു:—“സന്യസിക്കുന്നതെപ്പോൾ?” “അതു് ഇപ്പോൾ വെളിപ്പെടുത്താവുന്നതല്ല” എന്നായിരുന്നു അസിതമുനിയുടെ സമാധാനം. മുനി പ്രത്യാഗമിച്ചതിനുശേഷം, രാജാവിനു് അനല്പമായ സന്താപം ജനിച്ചു. അസിതമുനി അരുളിച്ചെയ്തതുതന്നെ, സാമുദ്രികശാസ്ത്രജ്ഞനായ മഹാബ്രാഹ്മണൻ പണ്ടു അറിയിച്ചിട്ടുമുണ്ടല്ലോ. ഏതെങ്കിലും പ്രകാരത്തിൽ, രാജകുമാരൻ സന്യാസവൃത്തിയിൽ തിരിയാതെ സൂക്ഷിക്കണമെന്നു രാജാവു നിശ്ചയിച്ചു. സിദ്ധാത്ഥൻെറ മനസ്സ് ലൌകികമാഗ്ഗത്തിൽനിന്നും വ്യതിചലിക്കാതിരിക്കാൻ വേണ്ടകരുതലുകൾ ചെയ്തുതുടങ്ങി. മാത്രമല്ല, ഭൌതികജ്ജീവിതത്തിൽ നിരാശ ജനിക്കാതിരിക്കത്തക്കവണ്ണം പ്രത്യേകം സൂക്ഷിച്ചും വന്നു.

അങ്ങനെയിരിക്കെ, ഒരുദിവസം തൻെറ സഖാക്കളിൽ ഒരുവനായ ദേവദത്തൻ, താൻ എയ്തിട്ട ഒരന്നത്തെ (പരുന്താണെന്നും പക്ഷാന്തരമുണ്ടു്) ഗൌതമൻ പ്രേമപൂവ്വം കൈയിലെടുത്തു് അതിൻെറ ശരീരത്തിൽ തറച്ചിരുന്ന അസ്ത്രത്തെപ്പറിച്ചെറിഞ്ഞിട്ടു്, അതിനെ ചികിത്സിച്ചു ഭേദപ്പെടുത്തി വിട്ടതിനാലുള്ള കോപത്താൽ അദ്ദേഹത്തിൻെറ സഹവാസത്തിൽ വൈമുഖ്യം പ്രദർശിപ്പിച്ചു പിരിഞ്ഞു പൊയ്ക്കളഞ്ഞത്രേ!

സിദ്ധാത്ഥൻെറ പതിനഞ്ചാമത്തെ വയസ്സിൽ, ശുദ്ധോദനൻ അദ്ദേഹത്തെ യുവരാജാവായി അഭിഷേകംചെയ്തു. ഏതാനുംവഷം ഗൌതമൻ ആ നിലയിൽ കഴിഞ്ഞുകൂടി. അ

നന്തരം ശുദ്ധോദനൻ തന്റെ സ്യാലനായ ശുപ്രബുദ്ധന്റെ മകൾ യശോധരയെ സിദ്ധാൎത്ഥനെക്കൊണ്ടു വിവാഹം ചെയ്യിച്ചു. അപ്പോൾ, അദ്ദേഹത്തിനു പത്തൊൻപതു വയസ്സു പ്രായമാണു്. വിവാഹാനന്തരം ഗൌതമൻ ജായാസുഖത്തിൽ ചിലകാലം ആണ്ടുകിടന്നു. ഗുരുജനങ്ങൾ ഈ വിവരം അറിഞ്ഞു അതീവദുഃഖിച്ചു. ആയുധാഭ്യാസം സിദ്ധാൎത്ഥനു സിദ്ധിച്ചിട്ടില്ല; ഭാവിരാജാവു ആയുധവിദ്യ അഭ്യസിക്കാതിരുന്നാൽ രാജ്യഭരണകാലത്തു യുദ്ധം സംഭവിക്കുന്നതായാൽ ഒന്നു കുഴങ്ങേണ്ടിവരുമല്ലോ എന്നോൎത്തുള്ള ദുഃഖമാണു്. ഈ സംഗതി കണ്ണാകണ്ണികയാ സിദ്ധാൎത്ഥൻ അറിയാനിടയായി. ഉടനെ അവരുടെ ഖേദത്തെ പരിഹരിക്കണമെന്നു നിശ്ചയിച്ചു. ആയുധവിദ്യയിൽ വിദഗ്ദ്ധന്മാരായ പലരെയും വരുത്തി, അവരെ തോല്പിച്ചു പിതാവിന്റെയും ബന്ധുജനങ്ങളുടെയും മുമ്പിൽ ആ വിഷയത്തിൽ തനിക്കുള്ള അന്യാദൃശമായ സാമൎത്ഥ്യത്തെ വെളിപ്പെടുത്തി. ഈ സംഭവം വിവാഹത്തിനു മുമ്പാണെന്നും, ഗൌതമന്റെ ആയുധവിദ്യാവൈദഗ്ദ്ധ്യത്തെ കണ്ടു് ആമോദിച്ചു് ശുപ്രബുദ്ധൻ തന്റെ പുത്രിയെ നൽകിയതാണെന്നും ചില ഗ്രന്ഥങ്ങളിൽ കാണുന്നു. “സാമുദ്രികശാസ്ത്രജ്ഞനും അസിതർഷിയും ദീൎഘദർശനം ചെയ്തവണ്ണം പുത്രൻ സന്യാസപഥത്തിൽ തിരിയുമോ” എന്നു ഭയപ്പെട്ടുവന്ന ശുദ്ധോദനൻ, ഒരു മനോഹരമായ ഉദ്യാനത്തിൽ, വേനൽക്കാലത്തിലും മഴക്കാലത്തിലും മഞ്ഞുകാലത്തിലും വസിച്ചു ഭൌതികസുഖങ്ങളെ അനുഭവിക്കുന്നതിനു പൎയ്യാപ്തമായ മൂന്നു കൊട്ടാരങ്ങൾ പണികഴിപ്പിച്ചു സിദ്ധാൎത്ഥനെ അവിടെ താമസിപ്പിച്ചു. ഉദ്യാനത്തെച്ചുററി അത്യുന്നതമായ കോട്ടമതിലുകൾ കെട്ടിച്ചു. മതിലിനെച്ചുററി സുശിക്ഷിതമായ സൈന്യത്തെ പാൎപ്പിച്ചു. ഭൌതികജീവിതത്തിൽ വിരക്തി ജനിപ്പിച്ചേക്കാവുന്ന കാഴ്ചകൾക്കു സംഗതിയുണ്ടാകാതെ സൂക്ഷിക്കാൻവേണ്ട ഏൎപ്പാടുകൾ ചെയ്യുകയുംചെയ്തു. പിതാവിന്റെ ഈദൃശമായ പ്രയത്നങ്ങളാൽ, മനുഷ്യൎക്കു രോഗം, വാ

ദ്ധക്യം, മരണം മുതലായ അവസ്ഥാന്തരങ്ങൾ നേരിടുമെന്നുള്ള ബോധം ഗൌതമന്നു സിദ്ധിക്കാനിടയായില്ല.

ഒരുദിവസം രാജാവു്, ലുംബിനിയെന്ന ഉദ്യാനത്തിലുള്ള കൊട്ടാരത്തിൽ, തന്നെ വന്നുകാണണമെന്നു സിദ്ധാൎത്ഥനെ അറിയിച്ചിരുന്നു. അതിൻപ്രകാരം പിതാവിനെ കാണാനായി അദ്ദേഹം തൻെറ ഉദ്യാനസൌധത്തിൽനിന്നും പുറപ്പെട്ടപ്പോൾ, തനിക്കു അഭിമുഖമായി രോഗപീഡിതനായി ഒരു മനുഷ്യൻ വരുന്നതുകണ്ടു്, അയാളുടെ സമീപത്തിൽചെന്നു് അയാളുടെ വസ്തുസ്ഥിതികളെപ്പററിച്ചോദിക്കുകയും രോഗം മനുഷ്യസാധാരണമാണെന്നു ബോധിക്കുകയുംചെയ്തു. ഇപ്രകാരംതന്നെ മറെറാരുദിവസം രാജാവിൻെറ സമീപത്തിലേക്കും പോകുമ്പോൾ, വാദ്ധക്യത്താൽ ക്ഷീണിച്ചു പരവശനായി വരുന്ന ഒരു വൃദ്ധനെക്കണ്ടു് അയാളുടെ അനുഭവത്തെ ചോദിച്ചറിയുകയും ഈ അവസ്ഥ എല്ലാമനുഷ്യൎക്കും ഉള്ളതാണെന്നു ഗ്രഹിക്കുകയുംചെയ്തു. വേറൊരുദിവസം, വഴിയരികിൽ കിടന്നിരുന്ന ഒരു പ്രേതത്തെക്കണ്ടു്, സകലജന്തുക്കൾക്കും മരണമുണ്ടെന്നും എല്ലാവരുടെയും ഒടുവിലത്തെ അനുഭവം ഇതുതന്നെയാണെന്നും മനസ്സിലാക്കുന്നതിന്നിടയായി. അചിരേണ സിദ്ധാൎത്ഥനു് അനിത്യമായ ലോകജീവിതത്തിൽ വിരക്തിതോന്നിത്തുടങ്ങി. രോഗം, വാദ്ധക്യം, മരണം എന്നീ പീഡകൾക്കു കാരണമായ ജനനത്തെ ജയിക്കാനുള്ള മാൎഗ്ഗത്തെ അറിഞ്ഞു തനിക്കും ലോകത്തിനും മുക്തിയെ സമ്പാദിക്കാൻ എപ്പോൾ സാധിക്കുമെന്നുള്ള വിചാരം അദ്ദേഹത്തെ അലട്ടിത്തുടങ്ങി.

അങ്ങനെയിരിക്കെ ഒരു ശുദ്ധദേവൻ ഗൌതമൻെറ മുമ്പിൽ അവിൎഭവിച്ചു ലോകത്തിൻെറ അസ്ഥിരതയെ ഉദ്ബോധനം ചെയ്തുമറഞ്ഞു. അതുമൂലം അദ്ദേഹത്തിൻെറ മനസ്സിനു വലുതായ മാററം സംഭവിച്ചു. ഈ വിവരം ഗ്രഹി

ച്ച ശുദ്ധോദനൻെറ കല്പനപ്രകാരം സൌന്ദൎയ്യവതികളായ അനവധി യുവതികളും, സതീൎത്ഥ്യന്മാരും സമവയസ്കന്മാരുമായ മന്ത്രിപുത്രന്മാരും അദ്ദേഹത്തെ മാനസാന്തരപ്പെടുത്താൻ ശ്രമിച്ചിട്ടു യാതൊരു ഫലവുമുണ്ടായില്ല.

ഒരുദിവസം, രഥാരൂഢനായി വെളിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ, റോഡരികിലുള്ള വയലുകളിൽ സാധുക്കളായ കൃഷിവലന്മാർ കൃഷിത്തൊഴിലിൽ കഷ്ടപ്പെടുന്നതും കാള എരുമ മുതലായ ജീവികളെക്കൊണ്ടു ഉഴുതുമ്പോൾ അവററ അനുഭവിക്കുന്ന സങ്കടങ്ങളും കണ്ടു് അനുകമ്പ തോന്നിയ സിദ്ധാർത്ഥൻ, രഥത്തിൽനിന്നുമിറങ്ങി ഒരു വടവൃക്ഷത്തിൻെറ ചുവട്ടിൽചെന്നു്, ജനനം, മരണം, രോഗം, വാൎദ്ധക്യം എന്നിവയുടെ കാരണങ്ങളെയും അവയിൽനിന്നും ഒഴിഞ്ഞുമാറുവാനുള്ള മാൎഗ്ഗങ്ങളെയും കുറിച്ചു കണ്ണുമടച്ചു ചിന്തിച്ചുകൊണ്ടിരുന്നു. ആ സന്ദർഭത്തിൽ മുമ്പു് അദ്ദേഹത്തിനു ലോകജീവിതത്തിൻെറ അസ്ഥിരതയെ ഉദ്ബോധിപ്പിച്ചു മറഞ്ഞ ഉപദേവൻ, ഒരു സന്ന്യാസിവേഷത്തിൽ അവിടെ ആവിർഭവിച്ചു് "സിദ്ധാർത്ഥാ!" എന്നു അഭിസംബോധനംചെയ്തു. സിദ്ധാർത്ഥൻ അതുകേട്ടു ഞെട്ടിയുണൎന്നു് സന്ന്യാസിയെ നോക്കി "നിങ്ങളാരാ"ണെന്നു ചോദിച്ചു. സന്ന്യാസി പറഞ്ഞു:— "ഞാൻ ഒരു ശ്രമണനാണു്; ദുഃഖത്തെക്കുറിച്ചു ചിന്തിച്ചുചിന്തിച്ചു് എൻെറ ഹൃദയം ഇടവിടാതെ തപിച്ചുകൊണ്ടിരുന്നു; ഈ ദുഃഖത്തിൽനിന്നും ഒഴിഞ്ഞുമാറി, അഴിവില്ലാത്തതും അന്തമില്ലാത്തതും സ്നേഹദ്വേഷങ്ങളില്ലാത്തതും ഏകാന്തമായതും ആനന്ദമയമായതും ആയ ഒരു നിലയെ പ്രാപിക്കാൻ ഞാൻ ആശിച്ചു; തന്നിമിത്തം ഇന്ദ്രിയങ്ങളെ അടക്കി സമാധിയിൽ വൎത്തിച്ചു്, ജീവനെ ധരിക്കാൻമാത്രം ആവശ്യമുള്ള ഭക്ഷണത്തെ പട്ടണത്തിൽനിന്നും യാചിക്കുന്ന ഒരു ഭിക്ഷുവിൻെറ നിലയെസ്വീകരിച്ചു." അനന്തരം ആ നിലയിൽ വൎത്തിക്കുന്നവരുടെ മാഹാത്മ്യങ്ങളെക്കുറിച്ചും കുറെയെല്ലാംപ്രസംഗി

ച്ചിട്ടു് അദ്ദേഹം അന്തർദ്ധാനംചെയ്തു. അതുകേട്ടു,സന്ന്യാസത്തെ ആശിച്ചിരുന്ന സിദ്ധാർത്ഥൻ, കൊട്ടാരത്തിൽചെന്നു് തൻെറ അഗ്രഹത്തെ പിതാവിനെ ധരിപ്പിച്ചു. ശുദ്ധോദനൻ അതുകേട്ടു് അതിയായ അന്തസ്താപത്തോടെ പുത്രനെ അശ്ലേഷിച്ചുകൊണ്ടു്, "പ്രിയപുത്ര! സന്ന്യസിക്കാനുള്ള പ്രായമിതല്ല, വളരെനാൾ രാജ്യംഭരിച്ചതിനുശേഷം വാർദ്ധക്യത്തിൽ സന്ന്യസിക്കുകയല്ലാതെ ഈ ചെറുപ്രായത്തിൽ അതിൽ മനസ്സുവെച്ചുത്താൻ പാടില്ല" എന്നു പറഞ്ഞു. അതിനു സമാധാനമായി, "ജനനം, രോഗം, വാർദ്ധക്യം, മരണം എന്നിവയിൽനിന്നും മോചിക്കാനുള്ള മാർഗ്ഗത്തെ അറിഞ്ഞാലല്ലാതെ ഞാൻ ഇവിടെ നിൽക്കുന്നതല്ല" എന്നു തീർത്തുപറഞ്ഞുംവച്ചു് ഗൌതമൻതൻെറ സൌധത്തെ പ്രാപിച്ചു. അതുകണ്ടു വ്യസനാക്രാന്തനായ ശുദ്ധോദനൻ സംഗീതനൃത്തനാദികളിൽ വൈദഗ്ദ്ധ്യമുള്ളവരും സുന്ദരികളും ആയ അനവധി തരുണികളെ സിദ്ധാർത്ഥനെ മാനസാന്തരപ്പെടുത്താനായി ശട്ടംകെട്ടി അയച്ചു. പക്ഷേ, രാജാവിൻെറ ശ്രമം നിഷ്ഫലമായതേയുള്ളൂ. ആ ജഗന്മോഹിനികൾ തങ്ങളുടെ സർവ്വശക്തികളും പ്രകടിപ്പിച്ചിട്ടും രാജകുമാരൻെറ മനസ്സിനെ ഇളക്കാൻ കഴിഞ്ഞില്ല. അവരുടെ അന്യാദൃശമായ സൌന്ദര്യം സന്ന്യാസമാർഗ്ഗത്തിൽ മനസ്സുനിനിൽക്കുന്ന സിദ്ധാർത്ഥൻെറ വിരക്തിയെ ദ്വിഗുണിതമാക്കിച്ചെയ്യുകയാണുണ്ടായതു്.

ഇതിനുശേഷം, ഒരു ദിവസം സിദ്ധാർത്ഥൻ രോഹിണീനദിയിൽ സ്നാനംചെയ്തു കൊട്ടാരത്തിലേക്കു മടങ്ങാൻ രഥത്തിൽ കയറുമ്പോൾ,ഒരു പരിചാരകൻ ഓടി സമീപത്തിൽ ചെന്നു്, "ദേവി തിരുവയർ ഒഴിഞ്ഞു. ശിശു ആൺപ്രജയാണു്." എന്നു സോത്സാഹം അറിയിച്ചു. ഗൌതമനാകട്ടെ, മുമ്പുണ്ടായിട്ടില്ലാത്ത മനഃഖേദത്തോടെ, "ഹാ! ബന്ധനത്തിന്മേൽ ബന്ധനം സംഭവിച്ചുവല്ലോ! ഈ സങ്കടക്കടലി

ന്റെ മറുകർകാണുന്നതെപ്പോൾ?* എന്നു പറഞ്ഞുംകൊണ്ടു തേരിൽകയറിപ്പോന്നു. ആ അവസരത്തിൽ തേരിന്റെ മുമ്പും പിമ്പും പഞ്ചവാദ്യങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു. ജനങ്ങൾ, തങ്ങളുടെ രാജാവിനു പൌത്രൻ ജനിച്ചതിനാലുള്ള സന്തോഷത്തെ സൂചിപ്പിക്കുന്ന കോലാഹലശബ്ദത്തോടെ കൊട്ടാരത്തോളം യുവരാജാവിനെ അനുഗമിച്ചു. സംഗീതനൃത്തനാദികളും ലോഭമില്ലാതെ നടന്നുകൊണ്ടിരുന്നു. ഈ വക ആഘോഷങ്ങൾക്കും മററും സിദ്ധാൎത്ഥന്റെ മനസ്സിനെ അല്പമെങ്കിലും രസിപ്പിക്കാനുള്ള ശക്തിയുണ്ടായിരുന്നില്ല. സിദ്ധാൎത്ഥന്റെ ബന്ധുവൎഗ്ഗത്തിൽപെട്ട ഒരു സ്ത്രീ, "ഈ ശിശുവിന്റെ പിതാവു ഭാഗ്യവാൻ; മാതാവ് ഭാഗ്യവതി, ജായ ഭാഗ്യവതി." എന്നിങ്ങനെ പാടിയ ഒരു പാട്ട്, ദുഃഖനിവൃത്തിക്കുള്ള ഉപായത്തെച്ചിന്തിച്ചുംകൊണ്ടുപോകുന്ന സിദ്ധാൎത്ഥന്റെ മനസ്സിനെ ആകൎഷിച്ചു. ആ ഉപശ്രുതിയിൽ തനിക്കുള്ള കൃതജ്ഞതയെ പ്രദൎശിപ്പിക്കാനായി തന്റെ കഴുത്തിൽ കിടന്ന മുത്തുമാല ആ സ്ത്രീക്കു സമ്മാനിച്ചു. ആ സമ്മാനദാനം, സിദ്ധാൎത്ഥന്നു തന്നിലുള്ള അനുരാഗത്തിന്റെ ലക്ഷ്യമാണെന്നും ഭാവിയിൽ താൻ അദ്ദേഹത്തിന്റെ പട്ടമഹിഷിയായിഭവിക്കുമെന്നും ആ സ്ത്രീ മനോരാജ്യംകണ്ടു.

അനന്തരം, കൊട്ടാരത്തിൽ എത്തി, അവിടെ നടന്നുകൊണ്ടിരുന്ന അസംഖ്യങ്ങളായ വിനോദങ്ങളിൽ ശ്രദ്ധിക്കാതെയും ആരോടും യാതൊന്നും സംസാരിക്കാതെയും അന്നത്തെ പകൽ കഴിച്ചുകൂട്ടി. അൎദ്ധരാത്രിയിൽ, ഒരുവൻ തന്റെ ഗൃഹത്തിനകത്തു് ഉറങ്ങിക്കിടക്കുമ്പോൾ പെട്ടെന്നു വീട്ടിനു തീപിടിച്ചാൽ ഞെട്ടിയുണരുന്നതുപോലെ, സിദ്ധാൎത്ഥൻ

* പുത്രൻ പ്രസവിക്കപ്പെട്ട വൃത്താന്തം അറിഞ്ഞപ്പോൾ, ആ പുത്രൻ തന്റെ ബുദ്ധിയാകുന്ന ചന്ദ്രനെ വിഴുങ്ങാനായി വന്ന രാഹുവാണെന്നു പറഞ്ഞുവെന്നും അതുകൊണ്ടു് ആ കുട്ടിക്കു് രാഹുലൻ എന്നു നാമകരണം ചെയ്തുവെന്നും ഒരൈതിഹ്യമുണ്ടു്.

ഞെട്ടിയെഴുന്നേററിരുന്നു; സർവ്വവും ത്യജിച്ചു വെളിയിൽപോകാൻഭാവിച്ചു; മുമ്പു താൻ കണ്ട ശ്രമണൻ പ്രവേശനദ്വാരങ്ങൾ തുറന്നുകൊടുത്തു; ഗൌതമൻ തൻെറ ചുററും ശയിച്ചു നിദ്രചെയ്യുന്ന സുന്ദരികളായ തരുണികൾ അറിയാതെ വെളിയിൽ ഇറങ്ങി; വാതുക്കൽ ഉറങ്ങാതെനിന്നിരുന്ന ഒരു ഭൃത്യനെക്കണ്ടു, കണ്ഡകം എന്നു പേരുള്ള തൻെറ കുതിരയെ ഒഴിച്ചുകൊണ്ടുവരുവാൻ കല്പിച്ചു. ഭൃത്യൻ രാജാവിൻെറ കല്പനയില്ലാതെ, യുവരാജാവിൻെറ ആജ്ഞയെ നിറവേററാമോ എന്നു സംശയിച്ചുകൊണ്ടുനിൽക്കുമ്പോൾ അശ്രമണൻ ധൈര്യപ്പെടുത്തുകയാൽ അവൻ കുതിരലായത്തിലേക്കു പോയി; ഉടനെ സർവ്വവും ത്യജിക്കാൻ പോകുന്ന ഗൌതമൻ, തൻെറ ശിശുവിനെ ഒന്നു കൈയിലെടുത്തു നോക്കണമെന്നുള്ള അഗ്രഹത്തോടുകൂടി യശോധരയുടെ ശയനഗൃഹത്തിൽ ചെന്നു കതകുതുറന്നു; മാതാവിൻെറ മാറോടണച്ചുപ്പെട്ടു കിടന്നുറങ്ങുന്ന അ ഇളംശിശുവിനെ ഒരു നോക്കുകണ്ടു. "ശിശുവിനെയെടുത്താൽ യശോധര ഉണരും; ഉണന്നാൽ തൻെറ യാത്രമുടങ്ങുകയും ചെയ്യും." എന്നു വിചാരിച്ചും ശിശുവിനെ എടുക്കണമെന്നാഗ്രഹിച്ചും ഗത്യന്തരമില്ലാതെ കുറേനേരം അ നിലയിൽതന്നെ നിന്നു. ഒടുവിൽ, "ഞാൻ ഇവൾക്കും ഈ ശിശുവിനും ജ്ഞാനോപദേഷ്ടാവായി ഭവിച്ചേയ്ക്കാം." എന്നു നിശ്ചയിച്ചുംകൊണ്ടു സധൈര്യം മടങ്ങിപ്പോന്നു. മുൻചൊന്ന ഭൃത്യൻ അശ്വത്തെ പടിക്കൽ സജ്ജീകരിച്ചുനിത്തിയിരുന്നു. സിദ്ധാത്ഥൻ നിസ്സംശയം കുതിരപ്പുറത്തുകയറി പുറപ്പെടുകയും ചെയ്തു. അന്ന് അദ്ദേഹത്തിൻെറ ഇരുപത്തൊൻപതാമത്തെ വയസ്സു തികയുന്ന പൌണ്ണമിയായിരുന്നു.

ഗൌതമൻ, മനസ്സുന്ന്യാസം സ്വീകരിച്ചു വിഷയവിരക്തനായി, തൻെറ പിതാവിനെയും രാജഭോഗങ്ങളെയും എന്നുവേണ്ട, ഒരു ദിവസത്തെ പ്രായംപോലും പൂത്തിയാകാത്ത തൻെറ പുത്രനെയും ഉപേക്ഷിച്ചു സർവ്വസംഗപരിത്യാഗിയാ

യി പുറപ്പെട്ട ഈ പോക്കിന്, 'മഹാഭിനിഷ്ക്രമണം' * എന്നു പറയപ്പെടുന്നു.

പാപഹേതുകങ്ങളായ ആശകളെ ജനിപ്പിക്കുന്നോനായ മാരൻ എന്നവൻ, ഇപ്രകാരം പുറപ്പെട്ടുപോയ സിദ്ധാൎത്ഥനെ വഴിമദ്ധ്യേ തടഞ്ഞുനിൎത്തി, "സന്ന്യാസവൃത്തിയിൽനിന്നും മനസ്സിനെ പിൻവലിക്കാമെങ്കിൽ, ഇന്നുമുതൽ ഏഴുദിവസത്തിനകം മഹാദ്വീപങ്ങൾ നാലിന്റെയും ചക്രവൎത്തിയായി അഭിഷേകംചെയ്യുന്നതാണ്." എന്നു പറഞ്ഞു. സിദ്ധാൎത്ഥനാകട്ടെ, കേട്ടില്ലെന്നഭാവത്തിൽ പൊയ്ക്കൊള്ളുകയാണുണ്ടായതു്. എന്നിട്ടും മാരൻ നിരാശപ്പെടാതെ, ജയിക്കാനുള്ള സന്ദൎഭം ലഭിക്കുമെന്ന വിശ്വാസത്തോടെ നിഴലെന്നവണ്ണം അനുഗമിക്കുകതന്നെ ചെയ്തു. ആ രാത്രിയിൽ അദ്ദേഹത്തിന്റെ യാത്രാമാൎഗ്ഗത്തിൽ ദിവ്യമായ പ്രകാശം സിദ്ധിച്ചിരുന്നു എന്നുള്ളതു പ്രസ്താവനീയമാണ്. അങ്ങനെ വിശ്രമാൎത്ഥം വഴിയിൽ താമസിക്കാതെ പ്രഭാതത്തോളം യാത്രചെയ്തു. യോഗ്യനായ ഒരു ഗുരുവിനെ വരിക്കണമെന്നുള്ള ലക്ഷ്യത്തിൽ മനസ്സൂന്നിയിരുന്നതിനാൽ യാത്രാക്ഷീണം അശേഷം അദ്ദേഹത്തെ ബാധിച്ചില്ല. ഗോളിയാദേശത്തിന് അപ്പുറത്തുള്ള അനോമാനദിയുടെ തീരത്തിൽ സൂൎയ്യോദയത്തിനുമുമ്പായി ചെന്നുചേൎന്നു. ആ സ്ഥലത്തുള്ള ഭാൎഗ്ഗവനെന്ന മഹൎഷിയുടെ ആശ്രമത്തിന്റെ പുരോഭാഗത്തെത്തിയ ഉടനെ കുതിര പെട്ടെന്നവിടെനിന്നു. ആശ്രമവും പരിതഃപ്രദേശങ്ങളും ആശ്രമത്തിനകത്തു സജ്ജീകരിക്കപ്പെട്ടിരുന്ന ഭിക്ഷാപാത്രം കമണ്ഡലു തുടങ്ങിയുള്ള താപസോചിതമായ സാധനങ്ങളും കണ്ടു്, ഗുരുവിനെ ആരാഞ്ഞു കപിലവാസ്തുവിൽനിന്നും പുറപ്പെട്ടു മൂന്നു യോജന വഴികടന്നുവന്ന സിദ്ധാൎത്ഥൻ, കുതിര അശ്ര

* ത്രിപിടകം എന്ന ഗ്രന്ഥത്തിൽ ഈ സംഭവത്തെ വിവരിക്കുന്ന ഭാഗത്തിന് മഹാഭിനിഷ്ക്രമണസൂത്രം എന്ന പേരാണ്. മഹാഭിനിഷ്ക്രമണം=പരമത്യാഗം.

മദ്വാരത്തിൽ നിന്നതു് ഒരു ശുഭനിമിത്തമായി വിശ്വസിച്ചു ചാരിതാർത്ഥ്യനായി ഭവിച്ചു. പിന്നീടു തന്റെ അനുഗാമിയായ ഭൃത്യനെനോക്കി, "കണ്ടുപിടിക്കണമെന്നു പല്ലുകാലമായി കരുതിപ്പോന്ന സ്ഥലം ഇതാ കൺമുമ്പിൽ എത്തിയിരിക്കുന്നു. നമ്മുടെ ബന്ധം ഇന്നോടവസാനിച്ചിരിക്കുന്നു." എന്നു പറഞ്ഞു് തന്റെ കഴുത്തിൽകിടന്ന മുത്തുമാല എടുത്തു് അയാളുടെ ഗളത്തിൽ ധരിപ്പിച്ചു. അനന്തരം തന്റെ ശിരോരത്നത്തെ എടുത്തു് അയാളുടെ കൈയിൽ കൊടുത്തിട്ടു്, "ഇതിനെ ഭക്തിസ്നേഹങ്ങളോടെ ഞാൻ സമർപ്പിക്കുന്നതായിപ്പറഞ്ഞു് എന്റെ പിതാവിനെ ഏല്പിക്കുക! എന്നിലുള്ള സ്നേഹത്തെ തികച്ചും വിസ്മരിക്കണമെന്നു ഞാൻ അപേക്ഷിച്ചതായി പറയുക! ഭൗതികജീവിതദ്വാരാ ദുഃഖസാഗരത്തെ നീന്തിക്കടക്കാനുള്ള തോണി എനിക്കു കിട്ടുകയില്ലാത്തതിനാൽ പിരിഞ്ഞുപോന്നതാണെന്നും അറിയിക്കുക!" എന്നുപറഞ്ഞു. അതുകേട്ടു ഭൃത്യൻ, സന്യാസം ഈ പ്രായത്തിനു യോജിച്ചതല്ലെന്നും മറ്റും പലേ തത്വങ്ങളും പറഞ്ഞുകേൾപ്പിച്ചു. എങ്കിലും അതിനൊന്നും അദ്ദേഹം വഴിപ്പെടുകയുണ്ടായില്ല. ഒടുവിൽ ഗത്യന്തരമില്ലായ്കയാൽ ഭൃത്യൻ കുതിരയെയുംകൊണ്ടു മടങ്ങിപ്പോന്നു.

അനന്തരം സിദ്ധാർത്ഥൻ അനോമാനദിയുടെ മണൽത്തീരത്തിരുന്നു് തന്റെ ഖഡ്ഗത്താൽ തലമുടിയെ ഛേദിച്ചെറിഞ്ഞുംവച്ചു് അല്പനേരം 'പരമാർത്ഥ'ത്തെ അന്വേഷിച്ചു് അവിടെ ഇരുന്നു. അപ്രകാരം ധ്യാനനിഷ്ഠനായി ഇരുന്ന ആ സ്ഥലത്തു് പിൽകാലത്തിൽ, തൽസ്മാരകാർത്ഥം ഒരുമണ്ഡപം പണികഴിപ്പിച്ചിട്ടുള്ളതായി അറിവുണ്ടു്. ഈ ധ്യാനനിഷ്ഠ, ഭൃത്യൻ പിരിയുന്നതിനുമുമ്പു സംഭവിച്ചതായി ചില ഗ്രന്ഥങ്ങളിൽ കാണുന്നു. അങ്ങനെ ധ്യാനനിഷ്ഠയിൽ ലയിച്ചിരുന്ന സിദ്ധാർത്ഥൻ ധ്യാനത്തിൽനിന്നും വിരമിച്ചുനോക്കുമ്പോൾ, കാഷായവേഷധാരിയായ ഒരു കിരാതൻ (സാധു

വായ ഒരു വഴിപോക്കനെന്നും പറയുന്നുണ്ട്) വില്ലും അമ്പും കൈയിൽ ധരിച്ചു തന്റെ മുമ്പിൽ നിൽക്കുന്നതുകണ്ടു. കിരാതൻ മുൻപ്പൊന്ന ഉപദേവനല്ലാതെ മററാരുമായിരുന്നില്ല. ഗൌതമൻ തന്റെ പട്ടാംബരം അഴിച്ചു കിരാതനു സമ്മാനിച്ചിട്ട് പകരം അവൻ ഉടുത്തിരുന്ന കാഷായവസ്ത്രം മേടിച്ചുധരിച്ചു. എന്നിട്ട് പരമാത്മസത്തയെ ഉപദേശിക്കുന്ന ഗുരുഭൂതനെ അരാഞ്ഞു പുറപ്പെട്ടു.

---

## മൂന്നാം അദ്ധ്യായം.

---

സിദ്ധാർത്ഥൻ ഗുരുവിനെ അന്വേഷിച്ച്, ബിംബസാരന്റെ രാജ്യത്തിലുള്ള കാടുകളിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. അക്കാട്ടിൽ അനവധി താപസന്മാർ വസിക്കുന്നുണ്ടായിരുന്നു. ആ തപസ്വികൾ, ദേഹം ജീവന്റെ ശത്രുവാണെന്നു ബോധിച്ച് അതിന്റെ ശക്തിയെക്കുറയ്ക്കുന്നതിനായി പലപ്രകാരത്തിൽ പണിപ്പെട്ടുവന്നുണ്ടായിരുന്നു. ഇലകൾ കൊഴിഞ്ഞു് ശാഖകൾ ഉണങ്ങി പട്ടുനിൽക്കുന്ന വൃക്ഷത്തിന്റെ അവസ്ഥയെ പ്രാപിച്ചിട്ടും അതിനെ വീണ്ടും വീണ്ടും പീഡിപ്പിച്ചുകൊണ്ടിരുന്നു. ഒരുകാൽ മടക്കി വച്ചുകയററി ഒററക്കാലിൽ നിന്നും, മടങ്ങിയിരിക്കുന്ന വിരലുകൾ, നഖങ്ങൾ വളൎന്ന് അകത്തോട്ടു തുളച്ചുകയറി വീണ്ടും ഒരു പുറവു വളരുമ്പോളും നിവർത്താതെ വച്ചും, കൂൎത്തകല്ലുകളിൽ ശയിച്ചും, മുള്ളാണികൾ പിടിപ്പിച്ച മെതിയടികളിൽ നടന്നും, അപ്പോൾ മുറിപ്പെട്ട മാംസത്തെ തീകൊണ്ടു പൊള്ളിച്ചു് വേദനപ്പെടുത്തിയും, കുറുക്കൻ, കഴുകു് മുതലായവയോടുചേൎന്നു ശവംതിന്നു ശ്മശാനത്തിൽ വസിച്ചും, ഫലമൂലങ്ങളെ മാത്രം ഭക്ഷിച്ചു പട്ടിണികിടന്നും, നാക്കിന്റെ രുചിയെക്കെടുത്താൻ കയ്പുള്ള കാട്ടുകായ്കളെത്തിന്നും ഇങ്ങനെ പലപ്രകാര

ത്തിൽ ശരീരശക്തിയെ ക്ഷയിപ്പിച്ചു കൊണ്ടിരുന്നു. ഈ വക പ്രവൃത്തികളെക്കണ്ടു്, ഹൃദയംനൊന്തു്, സിദ്ധാർത്ഥൻ അവരുടെ നേതാവായ താപസനെനോക്കി, "മഹാത്മാവേ! ഈ ജീവിതത്തിൽ അനുഭവിക്കുന്ന ദുഃഖങ്ങൾ പോരാഞ്ഞിട്ടാണോ, നിങ്ങൾ തന്നെ നിങ്ങളെ ഇതുവളരെ പണിപ്പെട്ടു സങ്കടം അനുഭവിപ്പിക്കുന്നതു്?" എന്നുചോദിച്ചു. താപസൻ പറഞ്ഞു:—"സഹോദരാ! ഒരുവൻ മരണത്തെ മനഃപൂർവ്വം ശ്ലാഘിച്ചു് അതിനെ പ്രിയപ്പെട്ടു് തന്റെ ശരീരത്തെയും സർവേന്ദ്രിയങ്ങളെയും അടക്കി വേദന അനുഭവിക്കുന്നുവെങ്കിൽ അഭിലഷണീയങ്ങളായ സുഖങ്ങൾ നിറഞ്ഞുള്ള ദേവലോകത്തെ പ്രാപിക്കുമെന്നു ജ്ഞാനികൾ ഉപദേശിച്ചിരിക്കുന്നു. ആ ഉപദേശത്തെ ആദരിച്ചു ഞങ്ങൾ ഈവിധത്തിൽ പ്രവർത്തിക്കുന്നതാണു്."

സിദ്ധാത്ഥൻ:—അതാ, ആകാശത്തിൽ സ്വർണ്ണാംബരം പോലെ മനോഹരമായിത്തിളങ്ങുന്ന ആ മഞ്ഞു് കടലിൽനിന്നും ഉയർന്നതാണു്. അതു വർഷമായി വീണ്ടും ഭൂമിയിൽപതിച്ചു് തന്റെ ഉത്ഭവസ്ഥാനമായ സമുദ്രത്തിൽ ചെന്നുചേരുന്നതുപോലെ, ദേവലോകത്തിലെ സുഖങ്ങൾ അനുഭവിച്ചുകഴിഞ്ഞാൽ,നിങ്ങളുടെപ്രയത്നത്തിന്റെ കൂലിമുഴുവൻ കിട്ടിക്കഴിഞ്ഞാൽ, വീണ്ടും ഈ ഭൂമിയിൽത്തന്നെ നിങ്ങൾ ജനിക്കേണ്ടവരല്ലേ? നാം വിലകൊടുത്തുവാങ്ങിക്കുന്നതു ക്ഷണത്തിൽ ചെലവായിപ്പോകുന്നതുപോലെ, ഇപ്പോൾ നിങ്ങൾ വളരെ കഷ്ടപ്പെട്ടു വാങ്ങിക്കുന്ന സുഖങ്ങൾമുഴുവൻ അനുഭവിച്ചു തീരുകയില്ലേ? അപ്പോൾ വീണ്ടും നിങ്ങൾ ഈ ഭൂമിയിൽ ജനിക്കുമെന്നു വിശ്വസിക്കുന്നില്ലേ?

താപസൻ:—പക്ഷേ, അങ്ങനെ സംഭവിച്ചേക്കാം; ഞങ്ങൾക്കു നിശ്ചയമില്ല. രാത്രിയുടെ പിറകേ പകലും വിപ്ലവത്തിന്റെ പിറകേ ശാന്തിയും ഉണ്ടാകുന്നു. അതുപോലെ, ഈ ദേഹത്തെ അതിന്റെ പോക്കിനു വിട്ടുകളയാതെ, പിടി

ച്ചനിത്തി വേദനിപ്പിച്ചാൽ ദൈവങ്ങളുടെ വലുതായ അനുഗ്രഹങ്ങളെസമ്പാദിക്കാമെന്നു കരുതി ഞങ്ങൾ ഇപ്രകാരം പ്രവൎത്തിക്കുന്നതാണു്.

സിദ്ധാൎത്ഥൻ:—ആ അനുഗ്രഹങ്ങൾ വളരെക്കാലം നിലനിന്നാലും ഒടുവിൽ നശിക്കുന്നവയല്ലേ? ദേവലോകത്തിലുള്ള ദൈവങ്ങൾ ചിരഞ്ജീവികളാണോ? പറയുക!

താപസൻ:—ഇല്ല, ബ്രഹ്മം ഒന്നുമാത്രമേ അനശ്വരമായിട്ടുള്ളു. ദേവന്മാർ എല്ലാവരും മനുഷ്യരെ അപേക്ഷിച്ചു ദീൎഘായുഷ്മാന്മാരാണെങ്കിലും അവരും നശിക്കേണ്ടവർതന്നെ.

സിദ്ധാൎത്ഥൻ:—നിങ്ങൾ പരിശുദ്ധഹൃദയന്മാരും സ്ഥൈൎയ്യവാന്മാരും അഭീരുക്കളുമായി കാണപ്പെടുന്നു. യഥാൎത്ഥജ്ഞാനംകൂടി നിങ്ങൾക്കു സിദ്ധിച്ചിരുന്നെങ്കിൽ, അനിത്യമായ സുഖങ്ങൾക്കുവേണ്ടി ഈ വിധത്തിൽ നിങ്ങൾ തന്നെത്താൻ കഷ്ടപ്പെടുകയില്ലായിരുന്നു. ജീവനു നന്മയെത്തേടുന്ന നിങ്ങൾ, അതിനു് ആശ്രയമായിനില്ക്കുന്ന ദേഹത്തെ, തനിക്കു് ഉടമപ്പെട്ടതായ അവകാശത്തെ, അതു സമ്പാദിക്കും മുമ്പു്, അതിനെ ഇപ്രകാരം കഷ്ടപ്പെടുത്തുവാനുള്ളതാണോ? മുൻകൎമ്മത്താൽ നാം പ്രാപിച്ചതും, ഏതൊന്നിലും നമുക്കു പൂൎണ്ണമായ അറിവുലഭിക്കാനിടയാവാത്തവണ്ണം നമ്മെ ചുററിനില്ക്കുന്നതും ആയ ഈ ദേഹത്തിൽ,നാം വസിക്കുന്നു. അങ്ങനെ വസിക്കുമ്പോൾ, അജ്ഞാനമാകുന്ന അന്ധകാരം നീങ്ങി,ഉൽകൃഷ്ടജ്ഞാനമാകുന്ന വെളിച്ചം ഉണ്ടാകുവോളം, നമുക്കുലഭിച്ചിട്ടുള്ള അല്പജ്ഞാനമാകുന്ന ദീപത്തെ കഴിയുന്നത്ര തെളിവായി പ്രകാശിപ്പിച്ചും പഞ്ചേന്ദ്രിയവാതായനങ്ങളിൽകൂടി കണ്ടറിവാനുള്ളവയെ മനസ്സിലാക്കിയും വൎത്തിക്കേണ്ടതിനുപകരം, ഗൃഹത്തിനകത്തിരുന്നുംകൊണ്ടു് അതിനെ ഇടിച്ചുനിരത്തുന്നതുപോലെ, ശരീരത്തിനുള്ളിൽ ഇരുന്നുംകൊണ്ടു അതിനെ ശിഥിലമാക്കുന്നതു് എത്ര മൂഢതയാണു്?

താപസൻ:—സഹോദരാ! ഞങ്ങൾ ഈ മാർഗ്ഗത്തെമാത്രം ദൃഢാവലംബമാക്കി, മരണത്തെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടു്, ആയുഷ്കാലത്തെ വ്യയം ചെയ്തുപരുന്നു. നിങ്ങൾക്ക് ഇതിനേക്കാൾ നല്ലമാർഗ്ഗം അറിയാമെങ്കിൽ പറയുക! ഇല്ലെങ്കിൽ നിങ്ങളുടെ വഴിക്കുപോവുക! വേണമെങ്കിൽ, അതേ, അ കാണുന്ന ശ്വേതഗിരിയിൽ വസിക്കുന്ന അരാളരാമൻ എന്ന മുനിയെച്ചെന്നുകണ്ടു് അദ്ദേഹത്തോടു ചോദിക്കുക! അദ്ദേഹം പ്രസിദ്ധനാണു്.

അനന്തരം സിദ്ധാർത്ഥൻ അവിടുന്നു പുറപ്പെട്ടു്, പുഷ്പങ്ങൾ തങ്ങളുടെ, നിറം, മണം, രമണീയകം ഇത്യാദിഗുണങ്ങളെ കെടുത്താതെയും ദുഃഖത്തെ അറിയാതെയും സൂര്യൻെറ പ്രകാശമാനമായ മുഖത്തെ വീക്ഷിച്ചു പരമാനന്ദത്തോടെ ജീവിക്കുന്നതും, വൃക്ഷങ്ങൾ വിത്തിൽനിന്നും പൊട്ടിമുളച്ചു് ഫലത്തെ നല്കുന്നതുവരെ മഞ്ഞും മഴയും വെയിലുംമററു് ആകാശത്തെ ഭേദിച്ചുയൎന്നു തഴച്ചു്, കാററിൽ ആടിക്കളിച്ചും ആഹ്ലാദാരവം മുഴക്കിയും വൎത്തിക്കുന്നതും, പക്ഷിമൃഗങ്ങൾ പ്രാകൃതികങ്ങളായ തങ്ങളുടെ അവകാശങ്ങളെ വിഗണിച്ചു, അന്യങ്ങളായ അവകാശങ്ങളെ ഇച്ഛിച്ചു് കഷ്ടപ്പെടാതെ, ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടു്, പാടിയാടിക്കളിച്ചു ജീവിക്കുന്നതും, ഇവറെറയെല്ലാം അപേക്ഷിച്ചു വിശേഷബുദ്ധിയുള്ള മനുഷ്യർ മാത്രം, ആ അറിവിനെ പ്രയോഗിച്ചു് ഇതരജീവികളെ അടിമപ്പെടുത്തി കഷ്ടപ്പെടുത്തി കൊല്ലുകമാത്രമല്ല, തങ്ങളും വ്യഥാ സങ്കടമനുഭവിക്കുന്നതും ആയ ഓരോരോ ചിന്തകളോടുകൂടി ശ്വേതഗിരിയെ അഭിമുഖീകരിച്ചുനടന്നു. മലയിൽ എത്തി മുനി വസിക്കുന്ന ഗുഹയിൽ പ്രവേശിച്ചു. മുനിയെക്കണ്ടു ഭക്തിപാരവശ്യത്തോടുകൂടി നമസ്കരിച്ചു് ജനനസങ്കടത്തിനു് ഔഷധം ഉപദേശിക്കണമെന്നു് അപേക്ഷിച്ചു. അരാളരാമമഹർഷി അതുകേട്ടു സിദ്ധാർത്ഥനു യോഗത്തെ ഉപദേശിക്കുകയും സിദ്ധാർത്ഥൻ അഭ്യസിക്കുകയും ചെയ്തുതുടങ്ങി. കാഷായ

വേഷം ധരിച്ച് യാചിച്ചു കിട്ടിയഭക്ഷ്യത്തെ ആഹരിച്ച് മഴ, കാററ്, വെയിൽ, മഞ്ഞ് ഇവയെ വകവയ്ക്കാതെയും രാത്രിയെന്നും പകലെന്നുമുള്ള വ്യത്യാസമില്ലാതെയും പുൽത്തറയിൽ കിടന്നുറങ്ങുന്ന അല്പസമയം ഒഴിച്ചു മററുസമയങ്ങളിലെല്ലാം ഇന്ദ്രിയങ്ങളെ അടക്കി ആത്മപരിശീലനം നടത്തിവന്നു. സിദ്ധാർത്ഥൻ സമാധിയിൽ ലയിച്ചിരിക്കുമ്പോൾ, പക്ഷികൾ നിർഭയം ശരീരത്തിൽ പറന്നിരിക്കുകയും ഭിക്ഷാപാത്രത്തിൽനിന്നും ഭക്ഷ്യങ്ങളെ കൊത്തിത്തിന്നുകയും കുറുക്കന്മാർ ചുററുംകൂടിയിരുന്നു കൂകിവിളിക്കുകയും ഹിംസ്രമൃഗങ്ങൾ ഗർജ്ജിക്കുകയും ചെയ്യുന്നുണ്ടായിരിക്കും. എന്നാൽ ഈ സംഭവങ്ങൾ ഒന്നുംതന്നെ ഗൌതമൻ അറിഞ്ഞില്ല. കഠിനവെയിലിൽഇരുന്ന്, "നേരംപോയതറിഞ്ഞിടാത്തവിധം" അർദ്ധരാത്രിവരെ, ഭൌതികജീവിതത്തിൻെറ സങ്കടങ്ങളെയും മനുഷ്യൻെറ മനോഗതിയെയുംകുറിച്ചു പരിചിന്തനംചെയ്തുകൊണ്ടിരിക്കും. അനന്തരം പരിമിതമായ സമയത്തിൽ ഉറങ്ങിയുണർന്ന്, ഗുഹയുടെ മുൻവശത്തുള്ള ഒരു പാറയിൽ കയറിയിരുന്ന്, പ്രേമപൂർണ്ണമായ കണ്ണുകളാൽ ഈ ഭൂമിയെ വീക്ഷണംചെയ്തുകൊണ്ടിരിക്കും. ബാലാർക്കൻ തൻെറ ചെങ്കതിരുകളാൽ ഉദയഗിരിക്കിനെത്തലോടാൻ ആരംഭിക്കുമ്പോൾ, എഴുന്നേററു സ്നാനംചെയ്തു പ്രഭാതചര്യകളെല്ലാംനിർവഹിച്ചതിനുശേഷം, ഭിക്ഷാപാത്രംകൈയേന്തി, അക്കുന്നിൻെറ താഴ്വരയിലുള്ള നഗരത്തിലേക്കിറങ്ങിരിക്കും. ഗൌതമൻെറ സർവ്വജനാകർഷകമായ നോട്ടവും മധുരമായ വാക്കും അകാരസൌഷ്ഠവവും യൌവനപ്രായവും കാണുന്ന സകലജനങ്ങളും പാരിതോഷ്യത്തോടെ മുൻവന്നു ഭിക്ഷനല്കുന്നതാണ്. തന്നിമിത്തം ഞൊടിക്കിടയിൽ ഭിക്ഷാപാത്രം നിറയുകയുംചെയ്യും. അനന്തരം മടങ്ങിവന്ന് ഗുരുഭ്രാതൃശേഷം ആഹാരംകഴിച്ച്, പരിശീലനംതുടങ്ങുകയും അനദ്ധ്യായസമയങ്ങളിലും ഗുരുപാദാന്തികത്തിൽ തന്നെ കഴിഞ്ഞുകൂട്ടുകയും ചെയ്തുവന്നു.

ശുദ്ധോദനന്റെ കൊട്ടാരത്തിൽ, സിദ്ധാർത്ഥനുവേണ്ടി ഉപദേവനാൽ തുറക്കപ്പെട്ട കപാടങ്ങൾ, സിദ്ധാർത്ഥൻ പോയതിനുശേഷം പൂർവ്വസ്ഥിതിയിൽ അടയ്ക്കപ്പെട്ടിരുന്നു. രാവിലേ പതിവുപോലെ സിദ്ധാർത്ഥൻ ശയനമുറിയിൽനിന്നും പുറത്തു വന്നു കാണാഴികയാൽ, രാജാവിന്റെ കല്പനപ്രകാരം പരിചാരകന്മാർ കതകിനുതട്ടിവിളിച്ചു. അതുകൊണ്ടുഫലമില്ലെന്നുകണ്ടു് കതകുപൊളിച്ചു് അകത്തുകയറി. യുവരാജാവിനെ കാണുന്നില്ല. വിവരം രാജാവിനെ ധരിപ്പിച്ചു. രാജാവു പരിഭ്രമത്തോടുകൂടി രാജധാനിയിലെങ്ങും അന്വേഷണം നടത്തിച്ചു. അന്വേഷണത്തിൽ നിന്നും യുവരാജാവിന്റെ കുതിരയെയും കുതിരക്കാരനെയുംകൂടി കാണാനില്ലെന്നറിഞ്ഞതല്ലാതെ യുവരാജാവിനെപ്പററി യാതൊരുതുല്പും കിട്ടിയില്ല. രാജ്യവും സിംഹാസനവും തന്റെ സകലൈശ്വര്യങ്ങളും ഏകകാലത്തിൽ നഷ്ടപ്പെട്ടാലുണ്ടാകാവുന്നതിൽ കൂടുതലായ അന്തസ്താപം രാജാവിനുണ്ടായി. തന്റെ സകലസൈന്യങ്ങളെയും കൊട്ടാരത്തിലെ പരിചാരകന്മാരെയും നാനാദേശങ്ങളിലും അയച്ചു രാജകുമാരനെ അന്വേഷിക്കാൻ കല്പിക്കാറായ സമയത്തിലാണു്, കുതിരക്കാരൻ കുതിരയോടുകൂടി മടങ്ങിയെത്തിയതു്. രാജകുമാരനെ പിരിഞ്ഞതിനാലുള്ള ദുഃഖം, രാജാവിനെക്കണ്ടപ്പോൾ പതിന്മടങ്ങായി ഭവിക്കുകയാൽ കുതിരക്കാരൻ വാവിട്ടു നിലവിളിച്ചു സകല വിവരങ്ങളും അയാൾ രാജസമക്ഷം ബോധിപ്പിച്ചു. രാജാവും മററുസർവ്വജനങ്ങളും സന്താപക്കടലിൽ എടുത്തു് എറിയപ്പെട്ടു.

മകന്റെ സന്യാസവൃത്താന്തമറിഞ്ഞ മഹാപ്രജാപതി ഗൌതമി, പ്രചണ്ഡമാരുതനാൽ പിഴുതിടപ്പെട്ട കുലവാഴപോലെ നിലത്തുമറിഞ്ഞു. "ഇക്ഷ്വാകുകുലദീപമേ! ഗൌതമ! എന്റെ ഓമനപ്പുത്ര! ഈ എന്നെയും നിന്റെ പ്രിയപിതാവിനെയും സിംഹാസനത്തെയും രാജ്യത്തെയും ഉപേക്ഷിച്ചു് തെണ്ടിത്തിന്നും പട്ടിണികിടന്നും വെറുംനിലത്തുറങ്ങിയും

ജീവിതത്തെ നശിപ്പിക്കാൻ നിനക്ക് എങ്ങനെ തോന്നി? പ്രസവിക്കപ്പെട്ട അന്നുമുതൽക്കു നിന്നെപ്പോററി വളൎത്തിയ ഈ ദുർഭാഗ്യയോട്ട് അവസാനമായി ഒരു വാക്കുപറഞ്ഞു പിരിയാൻ നിനക്കെന്തുകൊണ്ടു തോന്നിയില്ല? മകനേ! നീ ഇക്കടുംകൈ പ്രവൎത്തിക്കുമെന്നു ഞാനുണ്ടോ ഓൎത്തിരുന്നു? ഹാ! ജഗദീശ! എൻെറ മകനെ ഒരുനോക്കു കാണാനിടയാക്കേണമേ! അപ്പൻെറ പിതാവിൻെറ സങ്കടത്തെ പരിഹരിക്കേണമേ? മകനേ! നിൻെറ ഉരുണ്ട ഭുജവും, മട്ടൊത്ത നടത്തയും സൎവ്വാംഗസുന്ദരമായ ശരീരവും ഈ ദുർഭാഗ്യക്ക് ഒരിക്കൽക്കൂടി കാണാനിടയാക്കേണമേ! ഹാ! ജഗദീശ! എൻെറ ഓമനക്കുട്ടൻെറ ചെന്താമരയൊത്ത പാദങ്ങൾ എന്നിനി എനിക്കു കാണാൻ ഭാഗ്യമുണ്ടാകും? ആ കിളിമൊഴികൾ ഇനി എൻെറ കാതുകളെ കുളുൎപ്പിക്കുന്നതെപ്പോൾ? ആ പുഞ്ചിരിതൂകുന്ന ഓമനമുഖം ഇനി എന്നെനിക്കു കാണാൻ സംഗതിയാകും? ജഗദംബികേ! എൻെറ മകൻ, കണ്ടകാട്ടിൽ തെണ്ടിത്തിരിഞ്ഞും ഞാൻ ഈ അരമനയിൽ രാജഭോഗങ്ങൾ അനുഭവിച്ചും കഴിയണമെന്നോ അവിടുത്തെ വിധി? വേണ്ട, വേണ്ട; എൻെറ ഓമനക്കുട്ടനെക്കൂടാതെ എനിക്കു ജീവിച്ചിരിക്കേണ്ടാ. മകനേ! ഗൌതമ! നീ ഇപ്പോൾ എവിടെയിരിക്കുന്നു? നിൻെറ സ്ഥിതിയെന്താണ്? കുട്ടാ! കുട്ടാ! നീ എന്നെ മറന്നുവോ? വരിക! എന്നെക്കെട്ടിപ്പിടിക്കുക! ഞാൻ നിൻെറ നെറുകയിൽ ചുംബിക്കട്ടെ! നിന്നെത്തലോടട്ടെ!" എന്നിങ്ങനെ പരിദേവനം ചെയ്തു മൂൎഛിച്ചു.

ഭൎത്തൃവിയോഗത്തിൽ യശോധരയ്ക്കുണ്ടായ ദുഃഖം അവൎണ്ണനീയമാണ്. ഭൎത്താവിൻെറ ഗുണവിശേഷങ്ങളെയും ആകൃതിസൌന്ദൎയ്യത്തെയും പ്രത്യേകം പ്രത്യേകം പറഞ്ഞു പരിദേവനം ചെയ്തും വാവിട്ടുകരഞ്ഞും നെഞ്ചിലറഞ്ഞും അലച്ചും തൊഴിച്ചും മൂൎഛിച്ചുവീണു. നിമിഷത്തിനുള്ളിൽ വിവരം നാടെങ്ങും പരന്നു. ജനങ്ങൾ ആബാലവൃദ്ധം കൊട്ടാരത്തിൽ

തിക്കിക്കൂടി. കടലിരമ്പുന്നതുപോലെ ഒരു ശബ്ദം കൊട്ടാരത്തിൽനിന്നും മുഴങ്ങിക്കൊണ്ടിരുന്നു. പട്ടണം ഒക്കപ്പാടെ ഒന്നു കലങ്ങി മറിഞ്ഞു.

പുത്രൻ സന്യസിക്കുമെന്നു കാലേക്കൂട്ടി അറിഞ്ഞിരുന്നിട്ടും ശുദ്ധോദനനുണ്ടായ മനസ്താപം സീമാതീതമായിരുന്നു. തല്പത്തിൽ ചെന്നു കമഴ്ന്നുവീണു് തേങ്ങിത്തേങ്ങി കരഞ്ഞു തുടങ്ങി. ഈ വിവരം പരിചാരകന്മാരിൽ നിന്നും ഗ്രഹിച്ച കുലഗുരു സിദ്ധാർത്ഥനെ താൻ ഉടനെ കൂട്ടിക്കൊണ്ടു വരാമെന്നു പറഞ്ഞു് ഒരു മന്ത്രിയോടുകൂടി സിദ്ധാർത്ഥനെ അന്വേഷിച്ചു പുറപ്പെട്ടു. അരാളരാമമഹർഷിയുടെ ആശ്രമത്തിനു സമീപംവച്ചു ഗൌതമനെ കണ്ടുമുട്ടി; നാട്ടിലേക്കു ക്ഷണിച്ചു. അതിനു ഗൌതമന്റെ സമാധാനമിതായിരുന്നു:— "മനോഹരമായ കൊട്ടാരം ചുട്ടുപഴുത്ത ചുണ്ണാമ്പുചൂളപോലെയാണു് എനിക്കു് അനുഭവപ്പെടുന്നതു്. സ്വാദിഷ്ടമായ ഭക്ഷണസാധനങ്ങളെ പാകംചെയ്യുന്ന മടപ്പള്ളി കാളകൂടം നിറഞ്ഞ മഹാസർപ്പത്തിന്റെ വദനഗഹ്വരമാണു്. എല്ലാം ദുഃഖകരമായ സ്ഥാപനങ്ങളാകുന്നു്. അതുകൊണ്ടു നിത്യാനന്ദത്തെപ്രാപിക്കണമെന്നാണു ഞാൻ ആശിക്കുന്നതു്. ആ ആശ ഫലവത്താകാതെ ഞാൻ പിൻവാങ്ങുന്നതല്ല. കുലഗുരുവും മന്ത്രിയും അത്യന്തദുഃഖത്തോടും ഇച്ഛാഭംഗത്തോടുംകൂടി മടങ്ങിപ്പോന്നു.

സിദ്ധാർത്ഥൻ അരാളരാമമഹർഷിയുടെ ആശ്രമത്തിൽ തന്നെ താമസിച്ചു ആത്മപരിശീലനം നടത്തിവന്നു. ഒരു ദിവസം പതിവുപോലെ ഭിക്ഷാപാത്രമേന്തി നഗരത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കുമ്പോൾ ആ രാജ്യത്തെ രാജാവായ *

---

* ബിംബവംശം എന്നൊരു വംശമുണ്ടു്. "മാളവികാഗ്നിമിത്രം" എന്ന സംസ്കൃതഗ്രന്ഥത്തിൽ, 'അഗ്നിമിത്ര'നെ ബൈംബികൻ എന്നുപ്രസ്താവിച്ചുകാണുന്നു. ബിംബിസാരൻ, ബിംബവംശത്തിൽ പെട്ടൊരു രാജാവാണു്.

ബിംബെസാരൻ പശുബലി നടത്തി യാഗംചെയ്യുന്നു എന്നറിഞ്ഞു് വളരെ ബദ്ധപ്പെട്ടു യാഗശാലയിൽ കടന്നു. അവിടെ നടന്നുകൊണ്ടിരിക്കുന്ന ബലികർമ്മം കണ്ടു് അനുകമ്പാർദ്രതയോടും അന്തസ്താപത്തോടുംകൂടി, അഹിംസയുടെ അത്യുൽകൃഷ്ടമായ മാഹാത്മ്യത്തെക്കുറിച്ചു സവിസ്തരം പ്രസംഗിച്ചു. തച്ശ്രവണാനന്തരം, ബിംബെസാരൻ ബലിനിർത്തിയെന്നു മാത്രമല്ല, കുറേനാൾ തൻെറ ഒന്നിച്ചു താമസിക്കണമെന്നു അപേക്ഷിക്കുകയും ചെയ്തു. അദ്ദേഹം ക്ഷണത്തെ സ്വീകരിച്ചില്ല; "പരമാത്ഥത്തെ ബോധിച്ചതിനുശേഷമേ എനിക്കു് ഇവിടെത്താമസിക്കാൻ നിവൃത്തിയുള്ളു" എന്നുപറഞ്ഞു. രാജാവു് അപ്രകാരം സമ്മതിക്കുകയും ഭാവിയിൽതൻെറ ആതിത്ഥ്യം സ്വീകരിക്കാമെന്നു വാഗ്ദാനം ചെയ്തതിനുശേഷം യാത്രപറഞ്ഞയയ്ക്കുകയും ചെയ്തു. അന്നുമുതൽ ബിംബെസാരൻ അഹിംസാവ്രതത്തെ സവിശേഷം പാലിച്ചുവന്നു. ഈ സംഭവത്തിനുശേഷം, സിദ്ധാത്ഥനു് ഗൌതമഭിക്ഷുഎന്നും ഭിക്ഷുഗൌതമൻ എന്നും പേരുകൾ സിദ്ധിച്ചു.

ഭിക്ഷുഗൌതമൻ പലനാൾ, അരാളരാമമഹഷിയുടെ ഉപദേശാനുസരണം ആത്മപരിശീലനം നടത്തിവന്നിട്ടും 'പരമാർത്ഥ'ത്തെ ബോധിക്കാൻ കഴിയാഞ്ഞതുകൊണ്ടു്, അദ്ദേഹത്തെ പിരിഞ്ഞുപോയി രുദ്രകൻ എന്ന മറെറാരു ഗുരുവിനെ വരിച്ചു. അഗ്ഗുരുവിൻെറ ഉപദേശത്തിലും ഉദ്ദേശ്യനിവൃത്തിക്കു മാർഗ്ഗമില്ലെന്നറിഞ്ഞു്, അദ്ദേഹത്തെയും വിട്ടുപിരിയേണ്ടിവന്നു.

അനന്തരം ദുഃഖപരമ്പരാനിവൃത്തിക്കുള്ള മാർഗ്ഗത്തെ അരഞ്ഞു് ജ്ഞാനാരണ്യം എന്നവനത്തിൽ എത്തി. ആ വനം നൈരഞ്ജരാനദിയുടെതീരത്തിലെന്നാണു് അറിവു്. ഇക്കാലത്തു് ആ നദിക്കു് ഫൽഗുനി എന്നുപേർ പറയപ്പെടുന്നു. 'നൈരഞ്ജര' യെന്നുപേരു് ബൌദ്ധഗ്രന്ഥങ്ങളിൽ നിന്നും സ്വീകരിച്ചതാണു്. അവിടെ കൌണ്ഡിന്യകുലപുത്രൻ, ദശ

ഫലകാശ്യപൻ, ബാഷ്പർ, അശ്വജിത്തു്, പുത്രർ എന്നു് അഞ്ചുമഹർഷിമാർ തപസ്സു ചെയ്യുന്നുണ്ടായിരുന്നു. സിദ്ധാർത്ഥൻ ആ മഹർഷിമാരോടിടപെട്ടു് അവരോടൊന്നിച്ചു തപസ്സുതുടങ്ങി. അങ്ങനെ തപസ്സുചെയ്തു വരവേ, ഒരുദിവസം 'പരമാർത്ഥ'ത്തെ ചിന്തിച്ചു് അങ്ങിങ്ങുലാത്തിക്കൊണ്ടു നില്ക്കുമ്പോൾ ഉപവാസപാരവശ്യത്താൽ നിലത്തുവീണു മൂർച്ഛയെ പ്രാപിച്ചു. ഒന്നിച്ചുണ്ടായിരുന്ന പഞ്ചർഷികൾ, ഭിക്ഷുഗൌതമൻ പരലോകം പ്രാപിച്ചുവെന്നാണു വിശ്വസിച്ചതു്. ഗൌതമനു് അല്പസമയത്തിനുള്ളിൽ സുബോധമുണ്ടായി ആഹാരം കഴിച്ചു. "ഇങ്ങനെ പട്ടിണികിടന്നു ചെയ്യുന്ന തപസ്സുകൊണ്ടു് യാതൊരു ഫലവുമുണ്ടാകാനില്ല" എന്നു ഗൌതമൻപറഞ്ഞു. "ആഹാരം ശരീരത്തിനും ശരീരം ജ്ഞാനത്തിനും ആശ്രയമായിരിക്കുന്നു" എന്നാണു് ബൌദ്ധാദർശം. ഗൌതമഭിക്ഷു ഉപവാസം മുടക്കിയതുകണ്ടു പഞ്ചർഷികൾ, അദ്ദേഹത്തെ വ്രതഭംഗം വരുത്തിയെന്നു് അധിക്ഷേപിച്ചുംവച്ചു് പിരിഞ്ഞു പൊയ്ക്കളഞ്ഞു.

സിദ്ധാർത്ഥന്റെ മഹാനിഷ്ക്രമണാനന്തരം ആറുകൊല്ലം കഴിഞ്ഞു. പഞ്ചമഹർഷികൾ പിരിഞ്ഞുപോയതിനു ശേഷം, അദ്ദേഹം നൈരഞ്ജരയെന്ന നദിയുടെ തീരത്തുചെന്നു്, അവിടെ നിന്നിരുന്ന ഒരു * ആൽവൃക്ഷത്തിന്റെ ചുവട്ടിലിരുന്നു്, ഇരുപത്തെട്ടുദിവസം (നാല്പത്തൊൻപതെന്നും പക്ഷാന്തരമുണ്ടു്) അഹോരാത്രം 'പരമാർത്ഥ'ത്തെ ധ്യാനിച്ചുകൊണ്ടിരുന്നു. ഇരുപത്തൊൺപതാം ദിവസം രാവിലെ ആ സ്ഥലത്തുതാമസിച്ചിരുന്ന ബലനെന്ന ഇടയന്റെ മകൾ സുജാത (നന്ദയെന്നും വിശാഖയെന്നും കൂടിപറഞ്ഞുവരുന്നു.) എന്ന സ്ത്രീ തന്റെ ഇഷ്ടദേവതയ്ക്കായി പാകംചെയ്ത നൈവേ

---

* ഈ വൃക്ഷത്തിന്റെ ചുവട്ടിൽവച്ചു് അദ്ദേഹത്തിനു ജ്ഞാനം സിദ്ധിക്കകയാൽ ഇതിനെ 'മഹാബോധി' എന്നു വിളിച്ചുവരുന്നു. "പറൈണയൈ തോങ്കിയ പാശിലൈപ്പോതി" എന്ന "ചിലപ്പതികാര" വാക്യത്താൽ ഇതിനു് അഞ്ചുശാഖകളുണ്ടെന്നറിയുന്നു.

ദ്ദ്യാത്ത സിദ്ധാത്ഥനദാനംചെയ്തു. അതുഭക്ഷിച്ചപ്പോൾ ദിവ്യമായ ഒരു ജ്യോതിസ്സ് അദ്ദേഹത്തിൽ സ്പഷ്ടീഭവിച്ചു. ആസന്ദഭത്തിൽ മാരൻ, തൻെറ ഭരണം പിഴച്ചുഎന്നു പശ്ചാത്തപിച്ചുകൊണ്ടു് "കാമാ" ദിപുത്രിത്രയത്തോടുകൂടി ഗൌതമൻെറ മുമ്പിൽ ആവിർഭവിച്ചു് അദ്ദേഹത്തെ മാനസാന്തരപ്പെടുത്താൻ അക്ഷീണം പ്രയത്നിച്ചു. പ്രയത്നം ഫലോദക്കമാകാഴികയാൽ ഇച്ഛാഭംഗത്തോടുകൂടി പിന്തിരിയുകയാണുണ്ടായതു്. ഭിക്ഷുഗൌതമൻെറ ഹൃദയത്തിൽ ജ്ഞാനം ഉദിക്കുകയും ചെയ്തു.

ഇരുപത്തൊൻപതാം ദിവസം രാത്രിയിൽ ഗൌതമനു് മുജ്ജന്മസ്മരണയും തത്വജ്ഞാനവും ഉദിച്ചു. അപ്പോൾ പൂവ്ജന്മത്തിൽ പാപംചെയ്തവർ, അനന്തരജന്മത്തിൽ കഷ്ടപ്പെടുന്നതും സൽകമ്മം ചെയ്തവർ സുഖം അനുഭവിക്കുന്നതും തൻെറ ജ്ഞാനചക്ഷുസ്സുകൊണ്ടു്, ആദ്യമായി അദ്ദേഹം കണ്ടറിഞ്ഞു. പിന്നീടു് കാമാദിവികാരങ്ങളോടു കൂടിയവർ, ദുഃഖാനുഭൂതിക്കായി മാത്രം ജനിച്ചു് രോഗം, വാൎദ്ധക്യം മുതലായവയാൽ പീഡിപ്പിക്കപ്പെട്ടു മരിക്കുന്നുവെന്നും, അപ്രകാരമുള്ള മരണം ജനനത്തിൽ നിന്നും, ജനനം ഭവ (പ്രാരബ്ധ)ത്തിൽ നിന്നും, ഭവം ഉപാദാനത്തിൽനിന്നും, ഉപാദാനം തൃഷ്ണയിൽ നിന്നും, തൃഷ്ണവേദനയിൽനിന്നും, വേദനസ്പർശത്തിൽ നിന്നും, സ്പശം ഷഡായതനങ്ങളിൽനിന്നും, ഷഡായതനങ്ങൾ നാമരൂപങ്ങളിൽനിന്നും, നാമരൂപങ്ങൾ വിജ്ഞാനത്തിൽനിന്നും, വിജ്ഞാനം സംസ്കാരത്തിൽനിന്നും, സംസ്കാരം അവിദ്യയിൽനിന്നും, ഉത്ഭവിക്കുന്നതിനാൽ, ജനനത്തെ മാററിയാൽ മരണവും, ഭവത്തെമാററിയാൽ ജനനവും, ഉപാദാനത്തെ മാററിയാൽ ഭവവും, തൃഷ്ണയെ മാററിയാൽ ഉപാദാനവും. വേദനയെ മാററിയാൽ തൃഷ്ണയും, സ്പശത്തെ മാററിയാൽ വേദനയും, ഷഡായതനങ്ങളെ മാററിയാൽ സ്പശവും, നാമരൂപങ്ങളെമാററിയാൽ ഷഡായതനങ്ങളും, വിജ്ഞാനത്തെ മാററിയാൽ നാമരൂപങ്ങളും, സംസ്കാരത്തെ മാററിയാൽ വിജ്ഞാ

നവും, അവിദ്യയെ മാററിയാൽ സംസ്കാരവും മാറുമെന്നും ബോധിച്ചു. അനന്തരം ദുഃഖം, ദുഃഖകാരണം, ദുഃഖനിവാരണം എന്നു മൂന്നു പരമാർത്ഥത്തെ ഗ്രഹിക്കുകയും സദൃഷ്ടിതുടങ്ങിയുള്ള ദുഃഖനിവാരണമാർഗ്ഗങ്ങൾ എട്ടിനേയും അറിയുകയും ചെയ്തു.

വടവൃക്ഷച്ചുവട്ടിൽ ധ്യാനനിഷ്ഠനായിരുന്ന അവസാനദിവസം രാത്രിയുടെ ആദ്യയാമത്തിൽ,പൂർവ്വജന്മങ്ങളിലെ ജീവിതസംഭവങ്ങൾ ഓർമ്മയിൽവന്നു; രണ്ടാമത്തെ യാമത്തിൽ വർത്തമാനജീവിതത്തിലെ കാര്യങ്ങളും അറിവാൻ കഴിഞ്ഞു. സിദ്ധാർത്ഥന് ആത്മജ്ഞാനം സിദ്ധിച്ചതു് തന്റെ മുപ്പത്തഞ്ചാമത്തെവയസ്സിലായിരുന്നു. അന്നു വൈശാഖമാസത്തിലെ പൌർണ്ണമിയായിരുന്നു. ഇന്നും, ആ ദിവസത്തെ ആണ്ടുതോറും ബൌദ്ധന്മാർ ഭക്തിപൂർവ്വം കൊണ്ടാടുന്നു. ആത്മജ്ഞാനം സിദ്ധിച്ചതുമുതൽക്കാണു് അദ്ദേഹത്തിനു ബുദ്ധൻ എന്ന അപരാഭിധാനം ലഭിച്ചതു്.

ബുദ്ധൻ വടവൃക്ഷച്ചുവട്ടിൽ വസിച്ചുവന്നകാലത്തു്, ഒരു ദിവസം ഫൽഗുനി നദിയിൽ സ്നാനത്തിനിറങ്ങിയ സന്ദർഭത്തിൽ ആ നദിയിൽ ഒരു സ്തൂണം ഉദ്ധൃതമായി എന്നും "പ്രതീതികളെല്ലാം അനിത്യങ്ങൾ; അവ ജനനമരണത്തിൽ ഉൾപ്പെട്ടവയാകുന്നു; ഈ ജനനമരണബന്ധം നീങ്ങുന്നതെന്നോ അന്നു് ആനന്ദം കാണപ്പെടും" എന്നെഴുതിയിരുന്നുവെന്നും അതു വായിച്ചുകണ്ടമാത്രയിൽ അദ്ദേഹത്തിനു ജ്ഞാനോദയമുണ്ടായി എന്നും ജപ്പാൻരാജ്യത്തെ ബൌദ്ധഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നു.

ഇപ്രകാരം ബുദ്ധന് * പരമാർത്ഥചതുഷ്ടയ ജ്ഞാനം സിദ്ധിച്ച മുഹൂർത്തത്തിൽ ത്രിമൂർത്തികളും ഇന്ദ്രൻ തുടങ്ങിയുള്ള ദേവന്മാരും അദ്ദേഹത്തെ അഭിനന്ദിക്കുകയും ദേവലോകത്തുനി

---

* പരമാർത്ഥചതുഷ്ടയം=ദുഃഖം, ദുഃഖകാരണം,ദുഃഖനിവാരണം, ദുഃഖനിവാരണമാർഗ്ഗം.

നും ദേവന്മാർ പുഷ്പവൃഷ്ടി ചെയ്യുക മുതലായ സന്നിമിത്തങ്ങൾ സംഭവിക്കുകയും ചെയ്തു.

---

## നാലാം അദ്ധ്യായം.

---

അനന്തരം, ബുദ്ധൻ "ഞാൻ തേടിയതു കിട്ടി; ഞാനെന്നും എൻേറതെന്നുമുള്ള അഭിമാനങ്ങളിൽനിന്നും ഒഴിഞ്ഞുമാറി" എന്നുതന്നെത്താൻ പറഞ്ഞു സന്തോഷിച്ചു. ആ സന്ദർഭത്തിൽ ബ്രഹ്മദേവൻ അവിടെ ആവിർഭവിച്ച്, "സന്താപ പീഡിതന്മാരിൽ അനുകമ്പ കാട്ടുക; മനുഷ്യർ ഫലേച്ഛയോടെ പ്രവർത്തിക്കുന്നു, ജനനമരണ ദുഃഖത്തെ ഗൌനിക്കുന്നില്ല, എല്ലാവർക്കും ധർമ്മത്തെ ഉപദേശിച്ച് ആ തെററായ മാർഗ്ഗത്തിൽനിന്നും മാററുക!" എന്ന് ഉദ്ബോധിപ്പിച്ചു. തഥാഗതൻ (തഥാഗതൻ, എന്നും ജിനൻ എന്നും ബുദ്ധനുപേരുകൾഉണ്ട്) അതീവ ചാരിതാർത്ഥ്യനായി ബ്രഹ്മോപദേശത്തെ ആദരിച്ച്, ധർമ്മത്തെ പ്രചരിപ്പിച്ചു മനുഷ്യകോടിയെ സത്യമാർഗ്ഗത്തിൽ തിരിക്കണമെന്നു നിശ്ചയിച്ചു. ആദ്യമായി, തനിക്കു സിദ്ധിച്ച പരമാർത്ഥജ്ഞാനത്തെ തൻേറ ഗുരുഭൂതന്മാരായിരുന്ന അരാളരാമ മഹർഷിയേയും രുദ്രകനേയും ഗ്രഹിപ്പിക്കണമെന്നാണ് ഉദ്ദേശിച്ചതു്. എന്നാൽ അവർ കാലധർമ്മം പ്രാപിക്കയാൽ അതിനിടയായില്ല.

അനന്തരം തഥാഗതൻ, ജ്ഞാനാരണ്യത്തിൽ തന്നോടൊന്നിച്ചു തപസ്സുചെയ്തു കൊണ്ടിരുന്ന പഞ്ചമഹർഷികൾക്കു തൻേറ അനുഭൂതജ്ഞാനത്തെ ഉപദേശിക്കണമെന്നു കരുതി അവരെ അന്വേഷിച്ചു പുറപ്പെട്ടു. വഴിമദ്ധ്യേ ഉപഗൻ എന്നൊരു ബ്രാഹ്മണനെ കണ്ടുമുട്ടുകയാൽ തനിക്കു ലഭിച്ച

'പാരമാർത്ഥ'ത്തെ അദ്ദേഹത്തെ ധരിപ്പിക്കുകയും ആ ബ്രാഹ്മണൻ ആനന്ദതുന്ദിലനായി ഭവിച്ചതുകണ്ടു്, തൻെറ ആദർശത്തെ പരന്മാൎക്കു് ഉപദേശിക്കാൻ യോഗ്യമാണെന്നു് അറിഞ്ഞു സന്തോഷിക്കുകയുമുണ്ടായി. പഞ്ചമഹർഷികൾ ഇപ്പോൾ കാശിയിൽ*മൃഗദാവം എന്ന വനത്തിൽ വസിക്കുന്നതായി അറിഞ്ഞു് ജിനൻ കാശിയിലേക്കു തിരിച്ചു. അവിടെ തപസ്സ് ആചരിച്ചുവന്ന കൌണ്ഡിന്യകുലപുത്രാദി മഹർഷികൾ, ബുദ്ധൻ അകലേനിന്നും വരുന്നതുകണ്ടു്, "ഇയാൾ അനുവ്രതംമുടക്കിയവനാണു്; നാം ഇയാളെ സൽകരിക്കരുതു്" എന്നു പരസ്പരം പറഞ്ഞു തീർച്ചപ്പെടുത്തിയിരുന്നു. എന്നാൽ, ബുദ്ധൻെറ ദിവ്യപ്രഭാവത്താൽ ഉദ്വേലിതഹൃദയന്മാരായി ഭവിച്ച ആ മഹർഷികൾ, ശ്രീകൃഷ്ണനെക്കണ്ട ദുര്യോധനാദി സഭ്യരെപ്പോലെ അദ്ദേഹത്തിൻെറ ദർശനമാത്രയിൽ ഉത്ഥാപിതന്മാരായി ഭവിക്കയും യഥായോഗ്യം അവർ അദ്ദേഹത്തെ സൽക്കരിക്കുകയുംചെയ്തു. മഹർഷിമാർ തഥാഗതനോടു ചോദിച്ചു:—"ശരീരത്തെ ക്ലേശിപ്പിക്കാൻ ശക്തിയില്ലാത്തവനു് എങ്ങനെ മനസ്സിനെ അടക്കാൻ സാധിക്കും? നിങ്ങൾ അറിഞ്ഞ പുതിയമാൎഗ്ഗം എന്താണു?" ബുദ്ധൻ പറഞ്ഞു: "സദൃത്തിതുടങ്ങിയ അഷ്ടമാർഗ്ഗങ്ങളെ അനുഭവത്തിൽ കൊണ്ടുവരണം; അങ്ങനെ കൊണ്ടുവന്നാലല്ലാതെ ജനനമരണങ്ങളെ അകററാൻ സാധിക്കുന്നതല്ല; ദുഃഖം ദുഃഖകാരണം, ദുഃഖനിവാരണം എന്നിവയെ ശരിക്കു മനസ്സിലാക്കിയതിനു ശേഷമേ ആ മാൎഗ്ഗങ്ങളെ അനുഭവത്തിൽ കൊണ്ടുവരാൻ പാടുള്ളു; ഇതത്രേ ഞാൻ കണ്ടുപിടിച്ചമാർഗ്ഗം." പഞ്ചമഹർഷികൾ അതുകേട്ടു സന്തോഷിച്ചു് അദ്ദേഹത്തെ ഗുരുവായിവരിച്ചു. ഈ ചെറിയ സംഘത്തെ ബൌദ്ധന്മാരാൽ വ്യവഹരിക്കപ്പെട്ടുവരുന്ന ബുദ്ധധൎമ്മസംഘത്തിൻെറ ആരംഭസ്ഥാപനമാണെന്നുപറയുന്നു.

---

* മൃഗദാവം=മാൻകാടു്,

പ്രേക്ഷകന്മാരെ വശീകരിക്കത്തക്ക നോട്ടവും മുഖസൌന്ദൎയ്യവും ശ്രോതാക്കളെ ആകൎഷിക്കത്തക്ക വാങ്മാധുൎയ്യവും ബുദ്ധനുണ്ടായിരുന്നുവെന്നും അദ്ദേഹത്തിനു ശിഷ്യസമ്പത്തിനെ വൎദ്ധിപ്പിക്കാൻ സാധിച്ചതു് ഈ ആയുധങ്ങളെക്കൊണ്ടാണെന്നും ബുദ്ധചരിത്രങ്ങളിൽ കാണുന്നു.

അനന്തരം, തനിക്കു സിദ്ധിച്ച ധൎമ്മചക്രത്തെ എവിടെയും ഉരുട്ടണമെന്നു നിശ്ചയിച്ചു് മൃഗദാവത്തിൽത്തന്നെ വസിച്ചുകൊണ്ടു്, അവിടെക്കൂടുന്ന സകല ആളുകൾക്കും, ജാതിഭേദത്തെക്കരുതാതെയും, സ്ത്രീപുരുഷവ്യത്യാസത്തെ ഗണിക്കാതെയും, ശത്രുവെന്നും മിത്രമെന്നും കാണാതേയും തന്റെ സിദ്ധാന്തത്തെ ഉപദേശിച്ചുവന്നു. അങ്ങനെയിരിക്കെ ഒരു ദിവസം കുശീനഗരവാസിയായ യജ്ഞൻ എന്നു പേരോടുകൂടിയ ഒരു ധനികൻ ബുദ്ധന്റെ മാഹാത്മ്യത്തെ കേട്ടറിഞ്ഞു് അദ്ദേഹത്തെ ശരണംപ്രാപിച്ചു് ഉപദേശംവാങ്ങി, തന്റെ അൻപത്തിനാലു സ്നേഹിതന്മാരോടുകൂടി ഭിക്ഷുക്കളായി ബൌദ്ധസംഘത്തിൽ ചേൎന്നു.

ബുദ്ധനു ജ്ഞാനം സിദ്ധിച്ചതിനുശേഷം അഞ്ചുമാസത്തിനുള്ളിൽ അറുപതുപേർ അദ്ദേഹത്തിന്റെ ഉപദേശം വാങ്ങി ഭിക്ഷുക്കളായി സംഘത്തിൽ അംഗങ്ങളായി ചേൎന്നു. ഇതിൽനിന്നും, ബുദ്ധന്റെ ധൎമ്മത്തെ എല്ലാപേരും നിഷ്പ്രയാസം ഗ്രഹിച്ചു് അംഗീകരിക്കത്തക്കവിധത്തിൽ ഉദ്ബോധിക്കാനുള്ള ശക്തി ബുദ്ധനു് അന്യാദൃശമായിട്ടുണ്ടായിരുന്നുവെന്നും അദ്ദേഹത്തിന്റെ ധൎമ്മം കാട്ടുതീപോലെ ക്ഷണേന ലോകത്തിൽ പരന്നുവെന്നും ഗ്രഹിക്കാവുന്നതാണു്. അനന്തരം, യജ്ഞന്റെ മാതാപിതാക്കന്മാരും ഭാൎയ്യയും ബുദ്ധോപദേശത്തെ സ്വീകരിച്ചു് *ഉപാസകന്മാരായി ഭവിച്ചു.

ബുദ്ധൻ തന്റെ അറുപതു ശിഷ്യന്മാരെയും അരികിൽ വിളിച്ചു്, "ഞാൻ നിങ്ങൾക്കു ഉപദേശിച്ചുതന്ന പരമാൎത്ഥ

---

* ബൌദ്ധരിൽ ഗൃഹസ്ഥാശ്രമികൾക്കു ഉപാസകന്മാർ എന്നു പേർ.

ത്തെ അജ്ഞന്മാരായ ജനങ്ങളെ ഗ്രഹിപ്പിച്ച് അവരെ അജ്ഞതയിൽനിന്നും വിടർത്തി സൽപഥത്തിലേക്കു നയിക്കേണ്ടതു് നിങ്ങളുടെ ചുമതലയാണു്. അതുകൊണ്ടു് നിങ്ങൾ ഓരോരുത്തരായി ഓരോരോസ്ഥലങ്ങളിൽ സഞ്ചരിച്ചു് നമ്മുടെ മതാദർശത്തെ പ്രചരിപ്പിക്കുക!" എന്നു് അരുളിച്ചെയ്തു. യജൻ കാശിയിൽത്തന്നെ പ്രവർത്തിക്കുകയും മററുള്ളവർ ഓരോ മാർഗ്ഗങ്ങളിലേക്കു് ഒററക്കു തിരിഞ്ഞുപോകുകയുംചെയ്തു. വർഷന്തോറും മഴക്കാലത്തു് തൻെറ ശിഷ്യന്മാരെ വരുത്തി ഒന്നിച്ചു പാർപ്പിക്കുകയും മററുസമയങ്ങളിൽ ധർമ്മപ്രചാരണത്തിനായി നിയോഗിക്കുകയും ചെയ്തുവന്നു.

തഥാഗതൻ, മുൻചൊന്ന ജ്ഞാനാരണ്യത്തിൽ, അഗ്നിയെ ആരാധിച്ചും ആചാര്യത്വം സമ്പാദിച്ചും വസിച്ചുവന്ന അഗ്നികാശ്യപൻ എന്ന വാനപ്രസ്ഥനെക്കണ്ടു്, അദ്ദേഹം വളർത്തിവന്ന ഒരു ക്രൂരസർപ്പത്തെ തൻെറ പ്രേമശക്തിയാൽ സ്വാധീനപ്പെടുത്തിയിട്ടു്, ഇന്ദ്രിയങ്ങളെ വസ്തുക്കളിൽ ചെലുത്തി കാമാദിവികാരങ്ങളെ ഹൃദയത്തിൽ അങ്കുരിപ്പിച്ചു് അജ്ഞതയാകുന്ന കൊടുന്തീയിൽ ഓരോരുത്തരും സ്വയം നീറിക്കൊണ്ടിരിക്കുന്നുവെന്നും ആ അഗ്നിയെ അണച്ചു് നിർവ്വാണത്തെ പ്രാപിക്കാൻ ആശിക്കുന്നവർ ഇന്ദ്രിയങ്ങൾക്കു മനസ്സിനെ ചലിപ്പിക്കാൻ കഴിയാത്തവണ്ണം സ്വാധീനപ്പെടുത്തിവയ്ക്കണമെന്നും ഇങ്ങനെ ചെയ്യുന്നതുകൊണ്ടല്ലാതെ നിർവ്വാണത്തെ സമ്പാദിക്കാൻ സാധിക്കുന്നതല്ലെന്നും ഉപദേശിക്കുകയും ആ നിമിഷത്തിൽ അഗ്നികാശ്യപൻ തൻെറ അഞ്ഞൂറു ശിഷ്യന്മാരോടുകൂടി അദ്ദേഹത്തിൻെറ ശിഷ്യത്വം സമ്പാദിച്ചു് ബൌദ്ധസംഘത്തിൽ ചേരുകയുമുണ്ടായി. തദനന്തരം ആ കാശ്യപൻെറ സഹോദരന്മാരായ നദീകാശ്യപനും ഗയാകാശ്യപനും തഥാഗതനെ ശരണംപ്രാപിച്ചു് ഉപദേശംവാങ്ങി ഭിക്ഷുത്വം സ്വീകരിച്ചു. അഗ്നികാശ്യപനു് ബുദ്ധൻ ഉപദേശിച്ച തത്വങ്ങൾ "ആദിത്യപര്യായസൂത്രം" എന്ന ഗ്രന്ഥത്തിൽ അടങ്ങിയിട്ടുണ്ടു്.

ബിംബസാരൻ എന്ന രാജാവിനു നൽകിയ വാഗ്ദാനത്തെ നിറവേററാനായി ബുദ്ധദേവൻ, അഗ്നികാശ്യപൻ മുതലായവരുമൊന്നിച്ചു് ജ്ഞാനാരണ്യത്തിൽനിന്നും പുറപ്പെട്ടു്, രാജധാനിയിലുള്ള *യഷ്ടിവനത്തെ പ്രാപിച്ചു. ആ അവസരത്തിൽ ജനങ്ങൾ ബുദ്ധനും കാശ്യപനും തമ്മിലുള്ള ബന്ധം മനസ്സിലാകാതെ അന്ധാളിച്ചു. ബിംബസാരൻ വിവരമറിഞ്ഞു് അവിടെഎത്തി ബുദ്ധദേവനെ വണങ്ങുകയും, ആചാര്യവര്യനായ അഗ്നികാശ്യപൻ ഗുരുവായി വരിക്കണമെങ്കിൽ, ബുദ്ധൻ അന്യാദൃശനായ ദിവ്യപ്രഭാവനായിരിക്കണമെന്നുകരുതി ഭക്തിവിസ്മയപരവശനാക്കുകയും ചെയ്തു. അനന്തരം കാശ്യപൻ തഥാഗതൻെറ ദിവ്യത്വത്തെ രാജാവിനെ ഗ്രഹിപ്പിച്ചു. ആ സമയത്തു് കാശ്യപൻെറ മാഹാത്മ്യത്തെ വെളിപ്പെടുത്താനായി അദ്ദേഹത്തിൻെറ പൂവ്വജന്മത്തിൻെറ ജാതകം ബുദ്ധൻ നിമ്മിച്ചു. തൻമൂലം പൂവ്വജന്മത്തിലെ സംഗതികൾ കണ്ടറിയാനുള്ള ശക്തി ബുദ്ധദേവനുള്ളതിനാൽ അവരിൽ ശ്രേഷ്ഠൻ അദ്ദേഹമാണെന്നു് രാജാവിനും മററുള്ളവക്കും അനായാസേന ഗ്രഹിക്കാൻ കഴിഞ്ഞു. ഉടനേ രാജാവും അവിടെക്കൂടിയ സകലആളുകളും ബുദ്ധനെ ശരണം പ്രാപിക്കുകയും അദ്ദേഹം അവക്കു് ജനനമരണങ്ങളിൽനിന്നും ഒഴിഞ്ഞുനിൽക്കാനുള്ള മാഗ്ഗത്തെ സുവ്യക്തം ഉപദേശിക്കുകയുമുണ്ടായി. ഉപദേശം സ്വീകരിച്ച ബിംബസാരാദികൾ പരമാത്ഥതത്വത്തെ അറിഞ്ഞു് ബുദ്ധദേവൻെറ ശിഷ്യത്വം അംഗീകരിക്കയും ചെയ്തു.

ബിംബസാരൻ, തൻെറ രാജ്യത്തിൽ തടവിൽ പാപ്പിച്ചിരുന്ന കുററക്കാരെ എല്ലാപേരെയും വിട്ടയയ്ക്കുകയും യാതൊരുത്തക്കും ക്ലേശമുണ്ടാകാതിരിക്കത്തക്ക വിധത്തിൽ ഭരണം നടത്തിത്തുടങ്ങുകയും ചെയ്തു. ആ രാജ്യത്തിലെ മററുജനങ്ങളും യഷ്ടിവനത്തിൽ ചെന്നു് ബുദ്ധനെ ശരണംപ്രാപി

* യഷ്ടി=അതിമധുരവൃക്ഷം.

ച്ചു് ഉപദേശം വാങ്ങിക്കൊണ്ടിരുന്നു. ഒരുദിവസം തഥാഗതൻ യഷ്ടിവനത്തിൽനിന്നും ഭിക്ഷയ്ക്കായി നഗരത്തിലേക്കു പോകുമ്പോൾ, രാജാവു കണ്ടു്, അദ്ദേഹത്തിനു താമസിക്കാനായി നഗരത്തിന്റെ ഏററവും സമീപത്തുള്ള വേണുവനത്തിൽ ഒരു വിഹാരം× നിർമ്മിച്ചു് ആ വിഹാരത്തോടുകൂടി വേണുവനത്തെ അദ്ദേഹത്തിനും സംഘത്തിനുമായി വിട്ടുകൊടുത്തു. (വേണുവനം ബുദ്ധദേവന്റെ പ്രധാന സങ്കേതങ്ങളിൽ ഒന്നാണു്. ഈ സ്ഥലത്തു് സ്വസംഘത്തോടുകൂടി അനേകദിവസം വസിച്ചിരുന്നുഎന്നറിവുണ്ടു്. കരണ്ഡവേണുവനമെന്നും ഈ വനത്തിനു പേരുണ്ടു്.)

തഥാഗതൻ, സകല ജനങ്ങൾക്കും സപ്രേമം ധർമ്മോപദേശം ചെയ്തു്, അവരുടെ ഹൃദയത്തിൽ അനശ്വരജ്ഞാനദീപത്തെ പ്രകാശിപ്പിച്ചു്, തന്റെ ആദർശത്തെ പ്രചരിപ്പിച്ചുവന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ബുദ്ധശിഷ്യന്മാരായ അശ്വജിത്തും ബാഷ്പനും ഭിക്ഷാർത്ഥം രാജധാനിയിൽ സഞ്ചരിക്കുമ്പോൾ, കപിലന്റെ ശിഷ്യന്മാരിൽ പ്രധാനിയായ ശാരീപുത്രൻ * അവരുടെ ദിവ്യപ്രഭാവത്തെക്കണ്ടു് വിസ്മയിച്ചു് അവരുമായി സംഭാഷണം നടത്തി ബുദ്ധദേവന്റെ മാഹാത്മ്യത്തെ മനസ്സിലാക്കി, തന്റെ സതീർത്ഥ്യനും സുഹൃത്തുമായ മൌൽകല്യായനനോടും തന്റെ ഇരുനൂററി അൻപതില്പരം ശിഷ്യന്മാരോടുംകൂടി വേണുവനത്തിൽചെന്നു് ബുദ്ധനെ സന്ദർശിച്ചു് അദ്ദേഹത്തിന്റെ ദിവ്യപ്രഭാവത്തെ നേരിൽ കണ്ടറിഞ്ഞു്, ഉപദേശംവാങ്ങി + അർഹദ്ദശയെപ്രാപിച്ചു. ശാ

---

× ബൌദ്ധസന്യാസികൾക്കു താമസിക്കാനായുട്ടുള്ള സങ്കേതം.

* ശാരി എന്ന സ്ത്രീയുടെ പുത്രൻ "ബോധിസത്വാവധാനകല്പലത്" യെന്ന സംസ്കൃതഗ്രന്ഥത്തിൽ ശാരീസുനു എന്നു പ്രസ്താവിച്ചുകാണുന്നതു് ഈ ശാരീപുത്രനെയാണു്. ശാരീപുത്രനും ഇനി പറയാൻ പോകുന്ന മൌൽകല്യായനനും സാഞ്ജയന്റെ ശിഷ്യന്മാരാണെന്നും പറയപ്പെടുന്നു.

\+ നിർവ്വാണേച്ഛുക്കൾക്കായുള്ള ധ്യാനപഞ്ചകത്തിൽ നാലാമത്തെ നില.

രീപുത്രൻ, ബുദ്ധദേവന്റെ × ശിഷ്യദശകത്തിൽ അഗ്രഗണ്യനായി ഭവിച്ചു; ബുദ്ധമതഗ്രന്ഥങ്ങളിൽ അന്യാദൃശമായ പാണ്ഡിത്യം സമ്പാദിച്ചു. മൌൽഗല്യായനൻ * ഋദ്ധിയിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചു.

അനന്തരം, ബുദ്ധദേവൻ ശാരീപുത്രനും മൌൽകല്യായനനും തന്റെ സംഘത്തിൽ നേതൃത്വം നൽകി. തന്നിമിത്തം സംഘത്തിലെ മററംഗങ്ങൾക്ക് അവരുടെ പേരിൽ അമർഷം ജനിക്കുകയും അതുമൂലം കലഹം വർദ്ധിക്കുകയുംചെയ്തു. ആ വിവരം ബുദ്ധദേവൻ അറിഞ്ഞു് സംഘാംഗങ്ങൾ സദാ അനുഷ്ഠിക്കേണ്ടുന്ന നിയമങ്ങൾക്ക് ഒരു പരിപാടി ഉപദേശിച്ചു. അതുമുതൽ സമാധാനം നേരിടുകയും സേവകസന്നിപാതമെന്നു സംഘത്തിന് പേർ സിദ്ധിക്കുകയുമുണ്ടായി. മേല്പറഞ്ഞ പരിപാടി "പ്രാതിമോക്ഷം" എന്ന ഗ്രന്ഥത്തിൽ അടങ്ങിയിട്ടുണ്ടു്.

ബുദ്ധമതം ഇപ്രകാരം അനുദിനം അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നതുകണ്ടു് അസൂയാലുക്കളായ ഇതരമതക്കാർ അതിന്റെ അവിച്ഛിന്നമായ ഗതിയെ തടയുന്നതിനായി പല ശ്രമങ്ങളും ചെയ്തുവന്നു. ബുദ്ധദേവൻ അവയെ കാര്യമായി ഗണിക്കാതെ തന്റെ കർത്തവ്യത്തെ ക്ലേശമില്ലാതെ നിർവഹിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കെ, കാശ്യപാഗ്നിദത്തൻ എന്ന സന്യാസി വൈശാലിനഗരത്തിലേക്കു പോകുംവഴി ശാക്യമുനിയുടെ മാഹാത്മ്യത്തെക്കുറിച്ചു് ശ്രവിച്ചു് അദ്ദേഹത്തിന്റെ സന്നിധിയിൽചെന്നു് ഉപദേശംവാങ്ങി ബൌദ്ധഭിക്ഷുത്വം സ്വീകരിച്ചു. അനന്തരകാലത്തിൽ സംഘത്തിൽ പ്രാധാന്യം വഹിക്കയാൽ മഹാകാശ്യപനെന്നും ഇദ്ദേഹത്തിന് പേരുണ്ടു്.

---

× ബുദ്ധശിഷ്യദശകം—കാശ്യപൻ, അനന്ദൻ, ശാരീപുത്രൻ മൌൽകല്യായനൻ, ഉപാലി, രാഹുലൻ, അനിരുദ്ധൻ, സുഭൂതി, പൂർണ്ണൻ, കാത്യായനൻ എന്നിവരാണ്.

* ഋദ്ധി—അത്ഭുതശക്തി, സിദ്ധിയെന്നും പറയപ്പെടുന്നു.

കോസലദേശത്തുള്ള ശ്രാവസ്തിഎന്നനഗരത്തിലെ അനാഥപിണ്ഡകൻ * എന്ന മഹാധനികനായ ഒരു വണിഗ്വരൻ ബുദ്ധദേവന്റെ കാരുണ്യോപദേശവിശേഷത്തെ കേട്ടറിഞ്ഞു് ബിംബസാരന്റെ രാജ്യത്തിൽചെന്നു് അവിടുള്ള ഒരു സുഹൃദ്ഗൃഹത്തിൽ താമസമാക്കിയ രാത്രിയിൽത്തന്നെ ഭക്തിപരവശനായി ബുദ്ധനെ ശരണംപ്രാപിച്ചു് അജ്ഞാനം നീങ്ങി ജനനമാകുന്ന മഹാസമുദ്രത്തെ തരണം ചെയ്വാനുള്ള ജ്ഞാനത്തോണിയെ കരസ്ഥമാക്കി.

ബുദ്ധദേവൻ വേണുവനത്തിൽ വസിച്ചിരുന്ന കാലത്തു് അദ്ദേഹത്തിന്റെ ധർമ്മോപദേശം സ്വീകരിച്ചു്, സ്വന്തം അദർശങ്ങളെ വെടിഞ്ഞു്, + ജീവരധാരികളായി ഭിക്ഷുക്കളായവരുടെ സംഖ്യ തൊള്ളായിരം; ഉപാസകന്മാരായവർ അസംഖ്യം.

ഇപ്രകാരം ബുദ്ധദേവൻ അത്മജ്ഞാനം സിദ്ധിച്ചു പരിശുദ്ധമായ ഒരു മതം സ്ഥാപിച്ചു് അനേകായിരം ശിഷ്യഗണങ്ങളെ സമ്പാദിച്ചു പൂജ്യനായി സർവ്വവന്ദ്യനായിത്തീർന്നിരിക്കുന്ന വിവരം അദ്ദേഹത്തിന്റെ പിതാവായ ശുദ്ധോദനൻ അറിഞ്ഞു് മരിക്കുന്നതിനുമുമ്പു് ഒരു പ്രാവശ്യമെങ്കിലും തന്റെ പുത്രനെ കാണണമെന്നു് ആശിച്ചു് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരുന്നതിനായി ഒട്ടുവളരെ ആളുകളെ ഏകകാലത്തിൽ ശട്ടംകെട്ടി അയച്ചു. അവരിൽനിന്നും പിതാവിന്റെ അഗ്രഹം അറിഞ്ഞ തഥാഗതൻ, കപിലവാസ്തുവിൽചെന്നു് ശുദ്ധോദനൻ മുതലായവരെ ധർമ്മോപദേശത്താൽ പരമാത്മതത്വവീഥിയിലേക്കു തിരിക്കണമെന്നു നിശ്ചയിച്ചു യാത്രയായി.

യാത്രാമദ്ധ്യേ പ്രഭാസദേശത്തെ രാജാവായ വൈഡൂഷ്യൻ തനിക്കു് തത്വജ്ഞാനത്തെ ഉപദേശിക്കണമെന്നു് അപേക്ഷി

---

* ഈ പേർ അനാഥപരിപാലകനെന്നും കാണുന്നു.
\+ ജീവരം—ബൌദ്ധഭിക്ഷുക്കൾ ധരിക്കുന്ന വസ്ത്രം.

കകനാൽ ബുദ്ധദേവൻ വടവൃക്ഷത്തടികൊണ്ടു് കടഞ്ഞുണ്ടാക്കിയ നൂററെട്ടുമണി കോർത്തുള്ളമാല ഉപയോഗിച്ചു് "നമോ ബുദ്ധായ, നമോധർമ്മായ, നമസ്സംഘായ" എന്ന മന്ത്രത്തെ പ്രതിദിനം രണ്ടുലക്ഷം ഉരുക്കഴിക്കണമെന്നു് ഉപദേശിക്കുകയും തൽഫലത്തെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. അനന്തരം അവിടുന്നു തിരിച്ചു് ന്യഗ്രോധവനത്തിൽ എത്തി അവിടെ ചിലദിവസം താമസിച്ചു. അവിടെവച്ചു്, ശുദ്ധോദനൻ മന്ത്രിപ്രധാനികളെയും മററു പ്രമാണികളെയുംതന്റെ കുലഗുരുവിനെയും അയച്ചു് യഥായോഗ്യം ക്ഷണിച്ചു് അഭിലാഷപൂർവ്വം ലോകവന്ദ്യനായ സ്വപുത്രനെ രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോയി. എന്നാൽ ബന്ധുക്കളിൽ ചിലർ ആ പൂജ്യപുരുഷനെ അവമാനിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി യാതൊരു ഉപചാരവും അദ്ദേഹത്തിനു ചെയ്യാതിരുന്നു; ഭിക്ഷുക്കളെ ക്ഷണിച്ചുകൊണ്ടുചെന്നു് ഭിക്ഷ നൽകുന്നതു് അക്കാലത്തെ നടപ്പായിരുന്നിട്ടും അവർ (ബന്ധുക്കൾ) ബുദ്ധനെ ക്ഷണിക്കുകയുണ്ടായില്ല. തന്മൂലം അദ്ദേഹം ശിഷ്യന്മാരുമായി പലേടത്തും നടന്നുചെന്നു യാചിക്കുകയാണുണ്ടായതു്. കിരീടാവകാശിയായ തന്റെ പുത്രൻ, കപിലവാസ്തുവിലെ ഭാവിരാജാവു്, ഇപ്രകാരം തെണ്ടിനടക്കുന്നു എന്നുള്ള വർത്തമാനം ശുദ്ധോദനന്റെ ചെവിയിൽകേട്ടു; ആ നിമിഷത്തിൽ അദ്ദേഹം കാൽനടയായി ഓടിയെത്തി, പുത്രനെക്കണ്ടു് "എന്റെ ഓമനപ്പുത്രാ! നീ ഇപ്രകാരം തെണ്ടിനടന്നു് എനിക്കുകൂടി അപമാനത്തെ വരുത്തിവയ്ക്കുന്നതെന്തിനു്? നീ ഇങ്ങനെ വീടുകൾതോറും നടന്നു തെണ്ടേണ്ടവനാണോ? നിനക്കും നിന്നോടു്സംബന്ധിച്ച ആളുകൾക്കും വേണ്ട ആഹാരം നൽകാൻ എനിക്കു ശക്തിയില്ലേ?" എന്നു അന്തസ്താപത്തോടുകൂടി ചോദിച്ചു.

ബുദ്ധൻ—ഇങ്ങനെയാചിച്ചു ഭക്ഷണം കഴിക്കണമെന്നാണു് ഞങ്ങളുടെ മതവിധി.

രാജാവു്—അതെങ്ങനെ? നീ മഹത്വമേറിയ ഒരു രാജവംശത്തിൽ ജനിച്ചവനല്ലേ? ഈ രാജകുടുംബത്തിൽ ഒരാളെങ്കിലും നിന്ദ്യമായ നിലയിൽ നടന്നിട്ടുണ്ടോ?

ബുദ്ധൻ—അങ്ങും അങ്ങയുടെ മുൻഗാമികളും രാജകീയാദൎശത്തിനു് അവകാശികളാണു്. ഞാനാകട്ടെ, ഇതിന്നുമുമ്പു ജനിച്ചിട്ടുള്ളവരും ഇനിമേൽ ജനിക്കാനിരിക്കുന്നവരുമായ * ബുദ്ധന്മാരുടെ ആദൎശത്തിനു് അവകാശിയത്രേ. അതുകൊണ്ടു് അവർ സ്വീകരിച്ച ആദൎശത്തെ ഞാൻ അംഗീകരിച്ചു. ഇതു് ഇഹത്തിലും പരത്തിലും ഫലത്തെച്ചെയ്യുന്ന മഹാശക്തിയുള്ളതാണു്. ഒരുവൻ ഒരു നിധി കണ്ടെടുത്താൽ അതിനെ അവന്റെ പിതാവിന്നു നൽകേണ്ടതു് അവന്റെ കടമയാണു്. ആ കടമയെ ഞാനും നിൎവ്വഹിക്കാൻ പോകുന്നു. എനിക്കു കിട്ടിയ നിധിയെ അങ്ങു സ്വീകരിച്ചാലും!

ശുദ്ധോദനൻ അതുകേട്ടു ലജ്ജിതനായി പുത്രന്റെ ഭിക്ഷാപാത്രത്തെ കൈയിൽവാങ്ങി, അദ്ദേഹത്തെയും ആയിരത്തിഅഞ്ഞൂറു ഭിക്ഷുക്കളെയും കൊട്ടാരത്തിൽ കൂട്ടിക്കൊണ്ടുപോയി ഭിക്ഷ നൽകി. ഇങ്ങനെ കപിലവാസ്തുവിൽ താമസിച്ചുകൊണ്ടിരിക്കുന്ന കാലത്തു്, ബുദ്ധദേവൻ താൻ ഭിക്ഷാപാത്രവുമേന്തി തെണ്ടിനടക്കുന്നതു് മാനക്ഷയകരമാണെന്നു ധരിച്ച തന്റെ പിതാവിനെയും ബന്ധുജനങ്ങളെയും ഋദ്ധിസിദ്ധിയെ പ്രദൎശിപ്പിച്ചു് തന്റെ ദിവ്യത്വത്തിൽ അവൎക്കു വിശ്വാസം

---

* ലോകത്തിൽ പാപം വൎദ്ധിച്ചും പുണ്യം കുറഞ്ഞും വരുമ്പോൾ ആ പാപത്തെ ഉന്മൂലനംചെയ്തു് പുണ്യത്തെ നിലനിൎത്തി ലോകത്തെ രക്ഷിക്കുന്നതിന്നായി ഓരോ ബുദ്ധന്മാർ അവതരിക്കുന്നുണ്ടെന്നു ബൗദ്ധഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നു. അപ്രകാരം ഗൌതമബുദ്ധന്നുമുമ്പു് അനേകം ബുദ്ധന്മാർ ഉണ്ടായിട്ടുണ്ടെന്നു വിശ്വസിച്ചുപോരുന്നു. അവരിൽ ഗൌതമബുദ്ധന്റെ അടുത്ത മുൻഗാമികളായി ഇരുപത്തേഴു് ബുദ്ധന്മാരുടെ പേരുകൾമാത്രം ഇപ്പോൾ മുറപ്രകാരം അറിയാൻ കഴിയുന്നതാണു്. അപ്പേരുകൾ "മണിമേഖല" എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

ജനിപ്പിക്കുകയും, തന്മൂലം അവർ അപേക്ഷിക്കുകയാൽ ധർമ്മോപദേശം ചെയ്യുകയും ചെയ്തു.

ബുദ്ധദേവൻ, കപിലവാസ്തുവിൽ വസിച്ചിരുന്ന കാലത്തു് ആദ്യം ഒരു പ്രഭുവിന്റെ ഗൃഹത്തിലും ഒടുവിൽ തന്റെ മാതാവിന്റെ അസ്ഥിഭസ്മത്തെ നിക്ഷേപിച്ചിരുന്ന സൌധത്തിലും താമസിക്കുകയായിരുന്നു എന്നു പറയുന്നുണ്ടു്.

ഒരു ദിവസം തഥാഗതൻ ശിഷ്യന്മാരുമായി ശുദ്ധോദനന്റെ കൊട്ടാരത്തിൽ ഭിക്ഷയ്ക്കുപോയിരുന്നപ്പോൾ അവിടെയുള്ള ആബാലവൃദ്ധം സ്ത്രീപുരുഷന്മാരും വന്നു നമസ്കരിച്ചു് ബുദ്ധദേവനെ സൽകരിച്ചു. അക്കൂട്ടത്തിൽ യശോധരമാത്രം ഉണ്ടായിരുന്നില്ല. ഗുരുജനങ്ങളും മററുള്ളവരും ബുദ്ധദർശനത്തിനായി ആ സതീരത്നത്തെ ക്ഷണിച്ചിട്ടും ആ ക്ഷണത്തെ നിരസിക്കയാണുണ്ടായതു്. യശോധര അവരോടു പറഞ്ഞ സമാധാനമിതായിരുന്നു:—"ഞാൻ എന്റെ ഭർത്താവിനെ എന്റെ ഹൃദയത്തിൽ ഇരുത്തി പൂജിച്ചുവരുന്നു. അതുകൊണ്ടു് അദ്ദേഹം പ്രസാദിക്കുന്നുണ്ടെങ്കിൽ, എന്നെ ജ്ഞാനമാർഗ്ഗത്തിൽ നയിക്കുന്നതിനായി അദ്ദേഹം എന്റെ സമീപത്തിൽ എഴുന്നെള്ളാതിരിക്കയില്ല. അപ്പോൾ മാത്രമെ ഞാൻ അദ്ദേഹത്തിന്റെ ദിവ്യോപദേശത്തിനു സൽപാത്രമായി ഭവിക്കയുള്ളു." യശോധരയെ അക്കൂട്ടത്തിൽ കാണാഴികയാൽ, താൻ അന്നു കരുതിയപ്രകാരം അവൾക്കു ധർമ്മോപദേശം ചെയ്യുന്നതിനായി അവളുടെ സമീപത്തിൽ പോകണമെന്നു ബുദ്ധഭഗവാൻ ഉദ്ദേശിച്ചു്, രണ്ടു ശിഷ്യന്മാരോടുകൂടി അവിടെ എഴുന്നെള്ളി. യശോധര ദിവ്യനായ തന്റെ ഭർത്താവിനെക്കണ്ടു് ചാരിതാർത്ഥ്യപൂർവ്വം സൽകരിച്ചു പൂജിച്ചു. ആ സന്ദർഭത്തിൽ ആ സാധ്വിക്കു ദാമ്പത്യജീവിതത്തിലെ പൂർവ്വസ്മരണകളാൽ നേരിട്ട ദുഃഖഭാരത്തെ ബുദ്ധദേവൻ ഉചിതഗീരുകളാൽ അകററുകയുണ്ടായി. ആ പതിവ്രതാമണിയുടെ ഉൽകൃഷ്ടമായ മനഃസ്ഥിതിയും ദൃഢചിത്തതയും ഭർത്തൃഭക്തിയും ശു

ഷോദനൻെറ വാക്കുകളിൽനിന്നും ഗ്രഹിച്ച് അത്യന്തം സന്തുഷ്ടനായി, അവളുടെ പൂർവ്വജന്മത്തിലെ സകലവൃത്താന്തങ്ങളും അദ്ദേഹം അവരെ ധരിപ്പിച്ചു. അനന്തരം യശോധരയ്ക്കു ധർമ്മോപദേശം നൽകി ആ സതീരത്നത്തിൻെറ മനസ്സിനെ ചാരിതാർത്ഥ്യപ്പെടുത്തിയിട്ടു മടങ്ങിപ്പോന്നു.

ഇപ്രകാരം ഉപദേശം ലഭിച്ച യശോധര, തൻെറ ദാമ്പത്യജീവിതത്തിലെ വിജയപതാകയായി പരിലസിക്കുന്ന തൻെറ ഏകസന്താനമായ രാഹുലനെ അരുകിൽ അണച്ച് മൂർദ്ധാവിൽ ചുംബിച്ചു തലോടിക്കൊണ്ട് "മകനേ! നിൻെറ ദിവ്യനായ പിതാവ് ഇവിടെ എഴുന്നെള്ളിയിട്ടുണ്ടെന്നു നിനക്കറിയാമല്ലോ; നീ അദ്ദേഹത്തെ ചെന്നുകണ്ടു നിനക്ക് അവകാശപ്പെട്ടതായ പിത്രാർജ്ജിതത്തെ വാങ്ങിക്കൊൾക!" എന്നു പറഞ്ഞു. അതുകേട്ടു ഏഴുവയസ്സുമാത്രം പ്രായമുള്ള ആ പ്രഗത്ഭനായ പുത്രൻ പറഞ്ഞ സമാധാനമിതായിരുന്നു: "ഞാൻ എൻെറ അച്ഛനെ കണ്ടിട്ടില്ലല്ലോ, പരിചയമില്ലാത്ത പിതാവിനെ തെരക്കിച്ചെല്ലുന്നതെങ്ങനെ?" യശോധരയ്ക്ക് അതിനു സമാധാനമുണ്ടായിരുന്നില്ല. പുത്രനെ എടുത്തുംകൊണ്ടു ഭർത്തൃസമീപത്തിൽ ചെന്നു മററാരും കാണാത്തവിധം തൻെറ ശരീരത്തെ ചുവരിൽ മറച്ചുനിന്നുംകൊണ്ടു, "അതാ, അവിടെക്കാണുന്ന സന്ന്യാസിമാരിൽ അത്യന്തതേജസ്സോടുകൂടിക്കാണപ്പെടുന്ന ദിവ്യപുരുഷനാണ് നിൻെറ അച്ഛൻ; ചെന്നു നമസ്കരിച്ചു പിതൃസ്വത്തെ അവശ്യപ്പെടുക!" എന്നു പറഞ്ഞയച്ചു. പുത്രൻ പിതാവിനെ നമസ്കരിച്ചു കൈകൂപ്പിനിന്ന് "അച്ഛാ! അച്ഛൻ സമ്പാദിച്ചിട്ടുള്ളതും എനിക്ക് അവകാശപ്പെട്ടതുമായ സ്വത്തിനെ തന്നനുഗ്രഹിച്ചാലും!" എന്നപേക്ഷിച്ചു. ബുദ്ധദേവൻ അതിനെ കേട്ടഭാവംപോലും നടിക്കാതെ അവിടെനിന്നും തിരിച്ച് ന്യഗ്രോധവനത്തെ പ്രാപിച്ചു. രാഹുലനാകട്ടെ, അശേഷം നിരാശനാകാതെ പിതാവിനെ അനുഗമിക്കുകയും പിതൃസ്വത്ത് തരണമെന്ന് ഇടവിടാതെ അലട്ടുകയും ചെയ്തു.

പുത്രൻെറ ദൃഢചിത്തതകണ്ടു് ചാരിതാർത്ഥ്യനായ പിതാവ് അവനെ വിളിച്ചു്, "എല്ലാവരും തൻെറ പുത്രന്മാൎക്കു നൽകുന്നതു് നശ്വരമായ സ്വത്തിനെയാണു്; ഞാൻ നിനക്കുതരാൻ നിശ്ചയിച്ചിരിക്കുന്നതു് ഒരു കാലത്തും അഴിവില്ലാത്തതായ സ്വത്തിനെയാകുന്നു." എന്നുപറഞ്ഞു് തൻെറ ശിഷ്യപ്രമാണിയായ ശാരീപുത്രനോടു് "ഇവനെയും സംഘത്തിൽ ചേൎത്തു കൊൾക!" എന്നരുളിച്ചെയ്തു.

രാഹുലൻ സംഘത്തിൽ ചേൎക്കപ്പെട്ടതിനുശേഷം ഒരുദിവസം, ബുദ്ധൻ, ഭിക്ഷാപാത്രവുമേന്തി രാജധാനിയിൽ സഞ്ചരിക്കുമ്പോൾ, തൻെറ ഇളയമ്മയുടെ മകനും തൻെറ സഹോദരനുമായ * നന്ദൻ അദ്ദേഹത്തെ കണ്ടു് × അത്യന്തഭക്തിയോടെ നമസ്കരിച്ചു. ദേവൻ, ആ സഹോദരനെനോക്കി, "ഞാനെന്നും എൻേറതെന്നുമുള്ള അഭിമാനങ്ങളെ അകററി പരമാർത്ഥവസ്തുവിനെ അറിയുകയത്രേ ഉൽകൃഷ്ടമായ ധൎമ്മം" എന്നു് ഉപദേശിച്ചു. നന്ദൻ ആ നിമിഷത്തിൽ സൎവ്വവും ത്യജിച്ചു് ബുദ്ധദേവൻെറ കൈയിലിരുന്ന ഭിക്ഷാപാത്രത്തെ വാങ്ങിയിട്ടു്, ന്യഗ്രോധവനത്തിലേക്കു് അദ്ദേഹത്തെ അനുഗമിച്ചു ഭിക്ഷുവായി സംഘത്തിൽചേൎന്നു.

ഇപ്രകാരം രാഹുലനും നന്ദനും സംഘത്തിൽ ചേൎക്കപ്പെട്ടതറിഞ്ഞു് ശുദ്ധോദനനു വളരെ മനസ്താപമുണ്ടായി. തനിക്കുശേഷം രാജ്യംഭരിക്കേണ്ടവരായ ആ രണ്ടു് അവകാശികളും സന്ന്യസിച്ചതിനാൽ അദ്ദേഹത്തിനു മനസ്താപമുണ്ടായതു് ആശ്ചൎയ്യമല്ലല്ലോ. ഈ വിധത്തിലുള്ള പുത്രദുഃഖം ഇനി

* ഗൌതമി, സിദ്ധാർത്ഥനെ വളൎത്തിത്തുടങ്ങിയതിനു ശേഷം, 'നന്ദ'നെന്നു് ഒരുപുത്രനും 'രൂപനന്ദ' യെന്നു് ഒരു പുത്രിയുംഅവൎക്കു സന്താനങ്ങളായി ജനിച്ചിട്ടുണ്ടു്.

× നന്ദൻ ബുദ്ധനെക്കണ്ടതും, ബുദ്ധൻ അദ്ദേഹത്തിനു് ഉപദേശം നൽകിയതും രാഹുലനെ സംഘത്തിൽ ചേൎക്കുന്നതിനു മുമ്പാണെന്നും പറയുന്നുണ്ടു്.

തക്കം ഉണ്ടാകാനിടയാകരുതെന്നു രാജാവു് ആവശ്യപ്പെട്ടപ്രകാരം "മേലാൽ മാതാപിതാക്കന്മാരുടെ സമ്മതം കൂടാതെ കുട്ടികളെ ഭിക്ഷുക്കളാക്കാൻ പാടി"ല്ലെന്നു് ഒരു നിയമംപുതുതായി ബുദ്ധദേവൻ ഏൎപ്പെടുത്തി.

ബോധിവൃക്ഷച്ചുവട്ടിൽവച്ചു് ബുദ്ധനു ജ്ഞാനം സിദ്ധിച്ചിട്ടു് ഇക്കാലത്തു പതിനെട്ടുമാസം കഴിഞ്ഞിരിക്കുന്നു. അനന്തരം കപിലവാസ്തുവിലെ താമസം മതിയാക്കി, ശിഷ്യന്മാരുമായി, വേണുവനത്തിലേക്കു മടങ്ങി.

## അഞ്ചാം അദ്ധ്യായം.

മടക്കത്തിൽ അനോമാനദിയുടെ തീരത്തുള്ള അനുപ്രിയ എന്ന നഗരത്തിലെ ഒരു മാന്തോപ്പിൽവച്ചു് ശാക്യന്മാർ മുതലായ അനവധി ആളുകൾ ബുദ്ധദേവനെ സന്ദർശിച്ചു്, ഉപദേശം വാങ്ങി ബുദ്ധമതത്തെ സ്വീകരിച്ചു. അവരിൽ പ്രസിദ്ധന്മാരായി തീൎന്നവരാണു് *ആനന്ദൻ, ദേവദത്തൻ ഉപാലി ×അനിരുദ്ധൻ എന്നിവർ. അനിരുദ്ധൻ, ബുദ്ധനെ പൂജിക്കുന്നവരിലും അദ്ദേഹത്തിൻെറ പ്രീതിയെ സമ്പാദിച്ചവരിലും പ്രഥമഗണനീയനാകുന്നു. ദേവദത്തൻ, പിൽക്കാലത്തിൽ അസൂയാലുവായി ബുദ്ധനു വിപരീതമായി സംഘത്തിൽ പല കലഹങ്ങളും അങ്കുരിപ്പിച്ചവനാണു്. ഉപാലി, ജാതിയിൽ ക്ഷുരകനാണു്; ഇയാൾ തൻെറ അനന്യസാധാരണമായ അറിവിനാൽ ബൌദ്ധന്മാരിൽ ഒരു പൂജ്യസ്ഥാനത്തെ അർഹിച്ചു.

---

* ആനന്ദനും ദേവദത്തനും, ശുദ്ധോദനൻെറ സഹോദരനായ ശുക്ലോദനൻെറ പുത്രന്മാരാണു്.

× അനിരുദ്ധൻ, ശുദ്ധോദനൻെറ സഹോദരനായ അമൃതോദനൻെറ പുത്രനാണു്

അനിരുദ്ധൻ, ബൌദ്ധതത്വശാസ്ത്രങ്ങളിൽ അപാരമായ പാണ്ഡിത്യം സമ്പാദിച്ചു സുപ്രസിദ്ധനായിത്തീൎന്നു.

അനന്തരം ബുദ്ധൻ ശിഷ്യന്മാരുമായി ശ്രാവസ്തിയിൽ എത്തി. മുമ്പുപ്രസ്താവിച്ച അനാഥപിണ്ഡകൻ എന്ന പ്രഭു * ജേതവനത്തിൽ ഒരുവിഹാരം നിൎമ്മിച്ചു് കമനീയമായി അലങ്കരിച്ചു് ബുദ്ധനെ എതിരേൽക്കാനായി കാത്തുനില്ക്കുന്നുണ്ടായിരുന്നു. തഥാഗതനെ ശിഷ്യവൎഗ്ഗത്തോടെ പ്രഭു സൽക്കരിച്ചു പൂജിച്ചുവിഹാരം അദ്ദേഹത്തിനായിവിട്ടുകൊടുത്തു. ബുദ്ധൻ വളരെനാൾ അവിടെ സ്ഥിരമായി താമസിക്കുകയും ദിവ്യോപദേശത്താൽ ഒട്ടുവളരെ ശിഷ്യന്മാരെ അവിടെ വെച്ചു സമ്പാദിക്കുകയുംചെയ്തു. ആ രാജ്യത്തെ രാജാവായ പ്രസേനജിത്തും ബുദ്ധന്റെ ഉപദേശംവാങ്ങി ഭൌതികബന്ധത്തിൽ നിന്നു മോചിച്ചു.

അനന്തരം തഥാഗതൻ വൈശാലീനഗരത്തിൽ ചെന്നു് മഹാവനത്തിൽ താമസിച്ചുകൊണ്ടു് അവിടെ തന്റെ ധൎമ്മത്തെ പ്രചരിപ്പിച്ചുവന്നു. അവിടെ താമസിച്ചു വരവെ, ശാക്യന്മാൎക്കും ഗോളിയന്മാൎക്കും തമ്മിൽ രോഹിണീനദിയെ സംബന്ധിച്ചു് ഭയങ്കരമായ കലഹം നേരിടുകയാൽ, കരുണാമൂൎത്തിയായ ബുദ്ധദേവൻ കപിലവാസ്തുവിൽ എഴുന്നെള്ളി ഇരുകക്ഷികളെയും സമാധാനപ്പെടുത്തി കലഹത്തെ അവസാനിപ്പിച്ചു. മടങ്ങിവന്നു് മഹാവനത്തിൽ വസിക്കുമ്പോൾ, തന്റെ പിതാവായ ശുദ്ധോദനൻ ആസന്നനിലയിൽ കിടക്കുന്നുവെന്നറിഞ്ഞു് വീണ്ടും കപിലവാസ്തുവിൽ ചെന്നു് അന്ത്യഘട്ടത്തിൽ പിതാവിനെശുശ്രൂഷിക്കുകയുംമരണശേഷം അനന്തരകൎമ്മങ്ങളെ കൎത്തവ്യബോധത്തോടെ വിധിപ്രകാരം നിൎവ്വഹിക്കുകയും ചെയ്തു. ശുദ്ധോദനൻ ഈശാനവൎഷം തൊററിഷ്ട

---

* ജേതൻ എന്നൊരു രാജാവിന്റെ വകയായിരുന്നതിനാൽ ഇൗ പേർ സിദ്ധിച്ചതാണു്. ഇൗവനത്തിൽ ബുദ്ധൻ ഏഴുവർഷം താമസിച്ചിരുന്നു എന്നു ജപ്പാൻരാജ്യത്തുള്ള ബൌദ്ധഗ്രന്ഥങ്ങളിൽ കാണുന്നു.

ഴാം കൊല്ലത്തിൽ തന്റെ തൊണ്ണൂററിഏഴാംവയസ്സിൽ മരിച്ചുഎന്നാണറിവു്.

ബുദ്ധൻ, പിന്നെയും മഹാവനത്തിലെ വിഹാരത്തിൽ വന്നു താമസമാക്കി. അതിന്നുശേഷം മഹാവനത്തിൽവന്നു തന്നെ സന്ദർശിച്ചു, മഹാപ്രജാപതി ഗൌതമി, യശോധരമുതലായ ശാക്യവനിതകൾക്കും കോളിയസ്ത്രീകൾക്കും ഇതരശാഖയിലുൾപ്പെട്ട മററു പലനാരികൾക്കും അദ്ദേഹം ധർമ്മത്തെ ഉപദേശിച്ചു. അതുകേട്ടു് ഗൌതമിതുടങ്ങിയുള്ള സകലസ്ത്രീകളും ഭൌതികജീവിതത്തിൽ തങ്ങൾക്കു വിരക്തിയുണ്ടായിരിക്കുന്നുവെന്നും തങ്ങളെയും സംഘത്തിൽ ചേർത്തു രക്ഷിക്കണമെന്നും ആവശ്യപ്പെടുകയാൽ, തന്റെ മാതാവിന്റെ നിർബന്ധപ്രകാരം അവരെ ഭിക്ഷുകികളായി സ്വീകരിക്കുകമാത്രമല്ല, സ്ത്രീകളെയും സംഘത്തിൽ അംഗങ്ങളായി അംഗീകരിക്കണമെന്നു നിശ്ചയിക്കുകയും അവർ അനുഷ്ഠിക്കേണ്ട വിധികൾക്കു് ഒരു പ്രത്യേകപരിപാടി ഏർപ്പെടുത്തുകയും ചെയ്തു. അന്നുമുതൽ സ്ത്രീകളുടെ സംഖ്യ സംഘത്തിൽ വർദ്ധിച്ചുകൊണ്ടിരുന്നു.

ബുദ്ധദേവനു്, സ്ത്രീകളെ സംഘത്തിൽചേർക്കാൻ സമ്മതമില്ലായിരുന്നു എന്നും, പിന്നീടു് ആനന്ദന്റെ അപേക്ഷയാൽ സമ്മതിച്ചതാണെന്നും അറിയുന്നുണ്ടു്.

അനന്തരം തഥാഗതൻ മഹാവനത്തിൽനിന്നും പുറപ്പെട്ടു് പ്രയാഗയുടെ തീരത്തുള്ള കൌശാംബി എന്ന നഗരത്തിലെ മകുടം എന്നുപേരുള്ള മലയിൽ ചെന്നു താമസിച്ചു. പിന്നീടു് ബിംബിസാരന്റെ രാജ്യത്തിൽ എത്തി രാജദാരങ്ങൾക്കു ധർമ്മോപദേശം ചെയ്കയും ക്ഷേമയെന്ന ആ മഹതിയെഭിക്ഷുകിയാക്കി സംഘത്തിൽ ചേർക്കുകയുംചെയ്തു. അക്കാലത്തു സംഘത്തിൽചേന്ന ഒരു ഭിക്ഷു തന്റെ ഋദ്ധിസിദ്ധിയെ പരന്മാരെ വെളിപ്പെടുത്തിക്കാട്ടണമെന്നു കരുതി, തന്റെ അത്ഭുതപ്രവൃത്തിയാൽ ഒരു ഭിക്ഷാപാത്രം വരുത്തുകയുണ്ടായി. ഈ വിവരം ബുദ്ധദേവൻ അറിഞ്ഞു്, ഭിക്ഷുക്കൾ തങ്ങളുടെ ഋദ്ധി

66792

സിദ്ധിയെ നിർവ്വാണമാർഗ്ഗത്തിൽ പ്രയോഗിക്കുകയല്ലാതെ, അന്യന്മാരെ വിസ്മയിപ്പിച്ച് അവരുടെ ബഹുമാനത്തെ സമ്പാദിക്കാനുള്ള ഒരായുധമാക്കിച്ചെയ്യുന്നത് ഗർഹണീയമാണെന്നും മേലാൽ ഭിക്ഷുക്കൾ ആരുംതന്നെ അപ്രകാരം പ്രവർത്തിച്ചുപോകരുതെന്നും ഉദ്ബോധനംചെയ്തിട്ട്, ആ പാത്രത്തെ നശിപ്പിച്ചുകളഞ്ഞു. ഇപ്രകാരം ഋദ്ധിസിദ്ധിയെ പ്രദർശിപ്പിച്ചതിൽ വൈമനസ്യം പ്രകടിക്കയാൽ ബുദ്ധദേവന് ആ ശക്തി ലഭിച്ചിട്ടില്ലെന്നു പലരും തെററിദ്ധരിച്ചതായി ആ നാട്ടിൽ ഒരു പ്രസ്താവം ഉണ്ടാവുകയും ബിംബിസാരൻ മുഖേന ആ സംഗതി ബുദ്ധദേവന് അറിവുകിട്ടുകയാൽ, തൻെറ സംഘത്തിൻെറ പ്രചാരത്തിനു പ്രതിബന്ധകമായിനിന്നേക്കാവുന്ന ആ തെററിദ്ധാരണയെ പരിഹരിക്കണമെന്നുകരുതി, ഋദ്ധിസിദ്ധിയാൽ പലേ അത്ഭുതകർമ്മങ്ങളും നിഷ്കാമമായി ചെയ്യുകയും ചെയ്തിട്ടുണ്ട്. അനന്തരം ത്രയസ്ത്രിംശലോകത്തിൽ ചെന്ന് കുറേനാൾ താമസിക്കുകയും അന്തരിച്ചുപോയ തൻെറ മാതാവായ മായാദേവി ഇന്ദ്രൻെറ മകളായി ജനിച്ചുവളർന്നുവരുന്നു എന്നു ജ്ഞാനചക്ഷുസ്സുകൊണ്ടറിഞ്ഞു്, ആ സ്ത്രീയെക്കണ്ടു ജ്ഞാനോപദേശം ചെയ്യുകയും ചെയ്തിട്ട് ആ ലോകത്തിൽ നിന്നും സംഘഷം എന്ന സ്ഥലത്തിറങ്ങി അതുവഴി ജേതവനവിഹാരത്തിൽചെന്നു എന്നു പറയപ്പെടുന്നു. ആ വിഹാരത്തിൽ അങ്ങനെ താമസിച്ചുവരവേ, ശിഞ്ജഎന്നു പേരുള്ള ഒരു ഗണിക ചിലദുർബ്ബുദ്ധികളുടെ പ്രേരണയിൻപേരിൽ, "ബുദ്ധൻ, തൻെറ ദുരാശയ്ക്കു വഴിപ്പെടണമെന്ന് എന്നോടു, ആവശ്യപ്പെട്ടു" എന്നുനാട്ടിലെങ്ങും പറഞ്ഞുകൊണ്ടു നടന്നു. അചിരേണ ഈ അപവാദം സർവ്വത്ര മാറെറാലികൊണ്ടു. എന്നാൽ സത്യം എവിടെയും മികച്ചുനിൽക്കുമെന്നുണ്ടല്ലോ. ഈ അപവാദസൌധത്തിൻെറ അസ്ഥിഭാരം സൂക്ഷ്മഗ്രാഹികളായ ചിലർ കണ്ടുപിടിച്ച് അതിനെ വെട്ടിഇളക്കുകയും അപവാദസൌധം നിലത്തുമറിഞ്ഞുവീണു ശിഥിലീഭൂതമാവുകയും ചെയ്തു.

അനന്തരം ബുദ്ധദേവൻ ശിംശുമാരം എന്ന പാറയിൽ ചിലനാൾ താമസിച്ചുകൊണ്ടിരുന്നു. ഒരുദിവസം, തൻെറ പ്രസിദ്ധശിഷ്യനായ നകുലൻെറയും മൌദ്ഗല്ല്യായനൻെറയും മാതാപിതാക്കന്മാർ അ സ്ഥലത്തുവെച്ചു ബുദ്ധനെ ശരണംപ്രാപിക്കുകയും ഉപദേശം നല്കി അദ്ദേഹം അവരെ ബൌദ്ധന്മാരാക്കുകയുംചെയ്തു. അനന്തരം ശിഷ്യന്മാരുമായി വീണ്ടും കൌശാംബിയിൽഎത്തി. അവിടെവച്ചു് മൌദ്ഗല്ല്യായനനാൽ സംഘത്തിൽ വലുതായ അന്തഃഛിദ്രം നേരിട്ടു. ബുദ്ധദേവൻ കഴിയുന്നതുശ്രമിച്ചിട്ടുംസമാധാനമുണ്ടായില്ല; അനുനിമിഷംവദ്ധിച്ചുവന്നു. തന്നിമിത്തം തൻെറ ശിഷ്യന്മാരെയെല്ലാം അവിടെ വിട്ടുംവച്ചു് പാരിലേയകം എന്ന വനത്തിൽചെന്നു്, ആ വനത്തിലുണ്ടായിരുന്ന താപസന്മാരാൽ സല്ക്കരിക്കപ്പെട്ടു് അവരാൽ നിമ്മിക്കപ്പെട്ട ഒരു ആശ്രമത്തിൽ ഏകാന്തമായി വസിച്ചുവന്നു. മഹാദിവ്യനായ തങ്ങളുടെ ഗുരുഭട്ടൻ പിരിഞ്ഞുപോയതിനാലുള്ള വിഷാദത്താൽ തങ്ങളുടെ അത്യധികമായ തെററിനെക്കുറിച്ചു് ചിന്തിക്കുന്നതിനു് ഇടയാവുകയും തന്മൂലം പശ്ചാത്തപിച്ചുകൊണ്ടു് പാരിലേയകത്തിൽ എത്തി പരിഭ്രാന്തന്മാരായി ഗുരുപാദങ്ങളെ ശരണം പ്രാപിക്കുകയും ചെയ്തു. കരുണാമൂത്തിയായ ഭഗവാൻ ബുദ്ധദേവൻ, സ്വശിഷ്യന്മാരുടെ അപരാധത്തെ ക്ഷമിച്ചു എന്നുമാത്രമല്ല, അവക്കു മനശ്ശാന്തിയെ ഉപദേശിച്ചു് മേലാൽ അപ്രകാരം സംഭവിക്കാതിരിക്കുമാറു് പ്രവത്തിക്കുകയും ചെയ്തു. തന്മൂലം കൃതാർത്ഥന്മാരായിഭവിച്ച ശിഷ്യന്മാരോടുകൂടി ബുദ്ധദേവൻ, ബിംബിസാരൻെറ രാജ്യത്തിലുള്ള ഭരദ്വാജൻ എന്ന കൃഷീവലനായ ഒരു ബ്രാഹ്മണൻെറ ഗൃഹത്തിൽചെന്നു ഭിക്ഷയാചിച്ചു. അപ്പോൾ അദ്ദേഹത്തിൻെറ അമാനുഷികമായ ദിവ്യപ്രഭാവം കണ്ടു് വിസ്മിതന്മാരായ അനവധി ആളുകൾ അദ്ദേഹത്തെ വണങ്ങിനിന്നു. ഭരദ്വാജനാകട്ടെ, ബുദ്ധദേവൻെറ യാചകവൃത്തിയിൽ അവജ്ഞതോന്നി ഇപ്രകാരം പറഞ്ഞു:—“ഇത്തൊഴിൽ നല്ലതല്ല. ഞാനൊ

രു കൃഷിക്കാരനാണ്. ഞാൻ ഉഴുതുന്നു, വിതയ്ക്കുന്നു, അതിൻെറ ഫലം അനുഭവിക്കുന്നു. നിങ്ങൾക്കും അതുപോലെ ചെയ്തുകൂടേ?"

ബുദ്ധൻ—ഞാനും ഉഴുതുന്നു; വിതയ്ക്കുന്നു, അതിൻെറ ഫലം ആസ്വദിച്ചു സുഖിക്കുന്നു.

ബ്രാഹ്മണൻ—നിങ്ങൾ ഉഴുതുന്നതു വാസ്തവമാണെങ്കിൽ നിങ്ങളുടെ കാളകളെവിടെ? വിത്തെവിടെ? കാണിക്കുക!

ബുദ്ധൻ—വിത്തു, ശ്രദ്ധ; അതിനെ മുളപ്പിച്ചു വളർത്തുന്ന മഴ, സൽക്കാര്യം; വയൽ, ധർമ്മശാസ്ത്രം; ഉഴുവാനുള്ള കലപ്പയുടെ പിരിവുകൾ, അറിവും വണക്കവും; അതിൻെറ പിടി, ധർമ്മവും, ഉഴുതുന്ന കാളകൾ അക്ഷീണയത്നം; അക്കാളകളെ ബന്ധിച്ചിരിക്കുന്ന കയർ, മനസ്സ്; ചമ്മട്ടി, കർത്തവ്യബോധം; വിളവിനു പ്രതിബന്ധകമായി നിൽക്കുന്ന കള, മയക്കവും; ഈ കൃഷിയിൽനിന്നും കിട്ടുന്ന ഫലമോ നിർവാണം; അതിനെ ആസ്വദിച്ചാൽ എല്ലാവക ദുഃഖങ്ങളും പരിഹരിക്കപ്പെട്ടും.

ജ്ഞാനഗർഭമായ ഈ സമാധാനംകേട്ട് ഭരദ്വാജൻ, തൻെറ കൃഷിത്തൊഴിലിനെ മാത്രമല്ല, തൻെറ സകലഭൗതികസുഖങ്ങളെയും പരിത്യജിച്ച് അദ്ദേഹത്തിൻെറ ശിഷ്യത്വം സമ്പാദിച്ചു. അനന്തരം ബുദ്ധൻ ശിഷ്യസമേതം, കോസലരാജ്യത്തുള്ള സത്യപ്രിയ എന്ന നഗരത്തിൽ എത്തി അവിടെ അല്പനാൾ താമസിച്ചു. അവിടെനിന്നും തെക്കോട്ടു തിരിച്ചു പലസ്ഥലങ്ങളിൽ സഞ്ചരിച്ച് കാശി, വൈശാലി മുതലായ രാജ്യങ്ങളിൽകൂടി ശ്രാവസ്തിയിൽ ചെന്നുചേൎന്നു. അതിനകം ആ യാത്രയിൽ അദ്ദേഹം സാധിച്ചിട്ടുള്ള മഹാകാൎയ്യങ്ങൾ അസംഖ്യങ്ങളാണ്.

അതിനുശേഷം രാഹുലനു് പക്വബുദ്ധിയും തൻേറടവും സിദ്ധിച്ചതായി അറിഞ്ഞു്, അവനെ ഭിക്ഷുവാക്കി, "രാഹുലസൂത്രം" എന്നു് ഇപ്പോൾ പറയപ്പെടുന്ന ധർമ്മശാസ്ത്രത്തെ ഉപ

ദേശിച്ചു. പിന്നീട് ന്യഗ്രോധവനത്തെ പ്രാപിച്ച് അല്പകാലത്തേക്ക് അവിടെ താമസിച്ചുകൊണ്ടിരിക്കുമ്പോൾ ശുദ്ധോദനനും അയാൾക്കു ശേഷം കപിലവാസ്തുവെഭരിച്ചുവന്ന ഭദ്രകനും അയാളുടെ പിൻഗാമിയായ മഹാനാമനും ധർമ്മോപദേശം ചെയ്തു. അക്കാലത്ത് ശുപ്രബുദ്ധൻ, തഥാഗതൻെറ സമീപത്തിൽ ചെന്നു് തൻെറ മകൾ യശോധരയെ സന്യസിപ്പിച്ചതിനെപ്പററി ബുദ്ധദേവനെ ശകാരിച്ചു സംസാരിച്ചുവെന്നും, പെട്ടെന്നു ഭൂമി പിളന്നു് അയാൾ പാതാളത്തിൽ പതിച്ചുവെന്നും പറയുന്നുണ്ടു്.

പിന്നീട്, ബുദ്ധദേവൻ അലവി എന്ന ദേശത്തുചെന്നു അവിടെ കുട്ടികളെപ്പിടിച്ചു വിഴുങ്ങിക്കൊണ്ടിരുന്ന ഒരു ദുഷ്ടരാക്ഷസനു് ധർമ്മോപദേശംചെയ്തു് അവനെ സദ്ഗുണനാക്കിച്ചെയ്തു എന്നു കേൾവിയുണ്ടു്. അദ്ദേഹം അന്നാട്ടിൽ താമസിച്ചുവരവേ, ശിഷ്യന്മാക്കു ധർമ്മോപദേശം ചെയ്യുന്നതു കേൾക്കാൻ അത്യാശയോടുകൂടി വന്ന ഒരുവൻ അത്യന്തം ക്ഷുൽപീഡിതനായിരിക്കുന്ന വിവരം തന്നെത്താൻ ബോധിച്ച് അവനു ഭക്ഷണം നൽകി ധർമ്മോപദേശംചെയ്തു. ഇതിൽനിന്നും ജ്ഞാനം സമ്പാദിക്കാൻ പട്ടിണികിടക്കേണ്ട ആവശ്യമില്ലെന്നുള്ള അഭിപ്രായവും ദീനാനുകമ്പയും ഉള്ള ദിവ്യനാണു് ബുദ്ധദേവൻ എന്നു വെളിപ്പെടുന്നുണ്ടല്ലോ.

അനന്തരം മഗധരാജ്യത്തെ പ്രാപിച്ച് അവിടെ കുഗ്രാമങ്ങളിൽപോലും സഞ്ചരിച്ചു ധർമ്മോപദേശംചെയ്തു അനേകായിരം ആളുകളെ സംഘത്തിൽ ചേർത്തുവരവേ, ഒരു വേടൻെറ വലയിൽ അകപ്പെട്ടു കിടക്കുന്ന മാനിനെക്കണ്ടു്, അനുകമ്പയോടുകൂടി അതിനെ മോചിപ്പിച്ചിട്ടു്, ഒരു വൃക്ഷത്തിൻെറ ചുവട്ടിൽ ശിവസമാധിയിൽ ലയിച്ചിരുന്നു. താൻ ബുദ്ധിമുട്ടിപ്പിടിച്ച മാനിനെ വലയറുത്തു വിട്ടതിൽ കുപിതനായി, ഭഗവാൻ ബുദ്ധദേവനെ നിഗ്രഹിക്കുന്നതിനായി അങ്ങോട്ടു പാഞ്ഞുചെന്ന വേടൻ, അദൃശ്യമായ ഒരു ശക്തിയാൽ തട

ഞ്ഞുനിൽക്കപ്പെട്ടു. ഒടുവിൽ സമാധിയിൽനിന്നും വിരമിക്കുമ്പോൾ തന്റെ മുമ്പിൽ അത്യന്തഭക്തിയും ഭീതിയുംപൂണ്ടു കുമ്പിട്ടുനിൽക്കുന്ന കിരാതനെക്കണ്ടു സന്തുഷ്ടനായ ഭഗവാൻ അവനു ധർമ്മത്തെ ഉപദേശിച്ചു് അനുഗ്രഹിക്കുകയും അന്നുമുതൽ അവനും അവന്റെ കുടുംബവും ഹിംസാവൃത്തിയിൽനിന്നും പിൻവാങ്ങി ധർമ്മമാർഗ്ഗത്തിൽ ചരിക്കുകയുംചെയ്തു. തദനന്തരം ശ്രാവസ്തിയിൽ എഴുന്നെള്ളി ധർമ്മത്തെപ്പുരസ്കരിച്ചു പ്രസംഗമാരിപൊഴിച്ചു അധർമ്മജ്വാലയെക്കെടുത്തിവന്നു. അക്കാലത്തു് അദ്ദേഹത്തിന്റെ ഒന്നിച്ചുണ്ടായിരുന്ന ഭിക്ഷുക്കളിൽ ഒരുവൻ അദ്ദേഹത്തിന്റെ ഭിക്ഷാപാത്രത്തെ രണ്ടു പ്രാവശ്യം മോഷ്ടിച്ചുകൊണ്ടുപോവുകയും ആ രണ്ടുഘട്ടത്തിലും അവനു മാപ്പുകൊടുത്തു എന്നുമാത്രമല്ല, മേലാൽ ആ മനഃസ്ഥിതി അവനുണ്ടാകാതിരിക്കാനായി, രണ്ടാംപ്രാവശ്യംമുതൽ അവനെ തന്റെ അടുത്ത അനുയായിയാക്കിച്ചെയ്കയും ചെയ്തു. അ നഗരത്തിലുള്ള ഒരു ധനിക, ബുദ്ധദേവന്റെ ദിവ്യത്വത്തെ അറിഞ്ഞു തച്ഛിഷ്യന്മാരുടെ ഉപയോഗത്തിലേക്കായി പൂവാരാമം എന്ന ഉദ്യാനവും അതിൽ മനോഹരമായി നിർമ്മിക്കപ്പെട്ട ഒരു വിഹാരവും ദാനംചെയ്തു.

ഒരിക്കൽ ബുദ്ധദേവൻ ശാലിയദേശത്തിനുസമീപമുള്ള കാട്ടുകളിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ * അംഗുലീ

---

* അംഗുലീമാരകനെന്നൊരുവൻ, തന്റെ ഇഷ്ടദേവതയെ തൃപ്തിപ്പെടുത്താനായി ആയിരം വിരലുകൾ കോർത്തുള്ള ഒരു മാല ഉണ്ടാക്കണമെന്നു കരുതി പലരുടേയും വിരലുകളെ ബലാൽക്കാരേണ ഛേദിച്ചു സംഭരിച്ചുവന്നുവെന്നും ഒടുവിൽ ആയിരം തികയുന്നതിനു രണ്ടുവിരൽ കുറവുണ്ടായിരുന്നതിനു് തന്റെ മാതാവിന്റെ വിരലുകളെത്തന്നെ മുറിക്കാൻ തീർച്ചപ്പെടുത്തിയെന്നും അപ്രകാരം അംഗുലീഛേദനത്തിനു ഭാവിക്കുമ്പോൾ ബുദ്ധദേവൻ കണ്ടു തടഞ്ഞു ധർമ്മത്തെ ഉപദേശിച്ചു് അവനെ പാട്ടിലാക്കിയെന്നും ചില ഗ്രന്ഥങ്ങളിൽ കാണുന്നു, ഈ അംഗുലീമാരകനും അംഗുലീമാലൻ എന്നു മേൽപ്പറഞ്ഞ കള്ളനും ഒരാൾതന്നെയായിരിക്കണം. എല്ലാ പുസ്തകങ്ങളിലും ഇതിൽ ഏതെങ്കിലും ഒരു കഥയല്ലാതെ രണ്ടുകഥയും ഒന്നിച്ചു ഒരു ഗ്രന്ഥത്തിലും കഥിച്ചുകാണുന്നില്ലെന്നുള്ളതു് രണ്ടും ഒന്നാണെന്നുള്ള അഭിപ്രായത്തിനു് ഒരു തെളിവുമാണു്.

മാലനെന്നു പേരോട്ടുകൂടിയവനും ഘാതകനുമായ ഒരു പെരുങ്ക ള്ളൻ തടഞ്ഞുനിൎത്തുകയും അദ്ദേഹം അവനു ധർമ്മത്തെ ഉ പദേശിച്ചു വശപ്പെടുത്തുകയും അവൻ ആ നീചകൎമ്മത്തിൽ നിന്നും മാറുകമാത്രമല്ല, സൎവ്വും ത്യജിച്ചു ഭിക്ഷുവായിത്തീരു കയുംചെയ്തു.

---

## ആറാം അദ്ധ്യായം.

---

ഭഗവാൻ ബുദ്ധദേവന് ആത്മജ്ഞാനം സിദ്ധിച്ചിട്ട്, ഇ പ്പോൾ ഇരുപതുകൊല്ലം കഴിഞ്ഞിരിക്കുന്നു. പിന്നീടും പല സ്ഥലങ്ങളിലും സഞ്ചരിച്ചു് പലേ മഹാകാൎയ്യങ്ങളും സാധി ച്ചിട്ടുണ്ട്; അതിലേക്കു പ്രമാണങ്ങളുമുണ്ട്. എന്നാൽ അനുക്ര മേണ അവയെ രേഖപ്പെടുത്തിയിട്ടുള്ള പ്രമാണങ്ങൾ ഇല്ലെ ന്നു തോന്നുന്നു. അതുകൊണ്ട്, ഇനി, അദ്ദേഹം തൻെറ അ ന്ത്യഘട്ടത്തിനുള്ളിൽ സാധിച്ചിട്ടുള്ള പ്രധാനസംഭവങ്ങളെ ചുരുക്കി പ്രസംഗിക്കാൻ മാത്രമേ ഇവിടെ നിവൃത്തിയുള്ളു.

ശ്രൂന്യപ്രാന്തം എന്ന പ്രദേശത്തുനിന്നും ബുദ്ധമഹത്വ ത്തെ അറിഞ്ഞു് ബുദ്ധനെ ശരണം പ്രാപിച്ചു ഭിക്ഷുവായി സംഘത്തിൽചേൎന്ന ഒരു വ്യാപാരി ബുദ്ധമതത്തിൽ നല്ല തഴ ക്കവും തദാദർശത്തിൽ വേണ്ടപഴക്കവും സിദ്ധിച്ചു് യഥാൎത്ഥ മായ ആനന്ദത്തെ ആസ്വദിച്ചതിനുശേഷം തൻെറ നാട്ടുകാ രെയും അതിലേക്കു അൎഹന്മാരാക്കിച്ചെയ്യണമെന്നുള്ള ഒരാശ പല കാലമായി അയാളെ അലട്ടിക്കൊണ്ടിരുന്നതിൻെറ ഫല മായി ഒരുദിവസം തൻെറ ഗുരുഭൂതനോട്ട് അഭ്യൎത്ഥിച്ചു:— "സ്വാമിൻ! എൻെറ രാജ്യക്കാൎക്കു ധർമ്മത്തെ ഉപദേശിക്കു വാൻ പോകണമെന്നു് ആഗ്രഹമുണ്ട്; അനുഗ്രഹബുദ്ധ്യാ അ നുവദിക്കണമെന്നു പ്രാർത്ഥിക്കുന്നു." ബുദ്ധൻ ചോദിച്ചു:—

"അന്നാട്ടുകാർ മഹാമൂർഖന്മാരാണല്ലോ; അവർ നിന്റെ ഉപദേശത്തെ കൈക്കൊള്ളാതെ നിന്നെ അധിക്ഷേപിക്കുകയാണെങ്കിൽ നീ എന്തുചെയ്യും?"

ശിഷ്യൻ— ഞാൻ മൌനത്തെ അവലംബിക്കും.

ബുദ്ധൻ—കുപിതന്മാരായി നിന്നെ തല്ലുകയാണെങ്കിൽ നീ എന്തുചെയ്യും?

ശിഷ്യൻ—ഞാൻ അങ്ങോട്ട് അടിക്കുകയില്ല.

ബുദ്ധൻ—അവർ നിന്നെ കൊല്ലാനാണു ഭാവം, നീ എന്തുചെയ്യും?

ശിഷ്യൻ—മരണത്താൽ എനിക്കു യാതൊരുദോഷവും വരാനില്ല; മരണത്തെത്തന്നെ അഗ്രഹിക്കുന്നവർ ഈ ലോകത്തിൽ പലരുമുണ്ട്; ഞാൻ എന്റെ ജീവിതത്തെ കൂട്ടുന്നതിനോ കുറയ്ക്കുന്നതിനോ ശ്രമിക്കുകയില്ല.

ശിഷ്യൻ ധർമ്മത്തെ അറിഞ്ഞു എന്നു ഗുരുനാഥനു ബോദ്ധ്യമായി. "നിന്റെ മനോരഥം സാധിച്ചുകൊൾക!" എന്നു് അനുവാദം നൽകി അയച്ചു.

ഒരിക്കൽ കൃശാഗൌതമി എന്നു പേരുള്ള ഒരു സ്ത്രീക്കു്, നടന്നുകളിക്കുന്നപ്രായത്തിൽ ഒരു കുട്ടിയുണ്ടായിരുന്നു; പെട്ടെന്നങ്ങു മരിച്ചുപോയി. ഗൌതമിക്കുണ്ടായ വിഷാദം ഊഹിച്ചറിയാവുന്നതാണല്ലോ. വേറെ കുട്ടികളുമില്ല. കുട്ടിയെ ജീവിച്ചുകിട്ടുകതന്നെവേണമെന്നു തള്ളയ്ക്കു നിർബ്ബന്ധമായി. കുട്ടിയുടെ ശരീരത്തെയെടുത്തു മാറിൽച്ചേർത്തണച്ചു കരഞ്ഞുംകൊണ്ടു്, "ഈ കുട്ടിയെ ജീവിപ്പിക്കാൻ തക്കമരുന്നു നിങ്ങളുടെ കൈവശമുണ്ടെങ്കിൽ, ദയചെയ്തു് അല്പം ഇങ്ങു തരണേ!" എന്നു കണ്ണിൽ കാണുന്നവരോടെല്ലാം യാചിച്ചു നടന്നു; വീടുകൾതോറും കേറിയിറങ്ങി. ഒരു ബൌദ്ധഭിക്ഷു വഴിയേ പോകുന്നുണ്ടായിരുന്നു. അദ്ദേഹത്തോടും സ്ത്രീ മരുന്നു ചോദിച്ചു. അദ്ദേഹത്തിനു് ആ സ്ത്രീയുടെ ദയനീയസ്ഥിതിയിൽ വളരെ അനുകമ്പതോന്നി; അദ്ദേഹം പറഞ്ഞു:—"മരുന്നുണ്ടു്; പക്ഷേ, എന്റെ കൈവശമില്ല. മറെറാരാളി

ന്റെ പക്കലാണ്. ആ ആളിനെ എനിക്കറിയാം." "ആരാണ്? ആരാണദ്ദേഹം?" എന്നു ബദ്ധപ്പെട്ടുകൊണ്ട് സ്ത്രീ ചോദിച്ചു. "ബുദ്ധൻ എന്നു ഒരാളിനെ നിങ്ങൾ കേട്ടിട്ടില്ലേ?" എന്നു ഭിക്ഷു ചോദിച്ചതിനു മറുപടി പറയാൻ താമസിക്കാതെ സ്ത്രീ, ബുദ്ധന്റെ മുമ്പിൽ പററി. "സ്വാമിൻ! മരിച്ച കുഞ്ഞിനെ ജീവിപ്പിക്കാനുള്ള മരുന്ന് അങ്ങേക്ക് അറിവുണ്ടോ?" എന്നു ചോദ്യവും കഴിഞ്ഞു,

ബുദ്ധൻ— ഉണ്ട്; ആ മരുന്ന് എനിക്ക് അറിയാം.

സ്ത്രീ—എന്നാൽ എനിക്ക് ആ മരുന്ന് ഒന്നുണ്ടാക്കി തരണേ! അവിടുന്നു പറയുന്ന വേരും ഇലയും വേറെ വല്ലതും വേണമെങ്കിൽ അതും ഞാൻ കൊണ്ടുവന്നുതരാം.

ബുദ്ധൻ— ഒരുപിടി കടുകുവേണം.

ഗൌതമി ബദ്ധപ്പെട്ടു കടുകിനുപോകാൻ ഭാവിക്കുന്നതു കണ്ടു, "നിൽക്കു, നിൽക്കു! ഒരുത്തരും മരിച്ചിട്ടില്ലാത്ത വീട്ടിൽനിന്നുംവേണം കടുകു കൊണ്ടുവരേണ്ടതു" എന്നു ശബ്ദം കെട്ടി. ഗൌതമി അത്യന്തസന്തോഷത്തോടെ പുറപ്പെട്ടു; ഒരു വീട്ടിന്റെ പടിക്കൽചെന്ന് ഒരുപിടി കടുകുവേണം എന്നാവശ്യപ്പെട്ടു. അതുകേട്ട് ഗൃഹനായിക കടുകു കൊണ്ടുവന്നപ്പോൾ "നിങ്ങളുടെ വീട്ടിൽ ഇതേവരെ ആരെങ്കിലും മരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എനിക്ക് ഈ കടുകിന്റെ ആവശ്യമില്ല" എന്നു പറഞ്ഞു. ഗൃഹനായികയ്ക്കു ഗൌതമിയുടെ വാക്കുകേട്ടു ചിരിയുണ്ടായി; ആ സ്ത്രീ വീണ്ടും വീണ്ടും ചിരിച്ചുംകൊണ്ട്, "നിങ്ങൾക്കു ഭ്രാന്തുണ്ടോ? ജീവിച്ചിരിപ്പുള്ളവർ കുറച്ചുപേരേയുള്ളു. മരിച്ചവരുടെ സംഖ്യ വളരെ കൂടുതലാണ്. ജീവിച്ചിരിപ്പുള്ളവരും മരിക്കേണ്ടവരാണ്" എന്നുപറഞ്ഞു. ഗൌതമി നിരാശപ്പെട്ടില്ല; അടുത്ത വീട്ടിൽ കയറി; അവിടെയും അനുഭവം ഇതുതന്നെയായിരുന്നു. മൂന്നാമത്തെ വീട്ടിൽ ചെന്നു, ഫലം അതുതന്നെ. നാലാമത്തേ വീട്ടിലും പോയി, തഥൈവ. അഞ്ചാമത്തെയും ആറാമത്തെ

MUL 066792

യും വീട്ടുകളിലും കയറി, അനവധി വീട്ടുകളിൽ കയറിയിറങ്ങി. ചെല്ലുന്നിടത്തെല്ലാം, "എൻെറ മകൻ മരിച്ചു, എൻെറ മകൻ മരിച്ചു, എൻെറ ഭർത്താവു മരിച്ചു, ഭാര്യ മരിച്ചു, അച്ഛനും അമ്മയും മരിച്ചു, അമ്മാവന്മാർ മരിച്ചു" ഇങ്ങനെ പറഞ്ഞുകേൾക്കാനേയുള്ളു. ഗൌതമി ഒന്നുകൂടി പരീക്ഷിച്ചതിനുശേഷം, 'മരിക്കാത്ത വീടുകൾ' ഒന്നെങ്കിലും കണ്ടുകിട്ടാഞ്ഞതിനാൽ, എല്ലായിടത്തും എല്ലാവക്കും മരണമുണ്ടെന്നും ജനിച്ചവരൊക്കെ മരിക്കേണ്ടവരാണെന്നും ദൃഢമായി വിശ്വസിച്ചു്, പുത്രശോകത്തെ അകററി മനസ്സിനെ സ്വാധീനപ്പെടുത്തിക്കൊണ്ടു് കുട്ടിയുടെ പ്രേതത്തെ ശ്മശാനത്തിൽ കൊണ്ടുചെന്നു് അവിടെ നടത്തേണ്ട കർമ്മങ്ങളെല്ലാം നിർവ്വഹിച്ചതിനുശേഷം ബുദ്ധനെ ചെന്നു നമസ്കരിച്ചു. ഭഗവാൻ തഥാഗതൻ, "ഞാൻ പറഞ്ഞതുപോലെ കടുകു കൊണ്ടുവന്നുവോ?" എന്നു ചോദിച്ചു. നടന്ന വൃത്താന്തം അവൾ അദ്ദേഹത്തെ ധരിപ്പിച്ചു. അതുകേട്ടു ബുദ്ധൻ "ഈ ലോകത്തിൽ ഒന്നും ശാശ്വതമല്ല" എന്നുള്ള തത്വത്തെ അവൾക്കു സവിസ്തരം ഉപദേശിച്ചു. ഗൌതമി അന്നുമുതൽ ബുദ്ധമതത്തെ സ്വീകരിച്ചു് മരണത്തെ ജയിക്കാനുള്ള മാർഗ്ഗത്തിൽ ശ്രമിച്ചുതുടങ്ങി.

ഒരു മഹാപിശുക്കൻ ജീവിച്ചുവന്നു. വലിയ ധനികനാണ്. ഒരൊററപ്പൈസ ആക്കും കൊടുക്കുകയില്ല. യാചകന്മാർ അകലേനിന്നും വരുന്നതുകണ്ടാൽ തട്ടിന്മേൽകയറി ഭാര്യയുമൊന്നിച്ചു സുഖിച്ചിരിക്കും. ഈ സംഗതി ബുദ്ധദേവന് അറിവുകിട്ടി. അവൻെറ ആ മനഃസ്ഥിതിയിൽ അദ്ദേഹത്തിന് അനുതാപം തോന്നി. അവനിൽനിന്നും ആ വലുതായ കുററത്തെ മാററി അവനെ നേർവഴിയിൽ തിരിക്കണമെന്നു നിശ്ചയിച്ചു; അവൻെറ വീടന്വേഷിച്ചുപുറപ്പെട്ടു. അദ്ദേഹം അകലെനിന്നും വരുന്നതുകണ്ടു്, പിശുക്കൻ മാളികയിലെത്തി. ബുദ്ധൻ നിശ്ശങ്കം കയറിച്ചെന്നു. അവൻ ഭാര്യയുമായി അപ്പം പാകപ്പെടുത്തി ഭക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. ബുദ്ധനെ

കണ്ടമാത്രയിൽ അവന്നു് അവാച്യമായ ഒരു ഭക്തി അദ്ദേഹത്തിൻെറ നേക്ക് അങ്കുരിച്ചു. അദ്ദേഹം അവന്നു മഹത്തായ ധർമ്മത്തെ ഉപദേശിച്ചു; അവൻെറ പരിശുദ്ധമാറി; ഭൌതികസുഖത്തിൽ വിരക്തിയും ഉണ്ടായി. തൽഫലമായിട്ടി ബുദ്ധമതത്തിൽ ചേൎന്നു സന്യസിച്ചു.

ബുദ്ധദേവൻ, ഒരിക്കൽ ഗൃദ്ധ്രകൂടപൎവ്വതത്തിൻെറ ശിഖരത്തിൽ കയറി നിന്നുംകൊണ്ടു്, സമീപസ്ഥലങ്ങളിൽ നിന്നും അനേകായിരം ജനങ്ങളെ വിളിച്ചുകൂട്ടി ധൎമ്മത്തെ പുരസ്സരിച്ചു പ്രസംഗിച്ചു. പ്രസംഗിച്ചുകൊണ്ടു നില്ക്കുമ്പോൾ തൻെറ പാദത്തിലെ സഹസ്രാരപത്മരേഖ അസ്ഥലത്തു പതിഞ്ഞുവെന്നും അന്നുമുതൽ ആ മലയ്ക്കു് പാദപങ്കജപൎവ്വതം എന്നു പേരുണ്ടായി എന്നുംപറയുന്നുണ്ടു്.

ബുദ്ധൻ, ആ പൎവ്വതത്തിൽ നിൎമ്മിച്ചിട്ടുള്ള വിഹാരത്തിൽ താമസിച്ചുകൊണ്ടു്, ധൎമ്മപ്രചാരണം ചെയ്തുകൊണ്ടിരുന്നു. അക്കാലത്തു് ജനങ്ങൾ സൌകൎയ്യമായി ആ പൎവ്വതത്തിൻെറ മുകളിൽ കയറിയിറങ്ങുന്നതിനു ബിംബസാരൻ ദീൎഘവും മനോഹരവുമായ ഒരു കല്പടികെട്ടിച്ചിട്ടുണ്ടായിരുന്നു. തഥാഗതൻ ആ മലയിൽ വസിക്കുമ്പോൾ ദേവദത്തൻ അസൂയാലുവായിഭവിച്ചു അദ്ദേഹത്തിനു പലദ്രോഹങ്ങളും ചെയ്തുവന്നു. എന്നാൽ അദ്ദേഹത്തിൻെറ ദിവ്യപ്രഭാവത്താൽ ആ ശ്രമങ്ങളെല്ലാം ഫലവത്താകാതെപോകുകയാണുണ്ടായതു്. എന്നിട്ടും അവൻ നിരാശപ്പെട്ടില്ല. ബുദ്ധദേവനെ നിഗ്രഹിക്കണമെന്നുറച്ചു; ഒരാനയേ അതിലേക്കു് ആയുധമാക്കി; കൊലവിളി മുഴുറെറാലിക്കൊള്ളിച്ചുകൊണ്ടു പാഞ്ഞടുത്ത ആ മദേഭം അദ്ദേഹത്തിൻെറ ധൎമ്മോപദേശത്തെ ശ്രവിച്ചു മസ്തകം താഴ്ത്തി കൊമ്പുന്നിനിന്നു.

ഒരിക്കൽ മഗധരാജ്യത്തിലെ എണ്പതിനായിരം നഗരത്തിലെ പ്രമാണികളും ഏകകാലത്തിൽ ബുദ്ധഭഗവാനെ ദൎശിച്ചു എന്നും എണ്പതിനായിരംപേരും അദ്ദേഹംധൎമ്മത്തെ

ഉപദേശിച്ച് അവരെ ബൌദ്ധന്മാരാക്കി സ്വീകരിച്ചുവെന്നും അറിയുന്നു. ഇതിൽനിന്നും മഗധരാജ്യം മുഴുവൻ ബുദ്ധൻെറ കാലത്തു് അദ്ദേഹത്തിൻെറ ആദേശം പ്രചരിച്ചിരുന്നുവെന്നു തെളിയുന്നുണ്ട്. ഇക്കാരണത്താലും, ബുദ്ധന് ആത്മജ്ഞാനം സിദ്ധിച്ചതു് ആ സ്ഥലത്തു വച്ചാണെന്നുള്ളതിനാലും മഗധരാജ്യത്തെ ഒരു പുണ്യഭൂമിയായി ബൌദ്ധന്മാർ കൊണ്ടാടുന്നുണ്ട്.

ബുദ്ധൻ വൈശാലി നഗരത്തിലുള്ള അമ്രവനത്തിലെ വിഹാരത്തിൽ താമസിച്ചുവരവേ, ഏതാനും ദിവസത്തെ പ്രസംഗങ്ങളാൽ പതിനായിരത്തിൽപരം ജനങ്ങൾ ഏകകാലത്തിൽ ബുദ്ധമതം സ്വീകരിക്കപ്പെട്ടുകയുണ്ടായിട്ടുണ്ട്.

ഒരിക്കൽ, ബുദ്ധദേവൻ തൻെറ ശിഷ്യന്മാരുമായി പാടലീപുത്രം എന്ന സ്ഥലത്തുവച്ച് ഗംഗാനദിയെ കടക്കാൻ ഭാവിക്കുമ്പോൾ, അദ്ദേഹത്തിൻെറ ആഗമനത്തെ അറിഞ്ഞു് ഗംഗാതീരത്തിൽ താമസിക്കുന്നവരായ സകലയാളുകളും കടത്തുതോണിയും കൊണ്ടുവന്നു് ഓരോത്തരും അവരവരുടെ തോണിയിൽ കയറണമെന്നപേക്ഷിച്ചു. തനിക്കുകയറാൻ ഒരു തോണിയുടെ ആവശ്യമേയുള്ളു. അനേകായിരം തോണിക്കാർ ക്ഷണിക്കുന്നുമുണ്ട്. ഏതെങ്കിലും ഒന്നിൽ കയറാമെന്നുവച്ചാൽ ശേഷംപേർ പരിഭവിക്കയുംചെയ്യും. ഒരുത്തരുടേയും പരിഭവം കൂടാതെ കഴിക്കണമെന്നു നിശ്ചയിച്ചു. ഹാജരുണ്ടായിരുന്ന തോണികളിൽ ശിഷ്യന്മാരെക്കയററി ഇറക്കി. ഭഗവാൻ തൻെറ ഋദ്ധിസിദ്ധിയാൽ ആകാശമാർഗ്ഗേണ ഗംഗയെക്കടന്നു. തോണിക്കാരുടെ പരിഭവം ഏൽക്കാതെ കഴിഞ്ഞു എന്നുമാത്രമല്ല, പൂർവാധികം അവരുടെ ഭക്തിബഹുമാനങ്ങളെ അർഹിക്കുകയുംചെയ്തു.

തഥാഗതൻ വർഷകാലങ്ങളിൽമാത്രം വനങ്ങളിലോ, പട്ടണങ്ങളിലുള്ള ഉദ്യാനങ്ങളിലോ താമസിച്ചും മററുകാലങ്ങളിൽ ശിഷ്യന്മാരുമായി (ചിലപ്പോൾ തനിച്ചും) ഓരോരോ

ജ്യങ്ങളിൽ സഞ്ചരിച്ച് ലോകാനുഗ്രഹബുദ്ധ്യാ അമോഘങ്ങളായ പ്രസംഗങ്ങൾ നടത്തി തൻെറ ആദർശത്തെ ലോകത്തിൽ പരത്തിയും വന്നു. ഓരോയാത്രയിലും ശിഷ്യന്മാരുടെ സംഖ്യയെ വദ്ധിപ്പിക്കുകമാത്രമല്ല, പരദാരങ്ങളെ പരിഗ്രഹിക്ക, വേശ്യകളുമായി ഇടപെടുക മുതലായ ദുർവൃത്തികളിൽ ഏപ്പെട്ടു ജീവിതത്തെ പാഴിൽ കളയുന്നവരെ അതിൽനിന്നും നിവത്തിക്കുക മാത്രമല്ല, അസത്യവാദികളെ സത്യവാദികളാക്കുക മാത്രമല്ല, കളവുതൊഴിലിൽത്തന്നെ കാലംകഴിക്കുന്നവരെ അതിൽനിന്നും പിൻവാങ്ങിക്കുക മാത്രമല്ല, ശരീരാദികൾ അനശ്വരങ്ങളാണെന്നു വിശ്വസിച്ചുപോരുന്നവരെ അവ നശ്വരങ്ങളാണെന്നു വിശ്വസിപ്പിക്കുക മാത്രമല്ല, പുണ്യത്തെ സ്വപ്നത്തിൽപോലും അറിഞ്ഞിട്ടില്ലാത്തവരെ, പുണ്യം സർവോപരി ശ്രേഷ്ഠമാണെന്നു ധരിപ്പിക്കുക മാത്രമല്ല, പരന്മാർ ചെയ്ത ഉപകാരത്തെ വിസ്മരിക്കുന്ന കൃതഘ്നന്മാരെ കൃതജ്ഞതയുടെ ഉൽകർഷത്തെ ഗ്രഹിപ്പിക്കുക മാത്രമല്ല, മദ്യപാനികളെ അതിൻെറ ദോഷത്തെ പറഞ്ഞു ധരിപ്പിച്ച് അതിൽ നിന്നും ഒഴിക്കുക മുതലായ അനവധി അനവധിനന്മകൾ ലോകത്തിനു ചെയ്തു. അദ്ദേഹം ചെയ്തിട്ടുള്ള പ്രസംഗങ്ങൾ അസംഖ്യങ്ങളത്രേ ബുദ്ധദേവൻെറ മാതൃഭാഷ 'പാലി'യായിരുന്നുവെന്നും പ്രസംഗങ്ങളുടെ മൂലം ആ ഭാഷതന്നെയായിരുന്നിരിക്കണമെന്നും പിൽകാലങ്ങളിൽ പലരാജ്യക്കാരും അവരവരുടെ ഭാഷകളിൽ തർജ്ജമചെയ്തതാണെന്നും പറയുന്നു.

ബുദ്ധദേവന് മഹാബോധിയുടെ ചുവട്ടിൽവച്ച് ആത്മജ്ഞാനം സിദ്ധിച്ചതിൻെറ നാല്പത്തിനാലാംവർഷത്തിലെ മഹോത്സവം ജേതവന വിഹാരത്തിൽവച്ച് ആഘോഷിക്കപ്പെട്ടു.

അനന്തരം, വൈശാലി നഗരത്തിലുൾപ്പെട്ട മാഞ്ചോലയിൽ എത്തി അവിടെ സംഘത്തോടുകൂടി താമസിച്ചുവന്നു. അവിടെ മുടങ്ങാതെ നടത്തിക്കൊണ്ടിരുന്ന പ്രസംഗങ്ങൾ കേട്ട്

ധമ്മബോധമുണ്ടായവരിൽ അമ്രപാല എന്ന ഒരു ഗണികക്കൂടി ഉൾപ്പെട്ടിരുന്നു. അവർ തൻെറവക ഒരു മാന്തോപ്പ് സംഘത്തിനായി വിട്ടുകൊടുത്തു. പിന്നീട് അവളുടെ അപേക്ഷപ്രകാരം, ഗണികയായിരുന്ന സദ്വൃത്തയായ ആ സ്ത്രീയുടെ ഗൃഹത്തിൽ ശിഷ്യസമേതം ബുദ്ധഭഗവാൻ ഭിക്ഷാർത്ഥം എഴുന്നെള്ളി സ്വപാദസ്പർശത്താൽ തദ്ഗൃഹത്തെപവിത്രീകരിച്ചു. മാന്തോപ്പിൽ താമസമാക്കിയതിനുശേഷം പലമതത്തിലും പലവർഗ്ഗത്തിലുമുള്ള അസംഖ്യം ആളുകൾ ബുദ്ധനെ ദർശിച്ച് ഉപദേശം വാങ്ങി ഭിക്ഷുക്കളായും ഉപാസകന്മാരായും ഭവിച്ചിട്ടുണ്ട്.

പിന്നീട് വിലപനഗരത്തിൽചെന്നു വർഷകാലത്തിൽ അവിടെ താമസിച്ചിരുന്നു. അത് ബുദ്ധനുജ്ഞാനം സിദ്ധിച്ചതിൻെറ നാല്പത്തഞ്ചാംവർഷത്തിലെ മഴക്കാലമായിരുന്നു. അവിടെവെച്ച് അദ്ദേഹത്തിനു ശരീരാസ്വാത്ഥ്യം നേരിട്ടു. തന്നിമിത്തം വൈശാലിനഗരത്തിൽചെന്നു് അവിടുത്തെ ഒരു ഉദ്യാനത്തിൽ താമസിച്ചു. അക്കാലത്ത് മാരൻ അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷമായി, "അങ്ങയുടെ ഉദ്ദേശ്യങ്ങളെല്ലാം ഫലോദർക്കങ്ങളായിരിക്കുന്നു; ഇനി നിർവ്വാണത്തെപ്രാപിക്കുക!" എന്നുപറഞ്ഞുവെന്നും ബുദ്ധൻ അതിനു സമാധാനമായി, "ഇല്ല, ചിലമാസങ്ങൾക്കൂടി കഴിയേണ്ടിയിരിക്കുന്നു; അതിനുശേഷം നിർവ്വാണത്തെ പ്രാപിച്ചുകൊള്ളാം" എന്നു അരുളിച്ചെയ്തുവെന്നും അതുകേട്ടു മാരൻ അന്തർദ്ധാനം ചെയ്തുവെന്നും പറയപ്പെടുന്നു.

അതിനുശേഷം ബുദ്ധൻ ഒരു വൃക്ഷച്ചുവട്ടിൽ ശീലസമാധിയിലിരുന്നു് തൻെറ ജീവിതകാലത്തിൻെറ പരിധിയെ നിർണ്ണയിച്ചു. അപ്പോൾ പല അദ്ഭുതങ്ങളും പ്രകൃതിൽ സംഭവിച്ചു. സമാധിയിൽനിന്നും വിരമിച്ച് പുരഃസ്ഥിതന്മാരെ നോക്കി, "എൻെറ ജീവിതകാലം അവസാനിച്ചിരിക്കുന്നു. ഇനി സമാധിയിൽതന്നെ കഴിഞ്ഞുകൂടണം. എൻെറ ശരീരം, ഗതാഗതസൌകര്യത്തെ ഒഴിച്ചാൽ, ഒരു പൊളിഞ്ഞ തേരു

പോലെയാണ്. ഇങ്ങിപരിപൂർണ്ണ നിവൃത്തിയെ പ്രാപിച്ച് മുട്ടയിൽനിന്നും ജനിക്കുന്ന ശിശുവിനെപ്പോലെ തടവില്ലാതെ ഗമിക്കുന്നതാണ്” എന്ന് അരുളിച്ചെയ്തു. ആ അവസരത്തിൽ ഭൂകമ്പം ഉണ്ടായി. അപ്പോൾ ആനന്ദൻ ഞെട്ടിവിറച്ചുകൊണ്ട് “ഈ സംഭവത്തിനു കാരണമെന്തായിരിക്കാം” എന്നു ചോദിച്ചു. ഭഗവാൻ അതുകേട്ട് “ഞാൻ ഈ ലോകത്തെവെടിയാൻ നിശ്ചയിച്ചതു തന്നെ” എന്നരുളിച്ചെയ്തു. അനന്ദന്റെ വിഷാദപാരവശ്യം കണ്ടു ഭഗവാൻ സമാധാനപ്പെടുത്തി.

ഭഗവാൻ ബുദ്ധന്റെ നിർവ്വാണനിർണ്ണയ വൃത്താന്തം കാട്ടുതീപോലെ പരന്നു; നാനാസ്ഥലങ്ങളിൽ നിന്നും ആളുകൾ കൂട്ടം കൂട്ടമായിവന്നു തിക്കിത്തുടങ്ങി. അവരുടെ സങ്കടത്തെ ഭഗവാൻ ധർമ്മോപദേശത്താൽ പരിഹരിച്ചു. അതുകേട്ട് അവരിൽ അന്യമതക്കാരായിട്ടുള്ളവർ തങ്ങളുടെ മതത്തെ ഉപേക്ഷിച്ച് ബുദ്ധഭഗവദ്ധർമ്മത്തെ സ്വീകരിച്ചു. ഭഗവാൻ വീണ്ടും അരുളിച്ചെയ്തു:—“ഞാൻ ഈലോകത്തെ വെടിഞ്ഞ് നിർവ്വാണപദത്തെ പ്രാപിക്കാൻപോകുന്നതിനാൽ, ഈ വൈശാലിനഗരത്തെ എനിക്ക് ഇനിക്കാണാൻ കഴിയുന്നതല്ല.” അനന്തരം സാവധാനത്തിൽ നടന്ന് ഭോഗനഗരത്തിൽ എത്തി, അവിടെയുള്ള അനന്ദചൈത്യം എന്ന ഉദ്യാനത്തിൽ വിശ്രമിച്ച് തന്നേസംബന്ധിച്ച ഭിക്ഷുക്കൾക്കു തത്വോപദേശം ചെയ്തു.

അതിനുശേഷം കുശീനഗരത്തിലേക്കു തിരിച്ച്, ഭാവനഗരത്തിൽ എത്തി. അവിടെവച്ച് മല്ലന്മാ (ഒരുവക ജാതിക്കാ)രാൽ സൽകരിക്കപ്പെട്ടു. സൽകാരസ്വീകരണാനന്തരം ആ നഗരത്തിൽ വസിക്കുന്ന ചന്ദൻ എന്ന ഒരു തട്ടാന്റെ ക്ഷണത്തെ സ്വീകരിച്ച് അയാളാൽ സംഘത്തിലേക്കു വിട്ടുകൊടുക്കപ്പെട്ട ഉദ്യാനത്തിൽ ഇറങ്ങി വിശ്രമിക്കുകയും അയാളുടെ ഗൃഹത്തിൽ ശിഷ്യന്മാരോടുകൂടി അന്ന് ഭക്ഷണംകഴിക്കുകയും ചെയ്തു. ആ ഭക്ഷണത്തിൽ പന്നിയിറച്ചിചേർന്നിട്ടുണ്ടാ

യിരുന്നുവെന്നും തന്മൂലം ദേഹവിയോഗത്തിനു കാരണമായ അസ്വാസ്ഥ്യം വർദ്ധിച്ചു എന്നും ആ ഭക്ഷണം അവസാനത്തേതായിരുന്നുവെന്നും പറയപ്പെടുന്നു. അപ്പോൾ അദ്ദേഹത്തിനു് എൺപതുവയസ്സു പ്രായമാണു്.

"യാതൊന്നും ശാശ്വതമല്ല" എന്നു വിഷയത്തെ പുരസ്കരിച്ചു് അന്നു് അവിടെവച്ചു ബുദ്ധദേവൻ ഒരു പ്രസംഗം ചെയ്തു. അനന്തരം അവിടെനിന്നും പുറപ്പെട്ടുപോകുമ്പോൾ, നടക്കാൻ ശക്തിയില്ലായ്കയാൽ ഇടയ്ക്കിടയ്ക്കു വിശ്രമിച്ചും നടന്നും കഴിയുന്ന തഥാഗതൻ, ആനന്ദനോടായി "ദാഹംകൂടുതലായിരിക്കുന്നു" എന്നരുളിച്ചെയ്തു. ആനന്ദൻ ഉടനേപോയി വെള്ളംകൊണ്ടുവന്നു കൊടുത്തു. ദാഹശാന്തി വരുത്തിയതിനുശേഷം സമീപത്തുണ്ടായിരുന്ന ഒരു നദിയിൽ അവസാനത്തേതായ സ്നാനം നിർവ്വഹിച്ചു.

തഥാഗതന്റെ ശരീരാസ്വാസ്ഥ്യം വർദ്ധിച്ചുകൊണ്ടിരുന്നു. "ചന്ദന്റെ ആഹാരം ഭക്ഷിച്ചതിനുശേഷമാണു് ബുദ്ധനു് അസ്വാസ്ഥ്യം വർദ്ധിച്ചതു്" എന്നു പലരും അഭിപ്രായപ്പെട്ടു. അതുകേട്ടു ബുദ്ധദേവൻ ആനന്ദനോടു് അരുളിച്ചെയ്തതാവിതു്:—"ചന്ദൻ എന്റെ മരണത്തിനു കാരണഭൂതനായിരുന്നു എന്നു പലരും അവനെ പഴിച്ചേയ്ക്കാം. അവൻ തന്നെയും അങ്ങനെ സംശയിക്കാനുമിടയുണ്ടു്. എന്നാൽ അവൻ തന്ന ആഹാരം ഭക്ഷിച്ചതിനുശേഷമാണു് ഞാൻ നിർവ്വാണത്തെ പ്രാപിക്കാൻ അർഹനായതു്. അതുകൊണ്ടു്, അവനു് ഉൽകൃഷ്ടമായഫലം സിദ്ധിക്കുന്നതാണു്. അന്നു് മഹാബോധിയുടെ ചുവട്ടിൽവച്ചു് എനിക്കു ആത്മജ്ഞാനം സിദ്ധിക്കുന്നതിനുമുമ്പു് സുജാതയാൽ നൽകപ്പെട്ട നൈവേദ്യവും, ഇപ്പോൾ നിർവ്വാണപദപ്രാപ്തിക്കുമുമ്പു് ചന്ദൻ തന്ന ഭക്ഷണവും സർവ്വോപരി ഉൽകൃഷ്ടങ്ങളാണു്. ഈ വിവരം അവനെ ധരിപ്പിക്കുക!"

അനന്തരം ആ നദീതീരത്തുനിന്നും തിരിച്ചു് ഇടയ്ക്കിടെ വിശ്രമിച്ചും യാത്രചെയ്തും കുശീനഗരത്തിൽ ചെന്നുചേ

ന്നു. ഹിരണ്യവതി എന്ന നദിയുടെ തീരത്തു് ഇരുന്നു വിശ്രമിച്ചു. ആ അവസരത്തിൽ ആനന്ദനെ നോക്കി, "അതാ കാണുന്ന രണ്ടു ചാലമരങ്ങളുടെയും മദ്ധ്യത്തിലായി തുത്തുവെട്ടിപ്പാക്കുക! ഇന്നു മദ്ധ്യയാമത്തിൽ ഞാൻ നിർവ്വാണം പ്രാപിക്കും" എന്നരുളി. അതുകേട്ടു് ആനന്ദനു് അളവററ വിഷാദം നേരിട്ടുവെങ്കിലും തന്റെ ഗുരുഭൂതന്റെ ആജ്ഞയെ നിർവ്വഹിക്കാതിരിക്കാൻ ധൈര്യമില്ലാഴികയാൽ അപ്രകാരം പ്രവർത്തിച്ചു. ഭഗവാൻ ആ സ്ഥലത്തു് എഴുന്നെള്ളി ശിരസ്സു വടക്കോട്ടുവച്ചു് വലത്തുവശം ചരിഞ്ഞു് വലത്തേകൈ തലയ്ക്കുവച്ചു് പടിഞ്ഞാറോട്ടു നോക്കി ശയിച്ചു. തന്റെ ശരീരത്തെ ഏതുപ്രകാരത്തിൽ അടക്കം ചെയ്യണമെന്നുള്ള സംഗതിയും താൻ നിർവ്വാണത്തെ പ്രാപിച്ചതിനുശേഷം തന്റെ ശിഷ്യന്മാർ ആചരിക്കേണ്ട വിധികളും ആനന്ദനെ ഉദ്ബോധിപ്പിച്ചു. ആ സന്ദർഭത്തിലും ആനന്ദൻ വിഷാദിക്കുന്നതുകണ്ടു്, "ഈ ലോകത്തിൽ യാതൊന്നും ശാശ്വതമല്ല, ഏററവും ഞെരുങ്ങിയുള്ള ഓരോ വസ്തുവിൽനിന്നും നാം ഒഴിഞ്ഞുമാറണം, അത്രേ നിത്യാനന്ദത്തിനു മാർഗ്ഗം" എന്നു് ഉപദേശിച്ചു. അനന്തരം തന്നെനോക്കി വിഷാദിച്ചുകൊണ്ടു നിൽക്കുന്നവരോടു പൊതുവെ ഇപ്രകാരം അരുളിച്ചെയ്തു:—"ഞാൻ അറിഞ്ഞിട്ടുള്ളവ എല്ലാം ആനന്ദനും അറിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഇനി എന്നിൽനിന്നും അറിയേണ്ടതായിട്ടുള്ളതു് അവനിൽനിന്നും അറിഞ്ഞുകൊൾവിൻ!"

അതിനുശേഷം ഭഗവാൻ നിദ്രയെ പ്രാപിച്ചു. ശിഷ്യന്മാർ ചുററും വളഞ്ഞു്, "ഈ വലിയലോകത്തിൽ ഇരുളടഞ്ഞുവല്ലോ" എന്നു പറഞ്ഞു ഖേദിച്ചു. ആ അവസരത്തിൽ വായു ചലിക്കാതെനിന്നു. ഒഴുകിക്കൊണ്ടിരുന്ന നദീജലം നിശ്ചഞ്ചലമായി ഭവിച്ചു. പക്ഷിമൃഗാദികൾ നിശ്ചേഷ്ടങ്ങളായി കാണപ്പെട്ടു. ചുററും കണ്ണീർ വാർത്തുംകൊണ്ടുനിന്ന മനുഷ്യരുടെ ഇടയ്ക്കു് അവർക്കു് അദൃശ്യന്മാരായി ദേവന്മാർ തിക്കിക്കൂടി. ആ ഘട്ടത്തിൽ ഭഗവാൻ കണ്ണുതുറന്നു് ആനന്ദനെ

നോക്കി, "എൻെറ നിൎവ്വാണകാലം ആസന്നമായിരിക്കുന്നു എന്ന വിവരം മല്ലന്മാരെ ധരിപ്പിക്കുക!" എന്നു കല്പിച്ചു. ആനന്ദൻ ഭഗവദാജ്ഞയെ മല്ലന്മാരെ അറിയിക്കുകയും അവർ അത്യന്തദുഃഖത്തോടെ ഭഗവത്സന്നിധിയെ പ്രാപിച്ചു നമസ്കരിക്കുകയും ചെയ്തു. തഥാഗതൻ ക്ഷീണപരവശനായികാണപ്പെട്ടുകയാൽ അവർ വാവിട്ടു നിലവിളിച്ചു. പ്രേമമൂൎത്തിയായ ഭഗവാൻ ബുദ്ധദേവൻ അവരുടെ വിഷാദാധിക്യത്തെക്കണ്ടു് മന്ദഹാസത്തോടുകൂടി അരുളിച്ചെയ്തു:—"നിങ്ങൾ ദുഃഖിക്കായ്വിൻ! ആഹ്ലാദിക്കേണ്ട അവസരമാണിതു്, ഏതൊരു പദത്തെപ്രാപിക്കണമെന്നു പലനാളായി അശിച്ചു യത്നിച്ചുവന്നുവോ ആ പദത്തെ ഞാൻ ഇതാ പ്രാപിക്കാൻപോകുന്നു; ദുഃഖസാധനമായ ഈ ശരീരത്തിൽനിന്നും ഒഴിഞ്ഞു് ഒരിക്കലും അഴിവില്ലാത്തതും ആനന്ദമയമായതുംആയ നിൎവ്വാണപദത്തെ പ്രാപിക്കാൻ പോകുന്നു." പിന്നെയും തത്വഗൎഭങ്ങളായ അനവധി ഉപദേശങ്ങളാൽ അവരുടെ ഖേദത്തെ ശമിപ്പിച്ചു. വീണ്ടും ഭഗവൽപാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു് അവർമടങ്ങിപ്പോയി.

അനന്തരം, സൎവ്വശാസ്ത്രങ്ങളിലും അപാരമായ പാണ്ഡിത്യവും, പ്രഗത്ഭതയും ഉള്ള ആളും, കുശീദേശവാസിയുമായ സുഭദ്രൻ എന്ന ഒരു ബ്രാഹ്മണസന്ന്യാസി, തഥാഗതൻെറ സ്ഥിതിഗതികൾ കേട്ടറിഞ്ഞു് അദ്ദേഹത്തെ ദൎശിക്കുന്നതിനായി ബദ്ധപ്പെട്ടുവന്നു് വിവരം ആനന്ദനെ അറിയിച്ചു. സന്ന്യാസി, തൻെറ ഗുരുനാഥനോടു് വാദിക്കാൻ വന്നിരിക്കുകയാണെന്നാണു് അദ്ദേഹം സംശയിച്ചതു്. അതിനു യോജിച്ച സന്ദൎഭമല്ലാത്തതുകൊണ്ടു്, സന്ന്യാസിയെ തൻെറ ഗുരുനാഥൻെറ സന്നിധിയിലേക്കു നയിക്കാൻ ആനന്ദൻ വൈമുഖ്യം പ്രകടിപ്പിച്ചു. എന്നാൽ സന്ന്യാസിയുടെ ആഗമനവും ആനന്ദൻെറ വിമുഖതയും ഭഗവാൻ ജ്ഞാനദൃഷ്ടികൊണ്ടറിഞ്ഞു് സന്ന്യാസിയെ കൂട്ടിക്കൊണ്ടുവരാൻ ആനന്ദനോടു കല്പിച്ചു. ആനന്ദനാൽ നയിക്കപ്പെട്ട സന്ന്യാസിയ്ക്കു ബുദ്ധദേവൻ സ്വാ

ഗതം നൽകി, സ്നേഹപൂർവ്വം സംഭാഷണംചെയ്തു. സംഭാഷണത്തിൽനിന്നും ബൌദ്ധധർമ്മത്തെ ഗ്രഹിച്ച സന്ന്യാസി ബുദ്ധമതത്തെയും ബുദ്ധദേവനെയും ദേവന്റെ അദർശങ്ങളെയും അഭിനന്ദിച്ച്, വിഷാദഹേതുകമായ ഭഗവന്നിർവ്വാണത്തെ കണ്ടുകൊണ്ടുനിൽക്കാൻ മടിച്ചു യാത്രപറഞ്ഞു പിരിഞ്ഞു. അപ്പോൾ ആ രാത്രിയുടെ പൂർവ്വാർദ്ധം കഴിയാറായ സന്ദർഭമാണ്. പ്രകൃതിദേവി ബുദ്ധനിർവ്വാണവേളയിൽ ഖിന്നയായവണ്ണം നിശ്ശബ്ദയായമാനയായി ഭവിച്ചു. കാരുണ്യസങ്കേതഹൃദയനായ ഭഗവാൻ തഥാഗതൻ തന്റെ ശിഷ്യന്മാരെ നോക്കി "തഥാഗത * ന്റെ ഉപദേശവാക്കുകളിൽ നിങ്ങൾക്ക് എന്തെങ്കിലും സംശയഭാഗമുണ്ടോ? ഉണ്ടെങ്കിൽ പറയുക!" എന്നാവശ്യപ്പെട്ടു. ശിഷ്യവർഗ്ഗം മൌനത്താൽ അതിനു മറുപടി സാധിക്കുകയാണുണ്ടായത്. ഭഗവാൻ വീണ്ടും അരുളിച്ചെയ്തു:— "എന്നെയും എന്റെ ഉപദേശങ്ങളെയും സ്നേഹിക്കുന്നതുപോലെ നിങ്ങൾ അന്യോന്യം സ്നേഹിച്ചു പ്രവർത്തിക്കുകയും വേണം" അതുകേട്ട് അനുസരണഭാവത്തിൽ അവർ എല്ലാവരും ദീർഘസമയം മൌനന്മാരായിനിന്നു. അങ്ങനെനിൽക്കുമ്പോൾ അനിരുദ്ധൻ അന്തസ്താപത്തോടുകൂടി ഭഗവാനോടുഭക്തിപൂർവ്വം ചോദിച്ചു:— "തഥാഗതൻ ഇത്രവേഗത്തിൽ നിർവ്വാണത്തെ പ്രാപിക്കുന്നതെന്തിനോ?" അതിനു ബുദ്ധദേവൻ സ്നേഹപൂർവ്വം ഉചിതവാക്കുകളാൽ അദ്ദേഹത്തിന്റെ അന്തസ്താപത്തെ പരിഹരിച്ച് പൊതുവെ എല്ലാവരോടുമായി ഇപ്രകാരം അരുളിച്ചെയ്തു:— "പ്രിയജനങ്ങളെ! ജനനത്തിന്റെ കാരണം ഏതൊന്നോ, അതുതന്നെ മരണത്തിന്റെയും കാരണം. ഈ പരമാർത്ഥത്തെ മറക്കായ്കിൻ! ഇതു് നിങ്ങളുടെ ഹൃദയത്തിൽ പതിഞ്ഞുകിടക്കട്ടെ! ഇനി എന്റെ മുഖത്തുനിന്നും വാക്കുകൾ പുറപ്പെടുന്നതല്ല." ഭഗവാൻ സ്വർഗ്ഗാരോഹണം ചെയ്തു.

* ഭഗവാൻ തഥാഗതൻ എന്ന അപരാഭിധാനത്താൽ, തന്നെ പരാമർശിക്കുകപതിവാണ്.

ബുദ്ധദേവന്റെ നിർവ്വാണം, ഈശ്വരനവർഷം നൂററിനാല്പത്തെട്ടിൽ വൈകാശിമാസത്തിലെ പൌൎണ്ണമിയും വിശാഖനക്ഷത്രവും കൂടിയ ചൊവ്വാഴ്ചദിവസത്തിലാകുന്നു. നിർവ്വാണവേളയിൽ അവിടെ കൂടിനിന്ന രാജാക്കന്മാരും തപസ്വികളും ശിഷ്യന്മാരും അന്യന്മാരുമായ സകല ജനങ്ങളും വളരെനേരത്തേക്ക് സന്താപവിവശന്മാരായി തറയ്ക്കപ്പെട്ടതുപോലെ നിലകൊണ്ടു. നിർവ്വാണവൃത്താന്തം അറിഞ്ഞ മല്ലന്മാരും അവിടെ എത്തി തങ്ങൾക്കുള്ള സന്താപത്തെപ്രകടിപ്പിച്ചു. അനന്തരം സുഗന്ധദ്രവ്യങ്ങൾ പൂശി പുഷ്പമാല്യങ്ങളാൽ അലങ്കരിക്കപ്പെട്ട ആ ദിവ്യശരീരത്തെ പൊൽപല്ലക്കിൽ എടുത്ത് വാദ്യമേളങ്ങളോടുകൂടി ഹിരണ്യവതീതീരത്തിൽ കൊണ്ടുവെന്നു. അവിടെ മുമ്പു നിർവ്വൃതന്മാരായ ബുദ്ധന്മാരുടെ അസ്ഥിഭസ്മങ്ങളെ നിക്ഷേപിച്ചിട്ടുള്ള സ്ഥലത്ത് ചന്ദനം മുതലായ വിറകുകൾകൊണ്ടു നിർമ്മിക്കപ്പെട്ട ചിതയിൽ ദഹിപ്പിച്ചു ശേഷക്രിയകൾ നടത്തി. സകല കർമ്മങ്ങളും വിധിപ്രകാരം തന്നെ നടത്തപ്പെട്ടു. ശവദാഹാനന്തരം അസ്ഥിഭസ്മങ്ങളെ സംഭരിച്ച് മല്ലന്മാർ ഒരു പൊൽകുംഭത്തിലാക്കി അത്യുന്നതമായ ഒരു ഗോപുരത്തിൽവച്ചു പൂജിച്ചുവന്നു.

തഥാഗതനിർവ്വാണം അറിഞ്ഞു മഗധരാജാവു തുടങ്ങി ഏഴുരാജാക്കന്മാർ, ദേവന്റെ അസ്ഥിഭസ്മത്തിന്റെ ഓഹരി ആവശ്യപ്പെട്ടു ദൂതന്മാരെ അയച്ചു. മല്ലന്മാർ അതിനോട് അനുകൂലിച്ചില്ല. തന്നിമിത്തം ആ ഏഴുരാജാക്കന്മാരും കോപാക്രാന്തന്മാരായി മല്ലന്മാരെ യുദ്ധംചെയ്തു തോല്പിച്ച് അസ്ഥിഭസ്മം കൊണ്ടുപോകണമെന്നുകരുതി സൈന്യസമേതന്മാരായിവന്നു കുശിനഗരത്തെ വളഞ്ഞു. മല്ലന്മാരും ധൈൎയ്യപൂർവ്വം എതിർക്കാൻ തന്നെ തീർച്ചപ്പെടുത്തി. ഇരുകക്ഷികളും വളരെ വാശിയിൽ യുദ്ധസന്നദ്ധന്മാരായി. ആ ഘട്ടത്തിൽ സുഭദ്രൻ (ഭഗവാന്റെ നിർവ്വാണവേളയിൽ സംഭാഷണം നടത്തിയ സുഭദ്രനല്ലെന്നാണറിവ്) എന്നു പേരോടുകൂടിയ ഒരുബ്രാ-

ഷമനൻ മാദ്ധ്യസ്ഥം വഹിച്ച് ഇരുകൂട്ടരെയും സമാധാനപ്പെടുത്തി യുദ്ധോദ്യമത്തിൽനിന്നും പിൻവാങ്ങിച്ചു. അദ്ദേഹത്തിൻെറ തീരുമാനപ്രകാരം അസ്ഥിഭസ്മത്തെ എട്ടായിഭാഗിച്ച് ഒരു ഭാഗം മല്ലന്മാൎക്കും ശേഷം ഏഴും ഏഴു രാജാക്കന്മാൎക്കുമായി കൊടുത്തു. രാജാക്കന്മാർ ഭക്തിബഹുമാനപൂർവ്വം വാങ്ങിക്കൊണ്ടു അവരവരുടെ രാജ്യങ്ങളിൽ മടങ്ങിച്ചെന്ന് അത്യുന്നതങ്ങളായ ഓരോ സൌധങ്ങൾ നിൎമ്മിച്ച് ആ സ്ഥിഭസ്മശകലങ്ങളെ സ്ഥാപിച്ചു പൂജിച്ചുവന്നു. സുഭദ്രകനാകട്ടെ, മല്ലന്മാരിൽനിന്നും ആ പൊൽകുംഭത്തെ ഒഴിച്ചുവാങ്ങി ആ ഏഴു രാജാക്കന്മാരുടെ ഓഹരികളിൽനിന്നും അല്പാല്പം നേടിച്ചു ആ കുംഭത്തിലാക്കി ഉചിതമായ സൌധം നിൎമ്മിച്ച് അതിൽ സ്ഥാപിച്ചു പൂജിക്കുകയും ചെയ്തു. കുശീനഗരവാസികൾ ദേവൻെറ ശരീരഭസ്മത്തെ സഞ്ചയിച്ച് ഒരു സൌധം നിൎമ്മിച്ചു സ്ഥാപിച്ചു പൂജിച്ചുവന്നു.

ഇപ്രകാരം പത്തു സ്മാരകസൌധങ്ങൾ ജംബുദ്വീപത്തിലുണ്ടായിരുന്നു. ബൌദ്ധന്മാർ അവിടെ നൃത്തഗീതവാദ്യങ്ങളോടുകൂടി ആരാധന നടത്തിവന്നു.

ബുദ്ധദേവൻ, വടവൃക്ഷത്തിനാൽകൊണ്ടു ചെയ്യപ്പെട്ട നൂററിയെട്ടുമണികോൎത്ത ജപമാല ഉപയോഗിച്ചു മന്ത്രത്തെ ഉരുക്കഴിക്കണമെന്ന് വൈഡൂൎയ്യനോട് ഉപദേശിച്ചതായി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തന്നിമിത്തം ജപമാല ഉപയോഗിക്കുന്ന നടപ്പു ബൌദ്ധന്മാരിൽ ഉണ്ടായി എന്നു പറയപ്പെടുന്നു.

ഭഗവാൻ ത്രയത്രിംശല്ലോകത്തിൽ ഏഴുനാളിരുന്ന കാലത്തു തദ്വിരഹദുഃഖശാന്തിയ്ക്കായി ബിംബസാരാദികൾവിദഗ്ദ്ധനായ ഒരു ശില്പിയെക്കൊണ്ട്, അഞ്ചടിരണ്ടംഗുലംപൊക്കമുള്ള ഒരു ബുദ്ധപ്രതിമ നിൎമ്മിച്ച് ഗൃദ്ധ്രകൂടവിഹാരത്തിൽ സ്ഥാപിച്ചു ദിവസംതോറും ദൎശിച്ച് ആരാധിച്ചുവന്നതിനാൽ ബൌദ്ധക്ഷേത്രങ്ങളിൽ ബുദ്ധവിഗ്രഹത്തെ വച്ചുപൂജിക്കുന്ന പതിവുണ്ടായതാണെന്നറിയുന്നു.

ത്രയത്രിംശലോകത്തിൽവച്ച് ബുദ്ധമാതാവായ മായാദേവി, ഒരു മന്ദാരപുഷ്പത്തെ സമ്മാനിച്ചതിനാലാണ് ബുദ്ധവിഗ്രഹങ്ങളിൽപുഷ്പമാല്യം ചാത്തുന്നതെന്ന് പറഞ്ഞുപോരുന്നു.

ബുദ്ധദേവൻ ഗൃദ്ധ്രകൂടവിഹാരത്തിൽ വസിക്കുന്നകാലത്തു ചാരുദത്തന്റെ പ്രേരണയാൽ ഭഗവാനെ നിഗ്രഹിക്കുന്നതിനായി ഒരു മാന്ത്രികനാൽ അയയ്ക്കപ്പെട്ട ഒരു ദുർദ്ദേവതയെ ആട്ടിപ്പായിക്കാൻ ബുദ്ധന്റെ ആജ്ഞയാൽ ദേവലോകത്തുനിന്നു ആഗമിപ്പിക്കപ്പെട്ട ദേവഗണങ്ങൾ കാശ്യപനെ മുൻനടത്തി കൊടി തഴ മുതലായ ചിഹ്നങ്ങളോടും വാദ്യഘോഷങ്ങളോടുംകൂടി കൊണ്ടുപോയതിന്റെ അനുകരണമാണ്, ബുദ്ധക്ഷേത്രങ്ങളിലെ കൊടിയുയത്തലുംവാദ്യഘോഷച്ചടങ്ങുകളുമെന്നു വിശ്വസിക്കുന്നുണ്ട്.

ചാരുദത്തന്റെ പ്രേരണയാൽ ഭഗവാനെ നിഗ്രഹിക്കാൻ ഉദ്യമിച്ച മാന്ത്രികൻ, ഭഗവന്മഹിമാതിശയത്താൽ കാളയുടെ രൂപത്തെ പ്രാപിക്കുകയും അവൻ മരിക്കാറായ ഘട്ടത്തിൽ ഭഗവാനോട് "അവിടുത്തെ ശത്രുക്കൾ, അവിടുത്തെ മാഹാത്മ്യത്തെ അറിയുന്നതിനായി എന്റെ തുകൽ ഒരു പടഹത്തിനു ഉപയോഗിച്ച് അങ്ങയുടെമുമ്പിൽ മുഴക്കിക്കുന്നതിനു കരുണയുണ്ടാകണ"മെന്ന് അപേക്ഷിക്കുകയും ചെയ്തതിനാൽ ബുദ്ധാലയങ്ങളിൽ ഭേരിമുഴക്കുന്ന പതിവുണ്ടായതാണത്രേ! 'സദയഹൃദയ'നായ ഭഗവാൻ ശ്രീബുദ്ധന്റെ പരിവാനമായ നാമധേയം, "ശവത്തെക്കുത്തു"ന്നതുപോലുള്ള ഈ നിന്ദ്യകമ്മത്തെ വിഷയമാക്കിയുള്ള കഥയിൽ ഘടിപ്പിച്ചുകാണുന്നതിന്റെ വാസ്തവം വെളിപ്പെടാതിരിക്കുന്നിടത്തോളം ഈസംഭവം വിശ്വസനീയമാണെന്നു തോന്നുന്നില്ല.

ഭഗവാൻ തഥാഗതന്റെ പാദങ്ങൾ "കാവിരിപ്പൂമ്പട്ടണ"ത്തിലുൾപ്പെട്ട ഉപവനത്തിലും ലങ്കാദ്വീപത്തിലുള്ള "സമന്ദം" എന്ന മലയുടെ ശിഖരത്തിലും പതിഞ്ഞിരുന്നുവെന്നും, അവ ഭിക്ഷുക്കളാലും ഉപാസകന്മാരാലും ബുദ്ധദേവനായി സ

ങ്ങളിച്ച് പൂജിക്കപ്പെട്ടുവന്നിരുന്നുവെന്നും 'മണിമേഖല' എന്ന ഗ്രന്ഥംകൊണ്ടു വെളിപ്പെടുന്നു.

'കാവിരിപ്പൂമ്പട്ടണ'ത്തിനു തെക്ക് മുപ്പതുയോജന ദൂരത്തിൽഉള്ള 'മണിപല്ലവ'മെന്ന ചെറിയദ്വീപിൽ, ബുദ്ധദേവനായി ദേവേന്ദ്രനാൽ നിർമ്മിക്കപ്പെട്ട ഒരു ആസനമുണ്ടായിരുന്നു എന്നും, അവിടെവച്ച്, തന്നെ ദർശിച്ചഭക്തന്മാർക്ക്, അവരുടെ പൂർവ്വജന്മത്തിലെ സംഭവങ്ങളെ ധരിപ്പിച്ചു തന്റെ ദിവ്യത്വത്തെ പ്രകടിപ്പിച്ചുവന്നുവെന്നും, തന്മൂലം അനവധി ആളുകൾ അവിടെ കൂടാറുണ്ടായിരുന്നുവെന്നും മേല്പറഞ്ഞ ഗ്രന്ഥത്തിൽ കാണുന്നു.

# ബൌദ്ധധൎമ്മം

ബുദ്ധന്റെ ആദർശങ്ങൾ ഹിന്ദുമതത്തിന്റേതിൽ നിന്നു വ്യത്യസ്തങ്ങളാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തിന് അടിസ്ഥാനമില്ല. അതിലേക്കു തെളിവ് അന്വേഷിച്ചു ബുദ്ധിമുട്ടണമെന്നില്ല. പാശ്ചാത്യപണ്ഡിതന്മാർ പോലും ഈ അഭിപ്രായത്തെ സപ്രമാണം ഖണ്ഡിച്ചിട്ടുണ്ട്. റൈസ്ഡേവിഡ് (Rhys David) എന്ന പണ്ഡിതന്റെ അഭിപ്രായം ഇതാണ്:—"ഗൌതമൻ ഹിന്ദുവായി ജനിച്ച്, ഹിന്ദുവായിവളൎന്ന്, ഹിന്ദുവായിജ്ജീവിച്ച്; ഹിന്ദുവായിത്തന്നെമരിച്ചു. ഗൌതമന്റെ ആദർശത്തെ അനുസരിച്ച ഉപാസകന്മാരിൽ (ബൌദ്ധരിൽ ഗൃഹസ്ഥാശ്രമികൾ) സുപ്രസിദ്ധിയെ സമ്പാദിച്ച അശോകൻ എന്ന ചക്രവൎത്തി, ശ്രദ്ധയും സദാചാരവും ഉള്ള ഒരു ബൌദ്ധനാണെന്നു നാം പറയുന്നുണ്ട്. എന്നാൽ, അദ്ദേഹം, തന്നെ "ദേവാനാംപ്രിയൻ"* (ദേവന്മാരുടെ പ്രീതിക്കു പാത്രമായവൻ) എന്ന് അന്യന്മാർ വിളിക്കണമെന്ന് ആഗ്രഹമുള്ളവനായിരുന്നു; അദ്ദേഹം ഒരു കരുണാനിധിയായ ബൌദ്ധനായിരുന്നുവെങ്കിലും, അദ്ദേഹത്തെ ബുദ്ധമതാനുസാരിയായ ഹിന്ദുവാണെന്നു പറയുന്നതാണു പരമാൎത്ഥത്തിനു യോജിക്കുന്നത്. ഗൌതമന്റെ തത്വശാസ്ത്രത്തിലും മനശ്ശാസ്ത്രത്തിലും ഹിന്ദുക്കളുടെ പരമ്പരാസിദ്ധമായ ദൎശനങ്ങളിൽ ഏതെങ്കിലും ഒന്ന് അന്തൎഭവിച്ചിട്ടില്ലാത്തതൊന്നില്ല. ബുദ്ധന്റെ ധൎമ്മവിധികളാകട്ടെ, അദ്ദേഹത്തിന്റെ മു

* അശോകനെസ്സംബന്ധിച്ച ശിലാശാസനങ്ങളിൽ അദ്ദേഹം, തന്നെ "ദേവാനാം പ്രിയഃ" എന്നു രേഖപ്പെടുത്തിക്കാണുന്നു. ദേവന്മാരെ വണങ്ങി അവരുടെ പ്രീതിയെ സമ്പാദിക്കുകയെന്നത് ബ്രാഹ്മണരുടെ കൎത്തവ്യമാണ്. ബൌദ്ധൎക്ക് അങ്ങനെയില്ല എന്നിരുന്നിട്ടും അശോകചക്രവൎത്തി ബ്രാഹ്മണരുടെ ആദർശത്തെ അംഗീകരിച്ചിരുന്നു എന്ന് ഇതിൽനിന്നും അനുമാനിക്കാം.

മ്പോ പിമ്പോ ഉണ്ടായിട്ടുള്ള ഹിന്തുക്കളുടെ ഗ്രന്ഥങ്ങളിൽനിന്നു സ്വീകരിച്ചിട്ടുള്ളവയായി കാണപ്പെടുന്നു. ബുദ്ധന്റെ വിശിഷ്ടോപദേശങ്ങളെല്ലാം അന്യന്മാരുടെ മുഖത്തുനിന്നും മുമ്പു പുറപ്പെട്ടിട്ടുള്ളതിനെ മാററുകൂട്ടിയവയും ഹിന്തുക്കളിൽ പ്രസിദ്ധന്മാരായ പുരാതനകാലത്തെശാസ്ത്രജ്ഞന്മാരാൽ സമ്മതിക്കപ്പെട്ടിട്ടുള്ള ധർമ്മങ്ങൾക്കു് എത്രത്തോളം ഉൽകർഷം വരുത്താൻ സാധിക്കുമോ അത്രത്തോളം ഉൽകർഷം വരുത്തി കാണിച്ചിട്ടുള്ളവയുമാകുന്നു. ഗൌതമനും ഇതരാചാര്യന്മാർക്കും തമ്മിലുള്ള വ്യത്യാസം, പ്രധാനമായി അദ്ദേഹത്തിന്റെ അഗാധഗംഭീരമായ ശ്രദ്ധയിലും ലോകാനുഗ്രഹപരമായ ജീവകാരുണ്യത്തിലും+ ആണു്. ഈ വ്യത്യാസംതന്നെയും ഏറെക്കുറെ ഇക്കാലത്താണു് അധികമായി വെളിപ്പെട്ടിട്ടുള്ളതു്. ഈ വ്യത്യാസത്താൽ, അദ്ദേഹത്തിനു് അക്കാലത്തുയോഗ്യന്മാരായ ബ്രാഹ്മണരുടെ സമ്പർക്കവും സഹായവും ഒരുപ്രകാരത്തിലും സിദ്ധിക്കാതിരുന്നിട്ടില്ല. അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ശിഷ്യന്മാരിൽ പലരും, അദ്ദേഹത്തിന്റെ സംഘത്തിലെ അംഗങ്ങളിൽ പ്രസിദ്ധിസമ്പാദിച്ചവരിൽ പലരും, ബ്രാഹ്മണരായിരുന്നു. അദ്ദേഹം, ബ്രാഹ്മണർ മാനിക്കപ്പെടാൻ അർഹന്മാരാണെന്ന ധാരണയോടെ അവരെ ബൌദ്ധഭിക്ഷുക്കളോടുചേർത്തു ബഹുമാനിച്ചിരുന്നു. ബുദ്ധമതത്തിലെ ധ്യാനനിലയിൽ നാലാമത്തെ പടിയിലെത്തിയവർക്കു് ബ്രാഹ്മണൻ എന്നപേരു് ഒരു ബഹുമാനനാമമായി ഉപയോഗിച്ചുവന്നു. സംഘത്തിൽ ജാതിവ്യത്യാസത്തെ അവഗണിച്ചതും, നിർവ്വാണപ്രാപ്തിക്കുള്ള മാർഗ്ഗം ആഭിജാത്യമുള്ളവനെന്നു വിശ്വസിച്ചുകൊണ്ടിരിക്കുന്നവനും ഏററവും താഴ്ന്നവനെന്നു കരുതപ്പെടുന്ന ചണ്ഡാലനും സമാവകാശത്തിൽ വെട്ടിത്തുറന്നിട്ടിരിക്കയാണെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടതും അത്യന്തം അതൃപ്തിക്കു കാരണമാ

+ ഈ രണ്ടുഗുണങ്ങളും ബുദ്ധനു് അന്യാദൃശങ്ങളായിട്ടുള്ളവയാണെന്നു പ്രസിദ്ധം.

യിഎന്നുള്ളതിൽ സംശയമില്ല. കൂടാതെ യജ്ഞാദികർമ്മാദ്യങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന അവജ്ഞയും ഈ ജന്മത്തിൽ ഇവിടെത്തന്നേ, മുക്തിയെസമ്പാദിക്കുന്നതിനായി വേണ്ടതു പ്രവർത്തിക്കാനുള്ള യോഗ്യത ഓരോമനുഷ്യനും ഉണ്ടെന്നു് അദ്ദേഹത്തിനുണ്ടായിരുന്ന വിശ്വാസവും ആപൽകരങ്ങളായ ആദർശങ്ങളാണെന്നു പുരാതനമാർഗ്ഗങ്ങളെ മുറുകെപ്പിടിക്കുന്ന ഒരു കൂട്ടൎക്കു തോന്നി; ഇപ്പറഞ്ഞ രണ്ടുകൂട്ടരുടെ സമ്പ്രദായങ്ങൾ കാലാന്തരത്തിൽ തികച്ചും അന്യോന്യാനുയോജ്യങ്ങളല്ലാതായി ഭവിച്ചു എന്നുള്ളതു വാസ്തവമാണു്. എന്നാൽ അക്കാലത്തു ബുദ്ധനും, ബ്രാഹ്മണരിൽ ഭൂരിപക്ഷവും അവ അപ്രകാരം വ്യത്യസ്തങ്ങളാണെന്നു വിശ്വസിച്ചിരുന്നില്ല. അശോകന്റെ കാലത്തിനുശേഷം, വളരെക്കാലംകഴിഞ്ഞു്, ബൌദ്ധമതം തന്റെ സ്വഭാവത്തെ കൈവിട്ടുദുഷിക്കുവോളം, മതസംബന്ധമായ കലഹങ്ങളാൽ നേരിടാവുന്ന സങ്കടം ഉണ്ടായിരുന്നതായി അറിവില്ല. ഹിന്ദുമതത്തിന്റെ അകത്തിരുന്നുതന്നേ ബൌദ്ധമതം വളൎന്നു് അഭിവൃദ്ധിയെ പ്രാപിച്ചു. ആ ബൌദ്ധമതത്തിൽ വിശിഷ്ടങ്ങളായ പല തത്വങ്ങൾ അടങ്ങിയിട്ടുണ്ടെന്നു മനസ്സിലാക്കുകയാണെങ്കിൽ അതു്, ബുദ്ധമതത്തിന്റെ മൂലമായ ഹിന്ദുമതത്തിന്റെ ഉൽകൃഷ്ടതയെ വെളിപ്പെടുത്തുന്നവയാണെന്നും ഹിന്ദുമതം താഴ്ന്നതെന്നോ ബുദ്ധിമുട്ടിക്കുന്നതെന്നോ തെളിയിക്കുന്നവയല്ലെന്നും ഗ്രഹിക്കാവുന്നതാണു്. ബുദ്ധന്റെ അഭ്യാസം ഹിന്ദുമതത്തിലത്രേ. അപ്പുരാതനമതത്തിന്റെ അന്തരാർത്ഥത്തെ സുസ്പഷ്ടമായി വെളിപ്പെടുത്തിയിട്ടുള്ളവരിൽ പ്രഥമഗണനീയൻ താൻതന്നെയാണെന്നു തികച്ചും അഭിമാനിക്കാൻ ഗൌതമബുദ്ധനു് അവകാശമുണ്ടു്. അദ്ദേഹം, ഹിന്ദുക്കളിൽ ഏററവും ശ്രേഷ്ഠനും വിശിഷ്ടനും അഭിജ്ഞനുമായിരുന്നു എന്നു പറയുന്നതാണു് അധികം യോജിക്കുന്നതു്."

മതതത്വാന്വേഷകന്മാരിൽ അദ്വിതീയവിദ്വച്ഛിരോമണികളായ മാക്സ്മുള്ളർ (Max Mullar) ഓൾഡൻബർ

ഗ്ഗ് (Olden berg) മോനിയർവില്യംസ് (Monier Williams) തുടങ്ങിയുള്ളപാശ്ചാത്യപണ്ഡിതന്മാരുടെയും അഭിപ്രായങ്ങൾ ഇതുതന്നെയാണ്. "സേക്രെഡ്ബുക്ക്സ്അഫ് ദിഈസ്റ്റ്" (Sacred Books of the East) എന്നപേരിൽ മാക്സ് മുള്ളർ പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥാവലിയിൽപതിനഞ്ചാംപുസ്തകത്തിന്റെ മുഖവുരയിൽ 52 ാംവശത്തു രേഖപ്പെടുത്തിയിരിക്കുന്നതാവിതു:— "എന്റെ ബുദ്ധിയിൽ എത്തിയിടത്തോളം, ബുദ്ധമതത്തിന്റെമൂലം ഉപനിഷത്തുകളാണ്; ബുദ്ധമതം, പലസംഗതികളിലും ഉപനിഷത്തുകളിലെ ആദർശങ്ങളെ ഏതൊരു അവസാനസിദ്ധാന്ത ദശയിൽ കൊണ്ടെത്തിക്കാമോ, ആ ദശയിൽ എത്തിച്ചിട്ടുള്ളതാണ്. അതു്, പിന്നീടും ആ ഉപനിഷത്തുകളുടെ സിദ്ധാന്തത്തെത്തന്നെ നൂതനാദർശങ്ങൾക്ക് ആധാരമാക്കിയിട്ടുള്ളതാണ്. സിദ്ധാന്തത്തെപ്പററിപ്രസ്താവിക്കുമ്പോൾ, വേദാന്തത്താൽസ്ഥാപിക്കപ്പെടുന്നതും ഏതൊന്നിന്റെയും മേലേക്കിടയിലുള്ളതുമായ 'ആത്മതത്വജ്ഞാനം' ബൌദ്ധന്മാരുടെ*"സമ്യക്സംബോധി"യാണെന്നു സ്ഥാപിക്കാം. ആചാരത്തെക്കുറിച്ചു പ്രസംഗിക്കുമ്പോൾ, ഹൈന്ദവസന്യാസിതന്നെയാണ് ബൌദ്ധഭിക്ഷു എന്ന് അഭിപ്രായപ്പെടാം. ബ്രാഹ്മണബ്രഹ്മചര്യസാധനത്തിൽ നിന്നും, ബ്രാഹ്മണഗൃഹസ്ഥന്റെ ധർമ്മങ്ങളിൽ നിന്നും ബ്രാഹ്മണവാനപ്രസ്ഥനു നിശ്ചയിച്ചിട്ടുള്ള ചുമട്ടുകളിൽനിന്നും, മോചിക്കപ്പെട്ടസന്യാസിയാണ്, ആ ഭിക്ഷു. ഹിന്ദുമതത്തിൽ സന്യാസിക്കുമാത്രമായിട്ടുള്ള ആത്മസംബന്ധമായ സ്വാതന്ത്ര്യം, ബൌദ്ധമതത്തിലെ,'സംഘം'എന്ന സഹോദരസമാജത്തിൽ എല്ലാവക്കും പൊതുവെ അവകാശപ്പെട്ടതാണ്. ആ സമാജത്തിൽ ചെറുപ്പക്കാരും പയസ്സന്മാരും, ബ്രാഹ്മണരും ശൂദ്രരും, ധനികന്മാരും നിർദ്ധനന്മാരും, അജ്ഞന്മാരും അഭിജ്ഞന്മാരുംഎന്നുവേണ്ടഏതുതരത്തിലുള്ളവക്കും ചേരാം. വാസ്തവത്തിൽവേദത്തെസ്സംബന്ധിച്ചുനിൽക്കുന്നലോ

*സമ്യക്സംബോധി—സമ്യക്കായജ്ഞാനം.

കവും×'ത്രിപീടക'ത്തെസ്സംബന്ധിച്ചുനില്ക്കുന്നലോകവുംതുടൎച്ച്യററവയല്ല. ദേശചരിത്രത്തിൽ അവയ്ക്കുരണ്ടിനുംതുടൎച്ച്യയുണ്ട്. ഒന്നിൽ നിന്നു് ഒന്നുവ്യത്യസ്തമായിത്തോന്നുന്ന ഈ രണ്ടുകോടികളെയും ഒന്നിച്ചു ഘടിപ്പിച്ചുകാണിക്കാനുള്ള ആണി, ഉപനിഷത്തുകളിൽ നിന്നും കണ്ടെടുക്കണം."

ഇപ്രകാരം പരിചിന്തനം ചെയ്യുകയാണെങ്കിൽ, ബൌദ്ധമതത്തിന്റെ ആധാരങ്ങൾ ബുദ്ധന്റെകാലത്തിനു മുമ്പുതന്നേഉണ്ടായിരുന്നതായികാണപ്പെടുന്നതാണു്. ബൌദ്ധഗ്രന്ഥങ്ങളിൽതന്നെ, ഗൌതമബുദ്ധന്റെ കാലത്തിനുംമുമ്പു്, അനേകം ബുദ്ധന്മാർ ഉണ്ടായിട്ടുണ്ടെന്നു കാണുന്നതിനാൽ ബുദ്ധമതത്തിലെ ഉൽകൃഷ്ടങ്ങളായ ആദൎശങ്ങൾ ബുദ്ധന്റെ കാലത്തിനും അതിപ്രാചീനകാലം മുതൽക്കേ അനുഷ്ഠാനത്തിലിരുന്നിരുന്നു എന്നറിക്കാം.

പുരാതനന്മാരായഹിന്ദുക്കൾ സ്മൃതിപ്രോക്തങ്ങളായ വൎണ്ണാശ്രമധൎമ്മങ്ങളെ വഴിപിഴയ്ക്കാതെ അനുഷ്ഠിച്ചു പോന്നിരുന്നുവെന്നുള്ളതിലേക്കു് മതിയായ പ്രമാണങ്ങളുണ്ടു്. അവന്മാർ ബ്രഹ്മചൎയ്യത്തിൽനിന്നു് ഗൃഹസ്ഥാശ്രമത്തിലേക്കും, അതിൽ നിന്നു് വാനപ്രസ്ഥാശ്രമത്തിലേക്കും, പിന്നീട്ടു് സന്യാസാശ്രമത്തിലേക്കും മാറുക പതിവുണ്ടായിരുന്നു. ബ്രഹ്മചാരിക്കും ഗൃഹസ്ഥനും സ്മൃതികളാൽ വിധിക്കപ്പെട്ടനിയമങ്ങൾ അനേകങ്ങളാണു്; അവ കഠിനങ്ങളുമാണു്. വാനപ്രസ്ഥനുവിധിക്കപ്പെട്ട നിയമങ്ങൾ അത്രത്തോളം കഠിനങ്ങളല്ല. സന്യാസിക്കാകട്ടെ, കൂടുതൽ സ്വാതന്ത്ര്യങ്ങളുണ്ടു. അവൻ നിത്യനൈമിത്തികകൎമ്മങ്ങളിൽ നിന്നും ഗൃഹ്യസംസ്കാരങ്ങളിൽ നിന്നും ജ്യോതിഷ്ടോമയാഗപ്രക്രിയകളിൽ നിന്നും മുക്തനാണു്. ഈ സ്വാതന്ത്ര്യത്തെ കരുതിയാണു അനേകംപേർ തക്കകാലത്തിൽ സന്യാസത്തെ സ്വീകരിച്ചുവന്നതു്. ഇപ്രകാരം വാനപ്രസ്ഥന്മാരായും സന്യാസികളായും കഴിഞ്ഞവർ

×പാലി ഭാഷയിലുള്ളപ്രധാനബൌദ്ധഗ്രന്ഥം.

കാട്ടിൽ കയറി ഒന്നിച്ചുചേൎന്നു്, തത്വവിചിന്തനം ചെയ്തതിൻെറഫലം വേദങ്ങളിലെ * 'ആരണ്യക'ഭാഗത്തിലുൾപ്പെട്ട ഉപനിഷത്തുകളിൽ സുസ്പഷ്ടമായി കാണപ്പെടുന്നു. ഹിന്തുക്കളുടെ പ്രസിദ്ധമായ × ആറുദൎശനങ്ങളുടെഉത്ഭവംതന്നെയും ഈ തത്വവിചാരത്തിൻെറഫലമാണു്. കൂടാതെ, ക്ഷത്രിയന്മാർ മദ്ധ്യനിലയിൽ നിന്നു്, ഭരണം നടത്തിവന്ന കാലത്തു്, അവരിൽപലരും സ്മൃതികളാൽ പോററപ്പെട്ടുന്നമുൻചൊന്ന വൎണ്ണാശ്രമങ്ങളുടെ ഉയൎച്ചത്താഴ്ചകൾ ജനങ്ങൾക്കു് അസഹിഷ്ണുതയെ അങ്കുരിപ്പിക്കുകയാൽ, അവ തങ്ങളുടെ ഉചിതക്ഷരണത്തിനു പ്രതിബന്ധകങ്ങളാണെന്നു വിചാരിച്ചിട്ടുണ്ടായിരുന്നിരിക്കണമെന്നു് ഊഹിക്കാൻ കാരണമുണ്ടു്. ബുദ്ധമതചിന്തകന്മാരിൽ സുപ്രസിദ്ധനായ ഓൾഡൻ ബർഗ്ഗ് എന്നപണ്ഡിതൻ, സന്ന്യാസം എന്നതു് ആദ്യം ഹൈന്ദവദേശത്തിൽ ഉത്ഭവിച്ചു്, പിന്നീട്ടു മററുസ്ഥലങ്ങളിൽ പരന്നു എന്നു് അഭിപ്രായപ്പെട്ടുന്നു. ഗൌതമബുദ്ധൻെറ കാലത്തു വിന്ധ്യനുംഹിമാലയത്തിനുംമദ്ധ്യത്തിലുള്ള ആൎയ്യാവൎത്തത്തിൽ പലേസന്ന്യാസിമാർ ഉണ്ടായിരുന്നുഎന്നു് ബൌദ്ധഗ്രന്ഥങ്ങളും ജൈനഗ്രന്ഥങ്ങളും പ്രസ്താവിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടുന്നു. ഇതിൽനിന്നും തത്വവിചാരവൃത്തി എല്ലാ സ്ഥലത്തും പരന്നിരുന്നകാലത്താണു് ബുദ്ധൻ ആൎയ്യാവൎത്തത്തിൽ അവതരിച്ചതെന്നു വിശ്വസിക്കാം. മേൽപറഞ്ഞ പൂൎവ്വികന്മാരുടെ ജ്ഞാനഭണ്ഡാഗാരമാണു് അദ്ദേഹത്തിൻെറ മൂലധനം. വേദാന്തത്തിനും ബൌദ്ധമതത്തിനും പല സംഗതികളിലും ഐകരൂപ്യം കാണുന്നതിൻെറ കാരണം ഇതുതന്നെയാണു്. ലോകജീവിതം ദുഃഖപരമാണെന്നും പുനൎജ്ജന്മം ആ ദുഃഖപരമ്പരയെ മുറിക്കാതെ വളൎത്തുകയാണെന്നും ജനനമില്ലായ്മയാണു് മനുഷ്യൻ അപേക്ഷിക്കേണ്ടതായ

---

* ആരണ്യകം=അരണ്യത്തെ സംബന്ധിച്ചുള്ള.

× സാംഖ്യം, യോഗം, മീമാംസ, വേദാന്തം, ന്യായം, വൈശേഷികം.

ഉൽകൃഷ്ടസാധനമെന്നും അതിനെ സമ്പാദിക്കാൻബന്ധത്തെ ഛേദിച്ച് നിഷ്കാമമായി ചെയ്യുന്ന സൽകമ്മങ്ങളെക്കൊണ്ടേ സാധിക്കുകയുള്ളുവെന്നും ഹിന്തുക്കളുടെ ദർശനങ്ങളിലും ബൌദ്ധഗ്രന്ഥങ്ങളിലും ഒന്നുപോലെ പ്രസ്താവിച്ചുകാണുന്നു.

* ത്രിവിധദുഃഖങ്ങളിൽനിന്നും മോചിക്കുകയാണ് ഉൽകൃഷ്ടമായ പുരുഷാൎത്ഥമെന്നത്രേ സാംഖ്യദർശനാദർശം. ലോകജീവിതം നിസ്സാരമെന്നും അനിത്യമെന്നും വിശ്വസിച്ച് പരിവൎത്തനഭാവമില്ലാത്തതും അനശ്വരമായതുമായ ഗൃഹത്തെ ഓരോരുത്തരും അപേക്ഷിക്കണമെന്നാണ് വേദാന്തം വിധിക്കുന്നത്. പ്രസ്തുതഗൃഹത്തെ വേദാന്തികൾ നിൎവാണം എന്നു പറയുന്നു. ബൌദ്ധന്മാരും, തങ്ങൾ സമ്പാദിക്കണമെന്നാശിക്കുന്ന ഉൽകൃഷ്ടപുരുഷാൎത്ഥത്തെ നിൎവാണം എന്നു പറയുന്നു. ഈ നിൎവാണത്തിൻെറ വ്യാകരണചൎച്ചയിലും അതിനെ സമ്പാദിക്കേണ്ടതായ മാർഗ്ഗത്തെ ഉദ്ബോധനം ചെയ്യുന്നതിലും വേദാന്തികൾക്കും ബൌദ്ധന്മാൎക്കും ഈഷദ്വ്യത്യാസമുണ്ടെന്നിരുന്നാലും അദ്വൈതികളല്ലാത്ത വേദാന്തികൾ അദ്വൈതികളെ f പ്രഛന്നബൌദ്ധർ എന്നു പരിഹസിക്കുന്ന പതിവ്, വേദാന്തത്തിനും ബുദ്ധമതത്തിനും തമ്മിലുള്ള ഐക്യതയെ വെളിപ്പെടുത്തുന്നു. പൌരാണികന്മാർ ഗൌതമബുദ്ധനെ വിഷ്ണുവിൻെറ അവതാരമായി അംഗീകരിച്ചിരിക്കുന്നതും ബുദ്ധമതം ഹൈന്ദവമതത്തിൽനിന്നും ഭിന്നമല്ലെന്നുള്ളതിനെ വെളിപ്പെടുത്തുന്നു.

ബൌദ്ധമതത്തിൽ മഹായാനം ‡ ഹീനയാനം എന്നു രണ്ടുയാനങ്ങളുണ്ട്. മഹായാനം, നേപാളം, റിബെററ്, ചൈന, ജപ്പാൻ മുതലായ സ്ഥലങ്ങളിൽ പ്രചരിച്ചിരിക്കുന്നു.

---

* ആദ്ധ്യാത്മികം, ആധിദൈവികം, ആധിഭൌതികം.
f വേഷംമാറിയ ബൌദ്ധർ.
‡ യാനം പ്രസ്ഥാനം.

ഹീനയാനം ബൎമ്മയിലും സിലോണിനും പരന്നിട്ടുണ്ട്. ഹിന്ദുസ്ഥാനത്തിൻെറ ഉത്തരദേശങ്ങളിലുള്ള മഹായാനാവലംബികളും വേദാന്തികളും അടിക്കടി വാദപ്രതിവാദം നടത്തിക്കൊണ്ടിരുന്നു എന്നു അറിയുന്നുണ്ട്. മഹായാനസിദ്ധാന്തത്തെ സംബന്ധിച്ച പലഗ്രന്ഥങ്ങൾ സംസ്കൃതഭാഷയിലുണ്ട്. ഹീനയാനക്കാൎക്ക് പാലിഭാഷയിൽ നിൎമ്മിക്കപ്പെട്ടിട്ടുള്ള ത്രിപിടകമത്രേ മൂലഗ്രന്ഥം; വേറെയില്ല. ഗൌതമബുദ്ധൻെറ കാലത്ത് ബൌദ്ധന്മാൎക്കും വേദാന്തികൾക്കും തത്വശാസ്ത്രസംബന്ധമായ വഴക്ക് അധികമായി ഉണ്ടായിരുന്നില്ലെന്നു തെളിവുള്ളതിനാൽ, അക്കാലത്തിനു ശേഷമാണ്, മാദ്ധ്യമികർ, യോഗാചാരാവലംബികൾ, സൌത്രാന്തികർ, വൈഭാഷികർ എന്ന നാലു ശാഖക്കാരുടെ തത്വശാസ്ത്രങ്ങൾ ഉണ്ടായിട്ടുള്ളതെന്നു ഊഹിക്കാം.

ഗൌതമബുദ്ധന്, വേദാന്തസിദ്ധാന്തത്തിൽ അന്തൎഭവിച്ചിട്ടുള്ള അപ്രത്യക്ഷതത്വങ്ങളെ അനുമാനതക്കത്താൽ സാധിക്കാവുന്നതല്ലെന്നു അഭിപ്രായമുണ്ട്. എന്നിരുന്നാലും സാംഖ്യന്മാരുടെയും വേദാന്തികളുടെയും മനുശ്ശാസ്ത്രത്തിനും മുമ്പുള്ള പല ആചാൎയ്യന്മാരുടെ ആചാരത്തെയും അവരുടെ അനുഷ്ഠാനവിധികളേയും അദ്ദേഹം അംഗീകരിച്ചിരുന്നു. സ്വാൎത്ഥത്തെ ഉദ്ദേശിച്ചുള്ള കൎമ്മം അധൎമ്മമാണെന്നു, അതു് ദുഃഖഹേതുകമായ ലോകജീവിതത്തിൻെറ ബന്ധത്തെ ദൃഢീഭൂതമാക്കുകയേ ഉള്ളു എന്നും, ഫലത്തെ ആശിക്കാതെ പരാൎത്ഥമായി ചെയ്യപ്പെടുന്ന കൎമ്മം ദുഃഖപ്രദമായ ലോകബന്ധത്തെ പൊട്ടിക്കുമെന്നുമാണ് അദ്ദേഹത്തിൻെറ സിദ്ധാന്തം.

ദൈവവും ആത്മാക്കളുമുണ്ടെന്ന വിശ്വാസവും അവയുടെ സംബന്ധത്തെ ഗ്രഹിക്കുക എന്നുള്ളതുമാണ് മുക്തിമാൎഗ്ഗത്തിന് ആധാരമെന്നു് ഗൌതമബുദ്ധൻ ദൃഢമായി വിശ്വസിച്ചിരുന്നില്ല. ദൈവത്തെപ്പററിയും ആത്മാവിനെപ്പററിയും ഏതൊരുത്തനും യാതൊന്നും അറിവാൻ സമൎത്ഥനല്ലെ

ന്നായിരിക്കണം അദ്ദേഹത്തിൻെറ അഭിപ്രായം. എന്നിരു ന്നാലും ദുഃഖപൂണ്ണമായ ജനനപീഡയിൽനിന്നും ഒഴിയുകഎന്നതാണ് മനുഷ്യനു സിദ്ധിക്കാവുന്ന മഹാഫലമെന്നും, ഞാനെന്നും എൻെറതെന്നുമുള്ള അഭിമാനങ്ങളാണ് ആ ജനനപീഡയെ അകററാനുള്ള ശ്രമത്തിൽ പ്രതിബന്ധങ്ങളായി നിൽക്കുന്നതെന്നും ആ പീഡനീങ്ങിയ നിർവ്വാണനിലയിൽ ദുഃഖത്തിനു സ്ഥാനമേയില്ലെന്നും അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു. ആത്മാവിനെപ്പററിയും ബ്രഹ്മത്തെപ്പററിയും വഴക്കടിക്കുന്നതിനേക്കാൾ കർത്തവ്യത്തെ ശരിക്കു നിർവ്വഹിക്കുന്നതായാൽ, ലോകത്തിൽ ദുഃഖം ക്ഷയിക്കുമെന്നു ബോധിച്ച് അദ്ദേഹം ധമ്മത്തെ വ്യക്തമായി ഉദ്ബോധനംചെയ്തു പ്രചരിപ്പിക്കുകയാണുണ്ടായതെന്നു വിശ്വസിക്കാം. ബുദ്ധൻ നാസ്തികനാണെന്നും അനാത്മവാദിയാണെന്നും ചിലർ അഭിപ്രായപ്പെടുന്നു. ത്രിപിടകത്തിലുള്ള ബുദ്ധൻെറ ഉപദേശങ്ങളിൽ ഒന്നെങ്കിലും ഈ അഭിപ്രായത്തെ പിന്താങ്ങുന്നുണ്ടെന്നു തോന്നുന്നില്ല. ഈ അഭിപ്രായക്കാർ ബൌദ്ധന്മാർ പറയുന്ന നിർവ്വാണം ശൂന്യനിലയാണെന്നു കരുതുന്നുണ്ട്. അതു ബുദ്ധൻെറ സിദ്ധാന്തമാണെന്നു പറവാൻ പാടില്ല.

'സംയുക്തനികായം' എന്നബൌദ്ധഗ്രന്ഥത്തിൽ, വത്സഗോത്രൻ എന്നൊരു സന്ന്യാസി ബുദ്ധൻെറ സമീപത്തിൽ ചെന്നു "ആത്മാവ് എന്നു് ഒന്നുണ്ടോ?" എന്നു ചോദിച്ചതിന് അദ്ദേഹം മൌനം ഭിക്ഷിച്ചുവെന്നും "എന്നാൽ അങ്ങനെ ഒന്നില്ലേ?" എന്നു വീണ്ടും സന്ന്യാസി ചോദിച്ചതിനും അദ്ദേഹം ഒരു സമാധാനവും പറയാതെ അത്യന്തത്ത നയംതന്നെ സ്വീകരിച്ചു എന്നും കാണുന്നു. കോസലദേശത്തെ രാജാവായ പ്രസേനജിത്ത് സാകേതനഗരത്തിൻെറയും ശ്രാവസ്തിയുടെയും മദ്ധ്യേകൂടി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ, ക്ഷേമ എന്ന ഒരു ഭിക്ഷുകിയെകണ്ടുമുട്ടി നമസ്കരിച്ച്, അടിയിൽ ചേർക്കുന്ന സംഭാഷണത്താൽ, തൻെറ സംശയത്തെ പരിഹരിച്ചതായി മേൽപറഞ്ഞ ഗ്രന്ഥത്തിൽ പ്രസ്താവിച്ചുകാണുന്നു. രാ

ന്നു

ജാവു ചോദിച്ചു:—"ദേവീ! തഥാഗതൻ, മരിച്ചതിനു ശേഷ വുമുണ്ടോ?"

ക്ഷേമ—രാജശ്രേഷ്ഠ! തഥാഗതൻ മരിച്ചതിനുശേഷം ഉണ്ടായിരിക്കുമെന്ന് ആചാര്യബുദ്ധൻ പറഞ്ഞിട്ടില്ല.

രാജാവ്—ദേവീ! എന്നാൽ മരിച്ചതിനുശേഷം തഥാഗതൻ ഇല്ലേ?

ക്ഷേമ—രാജാവേ! തഥാഗതൻ മരിച്ചതിനുശേഷം ഇല്ലായിരിക്കുമെന്നും ആചാര്യബുദ്ധൻ പറഞ്ഞിട്ടില്ല.

രാജാവ്—അങ്ങനെയാണെങ്കിൽ, തഥാഗതൻ മരിച്ചതിനുശേഷം ഉള്ളവനുമാണ് ഇല്ലാത്തവനുമാണ് എന്നു കരുതാമോ? അല്ലെങ്കിൽ തഥാഗതൻ മരിച്ചതിനുശേഷം ഉള്ളവനുമല്ല, ഇല്ലാത്തവനുമല്ല എന്നുപറയാമോ?

ഈ ചോദ്യത്തിനും ആ ഭിക്ഷുകി മററുചോദ്യങ്ങൾക്കെന്നപോലെ, "ഈ സംഗതിയെപ്പററി ആചാര്യബുദ്ധൻ യാതൊന്നും പറഞ്ഞില്ല." എന്നു മറുപടി പറഞ്ഞു. ഈ പ്രശ്നോത്തരങ്ങളെക്കൊണ്ടും, നിർവ്വാണംഎന്നതു് ശൂന്യാവസ്ഥയാണെന്നും ആത്മാവ എന്നൊന്നില്ലെന്നും ഗൌതമബുദ്ധൻഖണ്ഡിതമായി പറഞ്ഞിട്ടില്ലെന്നു സ്പഷ്ടമാകുന്നു. നിർവ്വാണത്തെ പ്രാപിച്ചതിനുശേഷം ലോകദുഃഖം നിശ്ശേഷം വിട്ടുമാറുമെന്നും ആ ദുഃഖത്തെ ഒഴിക്കാനുള്ള ശ്രമമത്രെ എല്ലാധർമ്മങ്ങൾക്കും അവസാനമായിട്ടുള്ള ഫലമെന്നുംകരുതി ലോകത്തിൻെറ നന്മയ്ക്കായി ഗൌതമബുദ്ധൻ തൻെറ മതത്തെ ലോകർക്ക് ഉപദേശിച്ചു.

ഗൌതമബുദ്ധന് മഹാബോധിയുടെ ചുവട്ടിൽവച്ചു ജ്ഞാനം സിദ്ധിച്ചപ്പോൾ, അദ്ദേഹത്തിൻെറ മതത്തിൻെറ മൂലസ്ഥാനമായ നാലു പരമാർത്ഥങ്ങൾ അദ്ദേഹത്തിൻെറ മനസ്സിൽ തോന്നി; അതിൻെറ മുകളിലാണ് അദ്ദേഹത്തിൻെറ മതം സ്ഥിതിചെയ്യുന്നതു്. ദുഃഖം, ദുഃഖകാരണം, ദുഃഖനിവാരണം, ദുഃഖനിവാരണമാർഗ്ഗം ഇവ നാലുമാണ് ആ പരമാർത്ഥങ്ങൾ.

ബുദ്ധൻ തനിക്കു ജ്ഞാനം സിദ്ധിച്ചതിനുശേഷം കാശിയിൽചെന്നു്, മുമ്പു തൻെറ ഒന്നിച്ചു തപസ്സുചെയ്തുകൊണ്ടിരുന്ന പഞ്ചമഹർഷികളെ തൻെറ സിദ്ധാന്തത്തെ ഗ്രഹിപ്പിക്കാനായി ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം കാണുന്നു:—"ഹേ! സന്ന്യാസികളേ! ദുഃഖമെന്ന നിർവിവാദമായ പരമാർത്ഥം ഇതാണു്:—ജനനദുഃഖം, രോഗദുഃഖം, വാൎദ്ധക്യദുഃഖം, മരണദുഃഖം, കരുണയില്ലാത്തവരോടുള്ള സമ്പൎക്കദുഃഖം, കരുണാശീലന്മാരുടെ വിരഹദുഃഖം, ആഗ്രഹം സാധിക്കപ്പെടാഴികകൊണ്ടുള്ള ദുഃഖം; ചുരുക്കിപ്പറഞ്ഞാൽ ഇന്ദ്രിയവിഷയങ്ങളെല്ലാം ദുഃഖംതന്നെയാണു്. അല്ലയോ താപസന്മാരേ! ദുഃഖകാരണമായ പരമാർത്ഥമെന്തെന്നാൽ, ഇഹത്തിലും പരത്തിലും ഏതാണ്ടു അല്പം സാധിച്ചേയ്ക്കാവുന്ന കാമലോഭാദികളോടു് ഇടപ്പെട്ടതായ തൃഷ്ണയൊന്നുമാത്രമാണു്. അതത്രേ ജനനത്തിനും ബീജം. സുഖതൃഷ്ണയും ജീവിതതൃഷ്ണയും അധികാരതൃഷ്ണയും ഇതുതന്നെയാണു്. അല്ലയോ മഹർഷിമാരേ! ദുഃഖനിവാരണമായ പരമാർത്ഥം യാതൊന്നാണെന്നാൽ, ആശയിൽനിന്നും വേർപെട്ടുനില്ക്കുകയാണു്. ഹേ താപസന്മാരേ! ദുഃഖനിവാരണമാർഗ്ഗമായ പരമാർത്ഥം എന്താണെന്നാൽ, സദ്ദൃഷ്ടിതുടങ്ങിയ അഷ്ടാംഗങ്ങളാണു്."

ലോകജീവിതദുഃഖം, സാംഖ്യന്മാൎക്കും വേദാന്തികൾക്കും ഇതരദർശനാവലംബികൾക്കും ജൈനന്മാൎക്കും ബൌദ്ധന്മാൎക്കും പൊതുവേയുള്ളതാണു്. മൈത്രായണ്യുപനിഷത്തിൻെറ ആരംഭത്തിൽ ലോകജീവിതം അനിത്യമാണെന്നും അതുകൊണ്ടു് അതു ദുഃഖത്തിനിരിപ്പിടമാണെന്നും സ്ഥാപിച്ചിരിക്കുന്നു. മുൻചൊന്ന മാക്സ്മുള്ളരുടെ ഗ്രന്ഥാവലിയിൽ പതിനഞ്ചാംപുസ്തകത്തിൽ (287—289, പുറങ്ങൾ) ആ ഭാഗത്തെപ്പററി പ്രസംഗിച്ചിരിക്കുന്നതു നോക്കുക:—"ബൃഹദ്രഥൻ എന്ന രാജാവ് ജീവിതത്തിൻെറ അസ്ഥിരതയെപ്പററി ചിന്തിച്ചു്, അജീവിതത്തിൽ വിരക്തനായി രാജ്യത്തെ മൂത്തമകനെ ഏല്പിച്ചിട്ടു്, കാട്ടിലേക്കു തിരിച്ചു. അവിടെ ശിരസ്സിനുമുകളിൽ ഉ

യർത്തപ്പെട്ട തൊഴുകൈകളോടുകൂടി ആദിത്യനെനോക്കി തപസ്സു ചെയ്തുകൊണ്ടിരുന്നു. അപ്രകാരം ആയിരം ദിവസങ്ങൾ കഴിഞ്ഞതിന്നുശേഷം ഒരു മഹർഷിസന്നിധിയെ പ്രാപിച്ച് അദ്ദേഹത്തിൻെറ പാദങ്ങളിൽ നമസ്കരിച്ചു. സർവ്വത്തെയും ദഹിപ്പിക്കുന്ന ധൂമരഹിതമായ ചെന്തീപോലെ ഉള്ള ഉജ്ജ്വലമായ ഭാസ്സോടുകൂടി വിളങ്ങുന്ന ആത്മജ്ഞാനിയായ ശാകായന്യൻ എന്ന ആ മഹർഷി രാജാവിനെനോക്കി, "എഴുന്നേല്ക്കുക! നീ ആശിക്കുന്നതു കിട്ടും; എന്താണു നിൻെറ ആശ?" എന്നു ചോദിച്ചു. രാജാവു ഭക്തിപൂർവ്വം പറഞ്ഞു:—"സർവ്വവന്ദ്യനായ ഭഗവൻ! അവിടുന്നു പാരമാർത്ഥികത്തെ ബോധിച്ചിട്ടുണ്ട്; ഈയുള്ളവന് ആത്മജ്ഞാനമില്ല; ഞാൻ അതൊന്നിനെയാണ് ആശിക്കുന്നത്; അതിനെ എനിക്കുതാൻ ദയയുണ്ടാകണമെന്നു പ്രാർത്ഥിക്കുന്നു." മഹർഷിയുടെ ഉപദേശമിതായിരുന്നു:—"ആത്മജ്ഞാനമെന്നുള്ളത്, പ്രാചീനകാലങ്ങളിൽ മഹാന്മാരാൽ നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്; അതു ക്ഷിപ്രസാദ്ധ്യമല്ല. അതുകൊണ്ട്, ഇക്ഷ്വാകുകുലജാതനായരാജൻ! മററു അഗ്രഹത്തെ അറിയിക്കുക!" രാജാവ് അതു കേട്ട് ഇപ്രകാരം പറഞ്ഞുതുടങ്ങി—"മഹർഷേ! എല്ല്, തൊലി, ഞരമ്പ്, മജ്ജ, മാംസം, ശുക്ലം, ശോണിതം, ശ്ലേഷ്മം, ബാഷ്പം എന്നിവയാൽ രൂപവൽകരിക്കപ്പെട്ടതും മല, മൂത്ര പിത്ത, വാത, കഫങ്ങൾക്ക് ഇരിപ്പിടമായിട്ടുള്ളതും ദുർഗ്ഗന്ധപരിപൂർണ്ണവുമായ ഈ നിസ്സാരമായ ശരീരത്തിൽ വസിച്ചുകൊണ്ടു ഭോഗത്തെ അനുഭവിക്കുന്നതിനാൽ എന്തുഫലമാണു? കാമം, ക്രോധം, ലോഭം, മോഹം, ഭയം, ദുഃഖം, അഗ്രഹിച്ചതു ലഭിക്കപ്പെടായ്ക, അഗ്രഹിക്കാത്തതു ലഭിക്കുക, ദാഹം, വിശപ്പ്, വാർദ്ധക്യം, മരണം, രോഗം, ശോകം എന്നിവയാൽ പീഡിപ്പിക്കപ്പെടുന്ന ഈ ശരീരത്തിലിരുന്ന് സുഖത്തെ അനുഭവിക്കുന്നതുകൊണ്ടു എന്തുഫലം? ഈച്ച, കൊതുകു മുതലായ ജന്തുക്കളും തൃണാദിസസ്യങ്ങളും ജനിച്ചു മരിക്കുന്നതുപോലെതന്നെ, ലോകത്തിലുള്ള എല്ലാവസ്തുക്കളും നശിക്കുന്ന ശീ-

ലത്തോടുകൂടിയവയാണെന്നു നാം അറിയുന്നു; അവയെക്കൊണ്ടെന്തുഫലം? പല മഹാന്മാരും സുദ്യുമ്നൻ, ഇന്ദ്രദ്യുമ്നൻ, കുവലയാശ്വൻ, യൌവനാശ്വൻ, ഭദ്രാശ്വൻ, അശ്വപതി, ശശിബിന്ദു, ഹരിശ്ചന്ദ്രൻ, അംബരീഷൻ, അനനുക്തൻ, ശര്യാതി, യയാതി അനരണ്യൻ, ഉക്ഷസേനൻ മുതലായ വില്ലാളിവീരന്മാരായ ചക്രവൎത്തികളും മരുത്തൻ, ഭരതൻ തുടങ്ങിയ രാജാക്കന്മാരും തങ്ങളുടെ ബന്ധുമിത്രങ്ങളുടെകൺമുമ്പിൽ തങ്ങളുടെ ഭീമൈശ്വര്യത്തെ നഷ്ടപ്പെട്ടു് ഈ ലോകത്തിൽ നിന്നും നിൎഗ്ഗമിച്ചവരാണു്. മാത്രമല്ല, ഗന്ധൎവ്വന്മാർ, അസുരന്മാർ, യക്ഷന്മാർ, രക്ഷസ്സുകൾ, ഭൂതഗണങ്ങൾ, പിശാചുക്കൾ, മുതലായവരുടെ നാശത്തെയും നാം അറിഞ്ഞിട്ടുണ്ടു്. എന്നുതന്നെയുമല്ല, മഹാസമുദ്രങ്ങൾ വെള്ളംവററി വെറും നിലമാകുന്നതും മലകൾ മറിഞ്ഞുവീഴുന്നതും ധ്രുവനക്ഷത്രം ചലിക്കുന്നതും ഭൂമി താഴുന്നതും ദേവന്മാർ തങ്ങളുടെ വാസസ്ഥലത്തെ വെടിഞ്ഞുപോകുന്നതും സംഭാവ്യമാണു്. ഇപ്രകാരമിരിക്കെ, ഈ ലൌകികസുഖാനുഭവങ്ങളാൽ എനിക്കു് എന്തൊരുഫലം? അവററെ വിശ്വസിക്കുന്നവൎക്കു് ഈ ലോകത്തിൽ വീണ്ടും വീണ്ടും ജന്മമെടുക്കേണ്ടിവരുന്നു. അതുകൊണ്ടു് അങ്ങു് എന്നെ അതിൽനിന്നും മോചിപ്പിക്കണം. ഞാൻ ഈ ലൌകികജ്ജീവിതത്തിൽ, പാഴ്ക്കിണററിലെ തവളയേപ്പോലെ കഴിഞ്ഞുകൂട്ടുന്നു. അല്ലയോ മഹാനുഭാവൻ! അങ്ങു് അത്രേ എനിക്കു് ആശ്രയം."

ഇപ്രകാരമുള്ള ഉപനിഷത്സാരങ്ങളെ ആരായുകയാണെങ്കിൽ, ലോകവും ലോകജ്ജീവിതവും മനുഷ്യശരീരവും, നശ്വരങ്ങളും, ദുഃഖനിദാനങ്ങളുമാണെന്നും, അനശ്വരവും പരിവൎത്തനമില്ലാത്തതുമായ വസ്തു ആത്മതത്വം ഒന്നുമാത്രമാണെന്നും ഗ്രഹിക്കാൻ കഴിയുന്നതാണു്. ബുദ്ധൻ ഈ ആത്മതത്വത്തെപ്പററി ഖണ്ഡിതമായി യാതൊന്നും അഭിപ്രായപ്പെട്ടിട്ടില്ലെങ്കിലും പ്രാപഞ്ചികവസ്തുക്കളെല്ലാം അനിത്യങ്ങളാകയാൽ അവ ദുഃഖനിദാനങ്ങളാണെന്നു ബലപ്പെടുത്തിപ്പറ

ഞ്ഞിട്ടുണ്ട്. ഗൌതമബുദ്ധൻ തൻെറ പ്രഥമശിഷ്യന്മാരായ പഞ്ചഋഷികളോട് കാശിയിൽവെച്ച് ഉപദേശിച്ചതായി "മഹാവർഗ്ഗ"മെന്ന ബൌദ്ധഗ്രന്ഥത്തിൽ കാണുന്നതാവിതു്:— "അല്ലയോ താപസന്മാരേ! രൂപം ആത്മാവല്ല; രൂപം ആത്മാവാണെങ്കിൽ ആ രൂപത്തിനു രോഗപീഡയുണ്ടാകാൻ പാടില്ല; ഓരോരുത്തരും തൻെറ തൻെറ രൂപത്തെപ്പററി 'എൻെറ ദേഹം ആ സ്ഥിതിയിലിരിക്കണം, ഈ സ്ഥിതിയിലിരിക്കരുതു്' എന്നുംമററും പറവാൻ അർഹന്മാരായിരിക്കണം. ഹേ മഹർഷികളേ! രൂപം ആത്മാവല്ലാത്തതിനാലാണു് അതു രോഗപീഡയ്ക്കു വശംവദമായിരിക്കുന്നതു്. മനുഷ്യൻ തൻെറ ശരീരത്തെപ്പററി 'അതു് ആ സ്ഥിതിയിലിരിക്കണം, ഈ സ്ഥിതിയിലിരിക്കരുതു്' എന്നും മററും പറവാൻ അർഹന്മാരല്ല."

വേദന, സംജ്ഞ, സംസ്കാരം, വിജ്ഞാനം എന്നിവയും ആത്മാവല്ല എന്നു് ഉപദേശിച്ചിട്ടു് ബുദ്ധൻ വീണ്ടും അവരോടു സംഭാഷണം നടത്തുന്നു:—

ബുദ്ധൻ—രൂപം അനശ്വരമോ, നശ്വരമോ? എന്തു വിചാരിക്കുന്നു?

ഋഷികൾ—നശ്വരംതന്നെ.

ബുദ്ധൻ—അഴിവുള്ളവസ്തു സുഖമോ, ദുഃഖമോ?

ഋഷികൾ—ദുഃഖംതന്നെ.

ബുദ്ധൻ—നശ്വരവും ദുഃഖപൂർണ്ണവും പരിവർത്തനങ്ങൾക്കു വശപ്പെട്ടതുമായ വസ്തുവിനെ ആരാഞ്ഞറിഞ്ഞതിനുശേഷം; ഒരു മനുഷ്യൻ 'ഞാനെ'ന്നും 'എൻെറ'തെന്നുംപറയുന്നതു ശരിയാണോ?

ഋഷികൾ—പറവാൻ പാടില്ല.

ആത്മതത്വത്തെക്കുറിച്ചും പരബ്രഹ്മത്തെപ്പററിയും വേദാന്തികൾ പറയുന്നതുപോലെ ബുദ്ധൻ ഒന്നും പറഞ്ഞിട്ടില്ലെങ്കിലും, പ്രാപഞ്ചികവസ്തുക്കളെല്ലാം അനിത്യങ്ങളാകയാൽ ലോകവും ലോകജീവിതവും ദുഃഖനിദാനങ്ങ

ളാണെന്നുള്ള വേദാന്തികളുടെ അഭിപ്രായം തന്നെയാണു ബുദ്ധൻെറതും. അപ്രകാരം സവ്വും ദുഃഖഹേതുക്കളാണെന്നു ബൌദ്ധന്മാർ വിശ്വസിച്ചുപോരുന്നതിനാൽ, അവർ ലൌകികാര്യാഷങ്ങളിൽനിന്നും നിശ്ശേഷം ഒഴിഞ്ഞുമാറി, തങ്ങളേ തങ്ങൾതന്നെ പീഡിപ്പിച്ചുകൊണ്ടിരുന്നു എന്നു വിശ്വസിക്കാൻ പ്രമാണങ്ങളില്ല. ഈ സംഗതി, "ധമ്മപദ"മെന്ന ഇവരുടെ ഗ്രന്ഥത്തിൽ നിന്നുമെടുത്തു്, അടിയിൽ ഉദ്ധരിക്കുന്ന ഭാഗംകൊണ്ടു വെളിപ്പെടുന്നതാണു്.

"പാലിക്കുന്നവനാൽ അടക്കപ്പെട്ട കുതിരയെപ്പോലെ ഏതൊരുവൻെറ കാമാദികൾ അടക്കപ്പെട്ടിരിക്കുന്നുവോ, ഏതൊരുവൻ അഹങ്കാരത്തെ വെടിഞ്ഞിരിക്കുന്നുവോ, ഏതൊരുവൻ അശുദ്ധിയിൽനിന്നും ഒഴിഞ്ഞിരിക്കുന്നുവോ, പരിപക്വതയിൽ എത്തിയ ആ മനുഷ്യൻ ദേവന്മാരുടേപോലും അസൂയയ്ക്കു പാത്രമാകുന്നു. പ്രതികാരം നിറഞ്ഞ ഈ ലോകത്തിൽ, ഞങ്ങൾ ഒരു ശത്രുവുമില്ലാതെ പരിപൂണ്ണാനന്ദത്തിൽ ജീവിക്കുന്നു; പകയില്ലാത്ത മനുഷ്യരുടെ ഇടയ്ക്കു പകയില്ലാതെ വസിക്കുന്നു. രോഗികളുടെയിടയിൽ ഞങ്ങൾ ആരോഗ്യമുള്ളവരായി പരിപൂണ്ണാനന്ദത്തിൽ ജീവിക്കുന്നു; രോഗികളുടെയിടയ്ക്കു രോഗം ഇല്ലാതെ വസിക്കുന്നു. ശ്രമിക്കുന്നവരുടെയിടയിൽ ഞങ്ങൾ ശ്രമമില്ലാതെ പരിപൂണ്ണാനന്ദത്തിൽ ജീവിക്കുന്നു; ശ്രമിക്കുന്നവരുടെയിടയിൽ ശ്രമമില്ലാതെ വസിക്കുന്നു. യാതൊരു വസ്തുവിനോടും ബന്ധമില്ലാതെ ഞങ്ങൾ പരിപൂണ്ണാനന്ദത്തിൽ ജീവിക്കുന്നു; പ്രകാശവാന്മാരായ ദേവന്മാരുടേതിനു തുല്യമായ ആനന്ദം തന്നെയാണു് ഞങ്ങളുടെ പന്നസ്സഞ്ചി. വിജനഗൃഹത്തിൽ ഇരുന്നുകൊണ്ടു് തൻെറ ആത്മാവിനെ ശാന്തിപൂണ്ണമാക്കുന്ന ഭിക്ഷു 'സത്യ'ത്തിൽ തന്നെ ദത്തശ്രദ്ധനായി മനുഷ്യസാധാരണമല്ലാത്ത ആനന്ദത്തെ അനുഭവിക്കുന്നു."

കാമവും ലോഭവും സുഖേച്ഛയും ജീവിതാശയും അധികാരാശയും ലൌകികജീവിതത്തെസ്സംബന്ധിച്ച ദുഃഖത്തിനു

കാരണങ്ങളാകുമെന്നു ബൌദ്ധന്മാർ പറയുന്നതായി മുമ്പുപ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനെ വ്യക്തമായി വെളിപ്പെടുത്തുന്നതിന് കാര്യകാരണക്രമാനുസാരേണ ദ്വാദശനിദാനങ്ങളെന്നു പന്ത്രണ്ടു തത്വങ്ങൾ ബൌദ്ധഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചുകാണുന്നു. ത്രിപിടകം എന്ന ഗ്രന്ഥത്തിൽ കാണുന്നതു് ഇപ്രകാരമാണു്:—"അവിദ്യയിൽനിന്നും സംസ്കാരങ്ങളും സംസ്കാരത്തിൽനിന്നു വിജ്ഞാനവും, വിജ്ഞാനത്തിൽനിന്നു നാമരൂപങ്ങളും, നാമരൂപങ്ങളിൽനിന്നു ഷഡായതനങ്ങളും, ഷഡായതനങ്ങളിൽനിന്നു സ്പർശവും, സ്പർശത്തിൽനിന്നു വേദനയും, വേദനയിൽനിന്നു തൃഷ്ണയും, തൃഷ്ണയിൽനിന്നു് ഉപാദാനവും, ഉപാദാനത്തിൽനിന്നു ഭവപ്രാരബ്ധവും, ഭവത്തിൽനിന്നു ജനനവും, ജനനത്തിൽനിന്നു വാർദ്ധക്യംമരണം പീഡദുഃഖംമുതലായവയുമുണ്ടാകുന്നു."

അവിദ്യ, ആശയെ നിശ്ശേഷം വെടിയുന്നതുകൊണ്ടു് ഒഴിഞ്ഞുമാറുന്നു; അതുനിമിത്തം സംസ്കാരങ്ങളും ഒഴിയുന്നു; സംസ്കാരം പോകുന്നതിനോടുകൂടി വിജ്ഞാനവും മാറുന്നു; വിജ്ഞാനത്തിന്റെ അഭാവത്തിൽ നാമരൂപങ്ങളും നശിക്കുന്നു; നാമരൂപങ്ങൾ മാറുമ്പോൾ ഷഡായതനങ്ങൾ ഒഴിയുന്നു; ഷഡായതനങ്ങളുടെ വേർപാടിൽ സ്പർശം മാറുന്നു; സ്പർശം മാറുമ്പോൾ വേദന നീങ്ങുന്നു; വേദനയൊഴിയുമ്പോൾ തൃഷ്ണമാറുന്നു; തൃഷ്ണയകലുമ്പോൾ ഉപാദാനം നീങ്ങുന്നു; ഉപാദാനത്തിന്റെ അഭാവത്തിൽ ഭവം വിട്ടൊഴിയുന്നു; ഭവം അകലുമ്പോൾ ജനനം മാറുന്നു; ജനനം നീങ്ങിയാൽ വാർദ്ധക്യമരണാദികൾ വിട്ടുമാറുന്നു.

മേൽപ്പറഞ്ഞ അവിദ്യ, സംസ്കാരം, വിജ്ഞാനം, നാമരൂപം, ഷഡായതനം, സ്പർശം, വേദന, തൃഷ്ണ, ഉപാദാനം, ഭവം, ജനനം, പീഡ, വാർദ്ധക്യം, മരണംമുതലായ പ്പൻപത്തിരണ്ടു തത്വങ്ങളുടേയും അനുക്രമമായ കാരണത്തെ അറിയുന്നതായാൽ, ബുദ്ധന്റെ രണ്ടാമത്തെയും മൂന്നാമത്തെയും പര

മാത്ഥങ്ങളായ ദുഃഖോല്പത്തി, ദുഃഖനിവാരണം ഇവയെ സംബന്ധിച്ച സകലതത്വംസുഗ്രാഹമായി ഭവിക്കുന്നതാണു്.

ബൌദ്ധമതം, സകലവസ്തുക്കളുടെയും മൂലകാരണമായ തത്വത്തെ ആരാഞ്ഞുകണ്ടുപിടിക്കാൻ ശ്രമിച്ചിട്ടില്ല; മജ്ഝിമനികായം എന്ന ബൌദ്ധഗ്രന്ഥത്തിൽ, മാലാങ്കൻ എന്നൊരുവൻ ഗൌതമബുദ്ധനോടു്, "ഈ ലോകം നിത്യമോ അനിത്യമോ?" എന്നുചോദിച്ചതിനു ബുദ്ധൻ സമാധാനം പറയാതെ മൌനം ദീക്ഷിച്ചു എന്നും, അതിനേപ്പററിയുള്ള പരിചിന്തനം ആശാസ്യമായ ഫലത്തെ നൽകുന്നതല്ലാത്തതിനാൽ അദ്ദേഹം അപ്രകാരം മൌനം ദീക്ഷിച്ചതാണെന്നും പ്രസ്താവിച്ചുകാണുന്നു. ബൌദ്ധമതം മൂലകാരണത്തെക്കുറിച്ചു ചിന്തിച്ചുകാണുന്നില്ലെങ്കിലും ലോകത്തിലുള്ള എല്ലാവസ്തുക്കളും എങ്ങും വ്യാപിച്ചുനിൽക്കുന്ന കാരണകാര്യക്രമത്തിൽ അടങ്ങിയിട്ടുള്ളവയാണെന്നു് ആ മതം സമ്മതിക്കുന്നുണ്ടു്. "കാരണമുണ്ടെങ്കിൽ കാര്യമുണ്ടാകും; കാരണത്തെ മാററിയാൽ കാര്യവും മാറും" എന്ന ന്യായത്തെ ആസ്പദമാക്കി ബുദ്ധൻ, ലോകത്തിൽ എവിടെയും കാണപ്പെടുന്ന ദുഃഖത്തെ പരിഹരിക്കാൻ യത്നിക്കേണ്ടമാർഗ്ഗത്തെ കണ്ടുപിടിച്ചു ഉപദേശിച്ചിട്ടുണ്ടു്. ഈ ദുഃഖം മൂലകാരണത്തെസ്സംബന്ധിച്ചതല്ലാത്തതിനാൽ ഈ ദുഃഖത്തെമാററാൻ ശ്രമിക്കുന്നവക്കു് ആ മൂലകാരണത്തെപ്പററിയ അറിവിന്റെ ആവശ്യമേയില്ലയെന്നു് അദ്ദേഹം ഉദ്ദേശിച്ചതായി അനുമാനിക്കാം. മേൽപറഞ്ഞ ദ്വാദശ നിദാനങ്ങൾക്കു മൂലകാരണമായി യാതൊന്നും പറഞ്ഞിട്ടില്ലാത്തതു് അതുകൊണ്ടാണു്. ബൌദ്ധന്മാരുടെ മനശ്ശാസ്ത്രസിദ്ധാന്തത്തെ ആസ്പദമാക്കി ചിന്തിക്കുമ്പോൾ അറിവുള്ള പ്രാണികളെല്ലാം അഞ്ചുസ്കന്ധങ്ങളുടെ സംയോഗത്താൽ ഉണ്ടാകുന്നവയാണെന്നു് അവക്കു് അഭിപ്രായമുള്ളതായി ഊഹിക്കാം. അഞ്ചുസ്കന്ധങ്ങൾ രൂപം, വേദന, സംജ്ഞ, സംസ്കാരം, വിജ്ഞാനം ഇവയാകുന്നു. അവയിൽ രൂപസ്കന്ധമാകട്ടെ, രൂപങ്ങൾക്കെല്ലാം കാരണമായിട്ടുള്ള വസ്തുവിനെകുറിക്കുന്നു. പൃഥ്വി, അപ്പു്, അഗ്നി, വാ

യു എന്ന നാലു ഭൂതങ്ങളും അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും രൂപ രസ ഗന്ധ ശബ്ദ സ്പർശങ്ങളായ അഞ്ചിന്ദ്രിയ വിഷയങ്ങളും സ്ത്രീപുംസഭേദങ്ങളും മററും ചേൎന്ന് ഇരുപത്തെട്ടു തത്വങ്ങൾ രൂപസ്കന്ധത്തിൽ അടങ്ങിയിരിക്കുന്നു; ആകാശത്തെ ഒരു ഭൂതമായി ബൌദ്ധന്മാർ സ്വീകരിച്ചിട്ടില്ല.

വേദനാസ്കന്ധം, ഇന്ദ്രിയങ്ങൾക്കും ഇന്ദ്രിയവിഷയങ്ങൾക്കും തമ്മിലുള്ള സംബന്ധത്താൽ ഉണ്ടാകുന്ന അനുഭവമാണ്. ഇന്ദ്രിയങ്ങൾ അഞ്ചും മനസ്സുംചേൎന്ന ആറ് ആയതനങ്ങളാൽ ഈ അനുഭവങ്ങൾ ആറുവിധത്തിലുണ്ട്. ഓരോ അനുഭവത്തിനും കുശലം, അകുശലം, കുശലാകുശലം എന്നു പിരിവുകൾ ഉള്ളതിനാൽ വേദന പതിനെട്ടു പ്രകാരത്തിലുണ്ട്.

സംജ്ഞാസ്കന്ധം, ത്വക്ക്, കണ്ണ്, മൂക്ക്, നാക്ക്, കാത്, മനസ്സ് എന്ന ആറിന്ദ്രിയങ്ങളാലുണ്ടാകുന്ന ആറുവിധം അനുഭവങ്ങൾക്കു കാരണമായിനിന്ന് ആ അനുഭവത്താലുണ്ടാകുന്ന പൊതുവായ അറിവിനെയും പ്രത്യേകമായ അറിവിനെയുംനൽകി വസ്തുക്കൾക്കു പേർകല്പിച്ചു കുറിക്കുന്നതിനു പൎയ്യാപ്തമായ ജ്ഞാനമാകുന്നു. ഈ സ്കന്ധം, ഷഡിന്ദ്രിയദ്വാരാ, അനുഭവപ്പെടുന്നതിനാൽ ആറുവിധത്തിലുണ്ട്.

സംസ്കാരസ്കന്ധം, മനസ്സ്, വചസ്സ് വപുസ്സ് എന്നീ ത്രിവിധകരണങ്ങളുടെ പ്രവൃത്തിവ്യത്യാസത്താൽ അക്കരണങ്ങൾക്കുണ്ടാകുന്ന പരിപാകവിശേഷമാകുന്നു. ഈസ്കന്ധം അൻപത്തിരണ്ടു പ്രകാരത്തിലുണ്ടെന്നു പറയുന്നു.

വിജ്ഞാനസ്കന്ധം, ഉറങ്ങുന്നവരുടെ ഉണൎവ്, കൎത്തൃത്വംഭോക്തൃത്വമെന്നിവയസാക്ഷിമാത്രമായി നിൽക്കുന്നതുപോലെ, ചേതനന്മാരുടെ ശരീരത്തിൽ സ്ഥിതി ചെയ്തുകൊണ്ട്, അവരുടെ അറിവുകൾക്കെല്ലാം ആധാരമായി നിൽക്കുന്ന ചൈതന്യതത്വമാകുന്നു. ഈ വിജ്ഞാനസ്കന്ധം, തന്റെ കാൎയ്യങ്ങളായ പലവിധവിചാരങ്ങളാലുണ്ടാകുന്ന സൽക്കൎമ്മ

ദുഷ്കമ്മങ്ങളെ അസ്പഷ്ടമാക്കി എണ്ണത്തൊൻപതു പിരിവുകളോടുകൂടിയവയാണ്.

ഈ സ്കന്ധങ്ങളെല്ലാം അനിത്യങ്ങളാണ്. രൂപം, ജലത്തിലെ നുരകളെപ്പോലെ തോന്നി മായുന്നതാണെന്നും വേദന, 'ജലത്തിലെപ്പോളകളെന്നവണ്ണം' ക്ഷണഭംഗുരങ്ങളാണെന്നും സംജ്ഞ, വെയിലിൽത്തോന്നുന്ന മരുമരീചികപോലെയാണെന്നും സംസ്കാരം, വാഴയെപ്പോലെ പൊലിമയുള്ളതും നശ്വരവുമാണെന്നും വിജ്ഞാനം, ഇന്ദ്രജാലത്തോന്നൽപോലെയാണെന്നും പറയപ്പെട്ടിരിക്കുന്നു.

"ജാതസ്യമരണം ധ്രുവം" (ജനിച്ചവനു മരണം നിശ്ചയം) എന്ന തത്വത്തെ അത്ഥവൽക്കരിക്കുമാറു ജനിക്കുന്നവക്കെല്ലാം രോഗം, വാൎദ്ധക്യം മുതലായ ദുഃഖങ്ങളുണ്ടു്. ജനനമത്രേ ദുഃഖത്തിൻെറ നേരേ കാരണമായിട്ടുള്ളതു്. ഒരുവനു് പുനജ്ജന്മത്തിനു സംഗതിയുള്ളേടത്തോളം അവൻ ദുഃഖരഹിതമായ സ്ഥിതിയെ പ്രാപിക്കുകയില്ല. പുനജ്ജന്മത്തിൻെറ കാരണത്തെയും പുനർജ്ജന്മമുണ്ടാകുന്ന മാർഗ്ഗത്തെയും കുറിച്ചു ബൌദ്ധഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നതാവിതു്:—"ഒരുവൻ മരിക്കാൻ പോകുമ്പോൾ, അവനെസ്സംബന്ധിച്ച അഞ്ചു സ്കന്ധങ്ങളും തങ്ങളുടെ പൂവ്വസംയോഗത്തിൽനിന്നും വിടത്തപ്പെടുന്നു; അവ അപ്രകാരം വിടുത്തപ്പെടുന്ന സ്ഥിതിയിൽ അവൻ ജീവിച്ചിരിക്കുമ്പോൾ ചെയ്യുന്ന സൽക്കമ്മദുഷ്കമ്മങ്ങളെല്ലാം വിജ്ഞാനസ്കന്ധത്തിൽ ബീജതുല്യം അന്തർഭവിച്ചിരുന്നു് ആ വിജ്ഞാനത്തെ തനിക്കു് അവകാശപ്പെട്ട ഗതിയി(ജന്മത്തി)ൽ, മറെറനാലുസ്കന്ധങ്ങളോടു കലത്തിപുനജ്ജന്മത്തെ പ്രാപിക്കുമാറാക്കിച്ചെയ്യുന്നു. ഇപ്രകാരമുള്ള കമ്മപ്രവാഹമാണു് പുനജ്ജന്മത്തിൻെറ മൂലം. ഒരുദീപത്തിൽനിന്നും പലദീപങ്ങളുണ്ടാകുന്നതുപോലെ ഒരു ജനനത്തിൽ നിന്നും പല ജനനങ്ങളുണ്ടാകുന്നു.

ഒരു ആററിൽക്കൂടി ഒഴുകിക്കൊണ്ടിരിക്കുന്ന വെള്ളം ഒരു സ്ഥലത്തു് അടുത്തനിമിഷത്തിൽ കാണുന്നില്ലെങ്കിലും അ

ആററിലെ ജലംമുഴുവൻ ഒന്നാണെന്നു കരുതപ്പെടുന്നതുപോലെ, പുനൎജ്ജന്മങ്ങളുടെ തുടൎച്ച അവിച്ഛിന്നമായിട്ടുള്ളതാണ്. ഈ തുടൎച്ചയെ സുസ്പഷ്ടമാക്കാനായിട്ടാണ്, വായുസന്ധാനം, ദീപസന്ധാനം, ധാരാസന്ധാനം, പിപീലികാസന്ധാനം എന്നിങ്ങനെ നാലു സന്ധാനങ്ങളെ ഉദാഹരിച്ചിരിക്കുന്നത്. നാം ചെയ്ത സുകൃതദുഷ്കൃതങ്ങൾക്കു് അനുസരിച്ച്, മനുഷ്യഗതി, ദേവഗതി, ബ്രഹ്മഗതി, നരകഗതി, തിൎയ്യഗ്ഗതി, പ്രേതഗതി, എന്നിങ്ങനെ ആറുവിധഗതികൾ ഉള്ളതിൽ ഏതെങ്കിലും ഒന്നിനെ പ്രാപിക്കുന്നു.

മനുഷ്യഗതിയിലുള്ളവൎക്ക് അവരുടെ ദുഷ്കൃതങ്ങളുടെ വ്യത്യസ്തഭാവം അനുസരിച്ച് നരകഗതി, തിൎയ്യഗ്ഗതി, പ്രേതഗതി, എന്നീ ഗതിഭേദങ്ങൾ ഉണ്ടാകുന്നു. മനുഷ്യഗതി, ദേവഗതി, എന്നീ ഗതിഭേദങ്ങൾ സുകൃതത്തിന്റെ വ്യത്യസ്തഭാവം അനുസരിച്ചുണ്ടാകുന്നു.

ഈ ആറു ഗതികളിൽ ജനിക്കുന്നവർ എല്ലാവരും ചക്രവാളം എന്നുപറയപ്പെടുന്ന ബ്രഹ്മാണ്ഡത്തിൽ അടങ്ങിയ മുപ്പത്തിയൊന്നു ലോകങ്ങളിൽ വസിക്കുന്നവരാണു.

ഈ ലോകങ്ങൾ മുപ്പത്തിയൊന്നും ചക്രവാളത്തിന്റെ മദ്ധ്യേയുള്ള സുമേരുവിന്റെ താഴെമുതൽ കൊടുമുടിവരെ അനുക്രമമായി ഒന്നിന്മേൽ ഒന്നെന്നവണ്ണം സ്ഥിതി ചെയ്യുന്നു. ഇങ്ങനെ അനേകം ചക്രവാളങ്ങൾ ഉണ്ടെന്നും അവ, * കല്പങ്ങളുടെ തുടക്കത്തിൽ ഉണ്ടായി ഒടുക്കത്തിൽ അഴിയുമെന്നും ഓരോ ചക്രവാളത്തിനകത്തും മേല്പറഞ്ഞ സുമേരുവും അതിനെച്ചുററി ഏഴു കുലഗിരികളും ആ കുലഗിരികൾ ഓരോന്നിനെയും ചുററി അതതുഗിരിയുടെ ഉയരമളവിലുള്ള ആഴവും അകലവുമൊത്ത ഏഴു കടലുകളും ഇവയെ എല്ലാററിനെയും ചുററി വലി

* ഹിന്തുക്കളുടെ ജ്യോതിശ്ശാസ്ത്രപ്രകാരം കല്പം ൪൩൨ കോടിവൎഷം എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ബൌദ്ധന്മാരുടെ സിദ്ധാന്തം സംഖ്യകൊണ്ടു പരിച്ഛേദിച്ചിട്ടില്ല.

യ പുറങ്കടലും ആ പുറങ്കടലിൽ ജംബുദ്വീപംതുടങ്ങിയുള്ള നാലുമഹാദ്വീപങ്ങളും ആ നാലുദ്വീപങ്ങളിൽ ഓരോന്നിനെയും ചുററി അഞ്ഞൂറഞ്ഞൂറു വീതം രണ്ടായിരം ചെറിയ ദ്വീപുകളും ഉണ്ടെന്നാണു് ബൌദ്ധന്മാരുടെ സിദ്ധാന്തം. മഹാദ്വീപങ്ങൾ നാലുള്ളതിൽ തെക്കേഅററത്തേതിനു ജംബുദ്വീപമെന്നു പേർ. ഇപ്രകാരമുള്ള ചക്രവാളത്തിൽ സ്ഥിതിചെയ്യുന്ന മുപ്പത്തൊന്നു ലോകങ്ങളിൽ ഏററവും അടിയിലത്തേതു് നരകലോകം. അതു് മഹാവീരയം, രൌരവം, കാലസൂത്രം, സഞ്ജീവനം, മഹാവീചി, തപനം, സംപ്രതാപനം, സംഘാതം എന്നു് എട്ടായി ഭാഗിക്കപ്പെട്ടിരിക്കുന്നു. ഈ നരകലോകത്തിന്റെ മുകളിലത്തേതു് തിര്യഗ്ലോകം; അതിന്റെ മുകളിൽ പ്രേതലോകം; അതിനുമേൽ അസുരലോകം; അതിന്റെ മുകളിൽ മനുഷ്യലോകം; അതിന്റെ മുകളിൽ ആറുദേവലോകങ്ങൾ; അതിന്റെയും മുകളിൽ ഇരുപതു ബ്രഹ്മലോകങ്ങൾ; ഈ ഇരുപതുലോകങ്ങളിൽ മുകളിലത്തെ നാലും അരൂപബ്രഹ്മലോകങ്ങളെന്നും താഴത്തെ പതിനാറും രൂപബ്രഹ്മലോകങ്ങളെന്നും പറയപ്പെടുന്നു. നരകലോകംതൊട്ടു് പരനിർമ്മിതവശവർത്തിലോകം ഉൾപ്പെടെവരെയുള്ള പതിനൊന്നു ലോകങ്ങളെയും കാമലോകങ്ങളെന്നും പറയപ്പെടുന്നു. നരകലോകംമുതൽ അസുരലോകം ഉൾപ്പെടെവരെയുള്ള നാലുലോകങ്ങളെയും പാപലോകങ്ങളെന്നും ശേഷം ഇരുപത്തേഴിനെയും പുണ്യലോകങ്ങളെന്നും പറയപ്പെടുന്നുമുണ്ടു്. (ലോകങ്ങളുടെ ഒരുപട്ടിക മറുവശത്തു ചേർത്തിരിക്കുന്നു.)

"യേ ധമ്മാഹേതുപ്രഭവാഃ
തേഷാംഹേതുംതഥാഗതഃ
അഹ തേഷാം യോനിരോധഃ
ഏവം വാദീമഹാശ്രമ(ണ)ഃ"

ബുദ്ധമതത്തിന്റെ സാരാംശത്തെ കുറിക്കുന്നതും ബൌദ്ധന്മാർ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്നതുമായ ഒരു പ്ര

## ലോകങ്ങൾ 31.

31. നൈവസംജ്ഞാനാസംജ്ഞാനായതനലോകം
30. ആകിഞ്ചന്യായതനലോകം
29. വിജ്ഞാനാനന്ത്യായതനലോകം
28. ആകാശാനന്ത്യായതനലോകം

ഈ ൪ ലോകങ്ങളും ൫-ാമത്തെ ധ്യാനനിലയിൽ വിജയം സിദ്ധിച്ചവർക്ക് അവകാശപ്പെട്ടതാണ്.

ഇവ ൪-ം അരൂപബ്രഹ്മലോകങ്ങൾ.

27. അകനിഷ്ഠലോകം
26. സുദർശിലോകം
25. സുദർശലോകം
24. അതപലോകം
23. അബൃഹല്ലോകം
22. അസംജ്ഞസത്വലോകം
21. ബൃഹൽഫലലോകം

ഈ ൭ ലോകങ്ങളും നാലാമത്തെ ധ്യാനത്തിൽ വിജയം സിദ്ധിച്ചവർക്ക് അവകാശപ്പെട്ടതാണ്.

20. ശുഭകൃൽസ്നലോകം
19. അപ്രമാണശുഭലോകം
18. പരീത്തശുഭലോകം

ഇവ മൂന്നും മൂന്നാമത്തെ ധ്യാനത്തിലുള്ളവർക്ക്.

17. ആഭാസ്വരലോകം
16. അപ്രമാണാഭലോകം
15. പരീത്താഭലോകം

ഇവ മൂന്നും രണ്ടാമത്തെ തരക്കാർക്ക്.

14. മഹാബ്രഹ്മലോകം
13. ബ്രഹ്മപുരോഹിതലോകം
12. ബ്രഹ്മപാരിഷദ്യലോകം

ഇവ മൂന്നും ആദ്യത്തെ നിലയിലുള്ളവർക്ക്.

ഇവ പതിനാറും രൂപബ്രഹ്മലോകങ്ങൾ.

ഇവ ഇരുപതും നിഷ്കാമലോകങ്ങൾ.

11. പരനിർമ്മിതവശവർത്തിലോകം
10. നിർമ്മാണരതിലോകം
9. തുഷിതലോകം
8. യാമലോകം
7. ത്രയത്രിംശലോകം
6. മഹാരാജികലോകം

ഇവ ൬-ം ദേവലോകങ്ങൾ.

ഇവ ഇരുപത്തേഴും പുണ്യലോകങ്ങൾ.

5. മനുഷ്യലോകം
4. അസുരലോകം
3. പ്രേതലോകം
2. തിര്യഗ്ലോകം
1. നരകലോകം

ഇവ ൪-ം പാപലോകങ്ങൾ.

ഇവ പതിനൊന്നും കാമലോകങ്ങൾ.

**ഇവയിൽ ചില ലോകങ്ങൾക്ക വേറെ പേരുകളും ഉണ്ടായിരിക്കാം.**

സിദ്ധ ശ്ലോകമാണിതു്. ബൌദ്ധദേവാലയങ്ങളിൽ ഈ
ശ്ലോകം കല്ലിൽ കൊത്തി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. "ഹേതു
പ്രഭവങ്ങളായ ധമ്മങ്ങൾ ഏവ? അവയ്ക്കു കാരണമെന്തു്? അ
വയ്ക്കു നിരോധമെന്തു്? ഇവയെ തഥാഗതൻ പറഞ്ഞു; ഇങ്ങ
നെ പറയുന്നവൻ മഹാശ്രമണനാണു്." ഇതത്രേ മുന്നുദ്ധരി
ച്ച ശ്ലോകത്തിന്റെ അർത്ഥം. ഇതിനെ വെളിപ്പെടുത്തിയ
താണു്, ബുദ്ധന്റെ മാഹാത്മ്യത്തിനു കാരണം. രൂപംമുതൽ
വിജ്ഞാനംവരെയുള്ള അഞ്ചു സ്കന്ധങ്ങളും ഇപ്രകാരം കാര
ണങ്ങളിൽനിന്നുമുണ്ടായ കാര്യങ്ങൾ എന്നത്രേ ബുദ്ധന്റെ സി
ദ്ധാന്തം. ഈ കാരണകാര്യപരമ്പരയ്ക്കു് അവിച്ഛിന്നമായ
ഗതി നിലനിൽക്കുന്നിടത്തോളം നാശജന്യമായ ദുഃഖം ഒഴി
ഞ്ഞുമാറുന്നതല്ല. കാരണത്തിൽനിന്നുണ്ടായ വസ്തുക്കളെല്ലാം
അക്കാരണങ്ങൾ നീങ്ങുമ്പോൾ തനിയേ ഒഴിയുന്നു. അതുകൊ
ണ്ടു്, ഈ സ്വഭാവത്തോടുകൂടിയ വസ്തുക്കളെല്ലാം അനിത്യ
ങ്ങളാണു; നിസ്സാരങ്ങളാണു; ദുഃഖനിദാനങ്ങളാണു്. അനി
ത്യതയെത്തന്നെ മഹാദുഃഖമായി ബൌദ്ധന്മാർ വിശ്വസിച്ചി
രിക്കുന്നതിനാൽ ഈ അനിത്യതയിൽനിന്നു മോചിക്കുകയാ
ണു് ഉൽകൃഷ്ടമായ പുരുഷാർത്ഥം; ഇങ്ങനെ അനിത്യതയിൽ
നിന്നും മോചിച്ചു് നിത്യതയെ പ്രാപിക്കുകയെന്നുള്ളതാണു്
അവർ പറയുന്ന നിർവാണപ്രാപ്തിയുടെ അർത്ഥം. ഈ ലോക
ത്തിൽ കണ്ടും അനുമാനിച്ചും അറിയപ്പെടുന്ന വസ്തുക്കളെ
ല്ലാം കാരണകാര്യങ്ങളിൽ അടങ്ങിയവയാണെന്നും അനിത്യ
ങ്ങളാണെന്നും അവർ അഭിപ്രായപ്പെടുന്നുവെങ്കിലും, കാരണ
കാര്യങ്ങളിൽ അടങ്ങാത്തതും അനശ്വരമായതുമായ ഒരു നി
ലയുണ്ടെന്നു് അവർ വിശ്വസിച്ചിട്ടുള്ളതായി നമുക്കു് അനു
മാനിക്കാം. ഈ നിലയെ പ്രാപിക്കാൻ കാഴ്ചയാലും അനുമാ
നത്താലും അറിയാൻപാടില്ലാത്ത 'ആത്മാ' 'ബ്രഹ്മം' എന്നു
പറയപ്പെടുന്ന വസ്തുക്കളെ സംബന്ധിച്ച അറിവു് അനാവ
ശ്യമാണെന്നും ജീവിതത്തെ ശരിക്കു നയിക്കുന്നതുകൊണ്ടു്,
മേല്പറഞ്ഞ ദുഃഖരാഹിത്യനിലയെ എല്ലാവക്കും പ്രാപിക്കാൻ

കഴിയുമെന്നും വിശ്വസിച്ചു് ബുദ്ധൻ തന്റെ ജ്ഞാനചക്രത്തെ കറക്കിക്കൊണ്ടിരുന്നു. നശ്വരഭാവത്തോടുകൂടിയ നിലയിൽ വൎത്തിക്കുന്നതു ദുഃഖഹേതുകമാകയാലും അനിത്യവസ്തുക്കളെല്ലാം കാരണങ്ങളിൽനിന്നുണ്ടായ കാൎയ്യങ്ങളായതുകൊണ്ടും കാരണത്തെ മാററിയാൽ കാൎയ്യവും മാറിക്കൊള്ളുന്നതിനാലും അനിത്യമായ നിലയിലുള്ള വൎത്തനത്തെ ദൃഢീഭൂതമാക്കുന്നതായ കാരണമത്രേ ദുഃഖത്തിനു ഹേതു. ആ അനിത്യഭാവത്തോടുകൂടിയ നിലയെ അകററുന്നതിനുള്ള കാരണമാണു്, ദുഃഖത്തിന്റെ നാശത്തിനുള്ള ഹേതു. അതുകൊണ്ടു്, ബൌദ്ധന്മാരുടെ പരമപുരുഷാൎത്ഥത്തെ പ്രാപിക്കുന്നതിനു്, കണ്ടും അനുമാനിച്ചും അനുഭവിക്കുന്ന കാരണകാൎയ്യജ്ഞാനവും അതിനു പൎയ്യാപ്തമായ സദ്വൃത്തിയും ആവശ്യമാണു്. ദുഃഖവും, ദുഃഖകാരണവും കണ്ടും അനുമാനിച്ചും അറിയാൻ കഴിയപ്പെടുന്നവയായിട്ടുള്ളതിനാൽ അവ വ്യാവഹാരികനിലയെസ്സംബന്ധിച്ചവയാണു്. അതുകൊണ്ടു്, പാരമാൎത്ഥികവിഷയവിചാരം ദുഃഖത്തിൽനിന്നു നിവൎത്തിപ്പെടുവാൻ അവശ്യമായിട്ടുള്ളതല്ല. കാരണകാൎയ്യങ്ങൾ, പരംപൊരുളായ ആദികാരണത്തെ വെളിപ്പെടുത്താനുണ്ടായിട്ടുള്ളവയല്ല. വ്യാവഹാരികമായ സംസാരപരമ്പരയുടെ ആവിർഭാവത്തെയും നാശത്തെയും വെളിപ്പെടുത്തുന്നു. സാധാരണയായി ഒരുവൻ ഏതെങ്കിലും ഒരു വസ്തുവിനെ തന്റെ ഇന്ദ്രിയങ്ങളാൽ ഗ്രഹിക്കാൻ ശ്രമിക്കുമ്പോൾ ആദ്യമായി അനുഭവപ്പെടുന്നതു്, വസ്തുവിനും ഇന്ദ്രിയങ്ങൾക്കും ഉണ്ടാകുന്ന സംബന്ധമാണു; ഈ സംബന്ധത്തെ സ്പർശം എന്നു പറയുന്നു. ഈ സ്പൎശം അനുഭവമാകുന്ന മാത്രയിൽ സുഖദുഃഖസ്വരൂപമായ അനുഭവം സ്വാഭാവികമായിട്ടുണ്ടാകുന്നു; ഈ അനുഭവത്തിനു വേദനയെന്നു പേർ. ഈ വേദനയ്ക്കുശേഷം, സുഖം അനുഭവിക്കണമെന്നും ദുഃഖത്തെ അകററണമെന്നുമുള്ള വിചാരം സ്വഭാവേനയുണ്ടാകുന്നു; ഈ വിചാരത്തിനാണു് തൃഷ്ണയെന്നു പറയപ്പെടുന്നതു്. ഈ തൃഷ്ണയുടെ ഫലമാണു് ബന്ധം; ഈ ബന്ധമത്രേ ഉ

പാദാനം. കുമാഗ്ഗങ്ങളിൽകൂടി പ്രവത്തിക്കുന്നതിന് ഏതൊരുവനെയും പ്രേരിപ്പിക്കുന്നതു് ഈ ബന്ധമാണു്. ഇതാണു്, അവസാനമില്ലാതെ തുടരെത്തുടരെയുണ്ടാകുന്ന പുനർജ്ജന്മങ്ങൾക്കു കാരണമായ ഭവത്തെ ഉണ്ടാക്കുന്നതു്. ഈ സ്വഭാവത്തോടുകൂടിയ പുനർജ്ജന്മം ഇല്ലെങ്കിൽ, ഉപാദാനപ്രേരണയാൽ നിവത്തിക്കപ്പെടുന്ന സുകൃതദുഷ്കൃതങ്ങളെ യഥായഥം അനുഭവിക്കാൻ സംഗതിയില്ലാതെവരും. സുകൃതദുഷ്കൃതങ്ങളുടെ ഫലങ്ങളെല്ലാം അനിത്യങ്ങളാകയാലും നിസ്സാരങ്ങളാകയാലും ദുഃഖത്തെതന്നെ നൽകും. ലോകവസ്തുക്കളിൽ, ഇന്ദ്രിയങ്ങളെ പ്രവത്തിപ്പിക്കുന്നതിനാൽ മേൽപ്രകാരം ദുഃഖം സംഭവിക്കുമെന്നുള്ളതു നിവ്വിവാദമാണു്. ഈ ഇന്ദ്രിയങ്ങൾ ദുഃഖത്തെ അങ്കുരിപ്പിക്കത്തക്കവണ്ണം, പ്രവത്തിക്കാൻ കാരണമെന്തെന്നു ചിന്തിക്കാം. ബൌദ്ധന്മാർ, ത്വക്ക്, നാക്ക്, മൂക്ക്, കണ്ണ്, ചെവി എന്ന അഞ്ചിന്ദ്രിയങ്ങളെയും മനസ്സിനെയും ചേത്തു് ആറു് ആയതനങ്ങളായി സ്വീകരിച്ചിരിക്കുന്നു. ഇവ ആറും പുറമേയുള്ള രൂപത്തിന്റെ അറിവിനെയും അകത്തുള്ള പേരിന്റെ അറിവിനെയും നൽകുവാൻ കഴിയുന്ന സ്വഭാവത്തോടുകൂടിയവയാണു്. ഈ ആയതനങ്ങൾക്കു് നാമരൂപങ്ങളുടെ അറിവിനെ നൽകാൻ മൂലമായി നിൽക്കുന്നതു വിജ്ഞാനമാകുന്നു. വേദാന്തഗ്രന്ഥങ്ങളിലും, ഇപ്രകാരംതന്നെ ബാഹ്യവസ്തുക്കളെക്കാൾ ഇന്ദ്രിയങ്ങൾ ശ്രേഷ്ഠങ്ങളെന്നും ഇന്ദ്രിയങ്ങളെക്കാൾ മനസ്സു ശ്രേഷ്ഠമെന്നും മനസ്സിനെക്കാൾ ബുദ്ധി ശ്രേഷ്ഠമെന്നും ബുദ്ധിയെക്കാൾ ആത്മാ ശ്രേഷ്ഠമെന്നും പ്രസ്താവിച്ചിരിക്കുന്നു. വേദാന്തികൾ ബുദ്ധി എന്നുപറയുന്നതിനെയാണു് ബൌദ്ധന്മാർ നാമരൂപങ്ങളെന്നു പറയുന്നതായി മിക്കവാറും അനുമാനിക്കാം ഈ നാമരൂപങ്ങളാകട്ടെ, വിജ്ഞാനസംസ്കാരസംജ്ഞാസ്കന്ധങ്ങളോടു സംബന്ധമുള്ളതായി ബൌദ്ധഗ്രന്ഥങ്ങളാൽ വെളിപ്പെടുത്തിവരുന്നു. എന്നാൽ, ബൌദ്ധന്മാരുടെ വിജ്ഞാനം വേദാന്തികൾ സ്വീകരിച്ചിരിക്കുന്ന ആത്മതത്വത്തിനു തുല്യമായിട്ടുള്ള

ത്തല്ല. ആത്മാവിന് അനാദിഭാവവും അന്ത്യാശ്വരത്വവും സ്വഭാവങ്ങളായി പറയപ്പെടുന്നു. വിജ്ഞാനത്തിന് ഇതു രണ്ടുമില്ല. 'ദീർഘനികായം' എന്ന ബൌദ്ധഗ്രന്ഥത്തിൽ ഒരു സ്ഥലത്ത് പൃഥ്വി, അപ്പ്, അഗ്നി, വായു, ആകാശം, വിജ്ഞാനം എന്നു അറു ഭൂതങ്ങൾ ഉണ്ടെന്നു പ്രസ്താവിച്ചിട്ടുള്ളതായി അറിയുന്നു. അതുകൊണ്ട്, വിജ്ഞാനത്തെയും ബൌദ്ധന്മാർ ഒരു ഭൂതമായി സ്വീകരിച്ചിട്ടുണ്ടെന്നു മനസ്സിലാകുന്നു ഈ വിജ്ഞാനം കപിലന്റെ സാംഖ്യദർശനത്തിലുള്ള 'മഹത്ത്' എന്ന തത്വത്തിനു തുല്യമാണെന്നുവരാം. ഇത് സംസ്കാരത്തിൽനിന്നും സംസ്കാരം, അവിദ്യയിൽനിന്നും ഉണ്ടാകുന്നുവെന്നു പറയുന്നു.

അദ്വൈതസിദ്ധാന്തത്തിൽ മായയെ അവിദ്യയെന്നും അജ്ഞാനമെന്നും പറഞ്ഞുകാണുന്നു. മായ, അവിദ്യ, അജ്ഞാനം എന്നീ മൂന്നു നാമങ്ങളും ആ സമ്പ്രദായത്തിൽ പ്രകൃതിയെ കുറിക്കുന്നു; ബുദ്ധന്റെ കാലത്തിനുശേഷം, ദ്വാദശനിദാനത്തിൽ ഒന്നായ അവിദ്യയെ അദ്വൈതികൾ പറയുന്ന മായയ്ക്കു സമാനമാണെന്ന് ബൌദ്ധന്മാർ കരുതിയതായി വിചാരിക്കാൻ സംഗതിയുണ്ട്. പ്രജ്ഞാപാരമിത എന്ന ബൌദ്ധപുസ്തകത്തിൽ ബുദ്ധനും ശാരീപുത്രനും തമ്മിൽ അടിയിൽ പറയുംപ്രകാരം ഒരു സംഭാഷണം നടന്നതായി പ്രസ്താവിച്ചു കാണുന്നു:— ബുദ്ധൻ—അല്ലയോ ശാരീസൂനോ! അത്യന്തബന്ധമുള്ളവരായി അറിവിനെ ഉപദേശിക്കപ്പെട്ടിട്ടില്ലാത്തവരായിരിക്കുന്ന സാധാരണന്മാരും അജ്ഞാനികളുമായ മനുഷ്യർ വിശ്വസിക്കുന്നതുപോലെയുള്ള സ്ഥിതിത്വം പദാർത്ഥങ്ങൾക്ക് ഇല്ല.

ശാരീപുത്രൻ—ഗുരോ! എന്നാൽ അവയുടെ സ്ഥിതിത്വമെന്താണ്.?

ബുദ്ധൻ—വാസ്തവത്തിൽ ഇല്ലാത്തവയായിട്ട് അവ സ്ഥിതിചെയ്യുന്നു. അവയ്ക്ക് പരമാർത്ഥമായ സ്ഥിതിത്വമില്ലാത്തതിനാൽ അവയെ അവിദ്യയെന്നുപറയുന്നു. ഈ

വിഷയത്തെപ്പററി അറിഞ്ഞിട്ടില്ലാത്ത, സാധാരണന്മാരും അജ്ഞന്മാരുമായ ആളുകൾ ഇതിൽ (അവിദ്യയിൽ) അധികം ബന്ധമുള്ളവരായിരിക്കുന്നു. പരമാർത്ഥമായ സ്ഥിതിതമില്ലാത്ത വസ്തുക്കളെയെല്ലാം അപ്രകാരമുള്ളവയാണെന്ന് അവർ വിശ്വസിക്കുന്നു.

പ്രജ്ഞാപാരമിതയെന്ന ആ പുസ്തകത്തിൽ, രൂപാദിപഞ്ചസ്കന്ധങ്ങൾ, ഇന്ദ്രജാലത്തിൽ വിദഗ്ദ്ധനായ ഒരുവൻ ഒരു സ്ഥലത്ത് അനേകായിരം മനുഷ്യരെ തന്റെ വിദ്യകൊണ്ട് ആവിർഭവിപ്പിച്ച് പിന്നീട് അവയെ അന്തർദ്ധാനംചെയ്യിക്കുന്നതുപോലെയുള്ളവയാണെന്ന് ബുദ്ധൻ തന്റെ സുഭൂതി എന്ന ശിഷ്യന് ഉപദേശിച്ചതായും പ്രസ്താവിച്ചുകാണുന്നു. എന്നാൽ ഈ അഭിപ്രായം പാലിഭാഷയിലുള്ള ബൌദ്ധഗ്രന്ഥങ്ങൾകൊണ്ടു വെളിപ്പെടുന്നില്ല. മജ്ഝിമനികായത്തെസ്സംബന്ധിച്ച സമ്യഗ്ദൃഷ്ടിസൂത്രാന്തംഎന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതുപോലെ അവിദ്യയെപ്പററി ത്രിപിടകത്തിൽ പ്രസ്താവിക്കുന്ന ഭാഗങ്ങളിൽ, "സ്നേഹിതാ! ദുഃഖത്തെ ഗ്രഹിക്കായ്കയും ദുഃഖോല്പത്തിയെ ഗ്രഹിക്കായ്കയും ദുഃഖനിവാരണത്തെ ഗ്രഹിക്കായ്കയും ദുഃഖനിവാരണമാൎഗ്ഗത്തെ ഗ്രഹിക്കായ്കയുമത്രേ അവിദ്യ എന്നു പറയപ്പെടുന്നത്" എന്നു പ്രസ്താവിച്ചുകാണുന്നു.

ഇപ്രകാരമുള്ള അവിദ്യയിൽനിന്നും സംസ്കാരമുണ്ടാകുന്നു. സംസ്കാരം എന്നത് മനോവാക്കായങ്ങൾ അതാതിന്റെ പ്രവൃത്തിയെ ചെയ്യുന്നതുകൊണ്ട് അവയ്ക്കുണ്ടാകുന്ന പരിപാകവിശേഷമാണെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. പദാൎത്ഥത്തിന്റെ സ്വഭാവങ്ങൾ, സംസ്കാരത്തിന്റെ ഫലങ്ങളാണെന്നു ബൌദ്ധന്മാർ പറയുന്നു. ബുദ്ധൻ നിർവ്വാണത്തെ പ്രാപിച്ചപ്പോൾ, ദേവേന്ദ്രൻ, "സംസ്കാരങ്ങൾ വാസ്തവത്തിൽ അനിത്യങ്ങളാണ്; തോന്നലുകളിലും നാശങ്ങളിലും സംബന്ധിച്ചവയാണ്; അവ ഉണ്ടായതുപോലെ നശിച്ചുപോകും; അവയുടെ അഭാവമത്രേ സുഖം" എന്നുപറഞ്ഞു. അവ ത്രിപിടക

ത്തിൽ പലസ്ഥലങ്ങളിലും കാണപ്പെടുന്നുണ്ട്. ധമ്മപഥത്തിൽ സംസ്കാരത്തെപ്പററി ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു:—"സംസ്കാരങ്ങളെല്ലാം അനിത്യങ്ങളായിട്ടുള്ളവയാണ്; ഒരുവൻ ഇതിനെ ശരിക്കു ബോധിച്ചാൽ അവൻ ദുഃഖത്തിൽനിന്നു മോചിക്കുന്നു; ഇതത്രേ പരിശുദ്ധമാർഗ്ഗം. സംസ്കാരങ്ങളെല്ലാം ദുഃഖമയങ്ങളാകുന്നു; പ്രാകൃതികങ്ങളെല്ലാം അനാത്മാക്കൾ" ഇവിടെ ആത്മാവില്ലെന്നു പറഞ്ഞതായി കരുതാൻ നിവൃത്തിയില്ല. സംസ്കാരങ്ങളും പ്രാകൃതികങ്ങളുമായി ലോകത്തിൽ കാണപ്പെടുന്ന എല്ലാ വസ്തുക്കളും അനിത്യങ്ങളെന്നും ദുഃഖമയങ്ങളെന്നും അനാത്മാക്കളെന്നും പറയപ്പെട്ടിരിക്കുന്നു. നാലുപരമാത്ഥങ്ങളെയുംപററിയുള്ള അജ്ഞതയാകുന്ന അവിദ്യ സംസ്കാരത്തെ വളത്താൻ ചുമതലയുള്ളതാണു്. ഈ സംസ്കാരം ഒരു ജന്മത്തിൽനിന്നും അടുത്ത ജന്മത്തിലേക്കു ചെല്ലുന്നു. പൂവ്വജന്മത്തിൽനിന്നും അനന്തരജന്മത്തിലേക്ക് ഇപ്രകാരം ചെല്ലുന്ന സംസ്കാരത്തെ ജന്മാന്തരവാസനയെന്നു് എല്ലാവരും വ്യവഹരിക്കുന്നു. ഇങ്ങനെയുണ്ടാകുന്ന ജന്മാന്തരവാസന ഓരോരുത്തനും ഈ ജന്മത്തിൽ അവനവനു സിദ്ധിക്കേണ്ടതായ ജ്ഞാനാജ്ഞാനങ്ങൾക്കു കാരണമായി നില്ക്കും; അതായതു് പൂവ്വജന്മത്തിലെ സംസ്കാരം ദുഷ്ടമായിരുന്നാൽ അതു് ഈ ജന്മത്തിൽ അവിദ്യയെ ഉണ്ടാക്കും; വിശിഷ്ടമായിരുന്നാൽ അവിദ്യയെ അകററും. കൂടാതെ പൂവ്വജന്മത്തിലെ അവിദ്യ, പുനർജ്ജന്മത്തിൽ അവിദ്യയെ ഉണ്ടാക്കുന്ന സംസ്കാരങ്ങൾക്കു ഈ ജന്മത്തിൽ തന്നെ കാരണമായിരിക്കുന്നു എന്നു നിഷ്പ്രയാസം ഗ്രഹിച്ചുകൊള്ളാം. ഒരുജന്മത്തിൽ അവിദ്യ സംസ്കാരത്തെ ഉണ്ടാക്കുന്നു; ഒരു ജന്മത്തിൽനിന്നും വേറൊരു ജന്മത്തിലേക്കു കടക്കുമ്പോൾ പൂവ്വജന്മത്തിലെ സംസ്കാരം പുനജ്ജന്മത്തിൽ അവിദ്യയെ ഉണ്ടാക്കുന്നു. അതുകൊണ്ടു് അവിദ്യ സംസ്കാരത്തിനു കാരണമെന്നും സംസ്കാരം അവിദ്യയ്ക്കുകാരണമെന്നും ഗ്രഹിച്ചുകൊള്ളണം. ഓരോ ജന്മത്തിലും ഈ സ്വഭാവത്തോടുകൂടിയ സംസ്കാരമില്ലെങ്കിൽ വിജ്ഞാനവും അ

തിന്റെ ഫലങ്ങളും ഉണ്ടാവുകയില്ല. ഇതുകൊണ്ടു് ദുഃഖോല്പത്തിദുഃഖനിവാരണങ്ങളായ പരമാർത്ഥങ്ങളെ സ്പഷ്ടമായി ഗ്രഹിക്കാവുന്നതാണു്.

ബുദ്ധൻ കാശിയിൽവച്ചു് തന്റെ പ്രഥമശിഷ്യന്മാരായ പഞ്ചമഹർഷികൾക്കു് തന്റെ മതതത്വമായ പരമാർത്ഥചതുഷ്ടയത്തെ ഉപദേശിക്കുന്ന ഘട്ടത്തിൽ അവയിൽ നാലാമത്തേതായ ദുഃഖനിവാരണമാർഗ്ഗത്തെപ്പററി പ്രസംഗിച്ചതായി ബൌദ്ധഗ്രന്ഥങ്ങളിൽ കാണുന്ന മാർഗ്ഗത്തെ ഇതിനടിയിൽ ഉദ്ധരിക്കുന്നു.

"ദുഃഖനിവാരണത്തിനു പര്യാപ്തമായ മാർഗ്ഗമാകുന്ന പരിശുദ്ധമായ പരമാർത്ഥം ഇതാണു്; സദൃഷ്ടൃാദി വിശുദ്ധമായ അഷ്ടാംഗമാർഗ്ഗമാകുന്നു."

ഇതിനെയാണു് പരിശുദ്ധമാർഗ്ഗമെന്നും പരിപൂർണ്ണജീവിതമെന്നും പറയുന്നതു്. ആലോചിച്ചുനോക്കുമ്പോൾ, ഈ വിശുദ്ധമാർഗ്ഗത്തിൽ ചരിക്കുന്നവർക്കു പ്രധാനമായ മൂന്നുഗുണങ്ങൾ ആവശ്യമാണു്. അവ ശീലം, സമാധി, പ്രജ്ഞ ഈ മൂന്നുമാണു്. ശീലമെന്നുവച്ചാൽ, നിഷേധിക്കപ്പെട്ടവയെ ഒഴിച്ചു വിധിക്കപ്പെട്ടവയെ ചെയ്യുകയാണു്. സമാധിയെന്നതു്, മനസ്സിനെ ഏകാഗ്രതയിൽ നിർത്തുകയാകുന്നു. പ്രജ്ഞ, പരമാർത്ഥജ്ഞാനമത്രേ. ഇവമൂന്നും ത്രിപിടകത്തിൽ അടിക്കടി ഉപദേശിച്ചിട്ടുണ്ടു്. ഒരുവന്റെ ജീവിതത്തിന്റെ സമൃക്കായ യാത്രയിൽ മേല്പറഞ്ഞമൂന്നും വിശ്രമസങ്കേതങ്ങളാണു്. ഈ യാത്രയുടെ അവസാനസങ്കേതം നിർവ്വാണവുമാകുന്നു. "ശീലത്തോടുകൂടിയ സമാധി, ഫലത്തെ നൽകുന്നതും അത്യന്തശുഭത്തെ പ്രദാനംചെയ്യുന്നതുമാകുന്നു; സമാധിയോടുകൂടിയ പ്രജ്ഞ, ഫലത്തെ നൽകുന്നതും അത്യന്തശുഭത്തെ പ്രദാനം ചെയ്യുന്നതുമാകുന്നു; പ്രജ്ഞയോടു സംബന്ധിക്കുമ്പോൾ ആത്മാവു്, ആശകളിൽനിന്നും, ഭ്രാന്തിയിൽനിന്നും, തെററിൽനിന്നും, അവിദ്യയിൽനിന്നും എന്നുവേണ്ട, എല്ലാബന്ധങ്ങളിൽനിന്നും മോചിക്കപ്പെട്ടതായി ഭവിക്കുന്നു." എന്നു

ത്രിപിടകത്തിൽ ഒരുഭാഗത്തു പ്രസ്താവിച്ചുകാണുന്നു. "കൈയിനെ കൈ കഴുകുന്നതുപോലെയും, കാലിനെ കാൽകഴുകുന്നതുപോലെയും ശീലത്തെ പ്രജ്ഞ ശുദ്ധിചെയ്യുന്നു; പ്രജ്ഞയെ ശീലം ശുദ്ധിചെയ്യുന്നു; എവിടെ ശീലമുണ്ടോ അവിടെ പ്രജ്ഞയുണ്ട്; എവിടെ പ്രജ്ഞയുണ്ടൊ അവിടെ ശീലമുണ്ട്; ശീലവാന്മാരുടെ പ്രജ്ഞയും പ്രജ്ഞാവാന്മാരുടെ ശീലവും എല്ലാ പ്രജ്ഞകളിലും എല്ലാ ശീലങ്ങളിലുംവച്ച് ബഹുമാന്യങ്ങളാകുന്നു." എന്നു ത്രിപുടകത്തിൽ വേറൊരിടത്തു പറയുന്നു. അതുകൊണ്ട്, ശീലസമാധിപ്രജ്ഞകളാൽ, പൂർവജന്മത്തിലെ സംസ്കാരങ്ങളെയും, ഈ ജന്മത്തിലെ സംസ്കാരങ്ങളെയും പുനർജ്ജന്മത്തിനു സംഗതിയാകാത്തവിധത്തിൽ ഒഴിക്കാൻ ശ്രമിക്കണമെന്നാണ് മേല്പറഞ്ഞ വിശുദ്ധിമാർഗ്ഗത്തിന്റെ ലക്ഷ്യമെന്നു മനസ്സിലാകുന്നു.

ശീലം പഞ്ചശീലമെന്നും, അഷ്ടശീലമെന്നും, ദശശീലമെന്നും മൂന്നുപ്രകാരത്തിലുണ്ട്. അഹിംസ, മോഷ്ടിക്കായ്ക, വ്യഭിചരിക്കായ്ക, പൊളിപറയായ്ക, മദ്യപാനം ചെയ്യായ്ക ഇവയ്ക്കുപഞ്ചശീലമെന്നും ഇതു ഗൃഹസ്ഥാശ്രമികൾക്കായിട്ടുള്ളതാണെന്നും, ഈ അഞ്ചും, രാത്രിയിൽ അശുദ്ധമായ ഭക്ഷ്യങ്ങളെ ഉപയോഗിക്കായ്ക, ചന്ദനംമുതലായ സുഗന്ധദ്രവ്യങ്ങളെ ഉപയോഗിക്കായ്ക,തറയിൽ പായിൽത്തന്നെകിടക്കുക ഈ മൂന്നും ചേർന്ന എട്ടിന് അഷ്ടശീലമെന്നും ഇതു് ഗൃഹസ്ഥാശ്രമികളിൽ നിഷ്ഠാപരന്മാർക്കായിട്ടുള്ളതാണെന്നും ഈ എട്ടും നാട്യസംഗീതാദികളെ ആശ്രയിക്കായ്ക, പൊൻവെള്ളികളെ സ്പർശിക്കായ്ക, ഈ രണ്ടും ചേർന്ന പത്തിന് ദശശീലമെന്നും ഇതു് സന്ന്യാസികൾക്കായിട്ടുള്ളതാണെന്നും 'ധാമ്മികസൂത്രം' എന്ന ബൌദ്ധഗ്രന്ഥം വിധിക്കുന്നു. ദശശീലത്തിൽ വ്യഭിചരിക്കായ്കയുടെ സ്ഥാനത്തു് ബ്രഹ്മചര്യമാണെന്ന് അറിഞ്ഞുകൊള്ളണം.

ഇതിന്നും പുറമേ, തന്റെ മതമത്രെ ഉൽകൃഷ്ടമെന്നു കരുതിക്കൊണ്ടു് അന്യമതത്തെ അവമതിക്കായ്കയും ഒരു ശീലമാ

യി പറയപ്പെട്ടുന്നു. ശീലവാന്മാരിൽ ശ്രേഷ്ഠന്മാർ, ഭാര്യ, പുത്രർ, ധനം, ജീവനിൽ അഭിമാനം, ജനനാശ എന്നിഅഞ്ചിനേയും ഉപേക്ഷിക്കണം. ഈ ത്യാഗത്തിനു പഞ്ചത്യാഗമെന്നുപേർ. ഈ ശീലവാന്മാൎക്ക്, ആശ, ബന്ധം, അജ്ഞത എന്ന് മൂന്നുദോഷങ്ങളും ഉണ്ടായിരിക്കാൻ പാടില്ല.

ഈ മൂന്നുദോഷങ്ങളെയും ഒന്നിച്ച്, അശ്രുവം എന്ന പദംകൊണ്ടു കുറിക്കുന്നു. മേല്പറഞ്ഞ ശീലസമാധി പ്രജ്ഞകൾക്കു വിരോധമായിനിന്ന് അവയുടെ അഭിവൃദ്ധിയെ തടയുന്ന പത്തു മനോഭാവങ്ങളുണ്ടെന്നും, അവയെ അകററിയാലല്ലാതെ അവസാനമായ നിൎവാണത്തെ അഭിമുഖീകരിച്ചു ചെല്ലാൻ സാധിക്കുകയില്ലെന്നും ബൌദ്ധന്മാർ സിദ്ധാന്തിക്കുന്നു. ഈ പത്തു മനോഭാവങ്ങളെയും ദശസംയോജനങ്ങളെന്നു പറയുന്നു. സംയോജനമെന്നുവച്ചാൽ ബന്ധനമെന്നൎത്ഥമാണ്. ബന്ധത്തെ ഉണ്ടാക്കി, ദുഃഖമയമായ ലോകജീവിതത്തിൽനിന്നു നിവൎത്തിക്കാതിരിക്കമോറു്, ഓരോരുത്തരെയും ബന്ധിച്ചിട്ടുന്നതിനാൽ ഇവയ്ക്കു് ഇപ്പേർ സിദ്ധിച്ചതാണ്.

ദശസംയോജനങ്ങൾ:—

1. സൽകായദൃഷ്ടി—ദേഹം യാഥാർത്ഥികമാണെന്നുള്ള കരുതൽ.

2. വിചികിത്സ—സംശയം.

3. ശീലവ്രതം—ഫലത്തെ ഉദ്ദേശിച്ചുചെയ്യപ്പെടുന്ന വ്രതങ്ങൾ.

4. കാമം—ശബ്ദാദിവിഷയാശ.

5. പ്രതിഘം—കോപം

6. രൂപരാഗം—രൂപം സിദ്ധിക്കണമെന്നുള്ള ആശ.

7. അരൂപരാഗം—രൂപം സിദ്ധിക്കാതിരിക്കാൻ ശക്ക ലോകങ്ങളിൽ ജീവിക്കണമെന്ന ആശ.

8. മാനം—ഗർവം.
9. ഔദ്ധത്യം—താനാണ് വലിയവനെന്നഭാവം.
10 അജ്ഞാനം—അറിവില്ലായ്മ.

ഇപ്പറഞ്ഞ പത്തിനെയും ഒഴിച്ചാലല്ലാതെ വിശുദ്ധമാർഗ്ഗത്തിൽ ചരിക്കുന്നതിനും അതുവഴി നിർവാണത്തെ പ്രാപിക്കുന്നതിനും ഒരുത്തൎക്കും സാധിക്കുന്നതല്ല. ഈ ദശ സംയോജനത്തെ അകററുന്നതിനു യത്നിച്ച് വിശുദ്ധമാർഗ്ഗത്തിൽ എത്തുന്നവർ നാലുതരക്കാരുണ്ട്. സൽസംഗം, ബൌദ്ധധർമ്മശ്രവണമനനങ്ങൾ, സദാചാരം എന്നിവയാൽ, സൽകായദൃഷ്ടി, വിചികിത്സ, ശീലവ്രതം എന്നീമൂന്നിനെയും അകററി, പാപം, ദ്വേഷം എന്നിവയിൽ ഒന്നിനോടും സംബന്ധപ്പെടാതെ നാലുപരമാർത്ഥങ്ങളെയും അറിവാൻ ശ്രമിക്കുന്നതിനു സ്രോതാപത്തി എന്നു പേർ; സ്രോതാപത്തിയെന്നുവച്ചാൽ, ശക്തിയെ സമ്പാദിക്കുകയെന്നാണ്. ബുദ്ധധർമ്മമായ ഈ ശക്തിയെ മേല്പറഞ്ഞവിധത്തിൽസമ്പാദിക്കുന്നവൻ സ്രോതാപന്നനെന്നു പറയപ്പെടുന്നു. അപ്രകാരം ബുദ്ധന്റെ ധർമ്മത്തെ സമ്പാദിച്ച്, മുൻചൊന്ന മൂന്നു സംയോജനങ്ങളെയുംഒഴിക്കാൻയത്നിച്ചു വിജയം പ്രാപിച്ചവൻ കാമം,കോപം, മയക്കം എന്നിവയെ കഴിയുന്നത്ര, തന്നിൽനിന്നും അകററുന്നതാണ്. ഇങ്ങനെ വിജയിയായവൻ സകൃദാഗാമി എന്നു പറയപ്പെടുന്നു. സകൃദാഗാമി വീണ്ടും ഒരു ജന്മംമാത്രം ജനിക്കാൻ അവകാശപ്പെട്ടവനാണ്; ആ ഒരു പുനർജ്ജന്മത്താൽ അവൻ നിശ്ചയമായി നിർവാണത്തെ പ്രാപിക്കുവാനുള്ളവനാണ്. ഈ മാർഗ്ഗത്തിൽത്തന്നേ അഭിവൃദ്ധിയെപ്രാപിച്ച്, കാമാദികളെ നിശ്ശേഷം അകററി, തന്നെപ്പററിയാകട്ടേ, അന്യന്മാരെപ്പററിയാകട്ടെ, താന്തരത്തിലുള്ള വിചാരങ്ങൾക്കൊന്നിനും വശപ്പെടാത്തനിലയിൽ എത്തിയവന് അനാഗാമി എന്നു പേരുണ്ട്. അനാഗാമിയെന്നവൻ പുനർജ്ജന്മത്തിന് അവകാശിയല്ലാത്തവൻ; വീണ്ടും പരിശീലനം നടത്തി സംയോജനങ്ങളെയെല്ലാം ജയിച്ച്, എടുത്ത ജന്മത്തിൽത്തന്നെ

നിവ്വാണത്തെ പ്രാപിക്കാൻ അവകാശമുള്ളവൻ. അന്തർദ്ദൃഷ്ടിയാൽ സത്യത്തെ അറിഞ്ഞു് രൂപരാഗാരൂപരാഗങ്ങളെയും, മനൌദ്ധത്യാവിദ്യകളെയും അട്ടിപ്പായിച്ചു, മുൻചൊന്ന തെറ്റുകൾക്കു വശംവദനാകാതെ വസ്തുക്കളെ ഉള്ളവണ്ണം അറിഞ്ഞു്, ദുർവിചാരങ്ങളെ അകററി, അന്യന്മാരിൽ ദയവും പരിശുദ്ധപ്രേമവും പ്രദർശിപ്പിക്കുന്നവൻ അഹതോ, അവനെ അർഹത്ത് എന്നു പറയുന്നു. അർഹത്ത് എന്നുവച്ചാൽ, പൂജക്കു അവകാശപ്പെട്ടവൻ എന്നു താല്പയ്യം. ഇപ്രകാരം സുശിക്ഷിതനായവൻ, അദ്വൈതികൾ പറയുന്ന ജീവൻമുക്തനു തുല്യനാണു്. ഈ നിലയിലുള്ളവൻ മരണാനന്തരം പരിനിവ്വാണമെന്ന ദുഃഖരാഹിത്യനിലയെ പ്രാപിക്കുന്നു.

മേൽപ്പറഞ്ഞ പ്രകാരം അനുക്രമമായി പരിപക്വതയിൽ എത്തി നിവ്വാണനിലയെ പ്രാപിക്കാൻ ശ്രമിക്കുന്നവക്കു് സഹായമായി സ്മൃതികൾ എന്നു പേരുള്ള നാലു സതിപ്രസ്ഥാനങ്ങളും നാലുസമ്യക്പ്രതാനങ്ങളും നാലുഋദ്ധിപാദങ്ങളും അഞ്ചുഫലങ്ങളും ഏഴുബോദ്ധ്യാംഗങ്ങളും പറയപ്പെട്ടിരിക്കുന്നു. ബുദ്ധൻ, താൻ നിർവ്വാതനാകുംമുമ്പു് കൂടാകാരപവ്വതത്തിൽ ഒന്നിച്ചുണ്ടായിരുന്ന തൻെറ ശിഷ്യന്മാരോടു് ഉപദേശിച്ചതായി മഹാപരിനിവ്വാണസൂത്രത്തിൽ ഇപ്രകാരം കാണുന്നു:—
"ഹേ ഭിക്ഷുക്കളേ! എൻെറ പാവനമായ മതം, മനുഷ്യവർഗ്ഗത്തിനു നന്മയും സുഖവും നൽകുന്നതിനു പയ്യാപ്തമായി നിലനിൽക്കുന്നതിനും ലോകക്കു ധർമ്മോപദേശം ചെയ്യുന്നതിനും ദേവന്മാക്കും മനുഷ്യക്കും ലാഭത്തെയും അഭിവൃദ്ധിയേയും ഉണ്ടാക്കുന്നതിനും, ഞാൻ അറിഞ്ഞു്, ഉപദേശിച്ചുവന്നധർമ്മത്തെ ശരിക്കു ഗ്രഹിച്ചു ആചരിച്ചു് തൃപ്തിയെപ്പുരത്തുവിൻ! ആ ധർമ്മമാകട്ടെ, നാലുസതിപ്രസ്ഥാനങ്ങളും നാലുസമ്യക്പ്രതാനങ്ങളും നാലുഋദ്ധിപാദങ്ങളും അഞ്ചുഫലങ്ങളും ഏഴുബോദ്ധ്യാംഗങ്ങളും എട്ടുമാർഗ്ഗങ്ങ (അഷ്ടാംഗമാർഗ്ഗങ്ങ) ളുമാകുന്നു."
സ്മൃതികൾ എന്നു പേരുള്ള നാലു സതിപ്രസ്ഥാനങ്ങൾ:—

1, ശരീരം അശുദ്ധമാണെന്നു് അറിയുക.

2, വേദനകളിൽനിന്നുമുണ്ടാകുന്ന ദോഷങ്ങളെ അറിയുക.

3, വിചാരങ്ങളുടെ അനിത്യതയെ അറിയുക.

4, സ്ഥിതിതത്വത്തിന്റെ സ്വാഭാവികതയെ അറിയുക.

നാലുസമ്യക്പ്രതാനങ്ങൾ (നാലുപ്രകാരത്തിലുള്ള സത്യതങ്ങൾ):—

1, ദുശ്ശീലങ്ങൾ സംഭവിക്കാതെ തടുക്കാൻ ശ്രമിക്കുക.

2, സംഭവിച്ചുപോയ ദുശ്ശീലങ്ങളെ അകററാൻ ശ്രമിക്കുക.

3, മുമ്പില്ലാത്ത നന്മയെ ഉണ്ടാക്കാൻ ശ്രമിക്കുക.

4, ഉള്ള നന്മയെ വളർത്താൻ ശ്രമിക്കുക.

നാലു ഋദ്ധിപാദങ്ങൾ (അർഹത്ത്വത്തെ പ്രാപിക്കാൻ സഹായിക്കുന്ന സാധനങ്ങൾ):—

1, ഋദ്ധിയെ സമ്പാദിക്കണമെന്നുള്ള വിചാരം.

2, ഋദ്ധിയെ സമ്പാദിക്കുവാനായിട്ടുള്ള യത്നം.

3, അതിനുതക്ക ഹൃദയപാകത.

4, അതിനുവേണ്ട ശ്രമം.

അഞ്ചുഫലങ്ങൾ (മനസ്സിന്റെ അംഗങ്ങൾക്കുവേണ്ട ശക്തികൾ):—

1, ശ്രദ്ധ. 2, സാമർത്ഥ്യം. 3, ഓർമ്മ. 4, മനനം. 5, ഊഹം.

ഏഴുബോദ്ധ്യാംഗങ്ങൾ (പരമാർത്ഥമായ ജ്ഞാനത്തെ സമ്പാദിക്കാനുള്ള സാധനങ്ങൾ):—

1, സാമർത്ഥ്യം 2, ഓർമ്മ 3, മനനം. 4, ത്രിപിടകചിന്തനം. 5, ആനന്ദം. 6, ശാന്തി. 7, സമദൃഷ്ടി.

ബന്ധത്തെ ഛേദിച്ചു, സംസ്കാരത്തെ ഒഴിക്കുക എന്നതു്, നിഷ്പ്രയാസസാദ്ധ്യമാണെന്നു ബുദ്ധൻ വിചാരിച്ചിട്ടില്ല എന്നു മേല്പറഞ്ഞ വിഷയങ്ങളെ പരിചിന്തനം ചെയ്തു

നോക്കുന്നവൎക്ക മനസ്സിലാകാതിരിക്കയില്ല. അതുകൊണ്ട് ആ നിലയിലെത്താൻ സാധാരണന്മാർ വളരെ ബുദ്ധിമുട്ടായി വിചാരിക്കുമെന്നുള്ളതിൽ സംശയിക്കാനുണ്ടോ? അത്രത്തോളം ശ്രമസാദ്ധ്യമായ ഫലത്തെ ലഭിക്കാൻ ഇനിയും രണ്ടുതരം സാധനങ്ങളുണ്ട്; അഞ്ചുഭാവനകളും അഞ്ചുധ്യാനങ്ങളുമാണ് അവ. അഞ്ചുഭാവനകളാകട്ടേ, മൈത്രീഭാവന, കരുണാഭാവന, മുദിതഭാവന, അശുഭഭാവന, ഉപേക്ഷാഭാവന എന്നിവയാണ്.

മൈത്രീഭാവന— ഒരു സന്യാസി ഒരു വാസസ്ഥലത്തെ പ്രാപിച്ചു യോജിച്ച ആസനത്തിൽ ഇരുന്നതിനുശേഷം, ഇങ്ങനെ ധ്യാനിക്കണം:—"ഉത്തമമായ ജന്മത്തോടുകൂടിയ ജീവരാശികൾ ആരോഗ്യത്തോടുകൂടി ജീവിപ്പൂതാക; അവയെല്ലാം, ദുഃഖം, വ്യാധി, ദുരാശ എന്നിവയിൽനിന്നു മോചിപ്പൂതാക; എല്ലാമനുഷ്യരും എല്ലാദേവന്മാരും നരകബാധയാൽ പീഡിപ്പിക്കപ്പെട്ടവ എല്ലാവരും സന്തോഷാനുഭൂതരായി ഭവിപ്പൂതാക; അവർ, ദുഃഖം, വ്യാധി, ദുരാശ എന്നിവയിൽ നിന്നും മോചിപ്പൂതാക"

കരുണാഭാവന—"ദരിദ്രന്മാർ, ദാരിദ്ര്യംനീങ്ങി സൌഭാഗ്യവാന്മാരായി ഭവിപ്പൂതാക" എന്നു ഭാവിക്കുക. കരുണ എന്നുവച്ചാൽ അനുകമ്പയോടുകൂടിയ വിചാരം; അതായത്, ഒരു ജീവി ദുഃഖിക്കുന്നതുകണ്ടാൽ, മനസ്സലിഞ്ഞ് ആ ദുഃഖത്തെ പരിഹരിക്കണമെന്നുള്ള തോന്നൽ.

മുദിതഭാവന—"സുഖികളുടെ സൌഭാഗ്യത്തിന് ഒരിക്കലും ക്ഷയമുണ്ടാകാതിരിക്കട്ടെ; ഓരോരുത്തരും അവരവൎക്ക് അവകാശപ്പെട്ടതായ സുകൃതഫലത്തെ സമ്പാദിക്കട്ടേ." എന്നു ഭാവിക്കുക. മുദിതമെന്ന പദത്തിന് സന്തോഷം എന്നർത്ഥം; എന്നാൽ ആ സന്തോഷമാകട്ടെ, ലൌകികവസ്തുക്കളെ സംബന്ധിച്ചുള്ളതല്ല; മൈത്രി, കരുണ എന്നീ രണ്ടുഭാവനകളെയും സംബന്ധിച്ചതാണ്.

(മേൽപറഞ്ഞ മൂന്നുഭാവനകളിൽ ഏതെങ്കിലും ഒന്നിനെ അഭ്യസിക്കുന്നവൻ, ആ ഭാവനയെ ആദ്യം ചിലമനുഷ്യരിലും പിന്നീട് ഒരു നഗരത്തിലും, അതിനുശേഷം ഒരു രാജ്യക്കാരിലും അനുക്രമമായി ചെലുത്തുന്നതു കൊള്ളാം.)

അശുഭഭാവന—അസന്തോഷം, വെറുപ്പ് എന്നിവയെ ആവിർഭവിപ്പിക്കുന്നതാണ് അശുഭത്തിൻെറ ലക്ഷണം. ഇതിനെ പരിശീലിക്കാൻ ശ്രമിക്കുന്ന ഒരുസന്ന്യാസി, ശരീരം എന്നതു് പലവിധതെററുകളുടെ സംഘടനയാണെന്നും, ചാണകത്തിൽ ഉണ്ടായി വളരുന്ന പുഴുക്കളെപ്പോലെ ഗർഭപാത്രത്തിലുണ്ടാകുന്നതാണെന്നും, അമേദ്ധ്യക്കുഴിപോലെ അശുദ്ധിസങ്കേതമാണെന്നും, അതൃപ്തിജനകമായ മാലിന്യം അതിലെ നവദ്വാരങ്ങളിൽകൂടി അവിച്ഛിന്നമായി കടന്നുകൊണ്ടിരിക്കുന്നതാണെന്നും, ജലധാരപോലെ വെറുപ്പിനെ ഉണ്ടാക്കുന്ന ദുർഗ്ഗന്ധത്തെ സ്രവിക്കുന്നതാണെന്നും ഭാവിക്കണം. 'ശരീരത്തിൻെറ കാലപരിമാണം നിമിഷമാത്രമാണ്. മിന്നൽ, ജലത്തിലെപ്പോള, വെള്ളത്തിലിട്ട ഉപ്പു്, തീപിടിച്ച ഉണക്കപ്പുല്ലു്, കടൽതിര, ആകാശത്തിൽ കാണിക്കുന്ന ജ്യോതിസ്സു്, പുല്ലിൽപതിച്ച മഞ്ഞിൻതുള്ളി എന്നിവയെപ്പോലെ ക്ഷണഭംഗുരമാണ്.' എന്നു്, ശരീരത്തിൻെറ അനിത്യതയെ ഭാവിക്കുന്നതും അശുഭഭാവന എന്നു പറയപ്പെടുന്നു.

ഉപേക്ഷാഭാവന—എല്ലാജീവികളെയും സമമായി ഭാവിക്കുകയും ആശയും വെറുപ്പും ഇല്ലാതിരിക്കുകയുമാണ് ഉപേക്ഷാഭാവനയുടെ ലക്ഷണം. ഇതു മററ നാലുഭാവനകളെക്കാൾ ഉയൎന്നപടിയിലുള്ളതാണ്. അർഹത്തുകളാൽ അനുഷ്ഠിക്കപ്പെടുന്നതാണ്. ഇതിനെ സമചിത്തതയെന്നും പറയുന്നു.

ഇനി നാലുധ്യാനങ്ങളെപ്പററി പ്രസംഗിക്കുന്നു:—

ആദ്യത്തെധ്യാനം—ഭിക്ഷുവായ ഒരുവൻ, കാമത്തിൽനിന്നും ഭാവത്തിൽനിന്നും തന്നെ മാററിനിൎത്തിക്കൊണ്ടു്, മ

നനത്തിലും വിചിന്തനത്തിലും വത്തിക്കുമ്പോൾ ഏകാന്തവാസത്താൽ ഉളവാകുന്ന സന്തോഷമയവും ആനന്ദമയവുമായ അവസ്ഥ.

രണ്ടാമത്തേധ്യാനം—മനനവും വിചിന്തനവുമില്ലാതെ അവ അടക്കപ്പെട്ടിരിക്കുമ്പോൾ ശാന്തിയിൽനിന്നുമുണ്ടാകുന്ന സന്തോഷമയവും ആനന്ദമയവുമായ സ്ഥിതി.

മൂന്നാമത്തേധ്യാനം—ഭിക്ഷുവായ ഒരുവൻ, കാമഭ്രമങ്ങളെ നശിപ്പിച്ച് സന്തോഷത്തെ സമ്പാദിച്ചുകൊണ്ട് ആനന്ദവാനായി ജ്ഞാനിയായി അർഹത്തുകളാൽ ശ്ലാഘിക്കപ്പെട്ടുന്നതും സമാധാനം, അറിവ് എന്നിവയോട്ടുകൂടിയതുമായ ആനന്ദത്തെ തൻെറ ഉള്ളിൽ അനുഭവിക്കുന്ന നില.

നാലാമത്തേധ്യാനം—മുമ്പുണ്ടായിരുന്ന സുഖദുഃഖങ്ങളെ അകററി, സുഖദുഃഖനാശത്തെ സമ്പാദിച്ച്, സുഖവും ദുഃഖവുമില്ലാതെ, സമദൃഷ്ടിയും അറിവുമുള്ളതായ സ്ഥിതി.

(ഈ നാലുധ്യാനങ്ങളും സമാധിയെ സഹായിക്കുന്നവയാണ്.)

ഇപ്രകാരം അനുക്രമമായി ധ്യാനങ്ങളിൽ മനസ്സിനെ ചെലുത്തുന്നതിനാൽ ബൌദ്ധഭിക്ഷുക്കൾ സമാധിയാകുന്ന യോഗസിദ്ധിയെ പ്രാപിച്ചുവന്നു എന്നു ഗ്രഹിക്കാം. ബുദ്ധൻ, മഹാബോധിയുടെ ചുവട്ടിൽ ഇരുന്ന്, തനിക്കു ജ്ഞാനം സിദ്ധിക്കുന്നതിനുമുമ്പ്, ഒരു രാത്രിയിൽ ധ്യാനംചെയ്തുവനുവെന്നും, ആദ്യത്തെ യാമത്തിൽചെയ്ത ആദ്യത്തെ ധ്യാനത്തിൽ പൂവ്വജന്മസ്ഥിതികളെല്ലാം അദ്ദേഹത്തിൻെറ ഹൃദയത്തിൽ തോന്നിയെന്നും, രണ്ടാമത്തെ യാമത്തിലെ രണ്ടാമത്തേ ധ്യാനത്തിൽ വത്തമാനജന്മത്തിലെ സ്ഥിതികൾ തോന്നിയെന്നും, മൂന്നാംയാമത്തിലേ മൂന്നാമത്തേധ്യാനത്തിൽ, ദ്വാദശനിദാനരൂപമായ കാരണകാൎയ്യങ്ങൾ ഏദിസ്ഥമായി എന്നും, നാലാമത്തേ ധ്യാനത്തിൽ സൂ

യ്യൻ ഉദിക്കാതിരിക്കേ, സകലത്തും അറിയാൻ കഴിഞ്ഞുവെന്നും ചില ബൌദ്ധഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നു. മഹാപരിനിർവ്വാണസൂത്രത്തിൽ ധ്യാനങ്ങളെക്കുറിച്ചു പറയുന്നതാവിതു്:—"ഭഗവാൻ പ്രഥമധ്യാനത്തെ വശപ്പെടുത്തി; ആ ആദ്യത്തെ പടികടന്നു് ദ്വിതീയധ്യാനത്തിൽ എത്തി; ആ രണ്ടാമത്തെ പടികടന്നു് തൃതീയധ്യാനത്തിൽ ചെന്നു; ആ മൂന്നാമത്തെ പടിയുംകടന്നു് തുരീയധ്യാനത്തെ പ്രാപിച്ചു. ആ നാലാമത്തേതും കടന്നു്, തുറസ്സുവായു, നിരന്തമാണെന്ന അറിവിനെ ഹൃദയത്തിൽ സാക്ഷാൽകരിക്കുന്ന ആകാശാനന്ത്യായതനമെന്ന ധ്യാനത്തിൽ കയറി; അതിനെയും കടന്നു് വിജ്ഞാനം സീമാതീതമാണെന്ന ബോധത്തെ മനസ്സിൽ സാക്ഷാൽകരിക്കുന്ന വിജ്ഞാനാനന്ത്യായതനമെന്ന ധ്യാനത്തെപ്രാപിച്ചു; ആ നിലയും കടന്നു് വാസ്തവമായ തുറസ്സുവായുക്കൾ യാതൊന്നുമില്ലെന്ന അറിവിനെ സാക്ഷാൽകരിക്കുന്ന ആകിഞ്ചന്യായതനമെന്ന ധ്യാനത്തെ പ്രാപിച്ചു; ആ നിലയും കടന്നു് അറിവുള്ളതും അറിവില്ലാത്തതും അല്ലാത്തതായ നൈവസംജ്ഞാനാസംജ്ഞാനായതനമെന്ന ധ്യാനത്തെ പ്രാപിച്ചു."

ഇനിയും പലപ്രകാരത്തിൽ പറയപ്പെട്ടിരിക്കുന്ന ധ്യാനത്തിൻെറ ലക്ഷണത്തെ വിവരിച്ചുകാണിക്കുകയെന്നതു് ശ്രമസാധ്യമാണു്. ഈ ധ്യാനത്തിൻെറ സഹായത്താൽ യോഗസമാധിയെ പ്രാപിച്ചവനു് ആറു് അഭിജ്ഞകളുണ്ടാകുമെന്നാണു ബൌദ്ധന്മാരുടെ സിദ്ധാന്തം. അഭിജ്ഞയെന്നുവച്ചാൽ, വിസ്മരിക്കപ്പെട്ട വിഷയം വീണ്ടും ഓർമ്മയിൽവരികയെന്നർത്ഥമാണു്.

അഭിജ്ഞകൾ:—

1, യോഗശ്രോത്രം. 2, യോഗചക്ഷുസ്സ്. 3, പരചിത്തജ്ഞാനം. 4, ജന്മാന്തരസ്മരണ. 5, കാമദോഷവിനാശജ്ഞാനം (കാമത്താലുണ്ടാകുന്ന ദോഷത്തെ പരിഹരിക്കാനുള്ള മാർഗ്ഗത്തെ അറിയുക). 6. ഋദ്ധികൾ(അത്ഭുതശക്തികൾ;

ഭൂമിയിൽ നടക്കുന്നതുപോലെ തടവുകൂടാതെ ജലത്തിൽ നടക്കുക, വെള്ളത്തിൽ മുങ്ങുന്നതുപോലെ ഭൂമിയിൽ മുങ്ങുക, ആകാശത്തിൽകൂടി ചരിക്കുക മുതലായ അത്ഭുതകരങ്ങളായ പ്രവൃത്തികളാകുന്നു. അവ പത്തുവിധത്തിലുണ്ടെന്നു പറയുന്നവരും എൺപത്തൊൻപതുവിധത്തിലുണ്ടെന്നു പറയുന്നവരും വേറെയും പക്ഷാന്തരമുള്ളവരുമുണ്ട്).

എന്നാൽ, ധ്യാനങ്ങൾവഴി, യോഗസമാധിയെ പ്രാപിക്കുവാൻ ശ്രമിക്കുകയല്ലാതെ മേല്പറഞ്ഞ അഭിജ്ഞകളായ അസാധാരണശക്തിയെ സമ്പാദിക്കുവാൻ ബൌദ്ധന്മാർ പ്രധാനമായി കരുതുന്നില്ല. ആയതനങ്ങളിൽകൂടി പുറത്തു കടക്കാത്തവണ്ണം ചിത്തത്തെ അടക്കി സ്പർശം, വേദന, ഉപാദാനം ഇവയെ ഒഴിക്കുകയെന്നുള്ളതാണ് അവരുടെ മുഖ്യമായ ലക്ഷ്യമെന്ന് അറിയുന്നു. ശീലസമാധിപ്രജ്ഞകളെ വശപ്പെടുത്തി അർഹത്തുകളായി പിന്നീട് അത്യന്തപരിപക്വതയെ സമ്പാദിച്ച്, ബോധിസത്വന്മാരുടെനിലയെ പ്രാപിച്ചവന്, ബുദ്ധപദവിയെ പ്രാപിക്കാൻ ആവശ്യകമായ 'ദശപാരമിത' യെ ബൌദ്ധഗ്രന്ഥങ്ങളിൽ സവിസ്തരം പ്രസ്താവിച്ചിട്ടുണ്ട്. ദാനം, ശീലം, ക്ഷമ, വീര്യം, ധ്യാനം, പ്രജ്ഞ, ഉപായം, ദയ, ബലം, ജ്ഞാനം ഇവയാണ് ദശപാരമിത. പാരമിതയെന്ന പദത്തിന് കരയെത്തിടേണ്ടതു് എന്നർത്ഥമാണ്. മേല്പറഞ്ഞ ദാനാദിപത്തും സിദ്ധിച്ചതിനാൽ ബുദ്ധനെ ദശബലൻ എന്നും വിളിക്കുന്നു. ഇപ്പത്തിൽ ദാനപാരമിതയെ അധികരിച്ച്, 'ദാനപാരമിത'യെന്നൊരു സംസ്കൃതഗ്രന്ഥമുണ്ട്; ഈ സംഗതി ശ്രീഹർഷന്റെ നൈഷധകാവ്യം അഞ്ചാംസർഗ്ഗം പതിനൊന്നാം ശ്ലോകംകൊണ്ടും അതിന്റെ മല്ലീനാഥവ്യാഖ്യാനത്താലും വെളിപ്പെടുന്നുണ്ട്.

ബുദ്ധധർമ്മമായ നാലു പരമാർത്ഥങ്ങളെ ഇതേവരെ ചുരുക്കി പ്രസംഗിച്ചു. ഇവിടെ ശീലസമാധിപ്രജ്ഞകളെപ്പററി പ്രസ്താവിച്ചതെല്ലാം, സന്യാസത്തെ സ്വീകരിച്ച ഭിക്ഷുക്കളാൽ മാത്രം അനുഷ്ഠേയങ്ങളാണ്. ഗൃഹസ്ഥാശ്രമികളായ ഉ

പാസകന്മാരും ഉപാസികമാരും പഞ്ചശീലത്തെയോ അഷ്ട ശീലത്തെയോ അനുഷ്ഠിക്കേണ്ടതാണ്. വേറേ ശീലങ്ങളും ധ്യാനസമാധി മുതലായവയും അവക്ക് ആവശ്യകങ്ങളാണെന്നു വിധിച്ചിട്ടില്ല. മുമ്പുപറഞ്ഞ അഷ്ടശീലങ്ങളാൽ വിലക്കപ്പെട്ടവയെ പത്തുവിധത്തിലുള്ള ദുഷ്കൃതങ്ങളെന്നു പറയുന്നുണ്ട്; അവയെ ദശപാപങ്ങളെന്നുപറയുന്നു. ഈ പത്തു പാപങ്ങളെ ബൌദ്ധന്മാരിൽ എല്ലാനിലയിലുള്ളവരും അട രിക്കണമെന്നാണു വിധി.

ഉപാസകന്മാരും ഉപാസികളുമായ ഗൃഹസ്ഥാശ്രമികൾ, സംഘത്തിൽ 'വിനയപിടക'ത്തെ പാരായണംചെയ്യുമ്പോൾ, അവിടെച്ചെന്ന് അതു ശ്രവിക്കണമെന്നും അഷ്ടമി, പൌർണ്ണമി, അമാവാസി മുതലയ തിഥികളിൽ ഉപവാസം അനുഷ്ഠിക്കണമെന്നും ബൌദ്ധസന്ന്യാസികൾ വെളിയിൽ സഞ്ചരിക്കാൻപാടില്ലാത്ത വർഷകാലത്തിലും വിധിച്ചിട്ടുള്ളേടത്തോളം ഉപവസിക്കണമെന്നും ഉപവസിച്ചതിൻെറ അടുത്ത ദിവസം കാലത്തു കഴിയുന്നിടത്തോളം ആദ്യം ഭിക്ഷുക്കൾക്ക് ആഹാരം നൽകിയതിനുശേഷം പാരണയെ സ്വീകരിക്കണമെന്നും ബൌദ്ധഗ്രന്ഥം വിധിക്കുന്നു. ഗൃഹസ്ഥാശ്രമികൾ അനുഷ്ഠിക്കേണ്ട വേറെയും നിയമങ്ങൾ 'സൃഗാലവാദസൂത്രം' എന്ന ബൌദ്ധഗ്രന്ഥത്തിൽ കാണുന്നു. അവയെ അടിയിൽ ഉദ്ധരിക്കുന്നു.

എ. മാതാപിതാക്കന്മാർക്കും പുത്രന്മാർക്കുമായിട്ടുള്ള വിധികൾ:—

അച്ഛനമ്മമാർ,

1, പുത്രന്മാരെ ദുഷ്കൃതങ്ങളിൽനിന്നും വിലക്കണം.
2, സുകൃതങ്ങൾ അവരെ പഠിപ്പിക്കണം.
3, അവരെ വിദ്യാഭ്യാസംചെയ്യിക്കണം.
4, അവക്ക് അനുഗുണമായ ഭാര്യാഭർത്താക്കന്മാരെ ലഭിപ്പിക്കണം.

5, അവൎക്ക് അവകാശപ്പെട്ടതായ ദായസ്വത്തിനെ നൽകണം.

പുത്രന്മാർ,

1, തങ്ങളെ രക്ഷിച്ച അഛനമ്മമാരെ രക്ഷിക്കണം.

2, കുടുംബസംബന്ധമായ ചുമതലകളെ എല്ലാം നിൎവ്വഹിക്കണം.

3, കുടുംബസ്വത്തിനെ രക്ഷിക്കണം.

4, കുടുംബസ്വത്തിനെ ലഭിക്കാൻ അൎഹതയുള്ളവരായി ജീവിക്കണം.

5, മാതാപിതാക്കന്മാരുടെ മരണശേഷം അവരെ സ്മൃതിപദത്തിൽ ഇരുത്തി പൂജിക്കണം.

ഖ, ഗുരുശിഷ്യന്മാൎക്കായുള്ള വിധികൾ:—

ഗുരു,

1, സന്മാർഗ്ഗത്തിൽ പരിശീലിപ്പിക്കണം.

2, ജ്ഞാനത്തെ കൈവിടാതിരിക്കാൻ ഉപദേശിക്കണം.

3, ശാസ്ത്രങ്ങളിലും കാൎയ്യങ്ങളിലും അറിവിനെ സമ്പാദിപ്പിക്കണം.

4, ശിഷ്യന്മാരെപ്പററി അവരുടെ മിത്രങ്ങളോടും സതീൎത്ഥ്യന്മാരോടും തൻെറ നല്ല അഭിപ്രായത്തെ വെളിപ്പെടുത്തണം.

5, അപത്തുകളിൽനിന്നും രക്ഷിക്കണം.

ശിഷ്യന്മാർ,

1, ഗുരുവിൻെറ എതിരിൽ നിൽക്കരുത്.

2, അദ്ദേഹത്തെ ശുശ്രൂഷിക്കണം.

3, അദ്ദേഹത്തിൽ വണക്കമുള്ളവരായിരിക്കണം.

4, അദ്ദേഹത്തിൻെറ ആവശ്യങ്ങളെ നിവൎത്തിക്കണം.

5, അദ്ദേഹത്തിൻെറ ഉപദേശത്തെ മുറുകെപ്പിടിക്കണം.

ഗ, ഭാൎയ്യാഭൎത്താക്കന്മാൎക്കുള്ള വിധികൾ:—

ഭൎത്താവ്,

1, ഭാൎയ്യയെ മാനിച്ചു പെരുമാറണം.

2, പ്രേമത്തോടെ പെരുമാറണം.

3, അതിചരണത്തിൽ നിയോഗിക്കാതിരിക്കണം.

4, അന്യന്മാർ മതിക്കത്തക്കവണ്ണം നടത്തണം.

5, അവൎക്ക് ആവശ്യമുള്ള വസ്ത്രാഭരണങ്ങളെ നൽകണം.

ഭാൎയ്യ,

1, ഗൃഹജ്ജോലികൾ സാമൎത്ഥ്യത്തോടെ നിൎവ്വഹിക്കണം.

2, ബന്ധുക്കൾക്കും സ്നേഹിതന്മാൎക്കും സൽകാരം ചെയ്യണം.

3, പാതിവ്രത്യത്തെ പാലിക്കണം.

4, വീട്ടുചെലവുകൾ മിതമായി നിൎവ്വഹിക്കണം.

5, തന്റെ പ്രവൃത്തികളിൽ ശ്രദ്ധയും ശുഷ്കാന്തിയും പ്രദർശിപ്പിക്കണം.

ഘ, സ്നേഹിതന്മാൎക്കായുള്ള വിധികൾ:—

സുശീലനായ ഒരുവൻ,

1, സ്നേഹിതനെ സൽകരിക്കണം.

2, നിലവിടാതെ സംസാരിക്കണം.

3, സ്നേഹിതന്റെ നന്മയെ അഭിവൃദ്ധിപ്പെടുത്തണം.

4, സ്നേഹിതനെ തുല്യനിലയിൽ കരുതണം.

5, തന്റെ ഭാഗ്യത്തിൽ ഭാഗഭാക്കാക്കണം.

സ്നേഹിക്കപ്പെടുന്നവൻ,

1, സ്നേഹിതന്റെ താഴ്ചയിൽ അവനെ സഹായിക്കണം.

2, അവന്റെ ധനത്തെ സൂക്ഷിക്കണം.

3, ആപത്തിൽ അവന്ന് അഭയം നൽകണം.

4, ആപൽക്കാലത്ത് അവനെ ഉപേക്ഷിക്കാതിരിക്കണം.

5, അവൻെറ കുടുംബത്തെ സ്നേഹിക്കണം.

ഏ, യജമാനന്നും ഭൃത്യന്മാക്കുമായിട്ടുള്ള വിധികൾ:—

യജമാനൻ,

1, ഭൃത്യൻെറ അഭിവൃദ്ധിക്കു് അനുസരണമായ തൊഴിലിൽ അവനെ നിയമിക്കണം.

2, ശരിയായ ഭക്ഷണവും ശമ്പളവും കൊടുക്കണം.

3, രോഗം പിടിപെട്ടാൽ ആഹാരവും ഔഷധവും നൽകണം.

4, സ്വാദിഷ്ടമായ ഭക്ഷണങ്ങൾ കൊടുക്കണം.

5, യഥോചിതം അവധി ദിവസങ്ങളെ അനുവദിക്കണം.

ഭൃത്യൻ,

1, പ്രഭാതത്തിൽ എഴുന്നേൽക്കണം.

2, യജമാനൻ ഉറങ്ങിയതിനുശേഷം ഉറങ്ങണം.

3, യജമാനനിൽനിന്നും കിട്ടിയതുകൊണ്ടു തൃപ്തിപ്പെടണം.

4, യാതൊരു മനശ്ചുടവുംകൂടാതെ ഊർജ്ജിതത്തോടെ വേലചെയ്യണം.

5, യജമാനനെയും അദ്ദേഹത്തെസ്സംബന്ധിച്ച അളുകളെയും ബഹുമാനിക്കണം.

ഒ, ഉപാസകന്മാക്കും ഭിക്ഷുക്കൾക്കുമായിട്ടുള്ളവിധികൾ:—

ശീലവാനായ ഉപാസകൻ,

1, ഭിക്ഷുക്കളെ വാക്കുകൊണ്ടു സ്നേഹിക്കണം.

2, ശരീരംകൊണ്ടുസ്നേഹിക്കണം.

3, വിചാരംകൊണ്ടു സ്നേഹിക്കണം.

4, കണ്ട ഉടനെ സ്വാഗതംചെയ്തു സൽകരിക്കണം.

5, അവക്കു് അവശ്യമുള്ളതിനെ കൊടുക്കണം.

ഭിക്ഷു,

1, ഉപാസകൻ അധൎമ്മം ചെയ്യാതിരിക്കുന്നതിനും ധൎമ്മം ചെയ്യുന്നതിനും ഉപദേശിക്കണം.

2, പ്രേമം പ്രകാശിപ്പിക്കണം.

3, മതസംബന്ധമായ ഗ്രന്ഥങ്ങളുടെ അൎത്ഥത്തെ ഉപദേശിക്കണം.

4, ഉപാസകന്റെ സംശയങ്ങളെ നിവൎത്തിക്കണം.

5, ഗൃഹസ്ഥധൎമ്മത്തെ ഉപദേശിക്കണം.

ഈ 'സൃഗാലവാദസൂത്ര'ത്തിൽ, ഇപ്പറഞ്ഞ വിധികളെ ശരിക്കു നിൎവ്വഹിക്കുന്നവർ, ആ അറുനിലയിലും ശാന്തിയോടും സുഖത്തോടും ജീവിക്കുമെന്നും, അവരെ യഥാൎത്ഥബൌദ്ധന്മാരെന്നുപറയാമെന്നും, അവയെ ആദരിക്കാത്തവൻ ബൌദ്ധൻ എന്ന പേരിന് അർഹനല്ലെന്നും പ്രസ്താവിച്ചിരിക്കുന്നു.

# ബൌദ്ധസംഘം.

ബൌദ്ധസന്യാസികളുടെ സംഘത്തെയാണു്, സംഘം എന്നു പറയപ്പെട്ടുവരു. ബുദ്ധൻ, ധൎമ്മം, സംഘം ഇമ്മൂന്നിനും കൂടി "ത്രിമണി" എന്നുപേരാണു്. 'മണി'കളിൽ മൂന്നാമത്തേതാണു് സംഘം. ബുദ്ധൻ തനിക്കു ജ്ഞാനം സിദ്ധിച്ചതിനുശേഷം, ആദ്യമായി കാശിയിൽ ചെന്നു്, മുമ്പു തന്റെ ഒന്നിച്ചു തപസ്സു ചെയ്തുകൊണ്ടിരുന്ന പഞ്ചർഷികൾക്കു്, താൻ അറിഞ്ഞ പരമാൎത്ഥ ചതുഷ്ടയത്തെ ഉപദേശിച്ചു് അവരെ തന്റെ ശിശിഷ്യന്മാരാക്കി സ്വീകരിച്ചകാലമാണു് 'സംഘ'ത്തിന്റെ ഉദ്ഭവകാലം. അതിനുശേഷം അദ്ദേഹത്തിന്റെ ജീവിതകാലത്തിൽ തന്നെ അനവധി അനവധി ആളുകൾ അദ്ദേഹത്തിന്റെ ശിഷ്യത്വവും, സന്യാസിത്വവും സ്വീകരിച്ചു് ഈ സംഘത്തിൽ ചേൎന്നിട്ടുണ്ടു്. ബ്രാഹ്മണ ക്ഷത്രിയ വൎണ്ണാശ്രമികളിൽത്തന്നെ പലരും ഗൌതമബുദ്ധന്റെ ഉപദേശത്താൽ ലൌകിക വിരക്തന്മാരായി സന്യസിച്ചിട്ടുണ്ടെന്നും അറിയുന്നു. ഗൌതമബുദ്ധൻ ദേശങ്ങൾതോറും സഞ്ചരിച്ചു ധൎമ്മോപദേശം ചെയ്തുവന്ന സ്ഥലങ്ങളിലെല്ലാം, "ഇവൻ ഉയൎന്ന കുടുംബങ്ങളിലെ കുട്ടികളെയൊക്കെ സന്യസിപ്പിച്ചുംകൊണ്ടു പോകാൻ വന്നവനാണു്" എന്നു സ്ത്രീകൾ പാടുന്നുണ്ടായിരുന്നുപോൽ. ഇതിൽനിന്നും ഗൌതമബുദ്ധനു്, ശിഷ്യന്മാരെ സമ്പാദിക്കാനുള്ള ശക്തി ഒന്നു പ്രത്യേകിച്ചുണ്ടായിരുന്നുവെന്നു് ഊഹിക്കാം. ആ ശക്തിയുടെ അസ്ഥിഭാരങ്ങൾ അസ്സാദൃശമായ കരുണയും പ്രസിദ്ധമായ വൈരാഗ്യവുമാണു്. അദ്ദേഹം 'സംഘ'ത്തെ സ്ഥാപിക്കാതെ ധൎമ്മോപദേശം ചെയ്തു ശിഷ്യസമ്പത്തിനെ വൎദ്ധിപ്പിക്കുക മാത്രം ചെയ്തിരുന്നുവെങ്കിൽ, അദ്ദേഹത്തിന്റെ കാലത്തിനുശേഷം ബൌദ്ധമതം പ്രചരിക്കുമായിരുന്നില്ല. അദ്ദേഹത്തിന്റെ ധൎമ്മത്തിനു ലോകത്തിൽശാശ്വതപ്രതിഷ്ഠ സിദ്ധിച്ചതു് 'സംഘം'ഒന്നുകൊണ്ടുമാത്രമാണു്.

ബൌദ്ധഭിക്ഷുക്കൾക്ക് വിധിക്കപ്പെട്ടിട്ടുള്ള നിയമങ്ങൾക്കം, ഹിന്തുക്കളുടെ സ്മൃതികളിൽ വിധിച്ചുകാണുന്ന സന്യാസനിയമങ്ങൾക്കും പല സംഗതികളിൽ ഐകരൂപ്യം കാണുന്നതിനാൽ ബുദ്ധൻെറ സംഘരൂപവൽകരണത്തിൽ വലിയ പുതുമയൊന്നും കല്പിക്കാനില്ലെന്ന് അഭിപ്രായപ്പെടുന്നുണ്ട്; ഹിന്തുക്കളുടെ സന്യാസധമ്മങ്ങളിൽ ഭൂരിഭാഗവും തൻെറ മതഘടനയ്ക്കു സ്വീകരിച്ചു എന്നാണ് ആ അഭിപ്രായം. 'ബൃഹദാരണ്യകോപനിഷ'ത്തിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു:—"പൂവകാലങ്ങളിലെ ജ്ഞാനികൾ, പുത്രാഭിലാഷികളല്ല; 'ആത്മാവിനെ ഗൃഹമായി സ്വീകരിച്ച ഞങ്ങൾക്ക് സന്തതികൊണ്ടെന്തുഫലം?' എന്നുചോദിക്കുന്ന ആ ജ്ഞാനികൾ, പുത്രേഷണ, ധനേഷണ, ലോകേഷണ എന്നിവയെ അകററി ഭിക്ഷാംദേഹികളായി ജീവിച്ചുപോന്നു." ഇതിൽനിന്നുംപുരാതന കാലങ്ങളിൽ സന്യാസസമ്പ്രദായം പ്രബലമായിരുന്നുഎന്നൂഹിക്കാം. ഗൌതമബുദ്ധനും, അദ്ദേഹത്തിൻെറ കാലത്തിന് അല്പംമുമ്പു ജീവിച്ചിരുന്ന മഹാവീരനും, തങ്ങളുടെ മതത്തെ പ്രചരിപ്പിച്ചു വന്നകാലത്തു് അനേകമനേകം സിദ്ധാന്തങ്ങളോടുകൂടിയ പല സന്യാസിവർഗ്ഗങ്ങൾ ആര്യാവത്തത്തിൽ അവിടവിടെ വത്തിച്ചിരുന്നു എന്ന് പാലിഭാഷയിലുള്ള ബൌദ്ധഗ്രന്ഥങ്ങളിൽ കാണുന്നു. അപ്രകാരമുള്ള സന്യാസികളെ കൂട്ടം കൂട്ടമായി ബുദ്ധൻ ശിഷ്യന്മാരാക്കി തൻെറ സംഘത്തെ അഭിവൃദ്ധമാക്കിയെന്നും ബൌദ്ധപുസ്തകങ്ങൾ പ്രസ്താവിക്കുന്നു. ഗൃഹസ്ഥാശ്രമത്തിൽനിന്നും വാനപ്രസ്ഥാശ്രമത്തെ പ്രാപിച്ച് വനങ്ങളിൽ, ഗൃഹസ്ഥാശ്രമധമ്മങ്ങൾക്കു വിധേയരാകാതെ സ്വതന്ത്രന്മാരായി തത്വങ്ങളെ ആരാഞ്ഞുവന്ന മഹാത്മാരുടെ ജ്ഞാനത്തിനു വിഷയീഭവിച്ച പരമാത്ഥങ്ങളാണ്, വേദത്തിലെആരണ്യകഭാഗത്തിലുള്ള ഉപനിഷത്തുകളിൽ അടങ്ങിയിരിക്കുന്നതു്. ഇങ്ങനെതത്വങ്ങളെ ആരാഞ്ഞുകൊണ്ടിരുന്ന കാലത്തു് അനേകംപേർ അനേകം പ്രകാരത്തിലുള്ള മതങ്ങളെ സ്വീകരിച്ചുവന്നുഎന്നുപലരും അഭിപ്രായപ്പെടുന്നു.

ഓൾഡൻബെക്ക് എന്ന പണ്ഡിതൻ, ബുദ്ധനെ അധികരിച്ച് എഴുതിയ ഗ്രന്ഥത്തിൽ പുരാതനകാലത്തെ സ്ഥിതിഗതികളെപ്പററി ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു:—"ശിഥിലമായ സാധനങ്ങളെക്കൊണ്ട്, അക്കാലത്തിൽ മതത്തിനു പിറകേ മതങ്ങളെ സൃഷ്ടിച്ചുവിട്ടുകൊണ്ടിരുന്നു. അതിനെപ്പററി അല്പം ചില സംഗതികൾ നമ്മുടെ അറിവിൽ പെടുന്നതല്ലാതെ, കൂടുതലായിട്ടൊന്നും അറിവാൻ നിവൃത്തിയില്ല. ലോകം നിത്യമോ, അനിത്യമോ? ആത്മാവു ശാശ്വതമോ, അശാശ്വതമോ? ഒരു പ്രകാരത്തിൽ ശാശ്വതവും മററൊരു പ്രകാരത്തിൽ ശാശ്വതരഹിതവുമായ തത്വത്തെ സമ്മതിക്കാൻ ധൈര്യപ്പെടുന്നതെങ്ങനെ? ലോകം പരിമാണമുള്ളതോ, ഇല്ലാത്തതോ? അതോ, ഒരേസമയത്ത് പരിമാണമുള്ളതും ഇല്ലാത്തതുമായിട്ടുള്ളതോ? അല്ലെങ്കിൽ പരിമാണമുള്ളതും ഇല്ലാത്തതുമായിട്ടുള്ളതല്ലാത്തതോ? എന്നിങ്ങനെ പലേ അന്വേഷണങ്ങൾ അക്കാലത്തു നടന്നുകൊണ്ടിരുന്നു. അതിന്റെ ഫലമായി, തക്കശാസ്ത്രത്തെ ആശ്രയിച്ച് 'തോന്നുന്നതെല്ലാം യഥാർത്ഥം' എന്നും 'തോന്നുന്നതെല്ലാം അയഥാർത്ഥം' എന്നും മൂല്യപ്രജ്ഞകളോടുകൂടിയ രണ്ടു സിദ്ധാന്തങ്ങൾ അങ്കുരിച്ചു. ഇവിടെ 'തോന്നുന്നതെല്ലാം യഥാർത്ഥമല്ല' എന്നഭിപ്രായപ്പെടുന്ന താർക്കികനെ നോക്കി, "എല്ലാം യഥാർത്ഥമല്ലെന്നുള്ള അഭിപ്രായം നിന്റെ സിദ്ധാന്തത്തെയും സംബന്ധിക്കുന്നതാണോ? അങ്ങനെ വരുമ്പോൾ നിന്റെ സിദ്ധാന്തവും അയഥാർത്ഥമാണോ?" എന്നു ചോദിച്ചേയ്ക്കാം. അന്യമായ ലോകം ഒന്നുണ്ടെന്നും മരണത്തിനുശേഷം സ്ഥിതിത്വമുണ്ടെന്നും മനുഷ്യന്റെ സങ്കല്പങ്ങൾക്കു നിർബന്ധമൊന്നുമില്ലെന്നും സുകൃതദുഷ്കൃതങ്ങൾക്കു തദനുസാരമായ ഫലം സിദ്ധിക്കുമെന്നും അക്കാലത്ത് ജനങ്ങൾ വാദം ചെയ്തിരുന്നു. 'കുമാർഗ്ഗങ്ങളെ ഉപദേശിച്ചു വന്നവരിൽ ഏററവും നികൃഷ്ടൻ എന്നു ഗൌതമബുദ്ധനാൽ വിശ്വസിക്കപ്പെട്ട 'മഖലിഗോസാലൻ' (?) തോദനാശക്തികൊണ്ടുള്ള സങ്കല്പത്തിനു സ്വാതന്ത്ര്യമില്ലെന്ന്

അഭിപ്രായപ്പെട്ടതായി അറിയുന്നു. മനുഷ്യനു ശക്തിയില്ല; സാമൎത്ഥ്യമില്ല; അധികാരമില്ല; എല്ലാവസ്തുക്കൾക്കും ജീവനുള്ള ഓരോ ജന്തുവിനും ശക്തിയോ സാമൎത്ഥ്യമോ ഇല്ല; വിധിയാലും സ്വാതന്ത്ര്യത്താലും ഓരോന്നും അതതിന്റെ ഗതിയേ പ്രാപിക്കാൻ നയിക്കപ്പെടുന്നു. ജ്ഞാനിയും അജ്ഞാനിയും അവസാനം തുല്യനിലയിൽ ദുഃഖത്തെ അനുഭവിച്ച് ഒഴിയുന്നു. ലോകത്തിലുള്ള വസ്തുക്കളെല്ലാം ശരിക്ക് ദൈവികനിയന്ത്രണത്തിന് ഉൾപ്പെട്ടിരിക്കുന്നു എന്നുള്ള തത്വത്തെപ്പോലും നിഷേധിച്ചുവന്നു. പൂരാണകാശ്യപൻ എന്ന ദേഹം "ഒരുവൻ ഗംഗയുടെ തെക്കേക്കരയെ ആക്രമിച്ച് സ്വസൈന്യങ്ങളാൽ കൊല ചെയ്തും ചെയ്യിച്ചും ലോകത്തെ പാഴാക്കിയും പാഴാക്കിച്ചും തീകൊളുത്തിയും കൊളുത്തിച്ചും താൻ ചെയ്ത കുററം ഒരു കുററമായി കരുതപ്പെട്ടുകയുണ്ടായില്ല; കുററത്തിനു ശിക്ഷയാതൊന്നും മുണ്ടായില്ല. മറെറാരുത്തൻ ഗംഗയുടെ വടക്കേക്കരെയിലിരുന്ന് ദാനധർമ്മങ്ങൾ നടത്തുകയും നടത്തിക്കുകയും യാഗം ചെയ്യുകയും ചെയ്യിക്കുകയും ഉണ്ടായിട്ടും, അവൻ സൽകർമ്മങ്ങൾ ഒന്നും ചെയ്തവനായില്ല. സുകൃതത്തിനു സൽഫലം യാതൊന്നുമില്ല എന്ന് ഉപദേശിച്ചവനായും 'ജ്ഞാനിയും അജ്ഞാനിയും ശരീരം വീണ ഉടനേ നാശത്തെ പ്രാപിച്ച് ശൂന്യമായി ഭവിക്കുന്നു; മരിച്ചതിനുശേഷം അവരില്ല' എന്ന് അഭിപ്രായപ്പെട്ടതുമായ ആദർശങ്ങൾ അക്കാലത്തു നടപ്പിലിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു.

ഇങ്ങനെ പലേതരക്കാരായ സിദ്ധാന്തികൾ പലേ മാർഗ്ഗങ്ങളിൽ ബുദ്ധിയെ നടത്തി തത്വത്തെ കണ്ടുപിടിച്ച്, യഥാർത്ഥമായ ധർമ്മത്തെ ഉപദേശിച്ചുകൊടുക്കണമെന്നുള്ള ആശയോടുകൂടി ലൌകികജീവിതത്തെ വെടിഞ്ഞ് സംഘംചേൎന്ന് ധർമ്മവിചാരം നടത്തിവന്ന കാലത്തിൽ ഉണ്ടായ ബുദ്ധമതം തന്റെ ഒരംഗമായി സംഘത്തെ രൂപവൽകരിച്ചതു് ഒരു പ്രകാരത്തിലും, നവീനമാണെന്നോ, വിസ്മയനീയമാണെന്നോ അഭിപ്രായപ്പെടാൻ പാടില്ല.

"ഹാർമൺ ജാക്കബി" എന്ന പാശ്ചാത്യപണ്ഡിതൻ, ജൈനസൂത്രങ്ങളെ പുരസ്കരിച്ചു ലേഖനം ചെയ്യുമ്പോൾ ജൈനമതത്തിന്റെ ഉത്ഭവം, ബുദ്ധമതത്തിനു മുമ്പോ പിമ്പോ എന്നുള്ള വിഷയത്തെപ്പററി ചർച്ചചെയ്തതിന്റെ ഫലമായി ജൈനമതവും ബുദ്ധമതവും പ്രധാനമായി ബ്രാഹ്മണസന്ന്യാസികളിൽനിന്നും ഉണ്ടായിട്ടുള്ളതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ അഭിപ്രായത്തെ സ്ഥാപിക്കാൻ, ജൈനസമ്പ്രദായത്തിലും, ബുദ്ധസമ്പ്രദായത്തിലും, ബ്രാഹ്മണരുടെ സ്മൃതിസമ്പ്രദായത്തിലും ഉള്ള സന്ന്യാസധർമ്മങ്ങളെ അദ്ദേഹം താരതമ്യവിവേചനം ചെയ്യുന്നു. ബൌദ്ധസന്ന്യാസികളുടെ ദശശീലങ്ങൾ, ബൌദ്ധധർമ്മം എന്ന പ്രകരണത്തിൽ വിശദീകരിച്ചിട്ടുണ്ടല്ലോ. അഹിംസാദി അഞ്ചുശീലങ്ങൾ ബൌദ്ധന്മാരിൽ ഉപാസകന്മാർ എല്ലാവരും അനുഷ്ഠിക്കേണ്ടതാണെന്നു വെളിപ്പെടുത്തിയിട്ടുമുണ്ട്. ഇവ അഞ്ചിനും, ജൈനസന്ന്യാസികളുടെ അഞ്ചുശീലങ്ങൾക്കും വളരെ ഐകരൂപ്യം കാണുന്നുണ്ട്. ജൈനന്മാരുടെ ശീലങ്ങൾ, അഹിംസ, സൂനൃതം, അസ്തേയം, ബ്രഹ്മചര്യം, അപ്രതിഗ്രഹം എന്നിവയാകുന്നു. ബ്രാഹ്മണസന്ന്യാസിമാരുടെ മുഖ്യമായ പഞ്ചപ്രതിജ്ഞകൾ (വ്രതങ്ങൾ), അഹിംസ, സൂനൃതം, അപരിഗ്രഹം, ബ്രഹ്മചര്യം, ഔദാര്യം എന്നിവയാണെന്ന് ബോധായനധർമ്മസൂത്രത്തിൽ കാണുന്നു. ബ്രാഹ്മണസന്ന്യാസികൾക്ക് വേറെയും അഞ്ചുവ്രതങ്ങളുണ്ട്. അവ, അക്രോധത, ഗുരുഭക്തി, അസമീക്ഷ്യകാരിത്വം, വിശുദ്ധി, ആഹാരശുദ്ധി എന്നിവയാകുന്നു. മാക്സ്മുള്ളർ, ബുക്കർ, കാറൺതുടങ്ങിയുള്ള പലേ പാശ്ചാത്യപണ്ഡിതന്മാർ, ജൈനസന്ന്യാസികളും ബൌദ്ധസന്ന്യാസികളും ബ്രാഹ്മണസന്ന്യാസികളുടെ മാർഗ്ഗത്തെ അനുകരിച്ചു തങ്ങളുടെ നിയമങ്ങളെ രൂപവൽകരിച്ചു സ്വീകരിച്ചു എന്ന് അഭിപ്രായപ്പെടുന്നു. ബ്രാഹ്മണരുടെ സന്ന്യാസനിയമങ്ങൾ, അവരുടെ ആശ്രമവിഭാഗങ്ങളുടെ ആവിർഭാവകാലത്തുതന്നെ ഉണ്ടായതായിരിക്കണം. ബൌദ്ധസന്ന്യാസികളും

ജൈനസന്ന്യാസികളും തങ്ങളുടെ മതങ്ങളുടെ ആവിൎഭാവത്തിൻെറ ആരംഭകാലത്തു്, അദ്ധ്യാവത്തത്തിൽ ശിഥിലസംഘങ്ങളായി വൎത്തിച്ചിരുന്നു എന്നു് അവരുടെ മതഗ്രന്ഥങ്ങൾ കൊണ്ടു വെളിപ്പെടുന്നു. അക്കാലത്തു്, ബ്രാഹ്മണസമ്പ്രദായത്തെ അനുസരിച്ച സന്ന്യാസികൾ എല്ലാസ്ഥലത്തും ധാരാളമായിട്ടുണ്ടായിരുന്നു. മാത്രമല്ല, ബ്രാഹ്മണൎക്കായിട്ടുള്ള ആശ്രമധൎമ്മങ്ങളെ ഇക്കാലത്തു ഗൌതമധൎമ്മസൂത്രങ്ങളെന്നു വ്യവഹരിച്ചുവരുന്ന സൂത്രങ്ങളെക്കൊണ്ടു വെളിപ്പെടുത്തിയ ഗൌതമമുനി, ഗൌതമബുദ്ധൻെറ കാലത്തിനുമുമ്പുതന്നേ ജീവിച്ചിരുന്നു എന്നുള്ളതിനു വിശ്വാസയോഗ്യങ്ങളായ ലക്ഷ്യങ്ങളുണ്ടെന്നു പാശ്ചാത്യവിദ്വാന്മാർ ബലമായി അഭിപ്രായപ്പെടുന്നു. ബ്രാഹ്മണസന്ന്യാസിമാരുടെ നിയമങ്ങളിൽ ചിലതിനെപ്പററി ചിന്തിക്കാം. അവർ, ധനധാന്യാദികൾ യാതൊന്നും ശേഖരിച്ചുവയ്ക്കാൻ പാടില്ല, പഞ്ചേന്ദ്രിയങ്ങളെ ജയിച്ചവരായിരിക്കണം; മഴക്കാലങ്ങളിൽ സ്ഥലംവിട്ടു സഞ്ചരിക്കാൻ പാടില്ല; അന്നഭിക്ഷയ്ക്കായിമാത്രം ഗ്രാമങ്ങളിൽ പ്രവേശിക്കാം; എല്ലാവരും ഭക്ഷണത്തിനു സമയമായതിനുശേഷം, യാചിച്ച സ്ഥലത്തു വീണ്ടും യാചിക്കാതെ, ഭിക്ഷ വാങ്ങിക്കൊള്ളണം; സ്വാദിഷ്ടമായ ഭക്ഷണത്തിൽ ആഗ്രഹം ഉണ്ടായിക്കൂടാ; വായിൻെറയും കണ്ണിൻെറയും പ്രവൃത്തികളെ ഒതുക്കണം; നഗ്നതമറയ്ക്കാനായിമാത്രം വസ്ത്രം ധരിക്കണം; ഒരു ഗ്രാമത്തിൽ ഒരു രാത്രിയിൽ കൂടുതൽ താമസിക്കാൻ പാടില്ല; തനിക്കു നന്മയെച്ചെയ്താലും തിന്മയെച്ചെയ്താലും എല്ലാപ്രാണികളെ സ്സംബന്ധിച്ചും സമചിത്തന്മാരായിരിക്കണം; കുടുമവയ്ക്കുകയോ മുണ്ഡനം ചെയ്യുകയോ ആവാം; സ്വപ്രയോജനത്തെ ഉദ്ദേശിച്ചു (അതിൻെറ ഫലം ആശാസ്യമായാലും ശരി, അനാശാസ്യമായാലും ശരി) യാതൊന്നും ചെയ്യാൻ പാടില്ല. ദണ്ഡം, കമണ്ഡലു, ഭിക്ഷാപാത്രം, വെള്ളം നിറയ്ക്കാനുള്ള സഞ്ചി, കിണററിൽനിന്നും വെള്ളംകോരാനുള്ള കയറ് ഇത്രമാത്രമാണു് സന്ന്യാസികളുടെ കൈവശം ഉണ്ടായിരിക്കേണ്ട സാ

ധനങ്ങൾ. ഈ നിയമങ്ങളെല്ലാം ജൈനന്മാരും ബുദ്ധന്മാരും സ്വീകരിച്ചിട്ടുള്ളവയാണു്. സന്ന്യാസത്തിന്റെ ആരംഭത്തിലുള്ള ലക്ഷണം, അടക്കവും ആശാരാഹിത്യവുമാണെന്നു് എല്ലാമതക്കാരും സമ്മതിച്ചിരിക്കുന്നു. ധമ്മപദമെന്ന ബൌദ്ധഗ്രന്ഥം ഉത്തമഭിക്ഷുവിന്റെ ലക്ഷണം, അവന്റെ വേഷത്തിലും വസ്ത്രധാരണത്തിലുമല്ല, വൈരാഗ്യത്തിലും ശാന്തിയിലും ശുദ്ധിയിലുമാണു് അടങ്ങിയിരിക്കുന്നതെന്നു് അഭിപ്രായപ്പെടുന്നു. അതിൽ ഇപ്രകാരം പ്രസ്താവിച്ചു കാണുന്നു:—

“വാക്കുകളെ ക്രമവൽകരിച്ചു് സുവ്യക്തമായ ഭാഷയിൽ ധർമ്മാധർമ്മങ്ങളെ വെളുപ്പെടുത്തിക്കൊണ്ടു ഏതൊരുവൻ ജീവിതത്തെ നയിക്കുന്നുവോ, അവന്റെ ഉപദേശം കണ്ണപീയൂഷമായിരിക്കും. പ്രേമത്തെ ജീവനായും ബൌദ്ധധർമ്മത്തെ ആനന്ദമായും സ്വീകരിച്ചിരിക്കുന്ന ഭിക്ഷു, ശാന്തിപദത്തിൽ എത്തി സംസ്കാരങ്ങളെയെല്ലാം നശിപ്പിക്കുന്ന നിർവാണാനന്ദത്തെ പ്രാപിക്കുന്നു. സ്കന്ധങ്ങളുടെ ഉത്ഭവത്തെയും നാശത്തെയും മനസ്സിലാക്കുന്ന മാത്രയിൽ ജ്ഞാനികൾ, അമൃതോപമമായ നിർവാണമെന്ന ആനന്ദത്തെ അനുഭവിക്കുന്നു. കരുണതന്നെ അവന്റെ ജീവനോപായമായിരിക്കാൻ യോഗ്യമായിട്ടുള്ളതു്; വിശുദ്ധിമാർഗ്ഗമത്രേ അവന്നു സഞ്ചാരയോഗ്യമായിട്ടുള്ളതു്. ഇതിനെ അനുസരിക്കുന്നവൻ പരിപൂർണ്ണാനന്ദത്തെ സമ്പാദിച്ചു് ദുഃഖത്തെ നശിപ്പിക്കുന്നതാണു്. ലതകൾ വാടിയ പുഷ്പത്തെ തങ്ങളിൽ നിന്നും വേർപെടുത്തുന്നതുപോലെ ഭിക്ഷുക്കളേ! കാമത്തെയും ദുർവിചാരങ്ങളെയും നിശ്ശേഷം കൈവിടുവിൻ! നല്ല ഉണർവോടുകൂടി, ബുദ്ധനാൽ ഉപദേശിക്കപ്പെട്ട ധർമ്മത്തെഗ്രഹിച്ചവൻ, എപ്പോഴും അതിനെത്തന്നെ ആരായുവാൻ നിർബദ്ധനാണു്. ബ്രാഹ്മണനെ ഹിംസിച്ചുകൂടാ; തന്നെ ഹിംസിക്കുന്നവനെയും ഹിംസിക്കാൻ പാടില്ല. ബ്രാഹ്മണനെ ഉപദ്രവിക്കുന്നവന്നു് ദോഷം സംഭവിക്കും; തന്നെ ഉപദ്രവിച്ചവനെ ഉപദ്രവിക്കുന്നവന്നു് അതിനേക്കാൾകൂടുതൽ ദോഷം സംഭവിക്കും. തലമുടിയെ

ജടപിടിപ്പിച്ചു വച്ചതുകൊണ്ടു് എന്താണുഫലം? തുകൽ ഉടുക്കുന്നതുകൊണ്ടെന്താണുഫലം? നിന്റെ ദുരാശകൾ നിന്റെ ഹൃദയത്തിൽ തിങ്ങിക്കൂടി നിൽക്കുന്നു. നീയാകട്ടെ പുറമേയെല്ലാം ശുദ്ധമാക്കിക്കൊള്ളുന്നു." ഇപ്രകാരം സന്ന്യാസികൾക്കു് അന്തശ്ശുദ്ധിതന്നെ സർവ്വപ്രധാനമെന്നു സാധിക്കാൻ ആ ഗ്രന്ഥം ഇനിയും വളരെ വളരെ പ്രസംഗിക്കുന്നു. ഭിക്ഷുക്കൾക്കായി ചില നിയമങ്ങൾ ബുദ്ധൻ ഏൎപ്പെടുത്തിയിട്ടുണ്ടെന്നു് 'ധാർമ്മികസൂത്രം' എന്ന ഗ്രന്ഥത്തിൽ കാണുന്നതിനെ ഇവിടെ ഉദ്ധരിക്കുന്നു:—"ഭിക്ഷുക്കളേ! പാപത്തെ നശിപ്പിക്കുന്ന ധർമ്മത്തെ ഞാൻ നിങ്ങൾക്കു് ഉപദേശിക്കുന്നു; അതിനെ ഹൃദയത്തിൽ സൂക്ഷിച്ചു വയ്ക്കുവിൻ! നന്മയെ ആശിക്കുന്നവനായ ഒരു ജ്ഞാനി സംഘത്തിന്നു വിധിച്ചിട്ടുള്ള ക്രിയാപഥത്തിൽനിന്നും വ്യതിചലിക്കാൻ പാടില്ല. പകൽ അയഥാകാലം ഗ്രാമങ്ങളിൽ ഭിക്ഷയ്ക്കുപോകാൻ പാടില്ല. രാത്രിയിലും പോകുവാൻ പാടില്ല. അകാലത്തിൽ ഭിക്ഷയ്ക്കുപോകുന്നതു് അപൽക്കരമാണെന്നു് അറിവുള്ള വിവേകികൾ അങ്ങനെ ചെയ്യുന്നതല്ല. പഞ്ചേന്ദ്രിയങ്ങൾ ജീവരാശികൾക്കു മയക്കത്തെ ഉണ്ടാക്കുന്നു. ആ ഇന്ദ്രിയങ്ങളെ സംബന്ധിക്കുന്ന ആശകളെ ഒഴിക്കുവിൻ! ഭിക്ഷു തന്റെ മദ്ധ്യാഹ്നഭോജനത്തെ യഥാസമയം നിർവ്വഹിക്കണം. അതിനുശേഷം മടങ്ങിവന്നു് ഏകാന്തത്തിലിരുന്നു്, ധ്യാനം നടത്തണം. അവൻ തന്റെ മനസ്സിനെ ശിഥിലമാക്കാൻ പാടില്ല; അതിനെ നല്ലവണ്ണം അടക്കിവച്ചിരിക്കണം. അവൻ ഉപാസകന്മാരോടാകട്ടെ ബൗദ്ധഭിക്ഷുക്കളോടാകട്ടെ, സംസാരിക്കുമ്പോൾ, വിഷയം ബൗദ്ധധർമ്മത്തിന്റെ മാഹാത്മ്യമായിരിക്കണം. അന്യരെപ്പറ്റി ഉദാഹരണമായിട്ടോ അപ്രകൃതമായിട്ടോ യാതൊന്നും പറഞ്ഞുകൂടാ. ചില ഭിക്ഷുക്കൾ വാദം നടത്തുന്നതിനുള്ള സാമർത്ഥ്യത്തെ സമ്പാദിക്കാൻ പണിപ്പെടുന്നു. അവരുടെ ഹൃദയം സങ്കുചിതമാണു്. അവരെ ഞാൻ അഭിനന്ദിക്കുന്നില്ല. ഈ മനഃസ്ഥിതിയോടുകൂടിയവൎക്കു പലപ്രകാരത്തിൽ നി

ഷിദ്ധബന്ധങ്ങൾ സംഭവിക്കുന്നു. അവർ വാദത്തിൽ പ്രവത്തിക്കുമ്പോൾ അവരുടെ മനസ്സ നാനാമാർഗ്ഗങ്ങളിൽ വിദൂരസഞ്ചാരം ചെയ്യുന്നു. ബൌദ്ധഭിക്ഷുവായ ഒരുവൻ ഭക്ഷണം, ശയ്യ, ആസനം, ശരീരവസ്തുങ്ങളുടെ ശുദ്ധതയ്ക്കുവേണ്ടജലം, ഇവയെ സമ്പാദിക്കുന്നതിൽ ബുദ്ധൻെറ വിധികളെ ലംഘിക്കാൻ പാടില്ല. താമരയിലെ ജലംപോലെ ബന്ധമില്ലാതെ നിൽക്കണം."

ബുദ്ധൻ ജീവിച്ചിരുന്നകാലത്തു്, അദ്ദേഹത്തെ ആശ്രയിച്ച ശിഷ്യന്മാരത്രേ സംഘത്തിൻെറ ഉത്ഭവത്തിനു ഹേതുഭൂതന്മാർ എന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടു്. ബുദ്ധനും അദ്ദേഹത്തിൻെറ ശിഷ്യന്മാക്കും ഉണ്ടായിരുന്ന സംബന്ധം, ഇന്നാട്ടിൽ ആര്യന്മാരുടെയിടയിൽ നടപ്പിലിരുന്ന പ്രസിദ്ധമായ ഗുരുശിഷ്യസംബന്ധത്തിനു തുല്യമാണ്. അദ്യം ശിഷ്യന്മാരെ ലഭിക്കുമ്പോൾ, "ഭിക്ഷോ! ഇവിടെവരിക! ധമ്മത്തെ ഉപദേശിക്കാം. ബ്രഹ്മചര്യത്തെ അനുഷ്ഠിച്ചുകൊണ്ടു ദുഃഖത്തെ ഒഴിക്കുക!" എന്നു ഉപദേശിച്ചതായി അറിയുന്നു. ഇതിൽനിന്നും, ഹിന്തുമതക്കാരുടെ ധമ്മശാസ്ത്രങ്ങളിലുള്ളതുപോലെ ബൌദ്ധന്മാരും നാലു് ആശ്രമങ്ങളെ സ്വീകരിച്ചുവന്നതായി ഊഹിക്കാൻപോലും നിവൃത്തിയില്ല. ഗൃഹസ്ഥാശ്രമത്തിൽനിന്നു ബ്രഹ്മചര്യാശ്രമത്തിലേക്കും ബ്രഹ്മചര്യാശ്രമത്തിൽനിന്നു വാനപ്രസ്ഥാശ്രമത്തിലേക്കും അതിൽനിന്നു സന്ന്യാസത്തിലേക്കും അനുക്രമമായി മാറുന്ന സമ്പ്രദായം ബൌദ്ധന്മാരാൽ ഭഞ്ജിക്കപ്പെട്ടു എന്നു ചിലർ അഭിപ്രായപ്പെടുന്നു. അതുകൊണ്ടും എല്ലാജാതിക്കാക്കും സന്ന്യാസത്തെ സ്വീകരിക്കാൻ യോഗ്യതയുണ്ടെന്നു വിശ്വസിച്ചു് അപ്രകാരം പ്രവത്തിച്ചുവന്നതുകൊണ്ടും സ്മൃതിസമ്പ്രദായത്തെ അനുഷ്ഠിക്കുന്ന വൈദികമതാവലംബികൾക്കും ബൌദ്ധന്മാക്കും പരസ്പരാനുകൂല്യം ക്ഷയിച്ചുവന്നു എന്നും പറയുന്നു. മേല്പറഞ്ഞ വാക്യത്തിലെ ബ്രഹ്മചര്യശബ്ദത്തിനു്, കാമത്തിൽനിന്നും ഒഴിഞ്ഞു് ആഹാരാദിനിയമങ്ങൾക്കു് ഉൾപ്പെടുക എന്നത്ഥമാ

ണ്ടെന്നു ഗ്രഹിച്ചുകൊള്ളണം. ആരംഭകാലത്തിൽ, ഇഷ്ടമുള്ള
വക്കെല്ലാം സംഘത്തിൽ ചേരാമെന്നു വിധിയുണ്ടായിരുന്നു.
കാലാന്തരത്തിൽ ചില വിധികൾ കൂടി ഏല്പെട്ടു. സംഘ
ത്തിൽ ചേരണമെന്നു് ആഗ്രഹിക്കുന്നവൻ, തനിക്കു് സാംക്ര
മികരോഗങ്ങളില്ലെന്നും, ക്ഷയരോഗമില്ലെന്നും, സന്നിരോഗ
മില്ലെന്നും, താൻ ഒരുവന്റെയും അടിമയല്ലെന്നും തനിക്കു
കടമില്ലെന്നും താൻ സൈന്യഭടനല്ലെന്നും താൻ സ
ന്യസിക്കുന്ന വിഷയത്തിൽ തന്റെ മാതാപിതാക്കന്മാക്കു് അ
നുകൂല്യമുണ്ടെന്നും തെളിയിക്കണം; ഇവയാണു് പിന്നിട്ടുണ്ടാ
യവിധികൾ. ആദ്യകാലങ്ങളിൽ, ഒരുവൻ മുണ്ഡനം ചെയ്തു
കാഷായവസ്ത്രം ധരിച്ചു് ഏകാന്തവാസം ചെയ്താൽ അവനു ഭി
ക്ഷുത്വം ലഭിച്ചതായി കരുതിപ്പോന്നു. പിന്നീടാണു് സംഘ
പ്രവേശത്തിനു വേണ്ട നിയമങ്ങൾ ഏൎപ്പെടുത്തപ്പെട്ടതു്. സം
ഘത്തിൽ പ്രവേശിക്കാൻ രണ്ടുമാൎഗ്ഗങ്ങളുണ്ടു്; ഒന്നു്—ഇരുപ
തുവയസ്സിൽ കുറയാത്ത പ്രായമുള്ളവർ നേരേ സന്യസിച്ചു്
സംഘത്തിൽ ചേരാം. രണ്ടു്—എട്ടുമുതൽ ഇരുപതുവരെ
വയസ്സു പ്രായമുള്ളവർ, പിൽകാലത്തിൽ സന്യസിക്കുന്നതിനു
വേണ്ട സാധനങ്ങളെ സമ്പാദിക്കാൻ ശ്രമിച്ചുകൊണ്ടു് സം
ഘത്തിൽചേന്നു പ്രവത്തിക്കാം. സന്യസിപ്പിക്കുന്ന രീതിക്കു
രണ്ടു പടികളുണ്ടു്. അതിൽതാണ (ആദ്യത്തെ) പടിക്കു പ്രവ്ര
ജ്യ എന്നും ഉയൎന്ന (രണ്ടാമത്തെ) പടിക്കു് ഉപസമ്പദമെന്നും
പേരാണു്. പ്രവ്രജ്യ എന്നതു് പഴയപടിയിൽനിന്നും ഒഴിയു
ക. ഉപസമ്പദയെന്നതു് ഭിക്ഷുക്കളുടെ നിഷ്ഠയെ സ്വീകരി
ച്ചു് സംഘങ്ങളിൽ ഒരുവനായി സംഘത്തിൽ ചേരുക. പ്രവ്ര
ജ്യയെ സ്വീകരിച്ചു് ഉപസമ്പദയെ പ്രാപിക്കാത്ത സന്യാസി
പുറമേയുള്ളവക്കു് സംഘാംഗമായിക്കാണപ്പെട്ടാലും സംഘ
ത്തിൽ അവന്റെ സ്ഥാനം താഴ്ന്നപടിയാണു്. ചിലക്കു
പ്രവ്രജ്യാസംസ്കാരവും ഉപസമ്പദാസംസ്കാരവും ഏകസമയ
ത്തു നടത്തുന്നതാണു്. എന്നാൽ സാധാരണയായി പ്രവ്രജ്യാ
സംസ്കാരം നടത്തി ചിലകാലം കഴിഞ്ഞിട്ടാണു് ഉപസമ്പദാ

സംസ്കാരം നടത്തുന്നതു്. പ്രവ്രജ്യയെ സ്വീകരിക്കണമെന്നുള്ളവൻ, നേരിട്ടു സംഘത്തിൽ ഹാജരായോ സമ്മതനായ ഒരു ബൌദ്ധസന്യാസിയെ സന്ദർശിച്ചോ തൻെറ ഉദ്ദേശ്യത്തെ സാധിച്ചുകൊള്ളാം. അവന്നു് അതിലേക്കു് വലിയ സജ്ജീകരണമൊന്നും അവശ്യമില്ല; കാഷായവസ്ത്രംധരിച്ചു തലയും മുഖവും ക്ഷൌരകർമ്മംനടത്തി, പ്രവ്രജ്യയെ നൽകുന്ന സന്യാസിയുടെ സന്നിധിയിൽ വണക്കത്തോടും, ഭക്തിയോടുംകൂടി, 'ബുദ്ധം ശരണംഗച്ഛാമി, ധമ്മം ശരണംഗച്ഛാമി, സംഘം ശരണംഗച്ഛാമി" എന്നു മൂന്നുപ്രാവശ്യംഉച്ചരിക്കണം. തദനന്തരം ബൌദ്ധസന്യാസികളുടെ ദശശീലങ്ങളെ താൻ അനുഷ്ഠിച്ചുവരുന്നതാണെന്നു സമ്മതിക്കണം. പിന്നീടു് ഉപസമ്പദയെ സ്വീകരിക്കുമ്പോൾ, അവൻ സംഘത്തിൻെറ മുമ്പിൽചെന്നു നമസ്കരിച്ചു ശിരസ്സിനുമുകളിൽകൂപ്പുകൈയോടുകൂടി ഇപ്രകാരം പറയണം:—"പൂജ്യന്മാരേ! എനിക്കു സന്യാസം നൽകണമെന്നു ഞാൻ സംഘത്തോടുപ്രാർത്ഥിക്കുന്നു. എന്നെയും സംഘാംഗങ്ങളിൽ ഒരുവനായി സ്വീകരിക്കണമെന്നു് അഭ്യർത്ഥിക്കുന്നു. സംഘത്തിനു എന്നിൽ ദയതോന്നണമെന്നു് അപേക്ഷിക്കുന്നു. പൂജ്യന്മാരെ! നിങ്ങൾ എനിക്കു സന്യാസം നൽകണമെന്നു രണ്ടുപ്രാവശ്യമല്ല, മൂന്നുപ്രാവശ്യം അർത്ഥിക്കുന്നു. സംഘം എന്നെ അഭിവൃദ്ധിപ്പെടുത്തി നിങ്ങളിൽ ഒരുവനാക്കിച്ചെയ്യണം. എന്നിൽകരുണയുണ്ടാകണം."
ഇതിനുശേഷം, ചില ചോദ്യങ്ങളാൽ അവൻ സംഘത്തിൽ ചേരാൻ യോഗ്യനാണെന്നു സംഘം തീർച്ചപ്പെടുത്തും. അചോദ്യങ്ങളാവിതു്:—അവനെ അഭിസംബോധനംചെയ്തുകൊണ്ടു "ഞാൻ പറയുന്നതു ശ്രദ്ധിച്ചുകേൾക്കുന്നുണ്ടോ? സത്യമായും വഞ്ചനയില്ലാതെയും നീ സംസാരിക്കേണ്ടതായ സന്ദർഭമിതാണു്. നിൻെറ സ്ഥിതിഗതികളെപ്പററിയാണു് ഞാൻ ചോദിക്കാൻപോകുന്നതു്. നീ പരമാർത്ഥംപറയണം. നിനക്കു് മഹാവ്യാധിയോ, കണ്ഠമാലയോ, കുഷ്ഠമോ, ക്ഷയമോ, സന്നിരോഗമോ ഉണ്ടോ? നീ ഒരു സത്യവാനാണെന്നു നടിക്കുകയല്ല

ല്ലോ? നീ പുരുഷനാണോ? നീ ആരുടെയെങ്കിലും അടിമയാണോ? നീ ആർക്കെങ്കിലും കടംകൊടുത്തു തീർക്കാനുണ്ടോ? നീ രാജസേവകനാണോ? സന്യസിക്കാൻ, മാതാപിതാക്കന്മാരുടെ സമ്മതത്തെ സമ്പാദിച്ചിട്ടുണ്ടോ? നിനക്ക് ഇരുപതുവയസ്സു പൂർത്തിയായിട്ടുണ്ടോ? നിനക്കവേണ്ട ഭിക്ഷാപാത്രവും കാഷായവസ്ത്രവുമുണ്ടോ? നിൻെറ പേരെന്തു്? നിൻെറ ഗുരുവിൻെറ പേരെന്തു്?" (സംഘാംഗങ്ങളിൽ പ്രധാനിയായ ഒരാളായിരിക്കും ഇപ്രകാരം ചോദിക്കുന്നതു്) ഈ പ്രകാരമുള്ള പ്രശ്നങ്ങൾക്ക് അനുകൂല്യമായ മറുപടികിട്ടിയതിനുശേഷം അവനെ പ്രവ്രജ്യാഭിക്ഷുവായി അംഗീകരിക്കുന്നു. അനന്തരം ഉപസമ്പദയെ പ്രാപിക്കുംമുമ്പ് സംഘാംഗങ്ങളിൽ ഒരു ഭിക്ഷുവിനെ ഗുരുവായിവരിച്ച് അദ്ദേഹത്തിൽനിന്നും ബൌദ്ധധർമ്മങ്ങളെയും ആചാരങ്ങളെയും അവൻ ഗ്രഹിക്കുന്നു. സംഘത്തിൽ അംഗമായി സ്വീകരിക്കപ്പെടുന്നസമയംമുതൽ അവൻെറ ജീവിതരീതിയിൽവലുതായമാററംസംഭവിക്കുന്നു. ഭിക്ഷാന്നംതന്നെ അവനു ഭക്ഷണം; അന്യന്മാർ ദൂരെക്കളയുന്ന പഴന്തുണികൾ തുന്നിച്ചേർത്ത വസ്ത്രമായിരിക്കും അവൻ ധരിക്കേണ്ടതു്; വനത്തിലെ വൃക്ഷങ്ങളുടെ ചുവടുകളാണു് അവൻെറ ശയ്യാതലം; ഗോമൂത്രംമാത്രമാണു് ഔഷധം. ഉപാസകന്മാർനല്ലമുണ്ടും ഭക്ഷണങ്ങളും മനോഹരമായ ശയനസ്ഥലവും നല്ലമരുന്നുംമററും ഉപയോഗിക്കാമെന്നുണ്ടെങ്കിലും ഭിക്ഷുവായി സ്വീകരിക്കപ്പെട്ടവൻ അവയെ സ്വീകരിക്കാൻ പാടില്ല. പിന്നീടു ബ്രഹ്മചര്യം, മോഷ്ടിക്കായ്ക, അഹിംസ എന്നിവകളിൽനിന്നും വ്യതിചലിക്കുകയോ യോഗസിദ്ധമായ ഋദ്ധിശക്തികൾ തനിക്കുണ്ടെന്നു് അസ്ഥാനത്താക്കുകയോ ചെയ്താൽ സംഘത്തിൽനിന്നും പിരിച്ചയയ്ക്കുമെന്നു് അറിയുന്നു. മുൻചൊന്നപ്രകാരം സംഘത്തിൽ ചേർക്കപ്പെട്ടവൻ എല്ലായ്പോഴും തൻെറ ഗുരുനാഥനോടു സഹവസിച്ച് ധർമ്മത്തെയും ശീലത്തെയും അദ്ദേഹത്തിൽനിന്നും ഗ്രഹിച്ച് പിതാവിനെ ആശ്രയിക്കുന്ന പുത്രനെപ്പോലെ കഴിയണം. ഇപ്രകാരം സന്യാസം സ്വീ

കരിച്ചവന്നു് അതിൻെറ നിയമങ്ങളെ നിർവ്വഹിക്കാൻ കഴിഞ്ഞില്ലെങ്കിൽ അവൻ ഗൃഹസ്ഥാശ്രമത്തിലേക്കു പിന്തിരിഞ്ഞുകൊള്ളാം.

ഭിക്ഷുക്കളുടെ ആഹാരനിയമങ്ങൾ:—ഉദയാനന്തരം, മദ്ധ്യാഹ്നത്തിനുമുമ്പ് അന്നമയമായ ഭക്ഷണം സ്വീകരിക്കാം. ഈ ആഹാരത്തെ വീടുകൾതോറും നടന്നു യാചിച്ചു സമ്പാദിക്കണം. ഭിക്ഷാപാത്രവുമേന്തി വീടുകളുടെ പടിക്കൽചെന്നു് മൌനമായിനില്ക്കണം; കൊടുത്താൽ വാങ്ങിക്കണം; കൊടുത്തില്ലെങ്കിൽ മിണ്ടാതെ മറെറാരുവീട്ടിൽ പൊയ്ക്കൊള്ളണം. ഇന്ന വീട്ടിൽ പോകണമെന്നു മുൻകൂട്ടി ഉദ്ദേശിച്ചുകൊണ്ടു യാചനയ്ക്കിറങ്ങാൻ പാടില്ല. തനിക്കു് ഒരുനേരത്തെ ഭക്ഷണം കിട്ടിക്കഴിഞ്ഞാൽ പിന്നീടു യാചന നടത്താനുംപാടില്ല. യാചനയിൽ കിട്ടിയ അന്നത്തെ, 'മരിക്കാതിരിക്കാൻ' വേണ്ടിമാത്രം ഭക്ഷിക്കണം. ധനികന്മാരായ ഉപാസകന്മാർ വലിയേ ക്ഷണിച്ചാൽ ചെന്നു ഭക്ഷണംകഴിക്കാം. അപ്രകാരം ക്ഷണിക്കപ്പെട്ടാലും ഒരുനേരം (അതും പകൽ) മാത്രമേ സ്വീകരിക്കാൻപാടുള്ളൂ. ഉപാസകന്മാർ പൌർണ്ണമിദിവസങ്ങളിൽ മാത്രമേ അധികവും ക്ഷണിക്കുകയുള്ളൂ. ഉപാസകന്മാരിൽ ആരെങ്കിലും ഭക്ഷണം, (ഭിക്ഷുവിൻെറ) വാസസ്ഥലത്തു കൊണ്ടുവന്നാലും ഭക്ഷിക്കാമെന്നുണ്ടു്. ചില ഭിക്ഷുക്കൾ ആഹാരവിഷയത്തിൽ ചില കഠിനനിയമങ്ങളെക്കൂടി അനുഷ്ഠിക്കാറുണ്ടു്; മാംസാഹാരത്തെയും യാചനയാലല്ലാതെ ലഭിക്കപ്പെടുന്ന ഭക്ഷണത്തെയും ഉപയോഗിക്കുകയില്ലെന്നും, ഭിക്ഷാപാത്രത്തിൽ കിട്ടുന്നതൊന്നും കളയുകയില്ലെന്നും മററും ചില നിർബന്ധങ്ങളെ പാലിച്ചുപോന്നു. നഗരത്തിലുള്ളവർ ഭക്ഷണംകഴിഞ്ഞു എന്നു് കഴിയുന്നടത്തോളം അന്വേഷിച്ചറിഞ്ഞതിനുശേഷമേ ഭിക്ഷയ്ക്കുപോകാൻ പാടുള്ളൂ; തനിക്കു ഭിക്ഷ നൽകിയതിനുശേഷം ഉപാസകന്മാർ പട്ടിണികിടക്കാൻ ഇടയാകത്തക്കവണ്ണം മുൻകൂട്ടി ചെല്ലാൻ പാടില്ല.

ഭിക്ഷാപാത്രം, മൂന്നുവസ്ത്രം, അരയിൽച്ചുററുന്നകച്ച, തുണ്ടുവസ്ത്രങ്ങളെത്തുന്നാനുള്ള സൂചി, ക്ഷൌരക്കത്തി, വെള്ളം നിറയ്ക്കാനുള്ളതുണി എന്നീ എട്ടുസാധനങ്ങ(വസ്ത്രംമൂന്നുൾപ്പെടെ)ളാണു് ഒരുഭിക്ഷുവിനു് ആവശ്യമായിട്ടുള്ളതു്. ഇവകൂടാതെ മററൊന്നും തൻേറതാണെന്നനിലയിൽ കൈവശം വച്ചിരിക്കാൻ പാടില്ല. അപ്രകാരം വല്ലതും സ്വീകരിച്ചിരുന്നാൽ അതു നിർവാണപ്രാപ്തിയ്ക്കു പ്രതിബന്ധകമായിരിക്കുമെന്നാണു് അവരുടെ വിശ്വാസം. പക്ഷികൾ പറന്നുപോകുന്ന സ്ഥലത്തേക്കു് തങ്ങളുടെ ചിറകുകളെയല്ലാതെ മററൊന്നിനെയും കൊണ്ടുപോകാതിരിക്കുന്നതുപോലെ ഭിക്ഷുക്കൾ തങ്ങളുടെ കാഷായവസ്ത്രത്തെയല്ലാതെ മററൊന്നിനെയും കൊണ്ടുപോകാൻ പാടില്ലെന്നു് ബൌദ്ധഗ്രന്ഥങ്ങൾ വിധിക്കുന്നു. ധനത്തെ അവർ തൊടുകപോലും ചെയ്യരുതെന്നാണു സിദ്ധാന്തം.

ഉപാസകന്മാരിൽ ആരെങ്കിലും ഭിക്ഷുക്കൾക്കു വല്ല സംഭാവനയും ചെയ്യണമെന്നുതോന്നിയാൽ പണമായി കൊടുക്കാൻ പാടില്ല; ആ തുകയ്ക്കു് അവർക്കു് ആവശ്യമുള്ള വസ്ത്രങ്ങളോമറേറാ വാങ്ങിക്കൊടുത്തു് തൻെറ ഉദ്ദേശ്യത്തെ നിർവഹിച്ചുകൊള്ളണം. ഒരു ഭിക്ഷു പണംവാങ്ങിഎന്നറിഞ്ഞാൽ അതിനെക്കുറിച്ചു സംഘംവിചാരണനടത്തി കുററം തെളിഞ്ഞാൽ അവനെ ശിക്ഷിക്കുക * മാത്രമല്ല, അപ്പണത്തെ അവനെക്കൊണ്ടു തിര്യെകൊടുപ്പിക്കുകയും ചെയ്യും. ഒരു പക്ഷെ, ആ ഉപാസകൻ അതിനെ തിര്യെ സ്വീകരിച്ചില്ലെങ്കിൽ അയാളെക്കൊണ്ടോ, അല്ലെങ്കിൽ മറേറതെങ്കിലും ഉപാസകന്മാരെക്കൊണ്ടോ അപ്പണത്തെ ദൂരെ എറിയിക്കും. അതിനും വഴിപ്പെട്ടില്ലെങ്കിൽ സംഘം ഒരു ഭിക്ഷുവിനെ പ്രത്യേകം അധി

* ഭിക്ഷുക്കൾ എന്തെങ്കിലും കുററം ചെയ്തു എന്നു തെളിഞ്ഞാൽ, അതിലേക്കു വിധിക്കപ്പെടുന്ന ശിക്ഷകൾ, കുററക്കാർ സ്ത്രീകളാണെങ്കിൽ ബുദ്ധക്ഷേത്രത്തിൻെറ മുററത്തു മണ്ണു ചുമന്നിടുകയും, പുരുഷന്മാരാണെങ്കിൽ നന്ദവനത്തിൽ വെള്ളംകോരുകയും ആയിരിക്കും.

ലേക്കു നിയമിച്ച് ആ ജോലിയെ നിൎവ്വഹിപ്പിക്കുകയും, പണം ഏറിയപ്പെട്ട സ്ഥലത്തെ അന്യന്മാരെ ധരിപ്പിക്കാതിരിക്കാൻ ആ ഭിക്ഷുവിനെ ശട്ടംകെട്ടുകയും ചെയ്യും.

വസ്ത്രം.—ബൌദ്ധഭിക്ഷുക്കൾ ഒരിക്കലും വസ്ത്രം ധരിക്കാതിരിക്കരുതെന്നും, ദിഗംബരന്മാരായിട്ടിരുന്നാൽ വ്രതഭംഗം നേരിടുമെന്നും പറയപ്പെടുന്നു. ജനങ്ങൾ സാധാരണ ശരീരം മുഴുവൻ വസ്ത്രത്താൽ മറയ്ക്കുക നടപ്പില്ലാത്ത സ്ഥലങ്ങളിൽ പോലും, ഭിക്ഷുക്കൾ ശരീരംമുഴുവൻ വസ്ത്രംകൊണ്ടു മറയ്ക്കണമെന്നാണു വിധി. ഈ വിധി ജൈനന്മാരുടെ 'ദിഗംബരവാദ' ത്തിനു നേരെ വിരുദ്ധമായി ഉണ്ടായിട്ടുള്ളതാണെന്നു തോന്നുന്നു. ഓരോ ഭിക്ഷുവിനും അന്തരവാസകം (അകമുണ്ടു') സംഘാടി (ഉടുക്കാനുള്ള മുണ്ട്) ഉത്തരാസംഗം (പുതയ്ക്കാനുള്ള മുണ്ട്) ഇങ്ങനെ മൂന്നു കാഷായവസ്ത്രങ്ങൾ ഉണ്ടായിരിക്കണം. ഈ മൂന്നും നനച്ചുണക്കി ഉപയോഗിക്കാനുള്ള സൌകൎയ്യത്തിന്, അതുപോലെ മൂന്നുവസ്ത്രങ്ങൾ വേറേയും ഉണ്ടായിരിക്കാം. ഉള്ള വസ്ത്രങ്ങൾ കീറിയോ മറ്റോ ഉപയോഗമില്ലാതെ പോയാൽ പകരം സമ്പാദിക്കാൻ ഉദ്യമിക്കരുതു്. ഇല്ലാത്തതറിഞ്ഞു് ആരെങ്കിലും വല്ലതും കൊണ്ടുവന്നാൽ സ്വീകരിക്കുകയേ പാടുള്ളു.

വാസസ്ഥലം—കാട്ടിൽ വൃക്ഷച്ചുവട്ടിൽ ഏകാന്തമായി വസിക്കുന്നതു് ഇന്ദ്രിയനിഗ്രഹത്തിനു് ഉൽകൃഷ്ടമായ മാൎഗ്ഗമായിരിക്കുമെന്നാണു് ബൌദ്ധന്മാരുടെ അഭിപ്രായം. എന്നാൽ ഗൌതമബുദ്ധൻ താൻ ധൎമ്മോപദേശംചെയ്തു തുടങ്ങിയനാൾ മുതൽ ഗ്രാമങ്ങളുടെയും പട്ടണങ്ങളുടെയും അരികിലാണു വാസംചെയ്തിരുന്നതു്. ഭിക്ഷുക്കളിൽ പലരും വനങ്ങളിൽ ചെന്നു വസിച്ചിരുന്നു. ചിലഭിക്ഷുക്കൾ തങ്ങൾക്കു താമസിക്കാനായി അന്യന്മാർ കെട്ടിച്ചുകൊടുത്തിട്ടുള്ള വിഹാരങ്ങളിൽ താമസിച്ചിരുന്നതായി അറിയുന്നു. വിഹാരങ്ങൾ, ഗൌതമബുദ്ധന്റെ കാലത്തു തന്നെ ധാരാളം ഉണ്ടായിരുന്നു; അനന്ത

രം വളരെവദ്ധിച്ചു. ഗുഹാകളിലും ഭിക്ഷുക്കൾ വാസംചെയ്തിരുന്നതായി അറിയുന്നു. മേല്പറഞ്ഞ താമസസ്ഥലങ്ങളിൽ ഒന്നിലും ഒരുകൊല്ലം തികച്ചു ഭിക്ഷുക്കൾ താമസിക്കാറു പതിവില്ല. വർഷകാലമല്ലാത്ത സമയങ്ങളിൽ കൂട്ടംപിരിഞ്ഞു പല സ്ഥലങ്ങളിലായി സഞ്ചരിച്ചുകൊണ്ടിരിക്കും. വർഷകാലത്തിൽ മാത്രമേ, ഒരിടത്തു് ഒന്നിച്ചു താമസിക്കാൻ പാട്ടുള്ളു. വർഷകാലത്തു വൃക്ഷച്ചുവട്ടിൽ വസിക്കാനും പാടില്ല; ഒരു സ്ഥലത്തുനിന്നും മറെറാരുസ്ഥലത്തു പോകാനും പാടില്ല.

ദിനചര്യ—ഗുരുവിനെ ശുശ്രൂഷിച്ചു് അദ്ദേഹത്തിൻെറ ഒന്നിച്ചുകഴിഞ്ഞുപോരുന്ന ഒരു പുതിയ ഭിക്ഷു, സൂര്യോദയത്തിനുമുമ്പ് എഴുന്നേററു സ്നാനംചെയ്തു്, താനും തൻെറ ഗുരുനാഥനും വസിക്കുന്ന വിഹാരം തൂത്തുതളിച്ചു ശുദ്ധമാക്കി താൻ വന്ദിക്കുന്ന അരയാൽവൃക്ഷത്തിൻെറ ചുവട്ടിലും വേണ്ട വെടിപ്പുവരുത്തിയതിനുശേഷം ഒരുദിവസത്തേക്കു തനിക്കു് ആവശ്യമുള്ള ജലം ശേഖരിച്ചുവയ്ക്കണം. അനന്തരം ഏകാന്തത്തിൽ ഇരുന്നു ബൌദ്ധധർമ്മത്തെ ധ്യാനിക്കണം. പിന്നീടു * ധാതുകോപത്തെയോ, അശ്വത്ഥവൃക്ഷത്തെയോ പൂജാർച്ചന ചെയ്തു് ഭിക്ഷാപാത്രവുമേന്തി ഗുരുഭൂതനുമൊന്നിച്ചു യാചനയ്ക്കിറങ്ങണം. യാചനയിൽകിട്ടിയ അന്നം കൊണ്ടുവന്നതിനുശേഷം പാദക്ഷാളനത്തിനു ഗുരുവിനു ജലം നൽകണം. അനന്തരം അന്നത്തെ ഗുരുവിൻെറ മുമ്പിൽവച്ചു രണ്ടുപേരും ഭക്ഷിച്ചതിനുശേഷം വീണ്ടും ഗുരുവിനെ വന്ദിച്ചു ധ്യാനനിഷ്ഠനായിരിക്കണം. തദനന്തരം അസ്തമയത്തോളം ബൌദ്ധഗ്രന്ഥങ്ങളെ പാരായണം ചെയ്കയും എഴുതുകയും സംശയഭാഗങ്ങളെ ഗുരുവിനോടു ചോദിച്ചു മനസ്സിലാക്കുകയും ചെയ്യേണ്ടതാണു്. അസ്തമയത്തോടുകൂടി വിഹാരം തൂത്തു ശുദ്ധിചെ

* ബുദ്ധൻെറ ധാതുക്കളെ (അസ്ഥിമുതലായവയെ) സ്ഥാപിച്ചിട്ടുള്ള സൌധം. ആ സൌധത്തെ ഭിക്ഷുക്കൾ പൂജിക്കാറു പതിവുണ്ടെന്നു ബൌദ്ധഗ്രന്ഥങ്ങളിൽ കാണുന്നു.

യ്തു വിളക്കുകൊളുത്തിയിട്ടു്, അന്നു താൻ പഠിച്ചപാഠങ്ങളെ, ഗുരുവിനെ കേൾപ്പിക്കണം. അന്നേദിവസം താൻ എന്തെങ്കിലും കുററം ചെയ്തുപോയിട്ടുണ്ടെങ്കിൽ, ഗുരുനാഥനെ അറിയിച്ചു്, അദ്ദേഹത്തോടു മാപ്പുചോദിക്കണം. പരിശുദ്ധഹൃദയനായ് അന്തഃകരണശുദ്ധിയോടുകൂടി ഇന്ദ്രിയങ്ങളെ ജയിക്കാൻ ശീലിച്ചുവരണം. ഭിക്ഷുക്കളിൽ പൂജ്യന്മാർ മേൽപ്രകാരം ശിഷ്യന്മാരാൽ സൽക്കരിക്കപ്പെട്ടു്, തങ്ങളുടെ സമയത്തെ ശീലാനുഷ്ഠാനത്തിലും പഞ്ചഭാവനകളിലും ധ്യാനത്തിലും സമാധിപരിശീലനത്തിലും ചെലവുചെയ്യുന്നതാണു്. ആശയെ ജയിച്ചു ബന്ധത്തെ പൊട്ടിച്ചു പൂർവജന്മങ്ങളിലും വർത്തമാനജന്മത്തിലും ചെയ്ത കർമ്മങ്ങളുടെ സംസ്കാരങ്ങളെയെല്ലാം ഉന്മൂലനംചെയ്തിട്ടു്, നിർവ്വാണപ്രാപ്തിയിൽമാത്രം ദത്തശ്രദ്ധരായിരിക്കേണ്ടതാണു്. ഇപ്രകാരം ശീലഭാവനാധ്യാനസമാധികളാൽ, സ്രോതാപന്നൻ, സകൃദാഗാമി, അനാഗാമി, അർഹത്തു് എന്നിങ്ങനെ നാലുനിലകളിൽ അനുക്രമമായി ഉയർന്നുവരേണ്ടതായിട്ടുണ്ടു്.

"സംഘത്തിൽ ചേർന്നവൻ ഇതരവിഷയങ്ങളെപ്പററിയും നിസ്സാരമായ കാര്യങ്ങളെക്കുറിച്ചും സംസാരിക്കുകയില്ല; തൻെറ മതഗ്രന്ഥത്തിൽതന്നെ കണ്ണും കരളും ചെലുത്തിക്കൊണ്ടിരിക്കും. മററുള്ളവരെയും അതിലേക്കു പ്രേരിപ്പിക്കുകയും ചെയ്യും. പരിശുദ്ധമായ മൌനത്തെ ആശ്രയിക്കുന്നുണ്ടെന്നും വരാം." എന്നു ത്രിപിടകത്തിൽ പറഞ്ഞിരിക്കുന്നു.

മാസത്തിൽ ഒരുപ്രാവശ്യം സമീപസ്ഥിതന്മാരായ ഭിക്ഷുക്കൾ എല്ലാവരും ഒന്നിച്ചുചേർന്നു് ഉപവാസവ്രതങ്ങളെ അനുഷ്ഠിക്കാറു പതിവുണ്ടു്. അപ്രകാരം കൂടുന്ന ഭിക്ഷുക്കൾ അവരവരുടെ കർത്തവ്യത്തെയും ആചാരത്തെയും ശരിക്കു നിർവഹിക്കുന്നുണ്ടോ എന്നു ചിന്തിക്കുകയും എന്തെങ്കിലും തെററു ചെയ്തിട്ടുള്ളവൻ, പശ്ചാത്താപപൂർവം ആ തെററിനെ വെളിപ്പെടുത്തി സംഘത്തോടു ക്ഷമായാചനം ചെയ്തുയുമായി

രിക്കും അന്നത്തെ സമ്മേളനത്തിൻെറ പ്രധാന ലക്ഷ്യം. ഒരു അതിർത്തിക്കകത്തുള്ള ഭിക്ഷുക്കളിൽ പ്രായക്കൂടുതലുള്ള ഭിക്ഷുവിന്, ഈ സംഘത്തെ വിളിച്ചുകൂട്ടാൻ അധികാരമുണ്ടായിരിക്കും. ആ സഭയിൽ സംബന്ധിക്കാനുള്ള ഭിക്ഷുക്കൾ എല്ലാവരും ആ ഭിക്ഷുവിൻെറ നിശ്ചയപ്രകാരം ഏതെങ്കിലും ഒരു വിഹാരത്തിലോ ഗുഹയിലോ ഹാജരാകേണ്ടതാണ്. ഒരാളും വരാതിരിക്കാൻ പാടില്ല; ബുദ്ധിഭ്രമം നേരിട്ടാൽ മാത്രമേ ഹാജരാകാതിരിക്കാൻ പാടുള്ളു; അല്ലെങ്കിൽ ഗണ്യമായ വല്ല സുഖക്കേടും പിടിപെട്ടിരിക്കണം. അങ്ങനെ സുഖക്കേടു പിടിപെട്ട ഒരുവൻ, ആ വിവരം മററൊരു ഭിക്ഷുവിനോടു പറഞ്ഞയച്ച് താൻ നിരപരാധിയാണെന്നുള്ള പരമാർത്ഥത്തെ തെളിയിക്കണം. എല്ലാവരും വന്നുചേരുകയോ ആരെങ്കിലും വരാതിരുന്നാൽ അതിൻെറ കാരണം അറിയുകയോ ചെയ്താലല്ലാതെ സഭ നടത്താൻ നായകനൊരാളിനും അധികാരമില്ല.

അസ്തമയാനന്തരം ഓരോഭിക്ഷുവും അവനവൻെറ സ്ഥാനങ്ങളിൽ ഇരിക്കണം. ആ സഭ നടന്നുകൊണ്ടിരിക്കുമ്പോൾ, ഉപാസകന്മാരിൽ ആരും അവിടെ ഉണ്ടായിരിക്കാൻ പാടില്ല. സഭകൂടിയതിൽ പിന്നെ സഭ വിളിച്ചുകൂട്ടിയ പ്രമാണി എല്ലാവർക്കും കേൾക്കത്തക്കവിധത്തിൽ പ്രാതിമോക്ഷവാക്യത്തെ ഉച്ചരിക്കുന്നതാണ്. പ്രാതിമോക്ഷം എന്നുവച്ചാൽ, കുററങ്ങളെ പശ്ചാത്താപത്തോടുകൂടി സമ്മതിച്ച് അവയുടെ ബന്ധത്തിൽ നിന്നും വേർപെടുക എന്ന് അർത്ഥമാണ്. "പൂജ്യന്മാരെ! എൻെറ വാക്കുകളെ കരുണാപൂർവം സശ്രദ്ധരായ നിങ്ങൾ കേൾക്കണമെന്നപേക്ഷിക്കുന്നു. ഇന്ന് ഉപവാസദിവസമാണ്; സഭാംഗങ്ങളിൽ ആരെങ്കിലും വല്ല തെററും ചെയ്തിരുന്നാൽ അതിനെ അവർ സമ്മതിച്ചു പറയണം; കുററം ചെയ്യാത്തവർ മൌനത്തെ അവലംബിക്കണം; ആ മൌനത്തിൽ നിന്നും നിങ്ങൾ കുററക്കാരല്ലെന്നു ഞാൻ മനസ്സിലാക്കുന്നതാണ്." ഇങ്ങനെ ആ പ്രമാണി മൂന്നു സദസ്സിൽ പ്രസ്താ

വിക്കമത്രേ. അതുകേട്ട് കുററംചെയ്ത ഒരുവൻ തൻെറ തെ
ററിനെ അറിയിക്കാതിരുന്നാൽ അവൻ "അനൃതവാദദോഷ"
ത്തെ (പൊളിപറഞ്ഞദോഷത്തെ) സമ്പാദിക്കുന്നതാണ്.
അനൃതവിഷം നാശഹേതുകമാണെന്നു ബുദ്ധൻ അഭിപ്രായ
പ്പെട്ടിട്ടുണ്ട്. ബ്രഹ്മചര്യവ്രതഭംഗം, അസ്തേയവ്രതഭംഗം, അ
ഹിംസാവ്രതഭംഗം, ഋദ്ധിസിദ്ധിയെ പ്രകടിപ്പിക്കരുതെന്നുള്ള
വ്രതം മുടക്കൽ, എന്നിവയെപ്പററിയും ഇതരവ്രതങ്ങളെ മുട
ക്കിയതിനെക്കുറിച്ചും, പ്രമാണി മൂന്നുപ്രാവശ്യം വീണ്ടുംവീണ്ടും
ചോദിച്ചിട്ടും, ആരുംസമാധാനംപറയാതെ, എല്ലാവരും മൌ
നത്തെ അവലംബിച്ചുകണ്ടാൽ, അദ്ദേഹം ഇപ്രകാരം പ്രഖ്യാ
പനംചെയ്യും—"പൂജ്യന്മാരായ സഭാംഗങ്ങൾ പരിശുദ്ധന്മാ
രാണെന്നു വെളിപ്പെട്ടിരിക്കുന്നു." തദനന്തരം, "പൂജ്യന്മാരെ,
എന്നെക്കുറിച്ചു നിങ്ങൾക്ക് എന്തെങ്കിലും സന്ദേഹമോ
ഞാൻ വല്ലകുററവും ചെയ്തതായി അറിവോ ഉണ്ടെങ്കിൽ ദയ
ചെയ്ത് അതിനെ വെളിപ്പെടുത്തിയാൽ ഞാൻ അതിനു പരി
ഹാരം തേടിക്കൊള്ളാം" എന്നുപറഞ്ഞ് സഭാനടപടി അവ
സാനിപ്പിക്കുന്നു. ഉപവാസദിനം ആദ്യകാലങ്ങളിൽ മാസ
ത്തിൽ രണ്ടുപ്രാവശ്യം നടത്തിക്കൊണ്ടിരുന്നു. പിന്നീടു, നാ
ലുപ്രാവശ്യമാക്കി. ഈ ദിവസങ്ങളിലും മഴക്കാലങ്ങളിലും
മാത്രമാണു് ഭിക്ഷുക്കൾ എല്ലാവരും ഒന്നിച്ചുകൂടുന്നതു്.

ബുദ്ധൻ ജനിച്ച കപിലവാസ്തുവിലും, അദ്ദേഹത്തിന്
ആത്മജ്ഞാനം സിദ്ധിച്ച സ്ഥലമായ ബുദ്ധഗയയിലും, അദ്ദേ
ഹം സംഘപ്രവർത്തനം ആരംഭിച്ചകാശിയിലും, അദ്ദേഹം നി
ർവാണമടഞ്ഞ കുശീനഗരത്തിലും, ബൌദ്ധഭിക്ഷുക്കളും ഭിക്ഷു
കികളും ഉപാസകന്മാരും ഉപാസികമാരും തീർത്ഥയാത്ര പോ
വുക പതിവുണ്ട്. ധാതുകോപങ്ങൾ, * ചൈത്യാലയങ്ങൾ
എന്നിവയെ പൂജിക്കുകയും, നിത്യനൈമിത്തികങ്ങളെ നടത്തു

---

* ബുദ്ധപ്രതിമയുള്ള ക്ഷേത്രങ്ങൾ

കയും ഉപാസകന്മാക്കുതക്ക അനുഷ്ഠാനങ്ങളാണെന്നു ബുദ്ധൻ തന്റെ നിർവ്വാണവേളയിൽ ആനന്ദൻ എന്ന ശിഷ്യനോട്ട് അരുളിച്ചെയ്യുവെന്നു് അറിയുന്നു.

സ്ത്രീകൾക്കും സന്യാസത്തിനു് അധികാരമുണ്ടെന്നു് അഭിപ്രായപ്പെടുന്നതിലും അവക്ക് സന്യാസം നൽകുന്നതിലും, സധൈര്യം മുന്നിട്ടുനിൽക്കുന്നതു ബുദ്ധമതം ഒന്നുമാത്രമാണെന്നുതോന്നുന്നു. ഇന്നാട്ടിലെ അന്യമതങ്ങൾസ്ത്രീകൾക്കുസന്യാസത്തെ നിഷേധിച്ചിട്ടില്ല; പ്രത്യുതസന്യാസിനികളെ സന്യാസികളെക്കാൾ ബഹുമാനിക്കുന്നുമുണ്ട്. പക്ഷേ ആ മതങ്ങൾ അവരെ അതിലേക്കു പ്രേരിപ്പിക്കുന്നില്ലെന്നുമാത്രം. അതിനു കാരണം, പരാപേക്ഷകൂടാതെ, തന്റെ അന്തഃകരണത്തെ മാത്രം തനിക്ക് യജമാനനാക്കിയും ആശാപാശങ്ങളിൽ നിന്നും വേർപെട്ടു്, ദോഷങ്ങളിൽനിന്നും നിവർത്തിച്ചു്, മനസ്സിനെ ഏകാഗ്രപ്പെടുത്തിയും സ്വതന്ത്രമായ സന്യാസപഥത്തിൽ ചരിക്കാൻ സ്ത്രീകൾക്കു ജന്മനാ അവകാശമില്ലെന്നും, അതിന്റെ നിയമങ്ങളെ ശരിക്കു നിർവ്വഹിക്കാൻ അവരെക്കൊണ്ടു സാധിക്കയില്ലെന്നും ഉള്ള അഭിപ്രായമായിരിക്കാം. ആ അഭിപ്രായം ഗൌതമബുദ്ധനില്ലാതിരുന്നതിനാലും, തന്റെവളത്തമാതാവിന്റെ അപേക്ഷയെ നിരസിക്കാൻ ധൈര്യമില്ലാത്തതുകൊണ്ടും അദ്ദേഹം തന്റെ മതത്തേ സ്ത്രീകളുടേതുമാക്കിച്ചെയ്തു. സന്യാസിനികളുടെ സംഘത്തിനു ഭിക്ഷുകിസംഘമെന്നും സന്യാസികളുടെസംഘത്തിനു്ഭിക്ഷുസംഘമെന്നും രണ്ടും ചേർന്നതിനു് ഉഭയഥാസംഘമെന്നും പേരാണു്.

ബുദ്ധനാൽ ഭിക്ഷുകികൾക്കായി ഏർപ്പെടുത്തപ്പെട്ട അഷ്ടനിയമങ്ങൾ:—

I, ഒരു ഭിക്ഷുകി, സന്യാസം സ്വീകരിച്ചു നൂറുകൊല്ലം കഴിഞ്ഞവളായാലും ശരി, സന്യാസം സ്വീകരിച്ചു് ഒരു ദിവസം കഴിഞ്ഞിട്ടില്ലാത്ത ഒരു ഭിക്ഷുവിനെക്കണ്ടാൽ, ഉ

ടനേ എഴുന്നേററു ബഹുമാനപൂർവ്വം സൽക്കരിച്ചു നമസ്കരിക്കണം.

2, ഒരു ഭിക്ഷുകി, ഭിക്ഷുക്കളാരുമില്ലാത്തസ്ഥലത്തു് വർഷകാലത്തിൽ വസിക്കരുതു്.

3, ഭിക്ഷുകികൾ പ്രാതിമോക്ഷാനുഷ്ഠാനവും ധർമ്മോപദേശവും സ്വീകരിക്കാനായി പക്ഷത്തിലൊരിക്കൽ ഭിക്ഷുക്കളുടെ സമീപത്തുചെല്ലണം.

4, വർഷകാലം കഴിഞ്ഞാലുടൻ, ഭിക്ഷുകികൾ സംഘത്തിലെ * ഉഭയഭാഗക്കാരെയും ക്ഷണിച്ചു തങ്ങൾ എന്തെങ്കിലും കുററം ചെയ്തതായി കാണുകയോ കേൾക്കുകയോ തങ്ങളിൽ എന്തെങ്കിലും സംശയം ജനിക്കുകയോ ചെയ്തിരുന്നാൽ അതിനെ തുറന്നു പറയണമെന്നാവശ്യപ്പെടണം.

5, പെരുങ്കുററം ചെയ്ത ഭിക്ഷുകി, തനിക്കു കല്പിക്കപ്പെട്ട ശിക്ഷയെ പക്ഷത്തിലൊരിക്കൽ ഉഭയഭാഗക്കാരുടെയും മുമ്പിൽ വച്ചു് അനുഭവിക്കണം.

6, സ്ത്രീകൾ, രണ്ടുവർഷം പഞ്ചശീലം, അകാലഭക്ഷണത്യാഗം മുതലായ ആറുധർമ്മങ്ങളെയും ശരിക്കു അനുഷ്ഠിച്ചതിനുശേഷമേ, തങ്ങൾക്കു സന്ന്യാസത്തെ നൽകാൻ സംഘത്തിലെ ഉഭയഭാഗക്കാരോടും അപേക്ഷിച്ചുകൂടൂ.

7, ഏതവസരത്തിലും ഏതുനിലയിലും ഭിക്ഷുകി, ഭിക്ഷുവിനെ ശകാരിക്കയോ, അയാളുടെ നേരിൽ കഠിനവാക്കുകൾ ഉച്ചരിക്കുകയോ ചെയ്യാൻപാടില്ല.

8, (സന്ന്യാസം സ്വീകരിച്ച)അന്നുമുതൽ ഭിക്ഷുക്കൾക്കു വിരോധമായി ഭിക്ഷുകികൾ യാതൊന്നും പറഞ്ഞുപോകരു

---

* ഉഭയഭാഗം—പ്രവ്രജ്യയും ഉപസമ്പദയും.

ത്ത്. ഭിക്ഷുകികൾക്ക് എതിരായുള്ള ഭിക്ഷുക്കളുടെ വാക്കുകൾ തടഞ്ഞുംകൂടാ.

ഈ എട്ടുനിയമങ്ങളെയും ഓരോ ഭിക്ഷുകിയും പരിശുദ്ധനിയമങ്ങളായി കരുതി എപ്പോഴും അനുഷ്ഠിക്കേണ്ടതാണ്. ഈ നിയമങ്ങളെ പരിശോധിച്ചാൽ ബൌദ്ധമതത്തിൽ സന്ന്യാസിനികൾക്കു ശരിയായ സ്വാതന്ത്ര്യം അനുവദിച്ചിട്ടില്ലെന്നു മനസ്സിലാകുന്നതാണ്. ഭിക്ഷുകികൾക്ക് ഉപദേശം നൽകേണ്ടത് ഭിക്ഷുക്കളുടെ കടമയാകുന്നു. സാധാരണയായി ഭിക്ഷുക്കളും ഭിക്ഷുകികളും വേറേവേറേ സ്ഥലങ്ങളിൽ താമസിക്കണമെന്നു നിർബന്ധമുണ്ട്. ഭിക്ഷുകികളുടെ താമസസ്ഥലത്ത്, അവക്കു ധർമ്മോപദേശം ചെയ്യുന്ന ഭിക്ഷുപോലും ഏതെങ്കിലും ഒരു ഭിക്ഷുകിക്കു രോഗം പിടിപെട്ട കാരണത്താലല്ലാതെ പോകാൻപാടില്ല. ഭിക്ഷുകികൾക്കു കൂട്ടുപോകുന്നതും അവരോടു തനിച്ചു സഞ്ചരിക്കുന്നതും മററാരുമില്ലാത്തപ്പോൾ ഏകനായി അവരോടു സംസാരിക്കുന്നതും ഭിക്ഷുക്കൾക്കു നിഷേധിക്കപ്പെട്ട സംഗതികളാണ്. ഭിക്ഷുക്കളുടേയും, ഭിക്ഷുകികളുടെയും ദിനചര്യകൾക്കു പറയത്തക്ക വ്യത്യാസമില്ല. ഏതുകാലത്തുംഭിക്ഷുകികളുടെ സംഖ്യ ഭിക്ഷുക്കളുടെതിൽനിന്നും കുറഞ്ഞതുന്നിട്ടേയുള്ളു എന്നാണറിവു്.

ബുദ്ധൻെറ കാലത്തിനുശേഷം, ബുദ്ധമതത്തിനു മൂലാധാരം സംഘമാണ്. ഇക്കാലത്തും, ബൌദ്ധമതത്തിനു പ്രചാരമുള്ള രാജ്യങ്ങളിൽ ഭിക്ഷുക്കൾതന്നെയാണ് ആ മതത്തെ രക്ഷിക്കുന്നതും ധർമ്മോപദേശം ചെയ്തു പ്രചരിപ്പിക്കുന്നതുമെന്നു കാണാവുന്നതാണ്. ഉപാസകന്മാർക്കും, ഉപാസികമാർക്കും എല്ലാ മതക്കാരാലും ബഹുമാനിക്കപ്പെട്ടുവരുന്ന പഞ്ചശീലാനുശീലങ്ങൾ അല്ലാതെ അവർ ബൌദ്ധന്മാരാണെന്നു വെളിപ്പെടുന്ന ഏർപ്പാടുകളൊന്നുംതന്നെയില്ല. ഇക്കാരണത്താലാണ് ബൌദ്ധമതം സംഘത്തെ ആശ്രയിച്ചു വളരേണ്ടതായിട്ടുവന്നത്. ഏതെങ്കിലും ഒരുദേശത്തു ബൌദ്ധഭിക്ഷുക്കളും ഭിക്ഷുകി

കളും ഇതരമതത്തേ സ്വീകരിച്ചാൽ, അദ്ദേശക്കാർ, എല്ലാവരും ബൌദ്ധമതത്തെ വെടിയേണ്ടിവരും.

ഇന്നു ലോകത്തിൽ ബുദ്ധമതത്തിനുള്ള സ്ഥാനം അന്ന്യാദൃശമാണ്. കാലപ്പഴക്കത്താൽ ഇതരമതങ്ങൾക്കെന്നപോലെ ഈ വിശിഷ്ടമതത്തിനും ചില മാലിന്യങ്ങൾ സംഭവിച്ചിട്ടില്ലെന്നില്ല. അവതാരമഹിമാവോടുകൂടിയ ഭഗവാൻ ബുദ്ധൻെറ അഹിംസാതത്വഭൂമിയിൽ പൊട്ടിമുളച്ച ജീവകാരുണ്യവൃഷ്ടിസേചനത്താൽ വളൎന്ന് ലോകത്തിലെങ്ങും വള്ളിവീശി കൊഴുത്തുനിൽക്കുന്ന ബൌദ്ധമതലത, ലോകമുള്ള അന്നുവരെ നിലനിൽക്കുമെന്നുള്ളതു നിൎവിവാദമാണ്.

സമാപ്തം.

---

ഈ പുസ്തകത്തിൻെറ സൎവ്വാവകാശവും വി. വി. പ്രസ്സ് ഉടമസ്ഥരിൽ ഇരിക്കുന്നു.

21 NOV 1953